# ഗാരുഡപുരാണം.

കിളിപ്പാട്ട്.

V.B. Krishnan Nair

# ഗാരുഡപുരാണം
## കിളിപ്പാട്ട്.

ഹരിഃ ശ്രീ ഗണപതയെ നമഃ
അവിഘ്നമസ്തു.

ശ്രീകണ്ഠകൃതമായസുകൃതത്തിന്റെ പരിപാകംപോലവനാകാരം പ്രാപിച്ചുശോഭിച്ചീടും * ലോകപൂജിതദിവ്യമൂർത്തിമോംകാരബ്രഹ്മമേകമാമേകദന്തസ്വാമിയെത്തൊഴുന്നേൻ * സ്തോകബുദ്ധിയാമെന്റെകാവ്യസംരചനായിൽ ലേശമപ്യന്തരായമേലാതെതുണയ്ക്കണം * വാക്പാണ്ഡിത്യാദികൾക്കതികയായ്ക്കയാലുള്ള ശോകദഹത്താരള്യം തീർത്തുപാലിച്ചീടണം * ലോകമെങ്ങുമേകീർത്തിയായ ചന്ദ്രികചാർത്തിപോക്കുയില്ലിവിടെയെന്നപോലെഭാരതഭൂവാ * മാകാശദേശത്തിങ്കലുദിച്ചുകവിവരരാകാചന്ദ്രന്മാരെന്റെമാനസേവിളങ്ങണം * അകവേയജ്ഞാനക്കൂരിരുട്ടാൽനിറഞ്ഞുള്ളമാകാന്താരമാമതിൻ മാലിന്യമൊഴിക്കണം * വാകാരിപ്രമുഖരാൽപരിസേവിതയായ ലോകാധീശ്വരജായേ! ലോകൈകമാതായേ!ദേവി! * ആകാരവിരാജിതവർണ്ണസഞ്ചയേ! നിത്യ മാകന്ദിതാർദ്രാപാംഗേ! ഭാരതി! നമോസ്തുതേ * ആകാര്യമടിയനപാരമുണ്ടതുമല്ല ലോകരോപുരോഭാഗികളുമാണധികവും * ആകയാൽമമരസനാഞ്ചലം ചെന്താമരപ്പൂകനിഞ്ഞടിതൊഴുംനിന്റെ ചേവടിയാക്ക * മാകല്പതതിനാലനിമേഷമേണാക്ഷി! കൃപാ സാകല്യപീയൂഷവും ധാരാളമൊഴുക്കണം * വേദവിത്തമനാകുമാചാര്യവരനുടെ പാദപങ്കജമുദ്രചിത്തത്തിൽ വിളങ്ങുമ്പോൾ * ഖേദമൊന്നിനുമെനിക്കില്ല ചിന്തിച്ചാൽസുരപാദപംപോലെസർവ്വംനൽകീടുമതുനൂനം * ആദിനാരായണൻതൻനിർമ്മലകഥകളിലാദരവില്ലാത്തവരാരുള്ളുലോകത്തിങ്കൽ? * ഖേദകോപാദിവിഷമയദുർവൃക്ഷങ്ങളെ ഛേദിപ്പാൻകൈക്കോടാലിയാണുതൽകഥാസാരം * പാതകാതപപരിക്ഷീണ പൊരിയുംജന്തുക്കൾക്കു ശീതവാതാപൂർണ്ണമാംപൂങ്കാവുപോലെതന്നെ * ഭൂതപഞ്ചാത്മകൻതൻനാമമുച്ചരിക്കാത്ത ഭൂതലവാസിതന്റെജന്മംനിഷ്ഫലമല്ലോ * ചേതസാവിചാരിച്ചുകണ്ടാലമതിനൊരുഭേദവുമില്ലലാഭമേറെയുണ്ടല്ലോതാനും * പാതകികളിൽവച്ചുമികച്ചോ

രജാമിള് ഭൂതലദേവോദന്തംസാദരംചിന്തിക്കുവിൻ! * അത്രമാഹാത്മ്യമു
ള്ളശേവൽകഥചൊൽവാ നത്രഞാൻയഥാമതിയാരംഭിച്ചീടുന്നതും* ഭ
ക്തികൊണ്ടത്രേകവിതാഗുണപ്രകടന യുക്തിയോർത്തല്ലതൊട്ടുസാധിക്കുന്ന
തുമല്ല * യുക്തികളംഗതിക്കുമത്ഥത്തിനുമിതിൽഭംഗ മെത്തുവാനെളുപ്പമു
ണ്ടെങ്കിലുമതിലാരും * ശ്രദ്ധിപ്പാനില്ലകഥാമാഹാത്മ്യമോർത്താൽചാതി
പ്രത്യമേറുംസ്ത്രീണാമററാചാരദോഷമ്പോലെ * ഗാരുഡപുരാണത്തഭാഷ
യായജ്ഞന്മാക്കുപൊരുളുണ്ടാകുമാറുപറഞ്ഞുകേൾപ്പിക്കുവാൻ* കരുതീട്ടു
ന്നേൻപരഗുണകാംക്ഷയുംലോക ഗുരുവിലേറുംഗുരുതരഭക്തിയുംമൂലം *
പതിനാറദ്ധ്യായങ്ങളുണ്ടിതിലായിരത്തിയിരുനൂററെറൺപത്തെട്ടു പദ്യങ്ങ
ളാകെക്കൂടി * പരമാത്ഥജ്ഞാനമോക്ഷങ്ങൾമോഹിപ്പോൎക്കൊരു പരമാനു
ഗ്രഹിതസാധനമിതുനൂനം * ഒന്നാമദ്ധ്യായംതന്നിൽശ്ലോകങ്ങളറു പത്തു
ണ്ടൊന്നാമതതിൽവിഷ്ണുമംഗളപ്രാത്ഥനവും* അന്യലോകത്തുമിങ്ങുംപാപി
കൾക്കുണ്ടായ്വരുംമന്യഭേദങ്ങൾനിരൂപിക്കുന്നീയദ്ധ്യായത്തിൽ കാലപത്തന
ത്തിലേക്കുള്ളമാൎഗ്ഗവിസ്താരം ചാലവേയറുപത്തുമൂന്നുപദ്യങ്ങളാലേ* നീലവ
ൎണ്ണൻസുപൎണ്ണനായദാസനുകൃപ യാലരുസിച്ചരുളിച്ചെയ്യുന്നരണ്ടാമദ്ധ്യായേ*
മൂന്നാമദ്ധ്യായം തന്നിലെഴുപത്തൊന്നുപദ്യംചെന്നിട്ടുനതുപിന്നെക്കാല
ന്റെപുരിതന്നിൽ* ചെന്നീടുന്നവരനുഭവിക്കും തീവ്രതാപം ഇന്നതിന്നാതെ
ന്നതിൽവിവരിക്കുന്നുവല്ലോ * ഈവിധംയാതനാനുഭൂതിക്കുകാരണമാംപാ
പകൎമ്മങ്ങൾവിവരിപ്പൂനാലാമദ്ധ്യായേ *കേവലമറുപത്തുനാലുപദ്യത്താല
ത്തു പോലൻപത്തേഴുപദ്യമഞ്ചാമദ്ധ്യായത്തിലും* ഏതുദുഷ്കൎമ്മംചെയ്താലേതു
ലക്ഷണത്തോടു ജാതനാമേതുയോനിമാൎഗ്ഗമാണതെന്നതും * മാധവനതി
ലരുൾചെയ്യുന്നുപിന്നെയാറിൽബാധകൾപാപികൾക്കുനരകംതന്നിൽതീ
ൎന്നാൽ * ജനനീഗൎഭത്തിങ്കൽപതിക്കുംനാൾമുതൽക്കങ്ങനുഭൂതമാകുന്നസ
ങ്കടങ്ങളുമെല്ലാം * വിവരിക്കുന്നുഗ്രന്ഥംനാല്പത്തുമൂന്നുകൊണ്ടുമിവൎണ്ണമാ
റദ്ധ്യായംദുൎഗ്ഗതിപ്രകരണം*ബഭ്രുവാഹനപ്രേതസംവാദമേഴാമതാമദ്ധ്യായം
തന്നിൽശ്ലോകമറുപത്തൊൻപതല്ലോ* അഷ്ടമാദ്ധ്യായംതന്നിൽപദ്യങ്ങൾ
നൂററിപ്പത്തുമെട്ടുമുണ്ടാതുരാണാംദാനചിന്തനമതിൽ *മരണമടുക്കുമ്പോൾ
ചെയ്യേണ്ടതെന്തെന്നതുവിവരിച്ചൊൻപതാമദ്ധ്യായത്തിൽചൊല്ലീടുന്നു *
പരിചിൽനാല്പത്തെട്ടുഗ്രന്ഥങ്ങളാലെപിന്നെപ്പറവൂനൂററേഴുപദ്യത്താൽ പ
ത്താമദ്ധ്യായം * ശവദാഹക്രമവുമസ്ഥിസഞ്ചയക്രമ വിവരങ്ങളുമാണീയ
ദ്ധ്യായത്തിലേകഥ * നാല്പത്തുരണ്ടുപദ്യത്താലേകാദശാദ്ധ്യായേകേൾപ്പിച്ചു
ദശഗാത്രവിധിയെവിഷ്ണുദേവൻ * പതിനൊന്നാംനാൾവേണ്ടവിധിയെ
ൺപതുപദ്യമതിനാൽചൊല്ലീടുന്നുപന്ത്രണ്ടാമദ്ധ്യായത്തിൽ *സപിണ്ഡീ
കരണത്തിൻക്രമവുമതുപോലെ സുപൎണ്ണനോടുശയ്യാപദദാനകൎമ്മവും *
വിവരിക്കുന്നു പതിമ്മൂന്നിൽപങ്കജനേത്രൻ വിമലഗ്രന്ഥസംഖ്യനൂററിരു
പത്തേഴല്ലോ * എൺപത്തുമൂന്നുപദ്യം കൊണ്ടുധൎമ്മദേവന്റെ വൻപു
രരാജധാനിവൎണ്ണിപ്പൂപതിനാലിൽ* പതിനഞ്ചാമദ്ധ്യായംതൊണ്ണൂററിയ
ഞ്ചുപദ്യമതിനാൽ സുകൃതിനാംജന്മാചാരങ്ങളെല്ലാം * വിധുനാവിവ

തിക്കപ്പെട്ടീട്ടന്നിതുപിന്നെ പതിനാറാമദ്ധ്യായെ മോക്ഷധൎമ്മത്തെച്ചൊല്ലും
* പദ്യങ്ങളുണ്ടുനൂററിയിരുപത്തൊൻപതതി ഹൃദ്യങ്ങളേവമാണുസംഗതി
വിവരണം * കോടക്കാർവണ്ണൻവരവാണിവാഗിജമാതിൻ മാടൊക്കുംമുലക
ളെമാപ്പുത്തുപേക്ഷിപ്പൊരൻ * കോടികന്ദൎപ്പപ്രഭാപൂണ്ടപൂന്തിരുമേനിയീഡി
ക്കുംദേഹികൾക്കുദേവപാദപസമൻ * മൂടിക്കുക്ഷിയിലണ്ഡകോടികൾംബ
ഹുവിധ[illegible]ീഡിക്കുംകൂൎമ്മം[illegible]പോലെകാണിച്ചുകളിപ്പവൻ * ധാടിക്കുപേരും
വണ്ണംവീണ്ടുമങ്ങടക്കീട്ടും തേടിക്കാണുവാനരുതാതവേദവിഗ്രഹൻ * ഭക്ത
നാംഗരുഡനോടുപദേശിച്ചപുരാണോത്തമം കേൾപ്പാൻമുന്നമാഗ്രഹിച്ചു
പേക്ഷിച്ചു * സത്തരാംശൌനകാദിമുനികൾക്കായിസൂതൻ വിസ്തരിച്ചതു
പോലെഭാഷയായ്ഞാനുംചൊല്ലാം * നമസ്തേനാരായണ!നാളീകരമ്യാന
ന!നമസ്തേനരകനാരകനാശനവിഭോ! * നമസ്തേനാനാചരാചരവിഗ്രഹ
വിഷ്ണോ!സമസ്തേഡിതപാദ!നമസ്തേനമോസ്തുതേ* എങ്കിലോവഴിപോലെ
കേട്ടുകൊള്ളുവിൻനിങ്ങൾ പങ്കനാശനകരംപാവനംകഥാസാരം * പങ്ക
ജേക്ഷണസ്തുതിയായിട്ടുമൂലകവി സംഘടിപ്പിച്ചോരാദിശ്ലോകാൎത്ഥംചൊ
ല്ലാംമുമ്പേ * ധൎമ്മങ്ങളായവേരുപതിഞ്ഞുബലപ്പെട്ടു നിൎമ്മായംദൃഢമായചു
വടോടുകൂടിയും* നാന്മറകളാംതടിയാൻമപ്പുരാണങ്ങളാമ്മഹാശാഖകളാ
ലെത്രയുംശ്രേഷ്ഠമായും* യാഗങ്ങളായപൂക്കളോടുകൂടിയും മോക്ഷയോഗങ്ങ
ളായകായ്കൾസൎവ്വദാവിളങ്ങിയും*ഭോഗിശായിയാകുന്ന മാധവവൃക്ഷം സൎവ്വ
ഭാഗധേയത്തോടുമുന്നെപ്പൊഴുംശോഭിക്കുന്നു * നൈമിശവനത്തിലെവിഷ്ണു
ക്ഷേത്രത്തിൽവാഴും മാമുനിശ്രേഷ്ഠന്മാരാംശൌനകപ്രമുഖ്യന്മാർ * ശ്രീമ
ഹാവിഷ്ണുദേവപദമാഗ്രഹിച്ചുതൽകാമസിദ്ധിക്കായൊരുയാഗവും തുടങ്ങി
നാർ * ആയിരംസംവത്സരംകൊണ്ടുകാലംകൂട്ടുന്ന തായൊരുമഹായജ്ഞമാ
യിരുന്നുപോലതും * നിത്യവുംവിഭാതത്തിൽഹോമാഗ്നികത്തിച്ചുടൻ കൎത്ത
വ്യാരാധനങ്ങൾചെയ്യുവാനരുളീടും*ഉത്തമമുനിമാരാമവരുംസൂതൻതന്നെ
സൽക്കരിച്ചിരുത്തീട്ടുസാദരംചോദ്യംചെയ്തു*വഴിപോലഹോഭവാനെത്രയും
മഹാസുഖംവഴിയുംദേവവഴിഞ്ഞതുകൾക്കുചൊല്ലിത്തന്നു * കഴിയാതില്ലഭവാ
നൊന്നുമേചമൽക്കൃതിപൊഴിയുംവാഗ്ധാരണിവശമാണല്ലോതാനും* കാ
ലമേകനിഞ്ഞിതിനിഞങ്ങൾക്കുവേണ്ടിബ്ഭവാൻകാലൻവരപുരത്തേക്കുപോകു
ന്നമാൎഗ്ഗത്തെയും * പാലവേപറയണംഘോരമാമതുകേൾപ്പാൻലാലസയക
ക്കാമ്പിലേററവുംവളരുന്നു * അതുപോലെതന്നെസംസാരദുഃഖങ്ങളുംഅ
യവററതൻക്ലേശംകുറയ്ക്കുംവസ്തുവേയും * മായമററിഹപരലോകസങ്കട
ങ്ങളും നീയറിയിച്ചീട്ടുവാനൎഹനായ്ഭവിക്കുന്നു * ഇങ്ങിനെപറഞ്ഞു
സന്തോഷംപൂണ്ടിരിക്കുന്ന മംഗലമുനിമാരെനോക്കിസ്സൂതനും ചൊന്നാൻ
* അങ്ങനെനിങ്ങൾക്കഭിലാഷമെന്നിരിക്കിലോ മങ്ങാതെകേട്ടുകൊൾ
വിൻപറയാംയമമാൎഗ്ഗം * പുണ്യശീലന്മാൎക്കുസഞ്ചരിക്കാൻ സുഗ
മവുംപുണ്യലേശമില്ലാത്തദുഷ്ടൎക്കുദുൎഗ്ഗമവും * എന്നല്ലപലേവിധ സങ്ക
ടംപാപികൾക്കേകുന്നതുമാണാവഴിയെന്നതുമറിഞ്ഞാലും * പന്നഗപ്പ
ള്ളിമെത്തമേലെഴുന്നരുളുന്നോ രിന്ദിരാപതിയോടുവൈവസ്വതയമന്മു.

ന്നം * വന്ദിച്ചുവീണുമെല്ലെച്ചോദിച്ചുപോതിമാൎഗ്ഗം വൎണ്ണിച്ചുവ
നമാലിയതുളിച്ചെയ്യാനല്ലോ * ഇന്നുഞാനതുപോലെപറഞ്ഞുകേൾ
പ്പിച്ചീടാം സന്ദേഹമകക്കാമ്പിൽനിങ്ങൾക്കുനീങ്ങീടുവാൻ * തിരു
വൈകുണ്ഠന്തന്നിലുരമാദേനവാഴും ഹരിയാം ചരാചരഗുരുവിൻപാദാംബു
ജം * ശരണാൾവിനീതനായ്തൊഴുതുനിന്നീവണ്ണം കരുണാരാശിയോടുഗ
രുഡനഭ്യൎത്ഥിച്ചാൻ:—ഭക്തചിത്തങ്ങളായമധുവ്രതങ്ങൾക്കൊരു രക്തപ
ങ്കജംപോലവിളങ്ങുംഭഗവാനേ! * ഭക്തിമാൎഗ്ഗത്തെത്തന്നെ വിവിധമാ
യും ഭവൽഭക്തന്മാരുടെപരമോത്തമഗതിയേയും * വിസ്തരിച്ചടിയനോടരു
ളിച്ചെയ്തുഭക്തവത്സലതപന്താവകംപ്രസ്ഫുടിപ്പിച്ചീലയോ? * അറിവാൻപാ
ത്രമുണ്ടിനിയുമടിയനു പറവാനുണ്ടോതിരുവുള്ളമെന്നറിഞ്ഞില്ല * പറവ
യാണെങ്കിലുംഭവൽസാമീപ്യംകൊണ്ടു പരമഹംസാധികപ്രാഭവംലഭിച്ചു
മെ * പരിചാരകനാകുമടിമതന്നെക്കുറിച്ചൊരുകാരുണ്യംതിരുവുള്ളത്തിലു
ണ്ടെന്നാകിൽ * പരിചിൽപരേതരാജാലയത്തിലേക്കുള്ള പുരുഭീകരമായ
മാൎഗ്ഗംവിസ്തരിച്ചിന്നും * അരുളിച്ചെയ്യാറാകവേണമെഭവൽപാദം കരുതാ
തവൎക്കുള്ളവാഴിയാണുപോലതും *തിരുനാമങ്ങളെത്രയെളുപ്പമായുണ്ടുതൻവ
രുതിക്കീഴിൽപെട്ടതാണല്ലോരസനായും * ഒരുനാമമെങ്കിലുമുച്ചരിക്കാതെ
ഘോരനരകക്കുഴിടനാക്കിപ്പോയതിൽപതിച്ചീടും * ദുരിതനിധികളായ്ബു
ദ്ധിഹീനരായുള്ളപുരുഷാധമന്മാരെയേററംധിക്കരിക്കുന്നേൻ * അകയാ
ലിപ്പാപികൾക്കെന്തൊരുഗതിയെന്നും ചാകുമ്പോളവരുമീഘോരമാംയമമാ
ൎഗ്ഗേ *പോകുന്നനേരമനുഭവിക്കുംദുഃഖങ്ങളെന്താകുന്നതേതുവിധമാകുന്നുവെ
ന്നുമെല്ലാം *അരുളിച്ചെയ്തുകേൾപ്പിക്കണമെന്നപേക്ഷിച്ചുഗരുഡൻതന്നെ
നോക്കിഭഗവാനരുൾചെയ്തു * എങ്കിലോയമമാൎഗ്ഗം പറയാംനാടനിൻറാ
ശങ്കകൾതീരുംവണ്ണംകേട്ടാലുംഖഗവര! * പങ്കിലചരിതരാംപാപികളങ്ങേ
തേതു പന്ഥാവിലൂടെചെന്നുനരകക്കുഴികളിൽ* സംപതിക്കുന്നുവെന്നുംപറ
യാംഭയമേററംസംഭവിപ്പിക്കുംചെവിക്കൊള്ളുന്നാജനങ്ങൾക്കും * അല്ലയോ
പക്ഷിശ്രേഷ്ഠ! പാപകൎമ്മത്തിൽതന്നേ യെല്ലാനേരവുംപ്രവൎത്തിച്ചുകൊണ്ടു
മുൾക്കാമ്പിൽ * തെല്ലുമേകരുണയുംധൎമ്മവുംകാണ്മാനില്ലാതദുഷ്ടസം
ഗംകൈക്കൊണ്ടുമനാരതം * നല്ലയാളുകളുമായുള്ളസംസൎഗ്ഗത്തിലുംനല്ലശാ
സ്ത്രാദിയിലുംവൈമുഖ്യഭാവംപൂണ്ടും * ഞാനെന്നുള്ളൊരുഭാവംകൈക്കൊ
ണ്ടാരെയുംബഹുമാനമില്ലാതെകണ്ടുംവാണീടുന്നവരായി * മാനിച്ചുധനമ
ദംകൊണ്ടുരാക്ഷസമായി മാനവാൎഹമല്ലാത്തദുസ്വഭാവംകൈക്കൊണ്ടും *
ദൈവസ്വത്തുകളെകൈവെടിഞ്ഞുംനിശ്ശങ്കം കൈവരേണമേപരദ്രവ്യ
ദാരങ്ങളെന്നും * ദുൎവ്വിധങ്ങളിൽപലതനുഷ്ഠിക്കണമെന്നും ദുൎവ്വിചാരങ്ങൾ
പൂണ്ടുവിഭ്രാന്തിയോടുകൂടി * വാണീടുന്നവരായി മോഹമാംവലയതിൽ
താനേവീണടിപെട്ടുവലയുന്നവരായി * മാനസേകാമഭോഗങ്ങളിലുള്ളഭി
ലാഷം മാനിച്ചുനന്നീടുന്നവരായിട്ടുമുള്ള * മാനവാധമന്മാർകള
ശൂലനരകത്തിൽ ദീനതപൂണ്ടുപതിച്ചുഴന്നീടുന്നവല്ലോ * ജ്ഞാന
ശീലന്മാരപവൎഗ്ഗംപ്രാപിച്ചീടുവോ രാണുകാലയാതനാദുഃഖംപാപശീല

രം * പാപികൾക്കീലോകത്തിൽദുഃഖമെന്തിനെവന്നു ഭവിച്ചതെന്നു
ഭവിക്കുന്നെന്നുമവരുടെ * ജീവനന്ത്യലോകത്തെ പ്രാപിച്ചാൽ ഭുജിക്കേ
ണ്ടയോതനാദുഃഖങ്ങളെന്താണെന്നും കേട്ടാലുംനീ * മുന്നം താൻ ചെയ്ത പു
ണ്യലേശത്തിൻഫലങ്ങളെ തന്നെ യൌവനത്തിങ്കൽ ഭുജിച്ചോരനന്തരം
* തന്നുടെ ദുഷ്കർമ്മയോഗം കൊണ്ടു മഹാവ്യാധി വന്നു സംഭവിക്കുന്നു വാ
ൎദ്ധക്യകാലത്തിങ്കൽ * മരിച്ചുപോകുമെന്നാരാധിയും കർമ്മയോഗാലുറച്ചുദുഃ
ഖം നൽകും വ്യാധിയും കലർന്നുടൻ * കുറച്ചുകൂടി ജീവിച്ചിരിക്കവേണമെന്നു
നിരർത്ഥമാശിക്കുമ്പോളുണ്ടാകുമുത്സാഹവും * ഭവിച്ചുകിടന്നിട്ടും പുരുഷാ
ൎത്ഥമൻതന്നെ ബലിശ്രേഷ്ഠനാം ധർമ്മരാജനുമറിയവതും * കൊട്ടക്കാതട്ടത്തു
ചെന്നെലിയെപ്പാമ്പുപോലെ യെടുത്തുവിഴുങ്ങുന്നു ധരിക്കചെഗേശ്വര! *
ഏവമുള്ളവസാനകാലത്തുപോലും വിഷ്ണു ദേവചിന്തയിൽ ബുദ്ധിതെളിഞ്ഞു
വരാത്തവൻ * കേവലം തന്നാൽ പാലിക്കപ്പെട്ട ഭാൎയ്യാപുത്രസേവകാദികളാലെ
പാല്യമാനനായിട്ടും * ജ്വരബാധിക്കമൂലമുള്ള വൈരൂപ്യത്തോടും മരണത്തോ
ടണഞ്ഞിമുഖനായ് ഗൃഹത്തിങ്കൽ * ആരാനും നിന്ദാഭാവത്തോടു തൻ സമീപ
ത്താഹാരം കൊണ്ടുവന്നുടൻ നൽകീടുന്നതിനെയും * സാരമേയത്തെപ്പോ
ലെ ഭക്ഷിച്ചു ദീനം കൊണ്ടു വ്യാരമായ് വശം കെട്ടും ജ്വരാർത്തി മന്ദിച്ചും * ഭക്ഷി
പ്പാൻ രുചിയൊട്ടുമില്ലാതെ കഷ്ടപ്പെട്ടുമല്ലവും പ്രവൃത്തിക്കശക്തിയില്ലാതായി
ട്ടും * മേല്പോട്ടുഗമിക്കുന്ന പ്രാണവായുവാൽ ദൃഷ്ടി മേല്പോട്ടുതുറിച്ചു നോക്കി
യും ഭയങ്കരം * കഫക്കോളാലെ നാഡി യടഞ്ഞു കാസശ്വാസവ്യഥയാൽ ക്ഷീ
ണിച്ചു മഗ്ഗളനാളാന്തർഭാഗേ * സന്തതം ഘുരഘുരക്കുറുകിവലിച്ചു മാഹാന്തി
സങ്കടപ്പെട്ടു കിടന്നീടുന്നനേരം * കരഞ്ഞു വിളിച്ചുടൻ ദുഃഖിച്ചു ചുററും കൂടി
യിരുന്നു കുഞ്ഞുങ്ങളും ഭാൎയ്യയും മററുള്ളോരും * ചൊരിഞ്ഞിട്ടും കണ്ണീരിൽ നന
ഞ്ഞും സമാധാനം പറഞ്ഞീടുവാൻ ശക്തി കുറഞ്ഞു മഹോപാപം * കാലപാ
ശത്താൽ ചുററപ്പെട്ടു ശക്തിയും കെട്ടങ്ങാലോലമനസ്കനായിട്ടു നൃപക്ഷിതീശ
ര! * ഇത്തരം കുടുംബരക്ഷണത്തിലനുദിനം സക്തിയും ചൂണ്ടിന്ദ്രിയവശഗനാ
യ ചപമാൻ * പുത്രദാരാദികളാം ബന്ധുക്കൾ ചുററിക്കൂടിയെത്രയും വിഷാദിച്ചു
വിളിച്ചു കരയുമ്പോൾ * ദേഹമെങ്ങുമേ വ്യാപിച്ചീട്ടും പീഡാധിക്യത്താൽ മോ
ഹിതനാകുമവൻ മരണം പ്രാപിക്കുന്നു * മരണമത്യന്തമടുത്തീടുമ്പോൾ ദീ
വ്യനയനമവനുള്ളിൽ സംഭവിച്ചീടും താനും * ശമനദൂതന്മാരെക്കാണാറായു
രുംസർവ്വഭുവനങ്ങളുമക്ഷിലക്ഷീഭൂതമായിടും * അശ്ചര്യപരതന്ത്രനായ പനി
പലോക വാഴ്ചയെക്കുറിച്ചുള്ള ചിന്തയും വെടിഞ്ഞുടൻ * വാക്കുതുമവ ചൊ
ൽവാനാശയില്ലുണ്ടായാലും ഈശ്വരവിലാസത്താൽ നാവിനു ബലം വരാ
* മൂടങ്ങിടുന്നു പുനരിന്ദ്രിയങ്ങൾ ചൈതന്യമടങ്ങിട്ടുടൻ തന്നെ ജഡത്വം പ്രാ
പിക്കവെ * നടുങ്ങീടുമാറു വന്നടുത്തു നില്ക്കും കാലഭടന്മാരെക്കണ്ടു ചഞ്ചലി
ക്കും പ്രാണങ്ങളും * രോഗിക്കു ശ്വാസം സ്വസ്ഥാനത്തിൽ നിന്നിളകുമ്പോൾ
അശക്തമാകും പീഡയെന്തഹോ പറവതും ഏകകാലത്തിൽ തന്നെ കോപിച്ചു
വന്നു വിഷവേഗപൂർണ്ണങ്ങളാകും തേളുകളനവധി * കുത്തുന്നപോലെ തീവ്ര
വേദനയുണ്ടാമപ്പോൾ കല്പതുല്യമായൊരു നിമിഷമതും തോന്നും * ഛർദ്ദി

ക്കംകഫംപിന്നെയീത്തൂവായാലെമുഖമെത്രയുംനനയുന്നു പത്തിന്നാംപരിവൃ
ഢ! * ഈവിധമുള്ളദുഷ്ടർതന്നുടെജീവനമോ ദോഷ്ഴിയായിത്തന്നെപോ
കുന്നെന്നറികനീ*കോപമുൾക്കൊണ്ടുടനടുക്കും കാലദൂതരോവക്രൂപങ്ങൾ
കണ്ടുഭയന്നുപോകും ചിത്തം * ചുവന്നുകലങ്ങിയുതുറിഞ്ഞകണ്ണും ദണ്ഡും വ
ിഞ്ഞുമുറുക്കുന്നപാശമുൾപ്രകേശവും* കുറഞ്ഞൊന്നകുത്തൊട്ടുവളഞ്ഞപൽ
കടിച്ചുഞെരിഞ്ഞകടകടാരാവംനഗ്നരൂപവും കാക്കയെപ്പോലെക്കറുത്തുള്ള
വർണ്ണവുംപിന്നെമൂക്കുകൾവളഞ്ഞുള്ളമുഖങ്ങൾനഖങ്ങളും * പോരക്കാരാ
യുധംപോലെനീണ്ടുംകലന്നുടനാക്കുംപേടിയുണ്ടാക്കുംരൂപമോടടുക്കുമ്പോ
ൾ*കണ്ടുപേടിച്ചുമലമൂത്രങ്ങളോത്തിടാതെകണ്ടുതന്നെതന്നേയങ്ങൊഴിഞ്ഞു
പോയിടുന്നു * അംഗുഷ്ഠമാത്രനായജീവനയ്യയ്യോ എന്നുതിങ്ങീടുംഖേദംപൂ
ണ്ടുവിളിച്ചുനടുങ്ങുന്നങ്ങടുത്തുടൻകാലദൂതരെജ്ജീവനത്തദംഗത്തിൽനി
ന്നുമെല്ലെയാതനാദേഹത്തിങ്കൽ*പകന്നുനിജഗേഹംകാണവേമെലാൽത്ത
ന്നെയകണ്ഠംകണ്ഠത്തിങ്കൽപാശവുംബന്ധിച്ചുടൻ * ദണ്ഡ്യനെരാജഭടന്മാ
രെന്നപോലെവഴിതന്നിലേവളരെദൂരംകെട്ടിയിഴച്ചുഹോ*നന്നായിത്താഡി
ച്ചാരോകഠിനനരകങ്ങൾതന്നിലെഘോരതയെവർണ്ണിക്കുംപുനഃപുനഃ*നട
ന്നീടുകമഹാപാപ!നീവേഗംതന്നെ കടന്നീടണംകാലഗേഹമിന്നവിടുള്ളം
*നടുങ്ങീടുന്നകുംഭീപാകാദികളിൽനിന്നെയിടുന്നുണ്ടല്ലോതെല്ലുംവിളംബം
വിനാഞങ്ങൾ *ഏവംകാലദൂതന്മാർപറയുന്നതുംപരിദേവനം സ്വജനങ്ങ
ൾചെയ്യുന്നതുംകേട്ടുകേട്ടും*വാവിട്ടയ്യയ്യോഎന്നുകരഞ്ഞീടുമ്പോൾധർമ്മദേവഭൃ
ത്യരാലടിക്കപ്പെട്ടുമഹോകഷ്ടം *കാലദൂതന്മാരുടെതല്ലുകൊണ്ടുള്ളംഭേദിച്ചാ
ലോലമായിട്ടുണ്ടായ്പ്പന്നൊരുവിറപൂണ്ടും* കാലമാർഗ്ഗത്തിലുള്ളപട്ടികൾക്കിര
യായുംകാലേതൻറെപാതകംചിന്തിച്ചുസന്തപിച്ചും* ദാഹിച്ചുംവിശന്നുമ
കടുത്തവെയിൽകൊണ്ടുംദ്രോഹിച്ചുചുറ്റിക്കത്തുംകാട്ടുതീജ്വാലകൊണ്ടും *
ദേഹംചുട്ടാഞ്ഞുവീശുന്നൊടുങ്കാററടികൊണ്ടും അഹന്തചുട്ടമണലിൽക്കൂടെ
നടകൊണ്ടും * പുറത്തുചമ്മട്ടിയാൽദൂതർതന്നടികൊണ്ടും കുറച്ചുതണലും
വെള്ളവുംകിട്ടാതെകണ്ടും *നടപ്പാൻതെല്ലുംശക്തിയില്ലാതെകണ്ണിച്ചിടയ്ക്കി
ടയ്ക്കുപന്ഥാവിങ്കൽ പതിച്ചുംബോധംകെട്ടും *കടുക്കെന്നെഴുന്നേററുംവലയു
ന്നവംകൊണ്ടുനടക്കുന്ന ദൂതന്മാർപാപിയാംമനുജനെ.* രണ്ടോമൂന്നോമുഹൂ
ർത്തംകൊണ്ടതികഷ്ടമാകും അന്ധകാരത്തിൽക്കൂടിക്കാലപത്തനംചേക്കും *
അന്ധതാമിസ്രാദികളായവൻനരകങ്ങളിന്തദൂതാവലിയവനെക്കാണിക്ക
യുംപിന്നെയങ്ങൊരുമുഹൂർത്തംകൊണ്ടുയമധർമ്മൻ തന്നെക്കാണുന്നുഭയത്തോ
ടും പാപിയായവൻ *പന്നഗാരാതേ!പിന്നെ.ധർമ്മാജ്ഞയാലേനഭോമണ്ഡ
ലമാർഗ്ഗത്തൂടെകാലദൂതന്മാരോടും *തന്നുടെഗൃഹത്തിങ്കൽ ചെന്നീടുമുടൻനി
ജകർമ്മവാസനകൊണ്ടുദേഹത്തിൽപ്രവേശിപ്പാൻ * ഏറുമാശയെന്നല്ല
ക്ഷുത്തുംദാഹവുംകൊണ്ടുനീറുമുള്ളത്തോടുമപ്പാശബദ്ധനാമവൻ *രോദിപ്പൂ
പുത്രരേകുംപാത്രകാലികമാസാദിപ്പുദാനംപിന്നെപ്പിണ്ഡവുംഭുജിക്കുന്നു *
എന്നിട്ടും പാതകിയാമവനുമനസ്സൃപ്തിവന്നീടുകില്ലയെന്നുധരിക്കഖഗേശ്വ
ര!*ദാനവുംപിണ്ഡംജലാംജലിയുമലംഭാവം ഏന്നസപികൾക്കുണ്ടാക്കാൻമ

തിയായീടുന്നില്ല* ദീനന്മാരായിട്ടവരിവകളുജിക്കുന്നുന്യൂനമെങ്കിലുംവിശന്നാ
ത്തരായ്നടക്കുന്നു * എങ്കിലെന്തിനുപിണ്ഡംകൊടുത്തീടുന്നുപാപപങ്കില
ന്മാക്കെന്നൊരുശങ്കയുണ്ടവകാശം* കിങ്കരപ്രധാനനിചേട്ടുകൊൾകെന്നാല
തുംതൻകുലക്രമപിണ്ഡദാനവർജ്ജനഫലം* പിണ്ഡദാനംചെയ്യാതെയിരു
ന്നാൽപ്രേതങ്ങളായ് തന്നെയിപ്പാപാത്മാക്കൾനിർണ്ണയംഭവിച്ചീടും*എന്ന
ല്ലാളുകളില്ലാതുള്ള വൻകാട്ടിനകത്തെന്നും ദുഃഖിതരായിസംഭ്രമിച്ചീടുംതാനും
* മോശമെന്തതിനുള്ളു യാതനാനുഭൂതിയാം ക്ലേശത്തേക്കാളുംഭേദമാണതെ
ന്നൊരുപക്ഷം * ഖേശകാന്തമേ!തവതോന്നിപ്പോകേണ്ടാവെറു മാശാഭംഗ
മായവസാനിക്കമതുകേൾനീ *മുററുംതാന്താങ്ങൾചെയ്യുംദുഷ്കൃതംസുകൃ
തവും മുററാരുംഭുജിപ്പതിനില്ലെന്നുധരിക്കണം* കല്പകോടികൾകൊണ്ടുംമാ
ഞ്ഞുപോകയുമില്ലതൽഫലമനുഭവിച്ചൊട്ടങ്ങിടാതെന്യൂനം *യാതനാദുഃഖ
മനുഭവിച്ചുതീരാതെയി പ്പാതകിക്കുണ്ടാകില്ലമാനവജനനവും * ഏതൊരു
നാളോപാപം തിന്നുതിനൊറുത്തുടൻ പാതകപുണ്യങ്ങൾക്കു തുല്യതഭ
വിക്കുന്നു * ഭൂതലമതിലനുമാനവനായിത്തന്നെ ജാതനാമവനെ
ന്നുസാദരംധരിക്കനീ * പ്രേതമായ്കൊടുങ്കാട്ടിൽ കിടന്നാലതുകൊ
ണ്ടുവേദനയത്രമനുഭവിക്കാമെന്നേയുള്ളു * അതിനാൽപത്തുദിവസങ്ങ
ളിൽപിണ്ഡങ്ങളെ സുതനേകണംകുലാചാരങ്ങൾക്കൊക്കുംവണ്ണം *
അതിനെപ്പിന്നെ യവർനിത്യവും നാലായ്ഭാഗിച്ചതിലൊരോഹരിയെ
ഭക്ഷിക്കുംപക്ഷിശ്രേഷ്ഠ! * രണ്ടുഭാഗത്തെദേഹപുഷ്ടിക്കായെല്ലൊണ്ടു ഭൂ
തപഞ്ചകത്തിനു മൊരുഭാഗംകാലദൂതർക്കും * അഞ്ചൊതെദാനംചെയ്യു
മാറാകുന്നഘോരാത്രംമൻപതിവണ്ണം തന്നെകഴിഞ്ഞുകൂട്ടുംനേരം * പി
ണ്ഡദേഹത്തെപ്രാപിച്ചീടുന്ന പ്രേതംപത്തുചെന്നനാൾ ബലത്തെയും
ലഭിച്ചീടുന്നജ്ജന്തു * ദഹിച്ചുപോയിദേഹമെങ്കിലുംവീണ്ടുമതുലഭിച്ചീട്ടു
ന്നുപിണ്ഡംകൊണ്ടെന്നുധരിക്കനീ * ഹസ്തമാത്രനായീടുമവനുംവഴിമേല
ങ്ങത്രതൻശുഭാശുഭമനുഭവംഭുജിക്കുന്നു*വിസ്തരിച്ചിനിപിണ്ഡദാനത്താൽ
ശരീരമിങ്ങുത്ഭവിക്കുന്നതേതുവിധമാണെന്നുംചൊല്ലാം *ആദിമദിവസത്തി
ങ്കൽനൽകുന്നപിണ്ഡംകൊണ്ടു ജാതമാംതലതോളുംകഴുത്തുംരണ്ടാംദിനേ *
ചേതസ്സുമൂന്നാംദിനംനാലാന്നാൾജഘനവും ജാതമാംപിന്നെനാഭിയുണ്ടാ
കുമഞ്ചാംദിനേ *ആറാമദിവസത്തിലരയുംഗുഹ്യമതും തേറുന്നതുടകളേഴാം
നാളുമുണ്ടാകുന്നു * ജാനുക്കൾപാദങ്ങളുമെട്ടുമൊൻപതുംനാളിൽദാനംചെ
യ്യുന്നപിണ്ഡംകൊണ്ടുസംഭവിക്കുന്നു *വിശപ്പുദാഹങ്ങളുംപത്തായനാളി
ൽപിണ്ഡ മശിച്ചുണ്ടാകുന്നെന്നുധരിച്ചുകൊണ്ടാലുംനീ * ലസിച്ചപ്പിണ്ഡ
ജാംഗംലഭിച്ചപ്രേതംപിന്നെവിശപ്പുകൊണ്ടുംദാഹംമൂലവും വിവശനായ്
*പതിനൊന്നുംപന്ത്രണ്ടുംദിവസത്തിലെപ്പിണ്ഡം അശനംചെയ്തീടുന്നുമുഴു
വൻതാനേതന്നെ * പിന്നെയപ്പതിമൂന്നാംദിവസമപ്രേതത്തെ ധന്യധർമ്മ
ദൂതന്മാർകയററാൽകെട്ടിക്കൂട്ടി* നന്നായ്ത്തുള്ളിച്ചുവലിച്ചിഴച്ചുവാനരത്തേ
യെന്നപോലഘോരകഷ്ടപ്പെടുത്തീടുന്നുവല്ലോ* എണ്ണത്തൊറായിരംയോജനയു
ണ്ടത്തോളമാപ്പമഹാവിൻവിസ്താരംവൈതരണിക്കുടാതെതാൻ* സന്താപ

…രുനൂററിനാല്പത്തേഴുയോജനസന്തതരോപ്പകലിപ്രേതം ചുററിപ്പോകുന്നു * ഇനിമേൽ ചൊല്ലപ്പെട്ടും പുരങ്ങൾ പതിനാറും ഗുണഹീനനാം പാപികളോന്നായ് കടന്നുടൻ * അന്നുവേലം ദുഃഖിച്ചു വലഞ്ഞു ധർമ്മപുരിലണയുന്നപോൽ ലോലായമാനമെത്തീടുന്നേടം * പുരങ്ങളുടെ പേരുകൾക്കറീ സൌമ്യം സൌരി പുരവും നാഗേന്ദ്രവും ഗന്ധർവ്വശൈലം പിന്നെ * അഗമം ക്രൌഞ്ചം ക്രൂരപുരവും വിചിത്രമാം ഭവനം ബഹുപാപദം ദുഃഖദം നാനാക്രന്ദം * സുതപ്തഭവനം രൌദ്രപയോവർഷണവും ശീതാഢ്യം ബഹുഭീതിപുരമെന്നിവയല്ലോ * ഇവയെല്ലാമെയ്യുമഗ്രഭാഗത്തു ധർമ്മാഗാരം വിവസ്വൽപുത്രൻതന്റെ മന്ദിരം വിളങ്ങുന്നു * കഴുത്തിൽ കാലപാശബദ്ധനായ പാപി വഴിക്കയ്യയ്യോ എന്നു വിളിച്ചു കരഞ്ഞുടൻ * ഉഴറോടെ സ്വഗൃഹം ത്യജിച്ചു കാലാഗാരം അഴല്പെട്ടഹോ ചെന്നു കടന്നീടുന്നുവല്ലോ * ഇപ്രകാരങ്ങളെല്ലാമരുളിച്ചെയ്തശേഷം ചിൽപ്രകാശനം ചെററു വിരമിച്ചരുളിനാൻ *

ഇതി ശ്രീസാരോദ്ധാരേ ഗരുഡപുരാണേ
പാപിനാം ഐഹികാമുഷ്മികദുഃഖനിരൂപണം നാമ
പ്രഥമോധ്യായഃ.

## രണ്ടാം അദ്ധ്യായം.

---

ഹരിഃ ശ്രീഗണപതയേ നമഃ
അവിഘ്നമസ്തു.

നാരായണായ നമസ്തേ നമോ ഭക്ത പാരായണായ സമസ്തേശപരായതേ * മാരാരിമുഖ്യാഭിവന്ദിതപാദായ വാരാശിശായിനേ നിത്യം നമോസ്തുതേ * പാരായിടുന്നപടക്കളത്തിൽ ജീവഭാരാബ്ധിയിൽ പെട്ടുനട്ടംതിരിഞ്ഞു ഞാൻ * പേരായിരമായനിൻകൃപാപീയൂഷ ധാരാഭിവർഷേണ വിശ്രാന്തഹൃത്തൊട്ടും * ധാരാളമപ്പരിപന്ഥികളായ സംസാരാദികൾ വിഷമിശ്രമായെയ്യുന്ന * നാരാചമേററു സഹിക്കവയ്യാ പരമാരായതരഗതിക്കയ്യോ ണ്മേ * പാലാഴിയിൽ പാമ്പുമെത്തമേലേ ധരാ നീലാസമേതനായ് നീലാഭനോ യഹോ * നാലായുധങ്ങളോടും വിശ്വപാലന ലീലാരസനായ് വിളങ്ങുന്ന തമ്പുരാൻ * പാലാളുമാറരുളിച്ചെയ്തവാക്കുകളാലാശ്രുസന്തുഷ്ടനായ ഗരുഡനും * നാലായ വേദമൊരാളായ ദേവന്റെ കാലായ പൂക്കളൊരാധിച്ചുചോദിച്ചാൻ:— കാലാന്തകപ്രാർത്ഥ്യമാന! ജഗദേക മൂലായിതാ! പത്മലോലായതേക്ഷണ! * കാലാലയം പ്രതി പോകും വിഷമോഗ്ര ഹാലാഹലോല് ബണജ്വാലാവികീർണ്ണമായ് * ദുഃഖപ്രദമായമാർഗ്ഗം ചുരുക്കമായൊക്കെപ്പറഞ്ഞങ്ങു നിർത്തിക്കളഞ്ഞതും * ഭക്തമോഭക്തദാസ! പുനരിന്നിതി വിസ്തരിച്ചൊന്നു പറഞ്ഞു കേൾപ്പിക്കണം * എങ്ങിനെയുള്ളൊന്നു കാലായനം പരം മംഗലഹീനം മനോദുഃഖസാധനം * എങ്ങിനെ പാപികളങ്ങു പോകു

ന്നതുമിങ്ങതെല്ലാമറിയിക്കുമാറാകണം * ഏവംഗരുഡൻറചോദ്യങ്ങൾ
കേട്ടടൻഭാവംതെളിഞ്ഞു ഭഗവാനരുൾചെയ്തു * ഹേ!വൈനതേയ!നിന്നോ
ടിനിഞാനു ഹാതാപപ്രദമായകാലമാർഗ്ഗസ്ഥിതി * വിസ്തരിച്ചോതാമതു
കേൾക്കിൽനീയതി വിത്രസ്തനാംമമഭക്തനെന്നാകിലും * കല്പാന്തകാല
ത്തിലെന്നപോൽപന്ത്രണ്ടു മദ്ധ്യാഹ്നസൂൎയ്യരതിതീവ്രരശ്മിയാൽ * തൽപ്രദേ
ശംചുട്ടുചുട്ടുനില്ക്കുന്നൊരുവൃക്ഷത്തണലുമവിടെങ്ങുമില്ലല്ലോ * തീപോലെ
പൊള്ളുംവെയിലേററുപോകുന്ന പാപിക്കൊരുതുള്ളിവെള്ളവുംകിട്ടീടാ
* ദാഹിച്ചിട്ടുംവിശപ്പിന്നുചോറുംമററു ചാദിച്ചിടത്തക്കതൊന്നുമവിടില്ലാ
* ഇങ്ങനെയുള്ളവഴിയേകട്ടുംചൂട്ടു തിങ്ങിവീശുന്നകൊടുംകാററുമേററ
ഹോ * അങ്ങിങ്ങുകൂൎത്തുനില്ക്കുംമുള്ളുകൊണ്ടുട നംഗംതുളഞ്ഞുമപ്പാപി
നടക്കുന്നു * ഉഗ്രവിഷങ്ങളായുള്ളസൎപ്പങ്ങളും ഉഗ്രകരാളവികട്സിം
ഹങ്ങളും * രക്തദാഹംപൂണ്ടുഴലുംകടുവാക ളുഗ്രഭയമേകിടുംഭഷകങ്ങ
ളും * ചുററിയടുത്തുകടിച്ചുതിന്നുംചില ദിക്കിലെന്നേകഷ്ടമന്ന്യത്രപിന്നെ
യും * വൃശ്ചികക്കൂട്ടംവിഷവാലുകളാലെ കുത്തുന്നൊരുദിക്കിലഗ്നിദാഹി
ക്കുന്നു * പിന്നീടൊരേടത്തതിഘോരമായിപ്പ രന്നുകിടക്കുന്നസിപത്ര
മാംവനം * ഒന്നുരണ്ടല്ലരണ്ടായിരംയോജന തന്നെപോലായതിൻവി
സ്താരമാനവും * കാക്കകൊറ്റീച്ചമൂങ്ങാകഴുകൻകാട്ടു തീക്കൊള്ളൽതേനീച്ച
വാളിലവൃക്ഷവും * നോക്കിയാലെണ്ണുകൊള്ളാതുണ്ടുവാളുപോൽ വായ്ത്ത
ലയുള്ളിലയാണുമരങ്ങൾക്കും * അയതുകൊണ്ടുകഷണിച്ചുതള്ളുമാറാ
യിമുറിയുന്നുപാപിതൻദേഹവും * പിന്നെച്ചിലടത്തിരട്ടകിണററില
പായപ്പെട്ടുംവണ്ണംചെന്നുവീണീടുന്നു * ദുൎഘടമായജലമിൽനിന്നുംമഹാക
ക്കശസീല്ക്കിപതിക്കുംചിലദിക്കിൽ *കത്തിതൻവായ്ത്തലമേലുംചിലടത്തു
കുററിമേലുംകൂടിയാത്രചെയ്തീടുന്നു * കുററിരുട്ടത്തകപ്പെട്ടുവഴിതപ്പി ബുദ്ധിമു
ട്ടുന്നുചിലദിക്കിലങ്ങനെ *വെള്ളത്തിൽവീഴുംതിളച്ചതൊളിയിലുംവെള്ള
വുംകൂടിക്കലൎന്നചെളിയിലും * ഉള്ളുഴൽപെട്ടുപതിക്കുന്നൊരിടത്തുപൊ
ള്ളുംമണലിലുംപാപിയായുള്ളവൻ* ചെന്തീക്കനൽപോലെവെന്തുപഴുത്തു
ള്ള ചെമ്പുതളത്തിൽചിലദിക്കിൽവീഴുന്നു * വൻപുകതുററുനിറഞ്ഞിടത്താ
ഹന്ത!ചെങ്കനലിൽതന്നെ വീഴുന്നുകത്രചിൽ* മററൊരേടത്തുമഴപോലെതീ
ക്കനലററമില്ലാതെചൊരിയുന്നുവെന്നല്ല *മുററുംശിലകൾവജ്രങ്ങൾശസ്ത്ര
ങ്ങളും രക്തംതിളച്ചവെള്ളംതൊളിവെള്ളവും *തത്രപെയ്യുന്നുക്രമേണയോ
രോദിക്കിലെത്രഘോരമസിപത്രമോരുംവിധൌ * തക്കത്തിലുണ്ടുകുഴിക
ളിടയ്ക്കിടെപൊക്കമുള്ളേടവുമുണ്ടുകേറീടുവാൻ * ദുൎഘടമായഗുഹകളുമുണ്ടി
ടയ്ക്കൊക്കവേകണ്ടുനടക്കുവാൻവയ്യാതെ * ഏററുമിരുട്ടമതിനകത്തൊ
ക്കയും കേറാൻവിഷമമായുള്ളശിലകളും * നാറുന്നപൂയരക്തക്കയവുംവി
ഷ്ഠയേറുന്നഗാധജലാധാരവുമുണ്ടു് * അത്യുഗ്രയാകുന്നവൈതരണീനദീ മ
ദ്ധ്യേപഥമൊഴുകുന്നുഭയങ്കരം * എത്രയുംസങ്കടംകാണ്മവൎക്കതിൻവൃത്തമോ
ൎത്തോൎക്കിൽഭയവുമുണ്ടായ്വരും * വിസ്താരവുംനൂറുയോജനയുണ്ടതിൽരക്തമോട്ടം
ചലമാണൊഴുകുന്നതും * അസ്ഥികളാലേതടപ്രദേശമട്ടതെത്തുവാനേററം

വിഷമമായോന്നതും * രക്തമാംസച്ചെളിപൂണ്ടകയംപാപവൃത്തരാൽദുസ്ത
രമായൊന്നറികനീ * കേശങ്ങളാംപായൽമൂലംകടക്കവാൻ ക്ലേശകരമുഗ്ര
നക്രസുദാരുണം * ആശയാന്തേഭയമാക്കുമുണ്ടാക്കുന്നനീർശകുന്തങ്ങളാലാവൃ
തമാണതും * പാപികൾ ചെന്നങ്ങടുക്കുന്നനേരംവഹ്നി ദീപിച്ചുവൻപുകപൊ
ങ്ങിനിറയുന്നു * നൈവെച്ചുട്ടപ്പത്തുതീയെരിച്ചാൽതിള ച്ചെവ്വണ്ണമേകുറുകു
ന്നാവിധംതന്നെ *സൂചിമുഖങ്ങളായുള്ളപുഴുക്കൾ ഭീതികരമിടമുണ്ടന്നു ചന്ന
ണ്ടതിൽ* വജ്രകഠിനതുണ്ഡങ്ങൾപൂണ്ടുള്ളൊരുഗൃദ്ധ്രകാകന്മാരുമററമില്ലാ
തുണ്ടു * ദാരുണശിംശുമാരങ്ങൾമകരങ്ങൾ മാംസശക്തങ്ങളായകമഠ
ങ്ങൾ * ചോരകുടിച്ചുതുള്ളുംജളൂകങ്ങളും ക്രൂരജലവ്യാളമത്സ്യസമൂഹവും *
മററുജന്തുക്കളുമുണ്ടുമാംസംകീറിയററുപോംവണ്ണം പിളൎന്നുതള്ളുന്നതായ്
* മുററുമീയാററിന്നൊഴുക്കിലകപ്പെട്ടു ചുററിപ്പിടഞ്ഞുകരയുന്നുപാപി
കൾ * അയ്യോമകനേ!സഹോദരതാതേതി മയ്യൽപൂണ്ടാശു വിളിച്ചുകേ
ണീടുന്നു * പയ്യുംതൃഷയുംമുഴുത്തതിലേച്ചോര പൊയ്യല്ലമുങ്ങിക്കുടിച്ചുമ
റിയുന്നു * ചോരനിറഞ്ഞുപതഞ്ഞചറിത്തതുഃഘോരഘോരംപ്രവഹിക്കുന്ന
വാഹിനീ * നേരെയൊരുത്തനുനോക്കാവതല്ലതി ദൂരെനിന്നാലുംഭയമത്ത
യുണ്ടാക്കുന്നു * പാതകിയായവനീനദികാണുമ്പോൾ ചേതനമാറിമയ
ങ്ങിവീണീടുന്നു * തേളുകളുംകൃഷ്ണസൎപ്പങ്ങളുംനിറ ഞ്ഞാളുന്നൊരീനദിത
ന്നിൽപതിച്ചുകം * കാളുംമഹാപാപവൃത്തികളായീട്ടു മാളുകൾക്കാരുമൊ
രുരക്ഷയില്ലെടോ * സംഖ്യയില്ലാതതിലുള്ളചുഴികളിൽ പങ്കികൾപെട്ടു
പാതാളംഗമിക്കുന്നു * സന്താപമോട്ടുമുപരിഭാഗത്തില പ്ലവമാവിലൂടേവരു
ന്നവർപിന്നെയും * വൻപാതകികളെയിട്ടുനീന്തിക്കുവാനുണ്ടാക്കിയിനദി
യെന്നുമറികനീ * അക്കംകടപ്പാൻവിഷമംമറുകരനോക്കെത്തുകില്ലമഹാ
ദുഃഖമേകുന്നു*വായ്ക്കുംപൈദാഹപീഡയുംദുഃഖവും ചേൎക്കുന്നാരീയമമാൎഗ്ഗേ
ണപാപികൾ * ദുഃഖമുൾക്കൊണ്ടുനിലവിളിച്ചുംകര ഞ്ഞുൾക്കാമ്പുഴന്നും
കടന്നുപോയിടുന്നു * കഷ്ടം ചിലരെക്കയററിട്ടുകെട്ടിയും പൃഷ്ഠരോഷാതോ
ട്ടികൊണ്ടങ്ങുടക്കിയും * പൃഷ്ഠഭാഗത്തായുധാഗ്രംകടത്തിയും നിഷ്ഠുരമാ
യിപ്പിടിച്ചുവലിക്കുന്നു * മൂക്കും ചെവിയുംതുരന്നുകയററിട്ടുമൂക്കോടുകാല
പാശത്താൽവരിഞ്ഞിട്ടും * വായ്ക്കുന്നകോപാലിഴയ്ക്കും ചിലരെയക്കാ
ക്കകൾകൊത്തിപ്പിടിച്ചു വലിക്കയും * കണ്ഠംകരംപൃഷ്ഠഭാഗംകഴൽക
ളും കുണ്ഠേതരംതുടലിട്ടുബന്ധിച്ചുടൻ * ശൃണികടിച്ചുംയമകിങ്കരരുമക്ക
ണ്ടകന്മാരിൽ ചിലരെവലിക്കുന്നു*എന്നല്ലനേകഭാരംലോഹവുംചുമ ന്നന്യൂ
നദുഃഖേനപോയിടുന്നു ചിലർ * അന്നേരമൂക്കോടടിക്കുന്നിതുലോഹദണ്ഡേ
നകാലദൂതന്മാരവർകളെ * ചോരവമിച്ചുതളൎന്നിതിനെത്തന്നെ കോരി
ക്കുടിക്കുന്നുപിന്നെയുംപാപികൾ * പാരാതെപണ്ടുതാൻ ചെയ്തകൎമ്മങ്ങ
ളി ചോരോന്നുമോൎത്തുവശംകെട്ടുപോകുന്നു * ദുഷ്കൃതരാശികളാകുമി
ജ്ജന്തുക്കൾ ദുഃഖസമ്പന്നരായ്ധൎമ്മരാജൻതന്റെ * പത്തനത്തിന്നുഗമി
ക്കുന്നഹോവഴി മദ്ധ്യേമനോവ്യഥപൂണ്ടുകരയുന്നു * പുത്ര!ഹാഹാപൌത്ര!
ഹാഹേത്യഹോമന്ദ ബുദ്ധിയാംപാപിയനുതപിച്ചോതുന്നു * മൎത്ത്യജ

ന്നംലഭിച്ചീടുവാൻപുണ്യവാഷ്പത്ര്യത്ഥമുണ്ടെങ്കിലേസാദ്ധ്യമായ്‌വരു* സ്വ...
ച്ചതുനമുക്കെങ്കിലുംധൎമ്മൈകവൃത്തിക്കഹന്ത!മനസ്സെത്തിയില്ലമേ *ദ്വിധ
മെന്തൊക്കെഞാൻചെയ്യപോയഹോ നിൎവ്വഹിക്കാവുന്നദാനവുംചെയ്തില്ല*
സവ്വസ്വരമുഖമാംതീയിലാഹുതി നിൎവ്വഹിച്ചില്ലതപസ്സാചരിച്ചില്ല * ദേവ
കുലപൂജചെയ്തീലഞാൻതീൎത്ഥസേവയുമാവതുപോലനുഷ്ഠിച്ചില്ല * കേവ
ലംമുൻചെയ്തപാപങ്ങൾതൻഫലംജീവാത്മാവേ!നീയനുഭവിച്ചീടില്പോൾ
* മംഗലചിത്തരാംവിപ്രരെപ്പൂജിപ്പാൻ സംഗതിയായില്ലസൽസേവചെ
യ്തില്ല * ഗംഗയിൽമുങ്ങിക്കളിച്ചില്ലപകാരമെങ്ങുമന്യന്മാൎക്കുചെയ്യാനുമൊ
ത്തില്ല * കേവലംമുൻചെയ്തപാപങ്ങൾതൻഫലം ജീവാത്മാവേ!നീയനുഭ
വിച്ചീടില്പോൾ * മാനുഷജന്മികളോപശുപക്ഷികൾതാനോ ജലംതെല്ല
പോലുംലഭിക്കാതെ* ദീനതപൂണ്ടുഴലുംദിക്കിലെങ്ങുമേഞാനന്നൊരുകുളവും
കുഴിപ്പിച്ചില്ല* ഗോവിപ്രവൃത്തിക്കണുപോലുമൊന്നുമേഹാവിതരിച്ചില്ലിത
നുചിന്തിച്ചില്ല * കേവലംമുൻചെയ്തപാപങ്ങൾതൻഫലം ജീവാത്മാവേ
നീയനുഭവിച്ചീടില്പോൾ * അന്നാദിനിത്യദാനങ്ങളുംശൃംഗിണി വൃദ്ധായ
ശഷ്പതൃണാദിദാനങ്ങളും *ഒന്നുമേചെയ്തില്ലവേദശാസ്ത്രോക്തങ്ങൾ നന്ദിച്ച
തില്ലപുരാണങ്ങൾകേട്ടില്ല *ദേവതാപ്രീതിയെഴുംപുരാണജ്ഞരെഭാവിച്ചുപൂ
ജിച്ചുസല്ക്കരിച്ചീലഞാൻ * കേവലംമുൻചെയ്തപാപങ്ങൾതൻഫലംജീവാ
ത്മാവേ!നീയനുഭവിച്ചീടില്പോൾ* നല്ലഹിതവാക്കുകളെൻറനന്മയ്ക്കു വല്ല
ഭൻചൊന്നതുകൈക്കൊണ്ടതില്ലഞാൻ * തെല്ലുമെൻചാരിത്രവൃത്തിപാലി
ച്ചതുമില്ല വിവേകമന്നില്ലായിരുന്നുമേ *യൗവനത്തുള്ളലുമൎത്ഥാഭിലാഷവും
ദൈവസങ്കല്പത്തെയില്ലാതെയാക്കിമേ *ദൈവമേ!ഭൎത്താവിനോടെത്രവ്യാജ
ങ്ങൾ നിൎവ്വഹിച്ചീടിനേൻപാപയായോരുഞാൻ * അവതുപോലെഗുരുജ
നപൂജന സേവാദിസദ്വൃത്തികൾചെയ്തതില്ലഹോ * കേവലംമുൻചെയ്ത
പാപങ്ങൾതൻഫലം ജീവാത്മാവേ!നീയനുഭവിച്ചീടില്പോൾ *വല്ലഭസേ
വനമുത്തമധൎമ്മമേ! നല്ലാൎത്തുതെല്ലുമാചരിച്ചില്ലഞാൻ * അല്ലതുംകാന്ത
ൻമരിക്കവേവഹ്നിയിലല്ലലോടുംവീണുഭസ്മിച്ചതുമില്ല * ദൈവമേവൈധ
വ്യകാലേതപസ്സിനും കൈവന്നതുമില്ലസംഗതിഹന്തമേ* കേവലംമുൻചെ
യ്തപാപങ്ങൾതൻഫലം ജീവാത്മാവേ!നീയനുഭവിച്ചീടില്പോൾ *മാസോപ
വാസവ്രതമാചരിച്ചില്ല ക്ലേശിച്ചു ചാന്ദ്രായണവുംചരിച്ചില്ല * കേശവനാ
മങ്ങളൊന്നുച്ചരിച്ചില്ല വേശ്യയാകാതെവരനെ ഭജിച്ചില്ല*പണ്ടുഞാൻചെ
യ്തവികൎമ്മങ്ങളോരോന്നുകൊണ്ടുമഹാദുഃഖസംചയപാത്രമായ് * ഉണ്ടായി
നാരീശരീരവുമിങ്ങനെപണ്ടത്തെവാൎത്തകൾചിന്തിച്ചുചിന്തിച്ചുംമാനുഷ
ജന്മമെവിടെയിനിയെന്നുമാനസംചഞ്ചലപ്പെട്ടുവിലാപിച്ചും * ദീനതപൂ
ണ്ടുപതിനേഴുനാളേകതാനമായ്‌വായുവേഗേനതൽപ്രേതവും * താനേനട
നുപതിനെട്ടാംദിനേ നൂനമാസൌമ്യപുരംപ്രവേശിക്കുന്നു* പാരംമനോ
ഹരമാകുമതിൽപ്രേതവാരമനുവാരമാവസിച്ചീടുന്നു * ആരാവമോടാരവാര
ങ്ങളാൽപൊടിപൂരമാണീവകക്കാരാലവിടമാ*പോരലുമൊന്നുണ്ടുപുഷ്പഭദ്രാ
ഖ്യയാന്നീരസ്ഥമത്യന്തരമ്യമായൊന്നതും * ആരാലതിങ്കലിപ്പാപിതന്നാല

ന്ത്യമാറാനിരുത്തീട്ടമാറാനന്ദൂതരും * ദാരാദികംസുഖമോരോന്നുടൻശോക
ദാരാലിരുന്നുവിചാരിച്ചിടുന്നപ്പോൾ *പാരാതെതാൻഭരിക്കേണ്ടധനത്തിൻ
വിചാരാദികളുംകടന്നുകൂടീടുന്നു *തീരാത്തസങ്കടംപൂണ്ടിവണ്ണംസൗമ്യപൂരാ
ന്നവാപിയേനോക്കസ്സാഭസം * പ്രേതങ്ങൾചുററിക്കളിച്ചുവന്നക്കാലദൂത
രുംകൂടിഇൗവണ്ണമുരയ്ക്കുന്നു * പ്രേതമേ! നിൻെറധനവുംതനയരും പാതിമെ
യ്പോലെയിരുന്നദയിതയും * ജ്ഞാതികളിപ്പുജനങ്ങളുമിപ്പോളെങ്ങു പാത
ക! നിൻെറചരിതംദുരിതമേ * നീയുഴക്കുട്ടിയദുഷ്കർമ്മസഞ്ചയം ഭൂയോഭുജി
ച്ചീവഴിപോകണംചിരം *+ അല്ലേപരലോകപാന്ഥ! വഴിക്കരി യല്ലേബ
ലംവഴിപോക്കക്കെചാർകനീ* തെല്ലുമതുനീയറിഞ്ഞതില്ലെന്താണ തല്ലേ
നിനക്കിവലച്ചിലുണ്ടായതും * നല്ലകർമ്മങ്ങളാംദാനധർമ്മാദികളല്ലോവഴി
ച്ചിലവിന്നിഹവേണ്ടതും * വല്ലതുമല്ലമതുനീകരുതാതെ വല്ലാതെവന്നി
ത്തരമിങ്ങകപ്പെട്ടു * വിക്രയവുംക്രയവുംതെല്ലുമില്ലാതൊരധ്വാവിലൂടേ
നടന്നുപോയീടുവാൻ * നിശ്ചയിക്കപ്പെട്ടയുഷ്മാദൃശന്മാക്കുനിശ്ചയംപാ
ഥേയമാവശ്യമാണെടോ! * കുട്ടികൾപോലുമറിയുന്നൊരീവഴിദുഷ്ടനായു
ള്ളനീകേട്ടിട്ടുമില്ലയോ * സല്പുരാണോത്ഭവമായുള്ളവാക്യവുംവിപ്രന്മാർ
പോലുംപറഞ്ഞുകേട്ടില്ലയോ * ഇത്ഥംപറഞ്ഞുമക്കാലദൂതാവലിമുല്ഗരം
കൊണ്ടുമുതുകത്തുതാഡിയും * ദുര്‍ധരപീഡയാവീണുമെഴുന്നേററും വിദ്ര
വിച്ചുംപാപിബുദ്ധിമുട്ടീടുന്നു * നല്ലകയററിട്ടുകെട്ടിപ്പിടിച്ചിഴ ച്ചല്ലലപ്പെട്ടു
ത്തുന്നകാലദൂതാക്കളും * പിന്നെത്തനയരുംപൌത്രരുംമാസികം പിണ്ഡ
മനുകമ്പതോന്നുകമൂലമോ? * നന്നായതിംസ്നേഹമൂലമോനൽകുന്ന തന്നുഭ
ജിച്ചതിൽനിന്നുഗമിക്കുന്നു * സൌരിപുരത്തെപ്രവേശിച്ചിട്ടന്നുപിന്നെസൌ
രിതൻകിങ്കരരോട്ടമപ്പാതകി * സൌരിയെന്നാൽസൂരസൂനുവാംകാലനെ
ന്നോരുകനീയിപ്പുരംവന്നുള്ളതും കാലൻെറരൂപംധരിച്ചുനടക്കുന്ന നാ
യകനാകുന്നതിലുണ്ടറികനീ * അയവനെക്കണ്ടുപേടിച്ചുസംഭ്രമിച്ചായാ
സമാററുവാനാഗ്രഹിച്ചീടുന്നു * വെള്ളവുംചോറുമായ്ത്രൈപാക്ഷികാഖ്യ
മായുള്ളപിണ്ഡത്തെയതിലിരുന്നുണ്ണുന്നു * പിന്നെയവിടെന്നുംപോയ്
നഗേന്ദ്രമാം ധന്യപുരംപ്രവേശിക്കുന്നുസത്വരം * ഉന്നതവൃക്ഷസമുദായ
സംകുലം തന്നെനഗേന്ദ്രാഖ്യയുമതിനാൽതന്നെ * പൊങ്ങിപ്പടന്നിടതി
ങ്ങിയസിപത്രമങ്ങസംഖ്യംനിന്നിടുന്നതുകാണുമ്പോൾ * വിങ്ങിമുറയിട്ടും
പ്രേതമപ്പററിൻെറ സംഗമാൽപണ്ടുവശംകെട്ടുതാക്കയാൽ * ഏതുംദയ
യില്ലയാതെകയററിട്ടു ദൂതർപിടിച്ചുവലിക്കുന്നതുകൊണ്ടും * വേദനപ്പെട്ടുഭൂ
യോപികരയുന്നു പാതകത്തിൻെറഫലംവിചാരിക്കനീ * രണ്ടായമാസാ
വസാനകാലത്തോളം തിണ്ടാടിടുന്നപ്പുരത്തിലതുപിന്നെ * ചോറുംജല

---

+ ജ്ഞാനാസിസംബലബലംബലമധ്വഗാനാം
നോസംബലായതസേ പരലോകപാന്ഥ!
ഗന്തവ്യമസ്തിതവനിശ്ചിതമേവതേന
മാർഗ്ഗേണയത്രഭവതിക്രയവിക്രയോഹി.

പൂംവസനവും ബന്ധുക്കൾ കൂറുമൂലം കൊടുക്കുന്നതുമാസപ്പടി * ച്ചേറുംതു
ഷാകയറിട്ടുയമദൂതരാരാൽ വലിക്കുന്നപീഡയുമേററഹോ * മൂന്നാമതാംമാ
സേഗന്ധർവ്വപത്തനം ചെന്നിട്ടുമെന്നുംധരിക്കപക്ഷീശ്വരാ! * തന്മാസി
കമായപിണ്ഡവുമുണ്ടതിൽതന്നെച്ചുററുന്നിതാമാസംമുഴുവനും ദൂരവേനിന്നു
നോക്കുംപോളിന്നോടയ ചാരുവായ്കാണുംമറയുമടുക്കുമ്പോൾ * പേരെഴും
ഗന്ധർവ്വപത്തനമെന്നുള്ള പേർതൂമൂലമിപ്പുരിനരണ്ടായ്വന്നു * ശൈലാഗ
മമാംപുരംപ്രവേശിക്കുന്നു നാലാമതായമാസത്തിലപ്രേതവും * ചാലേ
ശിലാവർഷമുണ്ടതിൽപ്രേതത്തിൻ മേലതുമൂലമിപ്പേരുളവായതും * പി
ന്നെച്ചൂളത്ഥമാസത്തിങ്കൽകിട്ടുന്ന പിണ്ഡമുണ്ടല്പസുഖിയായ് ഭവിക്കു
ന്നു *ചെന്നുടൻക്രൌഞ്ചപുരംപ്രവേശിക്കുന്നു പിന്നെയപ്രേതമഞ്ചാമതാം
മാസത്തിൽ * കൊല്ലുകശീലമായുള്ളജനങ്ങള ങ്ങുള്ളതിനാൽ ക്രൌഞ്ച
മെന്നതിൻനാമവും* ചൊല്ലുന്നിതപ്പോൾകരത്തിൽവാങ്ങീടുന്നതെല്ലാമചി
രേണാസ്വാദിച്ചീടുന്നു * പഞ്ചമമാസികംപിണ്ഡവുമുണ്ടുടൻ നഞ്ചൊതെ
ക്രൂരപുരംഗമിച്ചീടുന്നു * നെഞ്ചകത്താർദ്രതയില്ലാത്തവരാണുമഞ്ചിതാത്മാ
ക്കളാംതൽപുരവാസികൾ * വെണ്മയിലഞ്ചരമാസമാകുമ്പോൾ ന്യൂനഷാ
ണ്മാസികംവഴിപോലെഭുജിക്കുന്നു * അതുനൽകപ്പെട്ടുന്നൊരുഘടപിണ്ഡ
ഭുക്തിയാലൊട്ടുസന്തൃപ്തിയുണ്ടാകുന്നു * വിശ്രമിക്കുന്നതത്രൈവമുഹൂർത്താ
ൎദ്ധമത്രകംപിച്ചുദുഃഖിച്ചുദുഃഖിച്ചുടൻ* വിക്രമിക്കുന്നപ്പുരവുമുപേക്ഷിച്ചുവി
ക്രമമേറുംയമഭടന്മാരുടെ * തല്ലുകളേററുതടിയുംതളൎന്നുപോയ് ചെല്ലുന്നു
ചിത്രഭവനേതദനന്തരം *കൊല്ലുന്നകാലനുനേരെയിളയവനല്ലാവിചിത്രന
പ്പുരിനുനായകൻ * ഘോരസ്വരൂപനായീടുമവൻതന്നെ നേരേനിരീ
ക്ഷിച്ചുപേടിച്ചുമണ്ടിയും * ആരോഗതിയെന്നുഴലുമപ്രേതത്തിൽ നേരെത
ടുത്തുകൈവത്തരും ചെല്ലുന്നു * പാരിച്ചവൈതരണീതരണത്തിനു പൂരി
ച്ചൊരിച്ചുഭവിച്ചുനിനക്കിതാ * നീരിൽചരിക്കുവാൻതക്കവെള്ളംകൊണ്ടു
തീരത്തുവച്ചുവിചാരിച്ചുകൊൾകനീ * ഏറിത്തിരിച്ചുന്യതീരത്തിലേക്കു
സുമാറെത്തുമാറൊത്തപുണ്യമുണ്ടെങ്കിലോ * നേരത്തെകേറിയിരിക്കാ
മതില്ലെങ്കിൽ ഭൂതത്തുപാങ്ങിവസിക്കുമിത്തോണിയും * ദാനമെന്നാണുവി
തരണശബ്ദ പ്രധാനാർത്ഥമെന്നുപരമാർത്ഥവേദികൾ * മാനമില്ലാത്തമഹാ
മുനിമാരനുമാനിച്ചിരിക്കുന്നുമെന്നുമറികനീ * ദാനംവിതരണംകൊണ്ടുക
ടക്കുവാൻ ദീനമില്ലാത്തയാൾ വൈതരണീസ്ഥതാ * താദൃശമീപെവരുംതോ
ണിനീ പശുദാനംപുരാചെയ്തമാനവനെങ്കിലോ * കാണുമല്ലെങ്കിലകല
ത്തിൽമറെറാന്നു വേണമെന്നില്ലപരീക്ഷനിസ്സംശയം * ഏവമവരുപറ
യുന്നനേരത്തുഭാവംപകൎന്നീശ്വരാഎന്നുചൊല്ലുന്നു * ഹാവൈതരണിയുമാ
വിപൊങ്ങിത്തിളച്ചാവിലമാമവനെക്കണ്ടിടുംവിധൌ * പാപിയവനുമന്നു
ദികാണവേപരിദേവനംചെയ്യുന്നുവേദനകാരണം * ദാനങ്ങളൊന്നുമേചെ
യ്യാതെയുള്ളൊരു മാനവനന്നദിതന്നിൽമജ്ജിക്കുന്നു * വായിൽകൊളുത്തു
കൊളുത്തുനഭസ്ഥിതരായ യമദൂതരീയുള്ളപാപിയേ * മായമെന്ന്യേചൂണ്ട
പൂണ്ടമീനെപ്പോലെഭ്രുയോവലിച്ചുമറുകരയേററുന്നു* പിന്നെയവിടെയാറാം

മാസപിണ്ഡവുംനന്നായ്ഭുജിച്ചുനടന്നുപോയിടുന്നു * ഷിന്നരായെറാംവി
ശന്നശനേച്ഛയാ ക്രന്ദനംചെയ്യുന്നുപഥാവിലസ്ഥനായ് * ബഹ്വാപദ
പുരമേഴാമാസത്തിൽവിഹ്വലനാമവനെത്തുന്നുപിന്നെയും*നാനാവിധ
ക്ഷുധാദ്യാപത്തിനാസ്പദം നൂനമിതെന്നുബഹ്വാപദവാക്യാത്ഥം * സൂനു
ക്കളാൽപ്രദത്തംപിണ്ഡവുംതത്ര താനശിക്കുന്നുപിന്നെങ്ങുനടക്കുന്നു *എട്ടാ
മതായമാസംപിറക്കുംപൊഴുതെത്തുന്നുചെന്നതിൻദുഃഖദമാംപുരം * കഷ്ട
മാകാശത്തുപക്ഷിയെപ്പോൽപറന്നെത്തിബഹുദുഃഖമതുഭുജിക്കുന്നു തദ്ധേതു
നാബഹുദുഃഖദമെന്നുള്ളൊരാഖ്യയതിനുഭവിക്കാനിടയായി * അഷ്ടമമാ
സികംപിണ്ഡവുമുണ്ടുടനക്ഷമമാംദുഃഖമോടുംനടന്നിട്ടു*തെത്തുന്നിതൊമ്പ
താംമാസേയതിനോടടുത്തനാനാക്രന്ദനത്തിലറികനീ * പേടിയുണ്ടാക്കുമോ
റന്ദ്രോഷരത്തെ ലഞ്ഞീടുംഗണങ്ങളതിനകത്തുണ്ടെടോ*പേരുകേട്ടാൽതന്നെ
നിശ്ചയിക്കാമതു ഘോരതര കാരമാരാവദാരുണം * നേരിട്ടടുത്തുകരഞ്ഞിട്ടു
മ്പോളകം നീരിദ്രഹിച്ചുദുഃഖിച്ചുകരയുന്നു * കൂറൊത്തുതന്മാസികംപിണ്ഡ
വുമുണ്ടു വേറിട്ടുപത്താംപുരത്തിനുപോകുന്നു * കാലദൂതാക്കൾതൻതല്ലുകളേ
റേററു മാലോടുപത്താംമാസത്തിലപ്രേതവും * കട്ടുതീമൂററുംകനൽമാരി
മോളിലും മാററംവിനാകലന്നോററംതപിക്കയാൽ*ഊററപ്പെട്ടംസുതപ്പോഖ്യ
യെഴുംപൂരി ലാററലെന്ന്യേപനിപ്പെട്ടുചെന്നിടുന്നു* പിണ്ഡവുംതന്മാമാ
സക്രമത്തിനുചേന്നതനുഭവിച്ചു ലുംമതിവരാ * പിന്നെയടുത്തമാസത്തിലേ
ഹോ പതിനൊന്നാമതാംരൗദ്രമാശ്രയിക്കുന്നാവൻ * പാരംഭയങ്കരന്മാരുടെ
പൂരെന്നുപേരിൻെറ സാരംവിചാരിച്ചുകൊൾകനീ * നേരേസുതന്മാർകൊ
ടുക്കുന്നപിണ്ഡമാഹാരവുംചെയ്തവിടെത്താമസിക്കുന്നു *പിന്നെപ്പന്തിനൊ
ന്നരമാസമാകുമ്പോൾ ചെന്നുചേരുന്നുപയോവർഷനത്തിലും* ഉഷ്ണജലമ
വിടെപ്പോഴുംപെയ്യുമാൽക്ലേശിച്ചിടുന്നിതിപ്രേതങ്ങളൊക്കവേ * നിഷ്ണതർ
തൻമൂലമിങ്ങിനെപേരിട്ടു തൃഷ്ണയുണ്ടെങ്കിലോകേട്ടുകൊൾകിന്നുംനീ * ന്യൂ
നാബ്ദികംശ്രാദ്ധമങ്ങുവസിച്ചുകൊണ്ടൂനംവിനാഭുജിച്ചിടുന്നനന്തരം *
പന്ത്രണ്ടുമാസം തികഞ്ഞുകൂട്ടുംവിധൌ സംവ്രജിക്കുന്നുശീതാഢ്യനഗരത്തി
ൽ *സംപ്രതിമഞ്ഞിനേക്കാൾനൂറിരട്ടിയായ്വമ്പിച്ചെഴുന്നതണുപ്പുണ്ടവി
ടെയും * ശീതവുംക്ഷുത്തുംവളന്നുതളന്നുതൽ പ്രേതവും പത്തുദിക്കിങ്കലും
നോക്കുന്നു * ഏതവനുള്ളുസമീപത്തിലിന്നുമൽഖേദശാന്തിക്കുസഹായ
ത്തിനിങ്ങഹോ * എന്നുള്ളമോഹേനനോക്കംവിധൌപരംതന്നുള്ളപൊ
ള്ളുന്നനോക്കംവിധങ്ങളും * ചേന്നുള്ളകിങ്കരരോതുന്നുപുണ്യമെന്തോന്നുള്ളു
നിൻസഹായത്തിന്നിവിടിപ്പോൾ * ഇങ്ങിനെകേട്ടുദുഃഖിക്കുന്നുവാഷികം
പിണ്ഡംഭുജിച്ചുധൈര്യത്തെഭജിക്കുന്നു * പിന്നെവഷാവസാനത്തിൽയമാ
ലയത്തിന്നുസമീപസ്ഥമായ് ഘോരമായുള്ള * സന്താപദംബഹുഭീതിപുരം
ചേന്നു സന്ത്യജിക്കുന്നിതുപിണ്ഡദേഹത്തെയും * അംഗുഷ്ഠമാത്രകനായു
ൽഭൂതനായ് കമ്മഭോഗത്തിനായാകാശചാരിയായ് * എന്നിട്ടുയാതനാ
ദേഹവുംപ്രാപിച്ചു പിന്നെയമദൂതരോടൊത്തുപോകുന്നു *മാനംനടിച്ചുടന
ഞ്ഞൗർദ്ധ്വദൈഹിക ദാനങ്ങളൊന്നുമനുഷ്ഠിച്ചിടാതവൻ*നൂനമീകഷ്ടസ്ഥി

തികൾദൃഢബദ്ധമാനന്മാരായ്ഹന്തസഹിച്ചുപോയീടുന്നു * ധർമ്മപുരമതി-
ന്നുചാതിലുനാലുണ്ടു ദുർമ്മതികൾക്കതിൻതക്കത്തുതെക്കേതാം* എത്രയുംഘോ
രമാമാവഴിയേപരം ക്ഷുത്തൃൾശ്രമപീഡിതരായപാപികൾ * തത്രപോ
യീടുംപ്രകാരങ്ങൾനിന്നോടു വിസ്തരിച്ചേനിനിയെന്തുകേൾക്കേണ്ടതും *
ഇത്ഥമത്ര്യക്ഷസുതനോടറിയിച്ചു ഖഗപതിചെററുവിരമിച്ചരുളിനാൻ *

ഇതി ശ്രീഗാരുഡപുരാണേ
സാരോദ്ധാരേ യമമാർഗ്ഗനിരൂപണംനാമ
ദ്വിതീയോദ്ധ്യായഃ.

## മൂന്നാം അദ്ധ്യായം.

---

ഈരേഴുലോകങ്ങളായിട്ടുമപ്രതീകങ്ങൾ ചേരുമത്ഭുതാകാരമാരാധിച്ചു വിരതം * ദുരിതദുരിതനായ്പാരതിലഹോവാണ നീരജനാഭൻതന്റെ ചരിതരസാമൃതം * പൂരിച്ചുശ്രോത്രാപാനംചെയ്തു ചിദ്ബ്രഹ്മാനന്ദം നേരിട്ടുവരിക്കുവാനേറുന്നമോഹംചിത്തേ * ഘോരസംസാരാർണ്ണവപാരമെത്തുവാൻവേദസാരവിഗ്രഹകഥാസാരമല്ലാതെന്തുള്ളു * പാരാതെഭവാനിന്നുംവിസ്തരിച്ചാശങ്കകൾ തീരാനായ്ഞങ്ങൾക്കുകേൾപ്പിക്കണം സഖേ!സൂത! * സൂരജാഗാരേചെന്നുചേരുമപ്പാപാത്മാക്കൾ നേരേയങ്ങനുഭവിക്കേണ്ടയാതനകളെ * ഓരോന്നായിനിന്നറിയിക്കണംപത്രികുല വീരനായ്മഹാവിഷ്ണുവരുളിച്ചെയ്തുപോലെ * എങ്കിലോവഴിപോലെകേട്ടുകൊള്ളുവിൻമസ്തഃ ശങ്കാപങ്കങ്ങളകന്നീടുവാൻമുനിമാരേ! * ശങ്കരസേവ്യപാദപങ്കജൻപാലാഴിയിൽ പങ്കജമാത്രമായിവാഴുന്നപരാപരൻ * തങ്കഴലിണവീണുവന്ദിച്ചുഗരുത്മാനാം കിങ്കരപ്രധാനനുമീവണ്ണമുണർത്തിച്ചു * പാല്ക്കടംതുള്ളമ്പിചാന്നൊഴുകുന്നതുപോലെ വായ്പുംമോദമേകുംനിൻ വാക്സുധാലഹരിയാൽ * കാല്ക്കടിലതിൽദുഃഖവായ്പുതാമിനരശ്മി യേല്ക്കാതെനില്ക്കുംമമകാതുകൾകുളുക്കുന്നു *കാക്ശ്യ്യഃമറ്റുംകാലമാർഗ്ഗംകേൾക്കയാൽശേഷംകേൾക്കുവാനഭിലാഷംമേല്ക്കുമേലുണ്ടാകുന്നു * നീക്കമില്ലാതെകൃപാപൂർണ്ണമാംകടക്കണ്ണിൻ നോക്കുകൾകണ്ടുശങ്കവിട്ടുഞാനുണർത്തുന്നു*കാലമാർഗ്ഗംമതിക്രമിച്ചു പണിപ്പെട്ടു കാലമന്ദിരംപ്രാപിച്ചീടുന്നപാപാത്മാക്കൾ *മാലിയന്നഹോ മഹായാതനാനമൂഹങ്ങ ളാലസ്യംപൂണ്ടെന്നെല്ലാംഭുജിച്ചീടേണമെന്നും കാലേനിന്തിരുവടിചൊല്ലേണമെന്നുകേട്ടു നീലവർണ്ണനുംകനിഞ്ഞീവണ്ണമരുൾചെയ്തു * നരകവിസ്താരംതൊട്ടാദ്യന്തംനിന്നോടായിപ്പറയാമതുകേട്ടാൽ പേടിച്ചുവിറയ്ക്കുംനീ * കുറയാതെനാല്പത്തുനാലുയോജനയുണ്ടെന്നറികധർമ്മരാജപുരിതൻവിസ്താരമോ *ബഹുഭീതികത്തിൻെറയഗ്രഭാഗത്തിലതുബദ്ധാഭീതികരമായിട്ടുവിളങ്ങുന്നു*സഹസാഹാഹാകാരയുക്തമാമതുകണ്ടുമ

ഹതാഭിയാപാപിഖേദിച്ചുരോദിക്കുന്നു * രോദനംകേട്ടുധർമ്മപുരചാരികൾ
ചെന്നുസാദരമവിരതംഗോപുരദ്വാരിനില്ക്കും *മേദുരനായധർമ്മരാജനോടി
വൃത്താന്തംവേദനംചെയ്തീടുന്നുവേഗേനധരിക്കനീ * വിദ്രുതമവൻപിന്നീട
വൻറശുഭാശുഭം ചിത്രഗുപ്തനോടുപോയ്പറഞ്ഞീടുന്നുവല്ലൊ * തത്രപി
ന്നെധർമ്മരാജൻതന്നോടവയെല്ലാം ചിത്രഗുപ്തനുമുണർത്തിക്കുന്നുനിരന്തരം*
സർവ്വദാമഹാപാപരതചിത്തന്മാരായി ദൈവബുദ്ധിയില്ലാത്തമാനുഷാധമ
ന്മാരേവെവ്വേറെയഥായോഗ്യമറിയാംകൃതാന്തനാംദിവ്യാത്മാവിനുമനതാരി
ലെന്നിരിക്കിലും * ചിത്രഗുപ്തനോടവർതൻറെപാതകങ്ങളെപൃച്ഛിച്ചീടുന്നു
മുറപോലെയശ്ശമനനും* ചിത്രഗുപ്തനുമൊക്കെയറിയുന്നെന്നാകിലുംതത്രത
ത്രശ്രവണരോടായിട്ടുചോദിക്കുന്നു * ശ്രവണരെന്നാൽബ്രഹ്മപുത്രരാകുന്നുദൂര
ശ്രവണക്ഷമങ്ങളാംശ്രവണമുള്ളോരല്ലോ ഭുവനംമൂന്നുംചുററിനടപ്പോരവ
രുടെനയനങ്ങളുംദൂരദർശനക്ഷമങ്ങളാം * അവരെന്തുപറകിലുംചെയ്കിലുമവ
യെല്ലാം നേരേകേൾക്കയുംതഥാകാണ്കയുംചെയ്യാമല്ലോ * നാരിമാരിവർക്കു
ണ്ടുശ്രവണിമാരെന്നവർ നാരിമാരുടെചരിതങ്ങളെധരിക്കുന്നു* പുരുഷവ
ർഗ്ഗോദന്തംശ്രവണന്മാരുമേവംപുരുഷസ്ത്രീകൾവൃത്തംശ്രവണശ്രവണിമാർ
സമഗ്രമായിത്തന്നെധരിച്ചുചിത്രഗുപ്തം സമസ്തംപറഞ്ഞറിയിക്കുന്നുപത്രി
ഗചര * ഒളിച്ചുചെയ്യുന്നതുംധരിച്ചുപോയ്ചെന്നവർവിളിച്ചുചിത്രഗുപ്ത
നോടുവിസ്തരിച്ചീടും * മനസ്സിൽകാണുന്നതുംപറയുന്നതുംചെമ്മേ മനു
ഷ്യർചെയ്യുന്നതുംപരമാർത്ഥംപോലെല്ലാം * ധരിച്ചീടുന്നുനന്മതികൾധ
ർമ്മൻതൻറെമനഃകണ്ണുപോലുള്ള ചാരന്മാരാകുമിവർ * ദേവമാനുഷർക്കെല്ലാ
മധികാരികളവരേവംശക്തിയുള്ളവരാണെന്നുമറികനീ* സത്യവാദികളാകു
മവരെപ്രതിദാനസത്യവാക്കുകളാലെസന്തോഷിപ്പിച്ചീടുകിൽ*നിത്യവുമവ
രോടുസൌമ്യരാണവർമോക്ഷസ്വർഗ്ഗങ്ങളവനുനൽകീടുവോരല്ലോതാനും *
പാതകിയുടെപാപംയമനോടറിയിച്ചു ഖേദവുമുണ്ടാക്കീടുംഖേചരശിഖാമ
ണേ! *സൂര്യചന്ദ്രന്മാരനലാനിലന്മാരുംദ്യോവുംവാരിയുംവസുധയുംസ്വാന്ത
മന്തകൻതാനും * പകലുംരാവുംരണ്ടുസന്ധ്യകൾധർമ്മമിവർസകലനരവൃ
ത്തംസത്യമായറിയുന്നു ധർമ്മരാജനുംചിത്രഗുപ്തനുംശ്രവണരുംകർമ്മസാക്ഷി
യായുള്ളഭാസ്കരൻതൊട്ടുള്ളോരും* ജന്മിനാംശരീരഗപുണ്യപാപങ്ങളെല്ലാം
ചെമ്മേതത്തൽസ്ഥാനത്തിലിരുന്നുമറിയുന്നു * ഇങ്ങിനെപാപകൾതൻ
പാതകപ്രകാരങ്ങൾ ഭംഗമെന്നിയെയമധർമ്മനുംധരിച്ചുടൻ * മങ്ങാത
പാപികളെവിളിച്ചുനിജരൂപം അങ്ങുകാണിച്ചീടുന്നതുംഗഭീഷണവേ
ഷം * ദണ്ഡൊങ്ങിപ്പിടിച്ചുള്ളകരവുംകരാളദംഷ്ട്രാഞ്ചിതദീർഘനാസാരക്താ
ക്ഷയുക്താസ്യവുമുന്നതമായവിപുലാംഗവുംപ്രളയാബ്ദവൃന്ദത്തിൻനിർഘോ
ഷത്തെവെന്നോരട്ടഹാസവും*കാസരത്തിൻറെപുറത്തിരിപ്പുംവിദ്യുൽപ്രഭാ
ഭാസമാനങ്ങളായനിർമ്മലായുധങ്ങളും * ത്രാസമേറുംമൂന്നുയോജനവിസ്താ
രമുള്ള കാസാരങ്ങളെപ്പോലെതുറിച്ചമിഴികളും * മുപ്പത്തുരണ്ടുകൈകൾപൂ
ണ്ടുമാമഷീമലയ്ക്കൊപ്പമായ് വിലസുന്നദേഹവുംഭയങ്കരം * കാണപ്പെട്ടിട്ടു
ന്നിതുപാപിഷ്ഠന്മാരാലേവംക്ഷീണപ്പെട്ടവരേററംപേടിച്ചുനില്ക്കുന്നപ്പോൾ

* മാനിച്ചുമൃത്യുജ്വരപ്രമുഖരോടുംതത്ര കാണുന്നുഭയങ്കരനായ് ചിത്രഗുപ്തു
നേയും *കാലതുല്യരായ്നില്ക്കുംദൂതസംഘവുംകല്പ കാലമേഘനിർഘോഷം
പോലെശബ്ദിച്ചീടുന്നു * മാലിയന്നഹോപാപിഹാഹേതിവിളിച്ചുടൻ
കാലനെക്കണ്ടുഭയ നീടുന്നുതദന്തരേ* ദാനങ്ങളൊന്നുംതന്നെചെയ്യാതെയു
ള്ളദുഷ്ടാനവൻവീണ്ടുംവിറച്ചുണ്ടുംരോദിച്ചീടുന്നു * ദൂനരായ്നിജനിജദു
ഷ്ടകർമ്മമോർത്തുകേണു മാനസമിടിഞ്ഞിട്ടുമാനുഷരോടീവണ്ണം * മാനിയാം
യമൻചൊല്ലാൽ ചിത്രഗുപ്തനുമഭിമാനിച്ചുസപ്രഭാവംകാണിച്ചുചോദിക്കു
ന്നു * അല്പയോദുരാചാരന്മാരായപാപന്മാരേ നില്ലാതൊരഹംകാരദൂഷി
തന്മാരേ!നിങ്ങൾ * വല്ലാതെപാപംസമ്പാദിച്ചിതുവിവേകംതെല്ലില്ലാ
തെയതുമെന്തിനാണെന്നുപറഞ്ഞാലും * അസതാംസംഗമത്താലുംകാമ
ക്രോധാദിനാമസദാചാരത്താലുംസംഭവിച്ചീടുംപാപം * വ്യസനാകരമതു
മെന്തിനായ് വലിച്ചുവെച്ചധുനാനിലവിളിച്ചീടുന്നുമൂഢന്മാരേ! * പണ്ടു
പാപംചെയ്യപ്പോൾസന്തോഷമുണ്ടായിരുന്നുണ്ടു പാപംതീർക്കേണ്ടകാലമാ
മിപ്പോൾദുഃഖം * രണ്ടുംകൂടിതുശരിയല്ലപാപകർമ്മത്തിനുണ്ടായമോദം പാ
പമുണ്ടീടുംപൊഴുംവേണം * വലിയദുരിതങ്ങൾപലതുംചെയ്യുന്നിങ്ങൾ ക
ലിതാനന്ദംസമ്പാദിച്ചകല്മഷംകാല * നിലയമായീടുമാവലയിൽവീണീട
വേ പുലിയെപ്പോലെനേരിട്ടുർദ്ദിപ്പിച്ചീടുന്നിതും * കാവ്യനാടകാദികളറി
ഞ്ഞവിജ്ഞന്മാരും കേവലമനക്ഷരകുക്ഷിയാമജ്ഞന്മാരും * ശ്രീവൈശ്രവ
ണതുല്യരായസമ്പന്നന്മാരും ഏവംനിസ്വനാകുന്നദാരിദ്ര്യാപന്നന്മാരും *ബ
ലവാന്മാരുംബലഹീനനാമവന്മാരുംതുലിതബുദ്ധ്യാസമവൎത്തിവൎത്തിച്ചീടുന്നു*
ഇങ്ങിനെയെല്ലാംചിത്രഗുപ്തൻറവചനങ്ങ ളുണ്ടുവിപ്രതീസാരമഗാരാ
യ്ചെവിക്കൊണ്ടും * തിങ്ങിനോരഴലാണ്ടുംകുമ്പിട്ടുമൌനംപൂണ്ടും ഒരങ്ങി
നെകുററിപോലെമന്ദിച്ചുനിന്നീടുന്നു * ഘോരഭാവത്തോടനങ്ങാതെനി
ല്ക്കുന്നപാപന്മാരെനോക്കിയദ്ദണ്ഡധാരിയാംകൃതാന്തനും * നാരകങ്ങ
ളിൽചേൎക്കതാരതമ്യംപോലെയാചാരാനുസൃതമെന്നു നേരെയാജ്ഞാപിക്കു
ന്നു * കല്പനപോലെതന്നെനിർദ്ദയന്മാരായുള്ള തത്ഭടന്മാരുംമുതുകത്തടി
ച്ചുന്തിത്തള്ളി * ദുഃഖദസ്ഥാനങ്ങളാമുഗ്രനാരകങ്ങളിൽ ഗച്ഛധ്വമെ
ന്നുചണ്ഡപ്രചണ്ഡാദികളവർ * വിഭൂതമൊരുകയർകൊണ്ടുകൂട്ടിക്കെട്ടിട്ടു
സത്വരംനരകത്തിലേക്കുകൊണ്ടുപോകുന്നു * അവിടെയൊരുമരമഗ്നിസം
കാശപ്രഭം സവിശേഷംശോഭിച്ചുനില്ക്കുന്നുമഹത്തരം * ഒരുയോജനപൊ
ക്കമഞ്ചുയോജനപടർപ്പതുവർണ്ണിക്കവാൻവണ്ണവുംകൊമ്പുംവമ്പും * തല
കീഴായിത്തൂടലിട്ടതിൽകെട്ടിത്തൂക്കി യലിവില്ലാതെവെച്ചുവീക്കുന്നുദൂതന്മാ
രും * തപിതന്മാരായ്കരഞ്ഞീടുന്നദുഷ്ടന്മാരെ യവനംചെയ്യാനപ്പോഴാരു
മില്ലറികനീ * ഇലവാമാവൃക്ഷത്തിലസംഖ്യംപാപാത്മാക്കൾ തലകീഴായി
ത്തൂങ്ങിക്കിടക്കുന്നനാരതം * വലിയവിശപ്പുംദാഹവുംദൂതന്മാരുടെവടി
തൻതച്ചിയുമങ്ങത്യർത്ഥംസഹിച്ചുടൻ * തൊഴുകയ്യോടുമയ്യോപൊറുപ്പിൻ
ഞാൻചെയ്തൊരുവഴികേടെല്ലാമെന്നുപറഞ്ഞുംനിരാശ്രയം * അഴുതീട്ടു
മ്പോൾകോപമിയന്നുദൂതന്മാരുംതൊഴുതീടുന്നതൊന്നുംനോക്കാതെമുദ്ഗരപി

* ദുരീന്നുവടിപാരക്കോലുംമുൾത്തടികളും ഇരിമ്പുഗദകുന്തമിവററാലടി
ക്കയും * അടികൊണ്ടമോഹാലസ്യപ്പെട്ടനങ്ങാതെ തടിയിൽത്തൂങ്ങി
ക്കിടക്കുന്നപാതകികളെ * വടിവിൽനോക്കീട്ടന്നൊരുയമ്മനുപാപിത്ത
ടിയന്മാരെ!നിങ്ങളെന്തിനുചെയ്തപാപം * വെള്ളംപോലുമേദാനംചെയ്തി
ല്ലപണ്ടുനിങ്ങൾകള്ളന്മാരേവൈശ്വദേവാദികാംബലിയതും * കള്ളമല്ലൊ
രുപിടിച്ചോററിൽപാതിയുംവിശപ്പുള്ളോർക്ക് [illegible] കൊട്ടുക്കാഞ്ഞതെന്തുകശ്മല
ന്മാരേ!പിതൃതർപ്പണംപിന്നെയതിഥിനമസ്കൃതിപിതൃനാഥചിത്രഗുപ്തോത്ത
മഖ്യാന്നങ്ങളും*അവർതൻനാമമന്ത്രജപവുംചെയ്തില്ലകേളിവകൾചെയ്ത
ലുണ്ടാകില്ലയാതനാദുഃഖം * തീർത്ഥസേവനംപിന്നെദേവതാപൂജനവും കാ
ത്തുകഷ്ടമേനിങ്ങളനുഷ്ഠിച്ചില്ലെന്നല്ല * ചേർത്തുമദ്ഗൃഹസ്ഥധർമ്മാശ്രമ
സ്ഥിതിയിങ്കലാത്തനാമതിഥിയെപ്പൂജിച്ചില്ലല്ലോതാനും * സത്തുക്കളാ
യോരേയുംശുശ്രൂഷിച്ചില്ലനിങ്ങ ളിത്ഥമുണ്ടാക്കിത്തീർത്തപാതകഫലമു
ണ്ടിനി * തെല്ലുമേധർമ്മംനിനക്കില്ലതന്മൂലമായി തല്ലുന്നേററവുംനിന്നെ
ഞങ്ങളെന്നധികനി * ഭക്തവത്സലനായരക്തപങ്കജനേത്രൻ മുക്തിദാനൈ
കമൂർത്തിമെലിന്ദസമഗാത്രൻ * ദുഷ്ടതാപരാധങ്ങൾപൊറുത്തുജനങ്ങ
ളെ സൽകൃപാനാഥിപാലിച്ചീടുന്നനാരായണൻ * തന്നിയോഗത്താലപ
രാധികളായുള്ളോരെ ദണ്ഡിക്കമാറാകുന്നഞങ്ങളുംവിധിപോലെ * ഇ
ത്തരംപറഞ്ഞുടൻദയയില്ലാതെദൂത രുദ്രദണ്ഡത്താൽ പ്രഹരിക്കുന്നിതവ
രെയും * ഏത്രയുമുണങ്ങിയകരിക്കട്ടയിലഗ്നി പററിക്കേറുന്നപോലെ
കൊള്ളുംതാഡനംമൂലം * സതപരംതുടർക്കെട്ടുപൊട്ടിയംഗങ്ങളററു ചെത്തു
ന്നതാഴെദ്രണ്ഡുപോലങ്ങുപതിക്കുന്നു * തദ്ദൃക്ഷപത്രഖരിന്നഗാത്രന്മാരായി
ക്കിട ന്നെത്രയുംദുഃഖിച്ചീട്ടുമവരെന്നരസേം * ക്രുദ്ധിച്ചുനായ്ക്കൾചെന്നുകടി
ച്ചുതിന്നുനേര മത്ത്യർത്ഥമഴൽപെട്ടുകരയുന്നവരയ്യോ! * ദയയില്ലാതെ
പൊടിപാരിമുഞ്ഞിയിലിട്ടു കയറുകളെക്കൊണ്ടുവരിഞ്ഞിട്ടനിതപ്പോൾ
* നായതംമുൽഗരത്താൽതാഡിച്ചുംപീഡിപ്പിച്ചും ഭയമേററുന്നദുഷ്ടന്മാരെ
യമദൂതന്മാരും * അറപ്പുവാളുകൊണ്ടുരണ്ടായിട്ടുറുത്തങ്ങു മുറിച്ചുതള്ളീടു
ന്നുചിലരെയയ്യോപാപം! * വെറുപ്പോടെടുത്തിട്ടുകോടാലികൊണ്ടുവെട്ടി
മുറിക്കുംപലഖണ്ഡമായിട്ടുചിലരെയും * അരയ്ക്കുനേരമണ്ണിൽക്കുഴിച്ചു
നിർത്തിപ്പിന്നെ ശിരസ്സിൽശരാവലിവലിച്ചുവിട്ടീടുന്നു * മുറിച്ചുകരി
മ്പിൻഖണ്ഡങ്ങൾ ചക്കിലിട്ടാട്ടി യിറക്കുംപോലെതന്നെ യരയ്ക്കുന്നന്യ
ന്മാരെ * വിറകുകിട്ടാഞ്ഞങ്ങുപാരിയും കനലിൻെറ നടുവിലിട്ടു ക
ത്തയെരിയുംതീക്കൊള്ളികൾ * വരിവച്ചുട്ടക്കിച്ചുററുംവച്ചുലോഹപി
ണ്ഡമതുപോലുലവച്ചൂതുന്നകേചനകഷ്ടം * നെയ്യുമെണ്ണയുംകിടാരങ്ങ
ളിൽനിറച്ചുടൻ തിയ്യുമിട്ടവകളിലിയ്യുള്ളദുഷ്ടന്മാരെ * പൊയ്യല്ല
പടകൾ മൂപ്പിച്ചെടുക്കുംപോലിട്ടു ചെയ്യുന്നവേലകണ്ടാലയ്യോ സങ്കടം
തോന്നും * അൻപില്ലാതെകൈകാൽ കൂട്ടിക്കെട്ടിവഴിമേലാ വൻപൂ
ള്ളകുന്തംനാട്ടിതലകീഴായിത്തൂക്കി * കൊമ്പനാനശ്രേഷ്ഠൻെറ മുൻ
പിലപ്പാപി നീണ്ടകൊമ്പിൻെറ തുഞ്ചിയറിഞ്ഞീടാൻ ക്ഷേപിക്കപ്പെട്ടും

* കിന്നരറിൽതള്ളും മലമേൽനിന്നുകീഴ്പ്പോട്ടെക്കങ്ങുരുട്ടും ചിലരെദ്ദൂത
ന്മാരന്യന്മാരെ * പിടിച്ചുകൃമികുണ്ഡംതന്നിലിട്ടവയാലെ കടിപ്പിക്ക
ന്നു *കഷ്ടപ്പെട്ടതിട്ടുന്നതാരം *ഇറച്ചിക്കഹോകൊതിച്ചിരിക്കുംകഴുകുകള
രിഷ്ടങ്ങളുംവജ്രതുണ്ഡദാരുണങ്ങളായ് * തെരിക്കെന്നെത്തിത്തലകൊത്തി
പിന്ധിച്ചുതുളച്ചിറച്ചിയോട്ടുംഞരമ്പറുത്തുഭക്ഷിക്കുന്നു * കണ്ണുംചൂന്നെ
ട്ടത്തുതിന്നുന്ന[illegible]പിന്നെമുഖം[illegible]ബന്ധിച്ചിട്ടുന്നുവജ്രതുണ്ഡങ്ങളാലിക്കുട്ടം* വീട
ണമിട്ടപ്പോഴേതൻറകടമെന്നുള്ളശാഠ്യത്തോട്ടമറൊരാരേടത്തു മല്ലിട്ടുചാടിക്ക
ന്നു പാടവത്തോടെന്നോട്ടക്കടംകൊണ്ടുണ്ടെന്നിന്നെ തേടിത്താനരിക്കുമ്പോ
ളിവിടെക്കണ്ടുമുട്ടി * തരികതരികെൻറപണമെന്നർത്ഥിക്കുമ്പോൾപെരി
കെക്രോധംപൂണ്ടുകാലകിങ്കരന്മാരുംവിരവിൽകൊടിലുകൊണ്ടുധമൎണ്ണന്മാരു
ടെതരസംപറിച്ചുത്തമൎണ്ണക്കുനൾകിടുന്നു *ഇങ്ങിനെയവകളെല്ലബന്ധ ചെ
യ്യൊരുശേഷംമങ്ങാതെകൃതാന്തൻറശാസനാലഴിച്ചുടൻ * തുംഗങ്ങളായ
താമിസ്രാദിനാരകാൎണ്ണവഭംഗങ്ങൾതന്നിൽനിക്ഷേപിക്കുന്നെന്നറികനീ*
ദുഃഖദങ്ങളായിട്ടാമരങ്ങിന്നരികിലുണ്ടോട്ടേറെ മഹാനാരകങ്ങളെന്നറികനീ
* വിസ്തരിച്ചവയിലെസ്സംകടങ്ങളെച്ചൊൽവാൻ സൎപ്പരാജനും പ്രയാസ
പ്പെട്ടുവാങ്ങിപ്പോകും * എൺപത്തുനാലുലക്ഷം നരകസ്ഥാനങ്ങളു
ണ്ടെൻപാത്രാക്കാത്തപാപശീലക്കെന്നറിഞ്ഞാലും * വൻപൊത്ത
ങ്ങിവറതൻനടുവിലിരുപത്തൊന്നുണ്ടത്രേ മഹാനരകങ്ങൾദാരുണങ്ങളാ
യ് * താമിസ്രമൊന്നാമതെന്നരകമതിൽതന്നെ വ്യാമിശ്രമായിപ്പി
ന്നെരണ്ടുണ്ടെന്നറികനീ * കേൾമഹാഭയങ്കരംലോഹശങ്കുവുംപിൻ
പു ഭീമമായിട്ടുമഹാരൌരവംശാല്മലിയും * രൌരവമുണ്ടുപിന്നെ
ക്കംഭളോകാലസൂത്രം ഘോരമായിട്ടുഘോരമൃത്തികാസംഘാതവും * ലോ
ഹിതോദംസവിഷംസംപ്രതാപനമതും വാഹനമേൾകേൾമഹാനിരയംകാ
കോളവും * പിന്നിട്ടുസംജീവനവും മഹാപഥവുമാകുന്നവീചിയുമന്ധതാ
മിസ്രനരകവും * കുംഭീപാകവും പിന്നെയൊരുസംപ്രതാപനംവൻപദ്മം
തപനവുമിരുപത്തൊന്നിങ്ങനെ* വളരെപ്രകാരത്തിലുള്ളപീഡാമയങ്ങൾ
വളരുമാറുള്ളവയാകുന്നീനരകങ്ങൾ * പലപാപങ്ങളുടെഫലരൂപങ്ങളുമാ
ണലമബ്ഭജനാധിഷ്ഠിതമാണുതാനും * ഇവററിൽവീഴുംധൎമ്മഹീനരാം
പാപിഷ്ഠന്മാരവശ്യംയാതനയെക്കല്പാന്തകാലത്തോളം * അവക്കുതാതരം
പോലുള്ള പാപമനുസരിച്ചുഭുജിക്കുന്നുധരിച്ചുകൊണ്ടാലുംനീ* അന്യോന്യമു
ള്ളാസക്തിമൂലമായ്പുരുഷനോ നാരിയോ തന്നാലിയോ ചെയ്തിട്ടുന്നഘോരപാതകങ്ങളെ*
തിന്നാറുക്കവാൻ രൌരവാന്ധതാമിസ്രാദിക വന്നരകങ്ങളത്രേ നിൎണ്ണയമറി
ഞ്ഞാലും* ഇങ്ങിനെതന്നെതൻറദേഹവുംകുട്ടുംബവും ഭോഗിയിൽഭരിച്ചു
വാഴുന്നമാനുഷാധമൻപിന്നെയങ്ങിവരണ്ടുംവെടിഞ്ഞുപരലോകേ ചെന്നി
ട്ടുപോലെതന്നെതൽഫലംഭുജിക്കുന്നു*ജീവപീഡയെച്ചെയ്തജഠരംഭരിക്കുന്ന
പാപിച്ചാകവേകുശലേതരപാഥേയവും* പേറിപ്പോയേകനായ ചെന്നന്ധ
താമിസ്രമതിൽ ഏറ്റുംവേദനയോട്ടുംവാഴുന്നുവിപ്രവീര! * അവൻറകുട്ടം
ബപോഷണകൎമ്മജപാപ പ്രവൃത്തദൈവശക്ത്യാസംഭൃതമാംസന്താപം *

അവസ്ഥയനുഭവിക്കുന്നിതുഷ്ഠതദ്രവ്യ വിവശഭാവത്തുപ്രതാപമുണ്ടാകുമപ്പോൾ *അത്യന്തമധമധർമ്മങ്ങളാൽകുടുംബത്തെ പ്രത്യഗ്രംപ്രയത്നിച്ചുരക്ഷിപ്പാനുത്സാഹിക്കും*മർത്ത്യൻറജീവനന്ധതാമിസ്രനരകാരു ഭൃത്യന്ധംപടത്തെയാനംചെയ്യുമറികനീ * നരജന്മത്തിനുകീഴായനേകയാതനാനിരയുണ്ടവയനുഭവിച്ചുപിന്നെക്രമാൽ * നരജന്മംലഭിക്കാനുള്ളശുദ്ധിസമ്പാദിക്കും ചിരകാലത്താലെന്ന ധരിക്കഭക്തോത്തമ! * ഇത്ഥംമെല്ലാംതാർക്ഷ്യനോടരുൾചെയ്തശേഷം സത്താമാത്രകൻചെറുവിരമിച്ചരുളിനാൻ *

ഇതി ഗരുഡപുരാണേ സാരോദ്ധാരേ
യമയാതനാനിരൂപണം നാമ
തൃതീയോദ്ധ്യായഃ.

## നാലാം അദ്ധ്യായം.

---

...ിൽനിന്നുളവായ ധാന്യങ്ങളാമെള്ളുകൾമൂന്നുമാതിരിയല്ലോ * നാനാവ
ങ്ങസുരദാനവദൈത്യർക്കു തൃപ്തിവന്നീടുന്നതിനതദ്ദാനമെന്നറിഞ്ഞാലും *
വെളുത്തുംകറുത്തുംക്രാലിച്ചുമുള്ളെള്ളിൻ ദാനഫലത്താൽവാങ്മനഃകായജ
പാപങ്ങൾമൂന്നു * വിധത്തിലെഴുന്നവനശിച്ചുപോകുമെന്നു ധരിച്ചുകൊ
ൾകപക്ഷികുലത്തിന്നധീശ്വര! * ഭൂമിയിൽകൈവച്ചിരുമ്പാശ്രുദാനംചെ
യ്യുന്നാൽ യാമ്യമാംപുരംയമമാർഗ്ഗവുംപ്രാപിക്കേണ്ട * പാതകികളെക്കൊ
ൽവാൻകാലൻറകയ്യിലുള്ളോ രായുധജാലങ്ങളുമിരിമ്പുകൊണ്ടാകുന്നു *
അയതമുസലങ്ങൾ ദണ്ഡങ്ങൾഖഡ്ഗങ്ങളുംഭൃയശഃകുഠാരങ്ങൾചുരികക
ളുതഥാ * അയതിനെല്ലാംതുഷ്ടിചേർക്കുംപൂജയെപ്പോലൊന്നായിട്ടാകുന്നി
ദ്ദാനംചൊല്ലപ്പെട്ടതുമെടോ * മായമററുമൂന്നുലോഹദാനംചെയ്യുന്നമാ
യത്തുയമപുരിസന്തോഷമേകീടുന്നു * ഉഗ്രണൻതാമ്രശ്യാമസൂത്രനംശുണ്ഡാ
മർക്കൻ ദാരുണനുദംബരനംശോഷാബലൻതാനും * ഘോരരാമിഭൂതന്മാർഘോ
ഹദാനത്തെക്കൊണ്ടു പാരംമോഹിച്ചുസുഖംനൽകീടുംനിസ്സംശയം *
രഹസ്യമാമിദ്ദാനങ്ങളിൽവച്ചുത്തമം മഹത്വമേറുംസ്വർണ്ണദാനമൊന്നി
ന്നാൽതന്നെ * മനസ്തുഷ്ടിപൂണ്ടുഭൂർഭുവഃസ്വർല്ലോകങ്ങൾ മുഴുക്കെവസി
ക്കുന്നോരെല്ലാരുമറികന്നീ * ബ്രഹ്മാദികളുമൃഷിവർഗ്ഗവുംദേവന്മാരും ധർമ്മ
രാജന്തൻസഭാവാസികളായുള്ളോരും * സ്വർണ്ണദാനത്താൽസന്തോഷിച്ചു
ടൻവരങ്ങളെ അന്യൂനംദാനംചെയ്യോരെന്നറിഞ്ഞയമല്ലോ* അതുകാരണം
പ്രേതോദ്ധരണത്തിനായിട്ടു വിധിനാസ്വർണ്ണദാനംചെയ്തുകൊള്ളണമെന്നാ
ൽ * യമലോകത്തെപ്രാപിക്കാതെനാകലോകത്തിൽ അമലാത്മാവാമവൻ
ഗമിക്കുമസംശയം * വളരെക്കാലംസത്യലോകത്തുമനോമോദം കലൎന്നൊത്താ
മസിച്ചുശേഷംധർമ്മിഷ്ഠനായ പൃഥിവീപതിയായിസംഭവിക്കുംരൂപവാഗ്ബ
യവിക്രമസമ്പത്യുക്തനായ് നിരന്തരം * കാർപ്പാസദാനംചെയ്താൽ കാലദൂ
തരിൽനിന്നും വാസ്സോട്ടുലവണദാനത്താൽകാലനിൽനിന്നും * സാദ്ധ്വസ
മില്ലെന്നല്ലതിലഹോമസ്വർണ്ണക കാർപ്പാസലവണദാനങ്ങളാമിവകളാൽ *
കാലസത്മാവാസികളാംചിത്രഗുപ്താദികൾ ചാലവേസന്തുഷ്ടരായ്വരുമെ
ന്നറികനീ * സപ്തധാന്യങ്ങൾദാനംചെയ്യുകിൽധർമ്മധ്വജൻ നിർഭരംപ്ര
സാദിക്കുമെന്നല്ലന്യദ്വാഃങ്ങൾ * നിത്യവുംകാത്തുവാഴുന്നവരുംസന്തുഷ്ട
രാം സപ്തധാന്യങ്ങളേതെല്ലാമെന്നുംചൊല്ലീടുന്നേൻ* വ്രീഹികൾയവങ്ങൾ
ഗോധൂമമുൽഗങ്ങളും മാഷങ്ങൾചണകങ്ങൾപ്രിയംഗുക്കളുമല്ലോ * കാള
കളോടുകൂടിയുരുസൌരഭേയികളാലുംഭൂതലമല്ലോഗോചർമ്മമാകുന്നതും * അ
തിനെവിധിപോലെപാത്രത്തിൽദാനംചെയ്താൽ അകലുംബ്രഹ്മഹത്യയെ
ന്നൃഷിണാംസിദ്ധാന്തം * രാജ്യത്തിൽചെയ്യപ്പെട്ടുംഘോരപാപങ്ങൾപ്രവ
തീർത്ഥദാനാദികളാൽതീരുകില്ലൊരുക്കലും * ശ്ലാഘ്യമാംഭൂദാനത്താലകന്നു
പോകുംലോകപൂജ്യനാമാദിത്യനാലിരുട്ടെന്നതുപോലെ * ഉർവരാദാനംമുഖ്വി
സുരരചെയ്യുന്നവൻ സർവ്വദാസുരാസുരപൂജ്യമാനനായ് തന്നെ* സർവ്വരാജ
യംസർവ്വൈശ്വര്യസമ്പത്സമ്പൂർണ്ണംനിർവിശങ്കംപ്രാപിച്ചീടുന്നാപാവനനാ
യ * മററുള്ളദാനങ്ങളാലുണ്ടാകുംഫലംതുലോം അല്പമാകുന്നിതെന്നാൽ ഭൂദാ

നമഹാഫലം * നിത്യവുംകൂടികൂടിവരുന്നവൃക്ഷാദികൾവച്ചുനനച്ചുഫ
ലിപ്പിച്ചുജീവിക്കുംതോറും * ഭൂമിവല്ലഭനായിപ്പിറന്നാൽഭൂദാനത്തെഭൂമിദേ
വന്മാർക്കുചെയ്തീടാതെയിരിക്കുകിൽ * ഭൂമിയിൽദരിദ്രനായ്പിന്നെയുണ്ടാകും
ഗ്രാമേ താമസിപ്പതിന്നൊരുകുടിലുപോലുംകിട്ടാ * ഭൂതലേശ്വരൻഞാനെന്നു
ള്ളഭിമാനംകൊണ്ടു ഭൂദാനംചെയ്യാതെവാണീടുകിലവൻപിന്നെ * മേദുരമാ
യനരകംതന്നിൽകിടക്കുന്നു മേദിനിയെസപ്തേന്ദ്രൻവഹിക്കുംകാലത്തോളം
* അതിനാൽഭൂമീവരനാഥൻ ഭൂദാനംവേണമിതരന്മാർക്കതിനുപകരംഗോ
ദാനമാം * അന്തധേനുവെദ്ദാനംചെയ്തശേഷംമൃത്യുദുഃഖാന്തകാരകംരുദ്രധേ
നുദാനംചെയ്യണം * അറിഞ്ഞുമറിഞ്ഞീടാതെയുമുള്ളൃണമുക്തിവരുവാനൃ
ണധേനുദാനംചെയ്യണംപിന്നെ * പരിചിൽമോക്ഷാർത്ഥമായ്മോക്ഷധേ
നുദാനവും കരണീയമാകുന്നുകശ്യപസന്താനമേ! * സാനന്ദംസുവിശേഷ
വിധിയാൽവൈതരണി ധേനുവെപ്പിന്നെദ്ദാനംചെയ്യണമുടനെന്നാൽ *
ബാലത്വംവൃദ്ധത്വംകൌമാരംയൌവനം സന്ധ്യാകാലങ്ങൾമദ്ധ്യാഹ്നംരാപ
കലെന്നിവയിലും * മനസാവാചാതനുവാമറുജന്മത്തിൽപോലുംഫലനാസാ
ദ്ധമായ്ചെയ്യപ്പെട്ടപാതകങ്ങളാൽ * അനിശംശുദ്ധമാക്കിമുദ്ധരിക്കുന്നി
ഗ്ഗോക്കൾമനസാവിചാരിച്ചുകേൾക്കനീവഴിപോലെ * കുളമ്പുംകൊമ്പും
സുവർണ്ണംകൊണ്ടുകെട്ടിച്ചുപാൽതുളുമ്പിനില്ക്കുമകിടുള്ളതായ്ത്തപലയായ് *
വിളങ്ങുംപശുവിനെക്കന്നോടുകൂടി വേദമറിഞ്ഞവിപ്രന്മാർക്കധിപനാ
യിള്ളേടമ്മ * താപസവൃത്തിപൂണ്ടവേദിയനൊരുകാലിതാപമില്ലാതെദാനം
ചെയ്യവെന്നിരിക്കിലോ * പാപങ്ങളെല്ലാംതീർന്നുശുദ്ധനാമവൻപിന്നെ
ഗ്ഗോവിനാലന്ത്യകാലേസർവ്വപാതകങ്ങളാൽ * ദാതാവുദ്ധരിക്കപ്പെട്ടീടുന്നു
സൂര്യസുതഭ്രാതാവേ! കേട്ടുകൊൾകപറയാമിനിയുംഞാൻ * നല്ലകാല
ത്തിലൊരുപശുദ്ദാനംചെയ്യുന്നു മല്ലാതെമൃത്യുകാലേന്ത്യനെക്കൊടുപ്പതും
* തെല്ലുമോർമ്മയില്ലാതെമരണവേദനയാ മല്ലലിലായിരംഗോക്കളെനൽ
കീടുന്നതും * മരിച്ചാൽപിന്നെലക്ഷംപൈക്കളെനൽകുന്നതും നിനച്ചാ
ലൊരുപോലെതന്നെയെന്നറികനീ * തീർത്ഥപാത്രത്തോടുകൂടിയദാനമൊ
ന്നുതാൻമാത്രമെങ്കിലുംലക്ഷദാനസൽഫലമുണ്ടാം * പാത്രത്തെയറിഞ്ഞു
ചെയ്യുന്നതുമതുപോലെ പാത്രംകണ്ടോളംലക്ഷഗുണനഫലംതന്നെ * ദാ
താൽദാതാവിന്നനന്തംഫലമുണ്ടുവാങ്ങും പാത്രത്തിന്നേതുംദോഷമില്ലെന്നു
മറികനീ * സ്വാദ്ധ്യായഹോമയുക്തനായഹോമപരപാകവർജ്ജിതനായു
ള്ളവൻരത്നസംപൂർണ്ണയായ * ഗോത്രയെപ്രതിഗ്രഹിച്ചീടിലുമൊന്നുമണു
മാത്രവുമവൻതങ്കൽപറ്റുകില്ലറികനീ * വിഷത്തെയില്ലാതാക്കീടുന്നൊ
രുമന്ത്രത്തിനും തണുപ്പുകളയുന്നവഹ്നിക്കുമേതുംദോഷം * ഭവിക്കാനില്ല
പരിശുദ്ധസാധനങ്ങളാമിവററിലൊന്നും യോജിച്ചീടുകില്ലല്ലോപാത്രാൽ
* കൊടുത്തുകൂടാത്തുള്ളമർത്ത്യർക്കുപശുവിനെ കൊടുക്കുന്നവനെയമകാലദൂ
തന്മാർകെട്ടി * യടിച്ചുനരകത്തിലാക്കീടുമതുപരിഗ്രഹിക്കുന്നവൻ നൂറു
പുരുഷായുസ്സോളവും * കുലത്തോടൊന്നാകെഭുജിച്ചുകിടക്കണം വിധിക്കു
വിരുദ്ധമായ്ചെയ്തുപോകരുതാരും * മോക്ഷകാമികളായവിപ്രന്മാരാരു

പാത്രം സൂക്ഷിക്കാതൊരുവസ്തുദാനംചെയ്യപ്പോകൊലാ * ഒരുത്തനല്ലാ
തൊരുഗോവിനെപലക്കായിട്ടൊരിക്കൽപോലും ദാനംചെയ്യപോകരുതെ
ല്ലൊ * വിഭജിച്ചാലുംവിററുപണംവാങ്ങിച്ചെന്നാലും ദഹിക്കുംകുലമെഴ
പുരുഷായുസ്സൊളവും * പറഞ്ഞനല്ലോകമേറമുൻപേനിന്നൊടുഘോരനിറ
ഞ്ഞൊഴുകുന്നഘോരവൈതരണിയെ * പറഞ്ഞുതരാമിനിയതിനെക്ക
ടക്കുവാ നെഴുന്നൊരുപായമായ്‌വിളങ്ങുംഗോദാനവും * കറുത്തതായോ
വെള്ളച്ചുവപ്പുനിറമായോ ലസിക്കുംപശുവിനുഭൂഷണംചാർത്തീടണം * ക
ട്ടിപ്പൊന്നിനാൽകൊമ്പുംവെള്ളിയാൽകുളമ്പതുംകെട്ടിച്ചുപാൽകറക്കാനാ
ട്ടുപാത്രവുംചേർത്തു * കൃഷ്ണവർണ്ണമാംരണ്ടുമുണ്ടിനാൽമറച്ചിട്ടു കെട്ടണംമണി
കണ്ഠദേശത്തിലനന്തരം * കാർപ്പാസംപിരിച്ചതിൻപുറത്തുനിർത്തിചേല യു
ക്തമായ്‌വിളങ്ങുന്നചെമ്പുപാത്രവുംചെമ്മേ * രുക്മസംരചിതമാമന്തകപ്രതി
മതൻഹസ്തത്തിൽലോഹദണ്ഡംപിടിപ്പിച്ചതിനെയും * ഓട്ടുപാത്രത്തിൽ
നെയ്യുമൊഴിച്ചങ്ങെല്ലാം കൂടികാർപ്പാസത്തിന്റെമേൽഭാഗത്തുചേർത്തുവയ്ക്ക
ണം * കരിമ്പുകൊണ്ടുതോണിയുണ്ടാക്കിപ്പട്ടുസൂത്രംപരിവേഷ്ടിച്ചുനിലംകു
ഴിച്ചുസലിലത്താൽ * പരിചിൽകുഴിയതുനിറച്ചുശേഷമതിൽ തരസാതോ
ണിയതുനിക്ഷേപിക്കയുംവേണം * അതിന്റെപുറത്തുഗോവിനെനിർത്തിഭാ
സ്കരോൽഭൂതയെന്നാശുസങ്കല്പിച്ചുശുദ്ധചിത്തനായ് * അലങ്കാരാംബര
ങ്ങളൊക്കെയുംബ്രാഹ്മണനായ് അലം നൽകപ്പെട്ടെന്നുമനസാകല്പിക്കണം
* ഗന്ധപുഷ്പാക്ഷതങ്ങൾമുതലായവകൊണ്ടു കിന്തുശാസ്ത്രോക്തംപോലെ
പൂജയുംചെയ്തീടണം * കൈകൊണ്ടുപശുവിൻവാൽപിടിച്ചുകഴലിനാൽ
പയ്യവേതോണിതന്നിൽചവിട്ടിനിന്നശേഷം * വിപ്രനെപുരസ്കരിച്ചത്യ
ന്തംഭക്തിയോടുമിപ്രകാരംമന്ത്രമങ്ങുച്ചരിക്കയുംവേണം * പെരിയഭവാം
ബുധൌമഗ്നനായ്ശോകതാപ ത്തിരകളാലെകഷ്ടപ്പെട്ടുഴന്നീടുന്നോർക്ക് *
ഞ്ഞൊരുരക്ഷിതാവായതിജഗന്നായകനായി ശരണാഗതന്മാരിൽവാത്സല്യമു
ള്ളവനായ് * വർണ്ണരൂപനായ്‌ദ്വിജശ്രേഷ്ഠനായ്‌വിളങ്ങുംനീ യുദ്ധ
രിച്ചാലുമെന്നെ ഭഗവൻ! മഹീസുര! * ദക്ഷിണാപൂർവ്വമെന്നാൽദത്ത
മായ്‌വൈതരണി ഭക്തിപൂർവ്വമങ്ങേക്കായ ധേനുവിതാനമസ്കാരം യമമാർഗ്ഗ
ത്തിൽനൂറുയോജനവിസ്താരത്തിൽ പാലവേകിടക്കുന്നഘോരവൈതരണി
യെ * മാലന്യയാതെകടന്നീടുവാനുള്ളമോഹത്താലങ്ങേക്കിതിനെനൽകി
ട്ടുന്നേൻനമസ്കാരം * കാലദ്വാരത്തിലുള്ളഘോരമാർഗ്ഗത്തിലെന്നെ
ച്ചാലേനോക്കിക്കൊള്ളണംദേവപൂജിതേധേനോ! * മാലേതുമണയാതെകട
ത്തീടണംപാരകൂലമിന്നുവൈതരണ്യൈതേനമസ്കാരം * പശുക്കളെ
ന്റെമുൻപിൽപിമ്പിലുംമനസ്സിലും ഭവിച്ചീടട്ടെപശുമദ്ധ്യത്തിൽവാഴ
ന്നുഞാൻ * സകലഭൂതങ്ങൾക്കുംസമ്പത്തായിനിയായി സകലേശ്വരനായ
ഹരിയിൽസ്ഥിതയായി * സകലാശ്രയാംലക്ഷ്മീദേവിതാൻതന്നെയേ
വ മിവിടെപ്പശുരൂപംകൈക്കൊണ്ടുവിളങ്ങുന്നു * അങ്ങിനെയുള്ള
ദേവിമമപാപങ്ങളെല്ലാം മങ്ങാതെതീർത്തുകാത്തുകൊള്ളുമാറായീടട്ടെ *
ഇത്തരംമന്ത്രങ്ങളാൽപ്രാർത്ഥിച്ചഞ്ജലിയോടും തദ്ധേനുവേയുംയമപ്രതിമാദ

കളെയും * സത്വരംവലത്തുവച്ചവനിദേവനായിശ്രദ്ധയാനിവേദിക്കവേ
ണമെന്നറിഞ്ഞാലും * ഇങ്ങിനെവൈതരണീഗോവിനെവിധിപോലെമം
ഗലകരമായദാനംചെയ്തീടുന്നവൻ * ധർമ്മമാർഗ്ഗേണപോയികാലന്റെസദാ
തലം തന്നിൽപ്രാപിച്ചീടുന്നുനിർണ്ണയംനീധാതഭവ! * ഭയത്തെയുണ്ടാക്കു
ന്നവൈതരണിയെച്ചെമ്മേ കടപ്പാനാശിച്ചീടുംവിപശ്ചിത്തായുള്ളവൻ *
സുഖിച്ചാരോഗ്യത്തോടുമിരിക്കുംനേരംസമാ ചരിക്കേണമീനദീവ്രതവുംഗോ
ദാനവും * ഗോദാനംകൊണ്ടുവഴിതന്നിൽവൈതരണിയാ റായാനംചെയ്യു
ന്നില്ലൊരായാസമതുമില്ല * ആയതുമൂലംസർവ്വപുണ്യകാലങ്ങളിലും ആയ
പോൾദാനമൊരുമവശ്യംചെയ്തീടണം *ഗംഗതൊട്ടുള്ളനല്ലതീർത്ഥങ്ങളെല്ലാ
ററിലും മംഗലകരങ്ങളാംവിപ്രഗേഹങ്ങളിലും * ചന്ദ്രസൂര്യോപരാഗങ്ങളി
ലുമസ്സംക്രാന്തിതന്നിലുംകറുത്തവാവായവാസരത്തിലും * മകരമേഷതുലാക
ർക്കിസ്സംക്രാന്തിയിലു മതുപോലക്ഷയതൃതീയാദികളിലും* മററുള്ളപുണ്യ
കാലങ്ങളിലുംപശുദാന മുഖ്യമമത്രേപത്രിസത്തമ!ധരിക്കനീ * ഉത്തമദാ
നത്തിങ്കൽശ്രദ്ധയുംസൽപാത്രവു മൊത്തുവന്നീടുന്നതെന്തുനേരമായാലും
* അക്കാലംപുണ്യകാലമെന്നുമുണ്ടൊരുപക്ഷമത്രസമ്പത്തസ്ഥിരതരമാകുക
യാലേ * ഭൂതലജാതന്മാർക്കുസമ്പത്തുംശരീരവു മേതുംശാശ്വതമല്ലമൃത്യുമാറി
നില്ക്കില്ല * കേവലമതുമൂലംധർമ്മത്തെച്ചെയ്യാവുമ്പോളേവരുംചെയ്യേ
ണംപുണ്യകാലംനോക്കേണ്ട * തന്നുടെനന്മയ്ക്കുകാമ്പിലിച്ഛയുള്ളവ
ന്നനമാത്മവിത്തത്തിനുചേരുന്നപോലെ * ധന്യരാംവിപ്രന്മാർക്കു
ചെയ്യണംദാനമെന്നാൽ നിർണ്ണയമനന്തകമാമതെന്നറികനീ * കുറ
ഞ്ഞേമുതലുള്ളതനിക്കെന്നാലുമാത്മഗതിക്കായ് സാഹസത്താൽനൽകപ്പെ
ട്ടീടുംധനം * ക്ഷയത്തോടുകൂടാതെഭവിക്കുംപുനരുപകരിക്കുമല്ലോകഷ്ട
കാലത്തിലതിൽഫലം * ദാനമാകുന്നവഴിച്ചിലവുംപൂണ്ടുപാരമാന
ന്ദത്തോടുംകാലമാർഗ്ഗേപോയീടുമവൻ * ദാനംചെയ്തീടാതുള്ളമാനവനാ
മാർഗ്ഗത്തിൽ ദീനനായ്പാഥേയമില്ലാതെദുഃഖിച്ചീടുന്നു * ഏതേതുദാന
ങ്ങളെചെയ്യുന്നൊരാനരശ്രേഷ്ഠന്മാർ ഭൂതലത്തിങ്കലവയോരോന്നുംനിരന്തരം* കാല
മാർഗ്ഗത്തിൽദാതാവിന്റെമുൻഭാഗത്തുനി ന്നേതുമേപരിതാപമെത്താതെസൂ
ക്ഷിക്കുന്നു *മഹത്താംപുണ്യപ്രഭാവംകൊണ്ടുമനുഷ്യത്വമിഹത്തിൽസിദ്ധി
ക്കുന്നുപത്രികുലശ്രേഷ്ഠ! * സഹസാപുനരതുലഭിച്ചുധർമ്മങ്ങളാചരിച്ചാൽ
പരമയാംഗതിയെപ്രാപിക്കുന്നു * ധർമ്മത്തെയറിയാതമനുഷ്യർക്കുമഹാദുഃഖം
വന്നുംപോയുംവിട്ടുമാറീടാതെയിരുന്നീടും * ജന്മസാഫല്യംമനുഷ്യനുധർമ്മ
സേവനം തന്നെകേവലമെന്നുനിർണ്ണയംനീധാതഭവ! *ജായാപുത്രാർത്ഥഗേ
ഹബാന്ധവാദികളെല്ലാം മായുംനിത്യമല്ലതുമൂലംധർമ്മംചെയ്യണം* അച്ഛ
നംബന്ധുക്കളുംജീവനുള്ളന്നേയുള്ളൂ നിശ്ചയംമരിക്കുമ്പോൾസ്നേഹവുംതാ
നേനീങ്ങും * തനിക്കതൊന്നല്ലാതെയില്ലബന്ധുവെന്നതു നിനയ്ക്കവേണംമു
ഹുർമ്മുഹുരെന്നറികനീ * മരിച്ചുപോയാൽദാനംചെയ്യുവതാരെന്നുള്ളിൽ
നിനച്ചീടേണംജീവിച്ചിരിക്കുംനേരംതന്നെ * ഏവമെല്ലാമേചിന്തിച്ചറി
ഞ്ഞുതങ്കൾക്കുള്ളാലേകേവലംദാനംചെയ്യേണമെന്നറിഞ്ഞാലും * ജീവനോദി

ത്യമല്ലചത്തുപോയാൽദാനംചെയ്യാവതുമല്ലയെന്നുസവ്വദാസ്മരിക്കണം * വി
റകുംമൺകട്ടയുംപോലെപ്രേതദേഹത്തെക്കരുതിക്കഴിച്ചിട്ടുപോരുന്നുബന്ധു
ക്കളും * ധമ്മദ്രോഹിയോടുകൂടിപ്പോകുന്നുസവ്വകല്മഷങ്ങളുമതുപോലെയാ
ണറികനീ * സമ്പത്തുഗൃഹത്തിലുംബന്ധുക്കൾചിതാവന ത്തിങ്കലുംനിവ
ത്തിച്ചീടുന്നുപിന്നെത്തൻകമ്മ * പുണ്യാപുണ്യങ്ങൾകൂടെപ്പോകുന്നുമൃതനായ
ജന്തുവോടുമെന്നാശു ചിന്തിക്കനിരന്തരം * കായത്തെത്തീയിലിട്ടുദഹിപ്പി
ക്കുന്നുകൃത മായപുണ്യപാപങ്ങൾതന്നോടുകൂടിത്തന്നെ *പോയീടുമെവിടെ
യുമ്മനുഷ്യരതുതന്നെ ഭൂയോപിഭുജിക്കുന്നുഭുജംഗകുലാശന! *ദുഃഖങ്ങൾക്കി
രിപ്പിടമായുള്ളസംസാരത്തിൽസത്യത്തിലാരുമാക്കുംബന്ധുവായിട്ടില്ലല്ലോ*
കമ്മബന്ധത്താൽവന്നുജനിക്കുമതുപോലെ കമ്മമോക്ഷയിക്കുമ്പോൾമരി
ക്കുമല്ലോതാനും *അച്ഛനമ്മബന്ധുദാരങ്ങളാത്മജൻഭ്രാതാ വിച്ചൊന്നയാളു
കളോടുള്ളോരുസമാഗമം * നിശ്ചയംപാനീയശാലയിലാളുകളൊരുമിച്ച
ല്പനേരംകൂടിയിരുന്നീടുംപോലെയും * നദ്യാംതൽപ്രവാഹത്തിൽപെട്ടുവ
ന്നൊരേടത്തു മുട്ടീടുംകാഷ്ഠങ്ങൾപോലെയുമാണല്ലോപാത്ഥ! * പുത്രന്മാർ
പൌത്രന്മാരുമാക്കുമില്ലല്ലോസംസാരത്തിൽഭാര്യയുമില്ലധനവുമില്ലതന്നേ*
നിശ്ചയമാക്കുമാരുമില്ലതുമൂലംതന്റെ ഹസ്തത്താൽദാനംചെയ്തുപുണ്യംസ
മ്പാദിക്കണം * വിത്തംസ്വാധീനമായിവരുന്നനേരമതു വിപ്രസത്തമന്മാ
രിലപ്പിച്ചീടുകവേണം * വിത്തമന്യാധീനപ്പെട്ടീടുംപോളല്പമാത്രംവിത്തമി
ങ്ങേകണമെന്നുള്ളചൊൽസഹിക്കേണ്ടു * പൂവ്വജന്മത്തിൽചെയ്തദാനത്തിൻ
ഫലത്തിനാൽജീവികൾക്കിഹസമ്പത്തധികമുണ്ടാകുന്നു*കേവലമതുവഴി
പോലറിഞ്ഞുടൻധനമേവരുംധമ്മാത്ഥമായ്‌വിനിയോഗിച്ചീടണം * ധമ്മ
ത്താലത്ഥകാമമോക്ഷങ്ങൾമൂന്നുംവരും ധമ്മത്തെയതിനാലാചരിക്കവേണം
സദാ ശ്രദ്ധയാകുന്നുധമ്മത്തിനുമുഖ്യമത്ര്യമത്ഥരാശിയല്ലല്ലോനിശ്ചയമ
റിഞ്ഞാലും ശ്രദ്ധയാനിഷ്കിഞ്ചനന്മാരായമുനിമാരുംസ്വർഗ്ഗത്തെപ്രാപിച്ചു
ടോപക്ഷിവംശനായക! * ഇലയുംപൂവുംകായുംവെള്ളവുമേതുമാര നല സാ
തിനിക്കായിഭക്തിയോടപ്പിക്കുന്നുപരിപൂതാത്മാവാകുമവനാൽസമപ്പിതം
തൊസാസവ്വുംഞാൻഭുജിക്കുംനിസ്സംശയം* അതുകാരണമല്പ്പോൾവിധിപോ
ൽദാനംവേണംകുറവുംകൂട്ടതലുംഗണിക്കാനില്ലായതിൽ* ദീനമായ്യാചിക്കുന്ന
താപനെക്കൊണ്ടുനല്ല ദാനങ്ങൾചെയ്യിക്കുന്നധമ്മാത്മാവാകുംസുതൻ* മാ
നനീയനാകുന്നുദേവന്മാരാലുംപിന്നെ ദാനംപിതൃത്ഥംപാത്രേപുത്രനാൽ
ചെയ്യപ്പെട്ടാൽ * ആരുമങ്ങവൻശുദ്ധനാമെന്നല്ലവനുടെസൂനുവുംപൌത്ര
പ്രപൌത്രന്മാരുംശുദ്ധന്മാരാം * ജനകനായിട്ടതുചെയ്തെന്നാൽപുണ്യംശത
ഗുണമമ്മയ്ക്കായെന്നാൽസഹസ്രഗുണമല്ലോ ഭഗിനിക്കായാലയുതംഗുണംപു
ണ്യംപുന രത്തുസോദരനായാലക്ഷയഫലമല്ലോ * ദാതാവിനഹോപീഡയാ
തൊന്നുമുണ്ടാകില്ല യാതനാദുഃഖംഭുജിക്കേണ്ടാനരകത്തിലും *ഭീതിയുമുണ്ടാ
കില്ലമരണകാലേകാലദൂതരിൽനിന്നുമേതുമെന്നുനീധരിച്ചാലും *അതുരകാല
ത്തിങ്കലത്ഥലോഭത്താൽദാനമേതുമേചെയ്തീടാത്തകദയ്യന്മാരാംമഹാ * പാ
പികൾമൃതരായശേഷംദുഃഖിച്ചീടുന്നു കേവലംകേഴ്ത്തുരാരെന്നുമുൻചൊന്നേൻ

ല്ലോ* ആതുരകാലദാനം ചെയ്യിക്കാതുള്ള പുത്ര ഭ്രാതൃപൌത്രബന്ധുക്കൾ സു
ഹൃത്തുകളുമെല്ലാം * പാതകികളിൽവച്ചുമഗ്രഗണ്യരാം ബ്രഹ്മഘാതകന്മാ
രാകുന്നുനിർണ്ണയം പക്ഷിശ്രേഷ്ഠ! *

ഇതിശ്രീഗാരുഡപുരാണേ സാരോദ്ധാരേ
ആതുരദാനനിരൂപണോനാമ അഷ്ടമോദ്ധ്യായഃ.

## ഒൻപതാം അദ്ധ്യായം.

---

വേദാന്തപ്പൊരുളായിവിളങ്ങും വിശേഷൻറെ പാദാന്തപങ്കജങ്ങ
ളാരാധിച്ചുപിന്നെ * നാദാന്തബ്രഹ്മരൂപനായ് നാരായണസ്വാമിതൻ പാ
ദാന്താന്തികസീമ്നി പാവനാത്മനാനിൽക്കും * നാഗാന്തകനുമേവം പി
ന്നെയും തൊഴുതുടൻ മാകാന്തഭഗവാനോടീവണ്ണമുണർത്തിച്ചാൻ * ഏകാ
ന്തബന്ധോ ഭവാൻ ലോകോപകാരാർത്ഥമായ് ശോകാന്തകരമാമാതുരകാലി
കദാനം * കരുണാപൂർവ്വം മമ പറഞ്ഞുതന്നിതിന്നി മരണമടുക്കുമ്പോളുള്ളവ
സ്ഥകളെയും * ശരണാഗതബന്ധോ! ശങ്കകൾ പോവാൻ ചൊല്ലിത്തരണ
മെന്നുകേട്ടു ഭഗവാനരുൾചെയ്തു * യാതൊരുവിധി ചെയ്തുമരിച്ചാൽ മനുഷ്യ
ർക്കു മോദേന മോക്ഷസിദ്ധിവന്നീടുമതുപോലെ * സാദരം ദേഹത്യാഗത്തി
നുള്ള വിധിയെ ഞാനോതുന്നു ചെവിതന്നുകേട്ടാലും ശകുന്തേശ! * യാതൊരു
നേരം കർമ്മയോഗത്തെക്കൊണ്ടു മനുജാതർ ശരീരത്തെ സന്ത്യജിച്ചീടുന്നപ്പോ
ൾ * ആദരപൂർവ്വം തുളസീസമീപത്തിങ്കലൊരു പുതുമണ്ഡലമുണ്ടാക്കേണം
ഗോമയത്തിനാൽ * അതിൻറെ പുറത്തെള്ളു ചിതറീട്ടു ദർഭയും വച്ചതുപോൽ
സാളഗ്രാമശിലയും ശുഭ്രാസനേ * പ്രതിനന്ദിച്ചുവച്ചുകൊള്ളുകവേണം പി
ന്നെ കേൾക്കമോടും കേട്ടുകൊണ്ടാലുമിനിയും നീ * ചാലേ പാതകങ്ങളും കൊ
ടിയദോഷങ്ങളും മാലേകും ഭയങ്ങളുമില്ലാതെയാക്കീടുന്ന * സാളഗ്രാമത്തി
ന്നുടെ സന്നിധൌ കിടന്നുടൻ കാലധർമ്മം പ്രാപിച്ചാൽ മോക്ഷസിദ്ധിയും വ
രും * സങ്കടഭയങ്ങളില്ലാതാക്കും തുളസിതൻ മംഗലശാഖകൾതൻറെ തണലിൽ
കിടന്നുടൻ * തൻകളേബരത്യാഗം സംഗതി വരുവോർക്കു ലംഘിതദാനഫല
മാം മുക്തി വന്നീടുന്നു * പാവനമായീടുന്ന തുളസീശാഖാസ്ഥാനം ഏവൻറെ
നിലയത്തിൽ നിത്യവുമിരിക്കുന്നു കേവലം തീർത്ഥരൂപമാകുമഗ്ഗൃഹത്തിങ്കൽ
അപതില്ലല്ലോ കാലദൂതർക്കു കടക്കുവാൻ * തുളസിപ്പൂമാലയണിഞ്ഞുടൻ ദേഹ
ത്യാഗം തെളിവോടാർക്കു ചെയ്യാൻ സംഗതി ഭവിക്കുന്നു * പലദോഷങ്ങളവനു
ണ്ടെന്നാകിലും കാലൻ ബലവാനല്ലവനെക്കൺകൊണ്ടു നോക്കാൻ പോലും *
വദനേ തുളസീപത്രത്തോടും തിലദർഭാസന സംഗനായ് കാലധർമ്മത്തെ പ്രാ
പിപ്പവൻ * തനയഹീനനാകുന്നെങ്കിലും വിഷ്ണുലോക മനവസ്ഥരം പ്രവേശി
ക്കുന്നു നിരന്തരം * മൂന്നുമാതിരിയുള്ളെള്ളുകളും തുളസിയും എന്നല്ല ദർഭയുമി
ച്ചൊന്നമൂന്നുകൂട്ടവും * നന്നായാതുരതാപം പൂണ്ട ദുർഗ്ഗതിയേയും ചെറുമ ചെന്ന

വൻതന്നെവാരണംചെയ്തീടുന്നു * എന്നുടെവിയപ്പില്ലുന്നതാകയാൽപരംവി
ശുദ്ധ്യന്വിതമാമെള്ളിലങ്ങുത്ഭൂതംഭയത്തോടും * അന്യൂനമസുരദാനവരൈ
ത്യന്മാരോടിടുന്നിതുവൈഷ്ണവമാഹാത്മ്യമുന്നതിനോത്താൽ * മദ്ഗ്രാമോൽഭൂത
മായദർഭുമഹോമമസദപിഭൂതിയാകുന്നസാധുപക്ഷിനായക! * തന്മൂലംദർഭാ
സ്പൎശമാത്രേണമനുജന്മാർനിൎമ്മായമഹാസപൎഗ്ഗലോകത്തെപ്രാപിക്കുന്നു * കു
ശതൻമൂലത്തിങ്കൽപങ്കജഭവനനും കുശതന്നുടെമദ്ധ്യഭാഗേമാധവൻതാനും
കുശതന്നഗ്രത്തിങ്കൽശിവനുമിരിക്കുന്നു കുശയിലിപ്രകാരംവാഴുന്നുമൂൎത്തിത്ര
യം * അതിനാൽകുശയുംവഹ്നിയുമപ്പോലെ മന്ത്രതുളസിവിപ്രന്മാരുകളു
മെന്നിവയെല്ലാം * പ്രതിവാസരമുടങ്ങാതുപയോഗിച്ചാലും നിയതംനി
ൎമ്മാല്യതപംഗമിക്കില്ലറികനീ * ദർഭകുനിൎമ്മാല്യതപമുന്നല്ലോപിണ്ഡങ്ങ
ളിൽവിപ്രൎക്കുനിൎമ്മാല്യതപ്രേതഭോജനത്തിലും * അപ്പോലെതുളസിയുംമന്ത്ര
വുംമാഹേയിയും നിർഭാഗ്യനീചന്മാരിൽചന്നാലഗ്രാഹ്യങ്ങളാം * ചുടലയി
ലെത്തിയുംനിൎമ്മാല്യതപംപ്രാപിക്കും സ്വൎണ്ണമായവമറെറല്ലായ്പ്പോഴും ഗ്രാഹ്യ
ങ്ങൾതാൻ * ഗോമയത്തിനാൽമെഴുകിദർഭവിരിച്ചുള്ള ഭൂമിയിലാതുരനെ
ക്കിടത്തിമേൽഭാഗവുംതുമയിലന്തരിക്ഷംകാണാതെമറയ്ക്കുക വേണമെന്നറി
ഞ്ഞാലുമതുനാനാകുന്നപോൽ * പൂമകൻതാനുംപിന്നെപ്പൂമാതിൻകാന്തനവ
നും ശ്രീമഹാദേവൻതാനുംവഹ്നിയുമൊരുപോലെ * താമസിക്കുന്നേതിമ
ണ്ഡലത്തിൻമുകളിൽ താനമിതനാവശ്യംമണ്ഡലംചെയ്തീടണം * മെഴു
കാതുള്ളഭൂമിശുദ്ധമാമതുപിന്നെ മെഴുകുന്നേരംശുദ്ധമല്ലാതെഭവിക്കുന്നു *
മെഴുകുന്നേരംതന്നെപിന്നെയുമൊന്നുകൂടി മെഴുകാമെങ്കിൽപരിശുദ്ധമാമവി
ടവും * യാതുധാനന്മാർപിശാചങ്ങളുംഭൂതങ്ങളും പ്രേതങ്ങൾകാലദൂതന്മാ
ൎക്കുംനിരന്തരം * സാദരംമെഴുകീടാത്തേടത്തുംനഭസ്സിലും ഭേദമില്ലപ്പൂവ്വംക
ത്തിങ്കലുംവസിക്കുന്നു * ആകയാലഗ്നിഹോത്രംശ്രാദ്ധംവിപ്രഭോജനം അ
കലമെന്ന്യേസുരപൂജയുമൊരുനാളും ആകാമണ്ഡലത്തോടുകൂടാതെയതുപോ
ലെ ആതുരനെയുംവസിപ്പിക്കരുതല്ലോപാൎത്താൽ * ആതുരനായവനെലി
പ്തഭൂമിയിൽചെത്തുജാതരൂപരത്നങ്ങളാദാനത്തിലുംചെത്തു * സാദരംസാ
ളഗ്രാമരൂപിയാംവിഷ്ണുവിൻെറ പാദതോയംകുടിപ്പാൻകൊടുത്തീടുകവേ
ണം * സകലതീൎത്ഥകൃതസ്നാനദാനപുണ്യസൽഫലദമാണു ഗംഗാജല
വുമറിഞ്ഞാലും * കായശോധനമാംചാന്ദ്രായണവ്രതംപുന രായിരമനുഷ്ഠി
ച്ചീടുന്നതുംവിഷ്ണുപദീ * തോയപാനത്തെച്ചെയ്തീടുന്നതുമൊരുപോലെശ്രേ
യസ്കരമാണെന്നറികപക്ഷിശ്രേഷ്ഠ! * തീയിൽപഞ്ഞിക്കൂട്ടമെന്നതുപോ
ലത്രേഗംഗാതോയപാനത്താൽപാപസഞ്ചയംഭസ്മീഭവിപ്പതും * സുരാംശുസന്ത
പ്തമായീടുന്നഗംഗാതോയംപാരാതെപാനംചെയ്തീടുന്നപുണ്യാത്മാവായോൻ
* പാരാതെ ദുഷ്ടയോനിനിൎമ്മുക്തനായിട്ടുടൻ നാരായണാഗാരത്തെപ്രാപി
ക്കുന്നനാകുലം * ഇതരനദികളിൽകുളിച്ചാലഹോജനം നിതരാംശുദ്ധ
മായിഭവിക്കുമുടനെന്നാൽ * അനിശംപരിശുദ്ധമായഗംഗാതോയദൎശന
സ്പൎശനപാനകീൎത്തനാദികളാലെ * ദുരിതനിധികളാംപുരുഷവൎഗ്ഗംപുണ്യ
ചരിതരാംനൂറുമായിരവുമൊരുമിച്ചും * ആകയാൽസംസാരതാരകമാം

ഗംഗാജലമാകിലമെന്ന്യെപാനംചെയ്തുകൊള്ളുകവേണം * കഴുത്തോ
ളംവന്നനിജപ്രാണങ്ങളോട്ടം കഴപ്പമേറിട്ടുന്നോരവസ്ഥയതിങ്കലും * ത
ഴച്ചപുണ്യത്തിനാൽഗംഗഗംഗഗംഗയെ ന്നുഴപ്പിയെങ്കിലുമൊന്നുരച്ചുപോ
യെന്നാകിൽ * മരിച്ചുചെന്നാലവൻവൈകുണ്ഠംപ്രാപിച്ചീടും തിരി
ച്ചുപിന്നെവന്നുജനിക്കില്ലറികനീ * പ്രാണങ്ങൾപോയീടുവാൻതുട
ങ്ങുന്നേരം ശ്രദ്ധാന്വിതനായവൻഗംഗാധ്യാനമാചരിക്കുന്നു * നൂനമ
ങ്ങവനുസൽഗതികൈവരുംപവമാനാശനാരേ പക്ഷിനായക! ധരിക്ക
നീ * അതുകാരണംഗംഗാധ്യാനവുംസ്മരണയും നതിയുംതത്തോയപാനവു
മാവശ്യാതന്നെ *അതിനുശേഷംമോക്ഷദായകമാകുംഭാഗവതമൊരല്പംകേ
ട്ടുകൊള്ളണംഭക്ത്യാസമം *ശ്ലോകമോശ്ലോകാർദ്ധമോമാത്രമെങ്കിലുമന്തേശോ
കഹീനമാരുവാൻപഠിക്കുന്നവൻബ്രഹ്മ * ലോകത്തിൽപുനർജ്ജന്മമില്ലാത
വണ്ണംസുഖഭോഗങ്ങളോടുംവസിച്ചീടുന്നു നിശ്ശങ്കം * വേദോപനിഷത്തുക
ൾപഠിക്കകൊണ്ടുംവിഷ്ണുദേവശങ്കരസ്തോത്രകീർത്തനങ്ങളെക്കൊണ്ടും * ഭൂദേ
വരാജന്യഭൂമീസ്പൃക്കുകൾക്കുമോക്ഷം സാധിച്ചീടുന്നുമൃത്യുകാലത്തിൽഖഗ
വര! *കണ്ഠത്തിൽപ്രാണങ്ങൾവന്നീടുന്നനേരമേതുംകുണ്ഠതയിയലാതെസ
ന്യസ്തമെന്നുചൊന്നാൽ * ഉണ്ടാകയില്ലപിന്നെജ്ജനനമവനുവൈകുണ്ഠ
ത്തെപ്രാപിക്കുന്നുനൂനമപ്പുണ്യാശയൻ * ഇച്ചൊന്നപോലാതുരകൃത്യത്തെ
ചെയ്യുന്നധർമ്മിഷ്ഠനാംപുമാൻതന്റെപ്രാണങ്ങളതുനേരം *ഊർദ്ധ്വച്ഛിദ്രങ്ങ
ളൂടെപോയീടുമറികനീ പാർത്തോളമേതുമൊരുപീഡയുമുണ്ടായ്വരാ * ഊർദ്ധ്വ
ച്ഛിദ്രങ്ങളായതെന്നുചൊല്ലാം കണ്ണുനാസാനേത്രദ്വാരങ്ങളാറുംവായൊ
ന്നേഴെവം * അവയിൽക്കൂടിജ്ജീവൻപോയീടുംസുകൃതികൾ ക്കഥതാലുര
ന്ധ്രത്തിലൂടേയോഗീന്ദ്രന്മാർക്കു * ഒരുമിച്ചിരിക്കുംപ്രാണാപാനന്മാർതങ്ങ
ളിൽപിരിയുന്നേരംസൂക്ഷ്മഭൂതനായുള്ളവായുവതും * തരസാകളേബരംകൈവിട്ടു
പോയീടുന്നുപുറത്തുഭാഗത്തെന്നുധരിക്കഖഗേശ്വര! *കാലത്താൽഹതമായ
ദേഹത്തിൽനിന്നുമതിന്നാലംബഭൂതനാകുംപ്രാണൻവേർപെട്ടുന്നേരം*മൂല
ത്തിലൂന്നിയോരുതരുകൾപൊടിഞ്ഞുപോ യാലന്നെകാഷ്ഠംവീഴുംപോലെ
വീണീടുംദേഹം * കേവലമതുപിന്നെനിശ്ചേഷ്ടമായ് നിന്ദ്യമായ് ഏവരാ
ലുംവർജ്ജ്യമായ്ദുർഗ്ഗന്ധസംയുക്തമായ് * ഏവംസ്പർശനയോഗ്യഹീനമാ
യ്ഭവിക്കുന്നു ഹേവൈനതേയ! ദേഹോഹംബുദ്ധിവിഫലംതാൻ * മൂന്ന
വസ്ഥകളുണ്ടിദ്ദേഹത്തിനോർത്താൽപിന്നെ ചേർന്നീടുന്നവവേറെപറഞ്ഞുത
രാമല്ലോ * ഓരോജന്തുക്കളുടെമലമായോവെന്തുവെണ്ണീറായോ കൃമികളായി
ട്ടോതീർന്നിടുംപിന്നെ * സത്യമോർക്കാതെയല്ലകാലഭംഗുരമാമീ വിഗ്രഹത്തി
ങ്കലെന്നുമാത്രംഗർവ്വഹോകഷ്ടം * അജ്ഞരാംനരന്മാർക്കുണ്ടാകുന്നുപാർത്താല
തൊരജ്ഞാനരൂപമായമോഹമാണല്ലോനൂനം * ഭൂമിതന്നംശംഭൂമിതന്നിൽ
ചേർന്നിടുംപവമാനനിൽചേരുംപവനാംശമെന്നറിഞ്ഞാലും * പാനീയ
വഹ്ന്യംശങ്ങൾപാനീയാഗ്നികളിലും നൂനമാകാശാംശമാകാശത്തിൽചേ
ർന്നീടുന്നു * സർവ്വവ്യാപിയായ്നിത്യമുക്തനായ്വിശുദ്ധനായ്സർവ്വസാക്ഷി
യായുള്ളൊരാത്മാവിന്നൊരിക്കലും * നിവൃത്തിയല്ലാതില്ലജനനമരണങ്ങൾ

ദവികളാം ദേഹങ്ങളങ്ങളാനറികനീ * സകലേന്ദ്രിയയുതനായ് ജീവൻ ശബ്ദാദികവിഷയങ്ങളാലേററം ചുററപ്പെട്ടവനായി * നിയതം കാമരാഗാദികകർമ്മകോശസംയുതനായുണ്ടാം പുണ്യവാസനയോടും ചേർന്നേ * സ്വകർമ്മാകൊണ്ടുണ്ടാകും നൂതനദേഹത്തിങ്കൽ സ്വയം പ്രവേശിച്ചീടുമാറാകുന്നു ധരിക്കനീ * ജ്വലനദഗ്ദ്ധഗേഹനാം ഗൃഹസ്ഥൻ മററൊരു നിലയം പുത്തൻ തീർത്തു കുടിയേറീടും പോലെ * അന്നേരം ധർമ്മതത്വവേദികളായ് പ്രാജ്ഞരായ് ധാർമ്മികവല്ലഭന്മാരായ ദേവദൂതന്മാർ സാമ്യമില്ലാത ശോഭകലർന്ന വെഞ്ചാമര ഭ്രാമകങ്ങളാം കരപത്മങ്ങളോടും ചേർന്നേ * കിങ്കിണീഗണപരിശോഭിതവിമാനവും വൻകൃപയോടും കൊണ്ടുവന്നുടൻ നിരാകുലം * തങ്കർത്തവ്യങ്ങൾ വേണ്ടപോലെ ചെയ്തോനെത്തന്നെ ശങ്കവിട്ടതിലേററി സ്വർഗ്ഗത്തേ നയിക്കുന്നു * അവനും ദിവ്യമായ ദേഹത്തെ കൈക്കൊണ്ടുടൻ ഭുവനമോഹനഹാരങ്ങളംബരങ്ങളും * സുവർണ്ണരത്നാഭരണങ്ങളും പൂണ്ടുതന്നാൽ സവിശേഷം ചെയ്യപ്പെട്ടൊരു ദാനമാഹാത്മ്യാൽ * സുതരാം മഹാനുഭാവത്വവും കൈവന്നുടൻ സുരരാൽ പൂജ്യനായ് സ്വർല്ലോകം പൂകുന്നു *

ഇതി ശ്രീഗാരുഡപുരാണേ
സാരോദ്ധാരേ മ്രിയമാണകൃത്യനിരൂപണോനാമ
നവമോദ്ധ്യായഃ.

## പത്താം അദ്ധ്യായം.

---

അരണാന്തപ്പൊരുളായ ദേവൻ പദത്താരിണ കൈകൂപ്പി വന്ദിച്ചുനില്ക്കുന്ന * വീരനായുള്ള ഗരുഡനുമാനന്ദപൂരേണ പിന്നെയുമിങ്ങിനെ ചോദിച്ചാൻ * പുണ്യവാന്മാർതന്റെ ദേഹദാഹക്രമം വർണ്ണിക്കണം നീ തിരുവടിയെന്നല്ല * ധന്യയാം കാന്തപതിവ്രതയാകിലത്തനാരിതൻ മാഹാത്മ്യവുമരുൾചെയ്യണം * ഇങ്ങിനെ ചോദിച്ച പക്ഷീശ്വരനോടു പുണ്ഡരീകാക്ഷൻ കനിഞ്ഞരുളിച്ചെയ്താൻ * പുത്രപൌത്രാദികൾ യാതൊന്നു ചെയ്തുടൻ പോക്കുന്നപൈതൃകമാമൂന്നമവ്വിധം * ഉത്തമമാമൌർദ്ധ്വദൈഹികം നിന്നോടു പത്രീശ്വര! പറയാം കുറയാതെ ഞാൻ * എന്തിനനേകദാനങ്ങൾ പിതാക്കന്മാർക്കന്ത്യകാലത്തിലദ്ദാഹാദികർമ്മങ്ങൾ * സന്തോഷമോടു ചെയ്തീടിലഗ്നിഷ്ടോമസങ്കാശമാം ഫലം പുത്രനുണ്ടാകുന്നു * മാതാപിതാക്കൾ മരിക്കും വിധൌപരം ഖേദാർത്തനാകാതെ പാപശാന്തിക്കായി സാദരം മുണ്ഡനം ചെയ്യിക്കണം സുതൻ ജ്ഞാതിവർഗ്ഗത്തോടു കൂടി നിരന്തരം * അങ്ങിനെ ചെയ്യാത്തപുത്രനെയെങ്ങിനെയങ്ങു സംസാരാർണ്ണവതാരകനെന്നു * നിർണ്ണയിക്കുന്നിതത്തുകൊണ്ടഹോ ശിരോമുണ്ഡനമാവശ്യമാണെന്നറികനീ * കക്ഷരോമംകളയിച്ചുകൂടാ നഖമൊട്ടുമേ വാർന്നീടുകയുമരുതല്ലോ * പിന്നീടുബന്ധുക്കളുമായ് കുളിച്ചുവന്നന്യൂനശുഭ്രവസനം ധരിക്കണം * എന്നല്ലുടൻ ജ

ലംകൊണ്ടുവന്നാശവം നന്നായ്കുളിപ്പിച്ചുചന്ദനംതേക്കണം * മാലകളു
മണിയേണമല്ലെങ്കിലച്ചേലെഴുംഗംഗയിലെച്ചേളിപൂശണം * കോടിയുമി
ട്ടുപേരുംകുലവുംപറഞ്ഞാടലെന്ന്യെപൂണനൂൽവലത്തുടിട്ടു * സാദരംസങ്ക
ല്പപൂർവ്വംസദക്ഷിണംജാതമോദംപിണ്ഡദാനംകഴിക്കണം * കേവലംമൃത്യു
സ്ഥാനത്തിൽശവമെന്നുപേർപറഞ്ഞീടുമതിന്നുകാരണം * താവൽപ്രദാ
തവ്യമാകുന്നപിണ്ഡമപ്പോളോട്ടുകൂടിനൽകീടുകയുംവേണം * ഈപിണ്ഡദാ
നാൽശവത്തിനധിഷ്ഠാത്രു ദേവതയാംഭൂമിദേവിതുഷ്ടയാം * ദ്വാരദേ
ശേപാന്ഥനെന്നുപേർ പിണ്ഡത്തിന്നാരാലതിനാലവിടെക്കൊടുപ്പതു *
ചോറുരുട്ടിപ്പാന്ഥനെന്നുപേരുംചൊല്ലിനേരേകൊടുക്കുകവേണമറികനീ *
ഭൂതഗണനായിലങ്ങുശുചിസ്ഥാന പാതമാനുള്ളവയാലെന്നിരന്തരം*ഏതു
മേവിഘ്നമിതിന്നുചെയ്യാൻശക്തി ജാതമാകില്ലയിപ്പിണ്ഡദാനത്തിനാൽ
* പിന്നെപ്രദക്ഷിണംചെയ്തുപൂജിക്കണം ഭംഗമെന്ന്യെപുത്രഭാര്യാദികളെ
ല്ലാം * അന്യബന്ധുക്കളോടൊത്തുപുത്രൻസ്കന്ധംതന്നിൽവഹിക്കയുംവേ
ണംമൃതദേഹം * ഏവമാതൻറപിതാവിനെത്തോളിലങ്ങാവഹിച്ചുശ്മ
ശാനത്തിന്നുപോകുന്നു * കേവലമോരോചുവട്ടതോറുംവാജിമേധഫലംലഭി
ച്ചീടുന്നവനെടോ * തോളിലുംപിന്നെമുതുകിൽമടിയിലും ചാലവെവച്ചു
കുളിപ്പിച്ചന്നദിനം * ലാളിച്ചുപോററിയാലക്കടംതീരുന്നു തോളിൽപിതൃശ
വംപുത്രൻവഹിക്കുമ്പോൾ * അല്മാർഗ്ഗത്തിലടിച്ചുതളിച്ചുടൻ തല്ക്കുന്ന
പത്തെയിറക്കിവച്ചീടണം * തത്രശായാംഭൂതസാജ്ഞമായുള്ളശവത്തെക്കു
ളിപ്പിച്ചുഭൂതാഭ്യന്നൽകിയ * പിണ്ഡത്തെയുംകൊടുക്കേണമവിടെയെന്ന
ണ്ഡജവംശപ്രവീര!ധരിക്കനീ * രാക്ഷസയക്ഷപിശാചാദികളതിരൂക്ഷ
തയാദിക്കുകളിൽവസിപ്പവർ * ഹോതവ്യമാംശവത്തിന്നയോഗ്യതാപ്രദാ
താക്കളാകാതദ്ദാനമഹിമയാൽ * പിന്നെശ്മശാനത്തിലാശവംകൊണ്ടുചെ
ന്നങ്ങുത്തരമുഖമായിക്കിടത്തണം * പിന്നെയദ്ദേഹദാഹംചെയ്യുവാനായി
വണ്ണംസ്ഥലമതുശോധനംചെയ്യണം * നന്നായടിച്ചുതളിച്ചുടൻവേദിക
തന്നിലേദർഭയാലുല്ലേഖനംചെയ്തു * തന്മോതിരവിരചാലെജലംതൊട്ടുത
ന്നെനടുക്കുതളിച്ചുവഴിപോലെ *വഹ്നിയെയർപ്പിച്ചുടൻമൃതദേഹത്തെത്തി
ന്നുന്നതുമൂലംക്രവ്യാദനെന്നുപേർ * വഹ്നിയാരുവഹ്നിദേശാനയജ്ഞസാ ന
ന്നായിഹോമിച്ചുപൂജിച്ചുകൊള്ളണം * നെല്ലുമരിയുംസുമവുമിട്ടർപ്പിച്ചു ന
ല്ലപോലേമനോധ്യാനസംയുക്തനായ് * ലോമഭ്യഃസ്വാഹാതേഭ്യഃസ്വാഹാ
മാംസേഭ്യഃസ്വാഹാ യെന്നിങ്ങനെവേദമന്ത്രംചൊല്ലി * ഹോമംവിധി
പോലെചെയ്യണംപാവക ധാമസ്ഥിതിനിവ്വചിക്കേണമിങ്ങനെ * വഹ്നേ!
ശരീരസ്വരൂപമാംപഞ്ചഭൂതങ്ങളെക്കത്തുപുലർത്തിഭരിപ്പതും * പിന്നെജ
ഗത്തുകൾക്കൊക്കെയുമുത്ഭവത്തിന്നൊരുവസ്തുവുംനീയേജഗന്മയ! * നന്ത്യാ
സകലഭൂതങ്ങളെപ്പാലിച്ചിടുന്നതുംക്രവ്യാദനിതന്നെനിശ്ചയം * ഇന്നതുമൂ
ലംസംസാരത്തിൽവന്നുപിറന്നുമരിച്ചോരിവനെക്കരുണയാ * ഇന്ദ്രലോകം
നയിക്കേണംഭവാനെന്നിവണ്ണംകൃശാനുദേവപ്രാർത്ഥിച്ചനന്തരം * തത്രശ്രീ
ഖണ്ഡംതുളസിപലാശവൃക്ഷഅശ്വത്ഥമെന്നവമോരോമരങ്ങളാൽ നല്ലചി

തച്ചമപ്പിച്ചതിന്മേൽശവംമെല്ലെക്കരയേററിവച്ചുപിണ്ഡദാനയം * നൽകീ
ടണംപ്രേതനാമ്നാ ചിതയിലും മെല്ലേശവത്തിൻെറകൈത്താരിലുമായി *
ഏതുസമയംചിതമേൽശവമതു സാദരമേററുന്നിതാസമയംമുതൽ * പ്രേത
മെന്നുള്ളപേരുണ്ടതിപ്പിണ്ഡമ പ്രേതഹസ്തേനൽകിയാൽപിന്നെയില്ലെ
ടോ * പ്രേതകല്പത്തെയറിയുംജനങ്ങളാൽ സാധകമെന്നുപറയപ്പെട്ടന്നി
ളം * സാധകനാമ്നാചിതയിലുംകയ്യതിൽ പ്രേതനാമത്തൊടുംപിണ്ഡദാ
നംചെയ്യാം * ഇങ്ങിനെപഞ്ചപിണ്ഡങ്ങളാലേശവ ത്തിന്നാഹുതിയോ
ഗ്യതസംഭവിക്കുന്നു * അന്യഥാവില്ലതെന്നയാശുചെയ്യാൻ മുൻപുണ്ടാന്ന
പിശാചാദികൾശക്തരാകുന്നു* പഞ്ചപിണ്ഡങ്ങൾപ്രേതത്തിനേവംകൊ
ടുത്തഞ്ചാതെമുൻചൊന്നഹോമാഗ്നിയെസ്സുതൻ * മെല്ലെതൃണങ്ങളിൽക
ത്തിച്ചുവയ്ക്കുകിൽ തെല്ലുമുണ്ടാകില്ലപഞ്ചകംനിശ്ചയം * അരൊരുത്തൻ
പഞ്ചകേമരിക്കുന്നവൻ നേരേഗതിലഭിക്കില്ലകില്ലില്ലതിൽ* ഓരാതെകണ്ട
വനെദ്ദഹിപ്പിപ്പതും പോരായ്മയാമന്യമൃത്യുവുണ്ടാമെന്നാൽ *അപ്രകാരംക
നിഷ്ഠാന ബാല്യംതൊട്ടുമെല്ലോട്ടുരേവതിതന്നന്തമോളവും* മൃത്യുഭവിച്ചാൽ
ദഹിപ്പിക്കരുതു ഭദ്രമായുരാതൃനാമെന്നോക്കനീ * എന്നല്ലദാഹംകഴി
ച്ചാൽദഹിക്കപ്പെ ട്ടന്നവൻെറഗൃഹത്തിന്നുനാശംവരും * പിന്നെസുത
ക്കോതൻഗോത്രജർക്കാവില്ലമൊന്നുഭവിക്കയുഷ്ചെയ്യുമറികനീ * എന്നാ
ലശുഭങ്ങളൊന്നുംഭവിക്കാതെ തന്നെദഹിപ്പിച്ചീടുന്നതിനൊന്ന്യയും * ധ
ന്യമായുള്ളവിധിയുണ്ടതുപറയുന്നേൻചെവിതന്നുകേട്ടാലുമാശുനീ * നേ
രേശവത്തിന്നരികത്തുനാലുശരീരങ്ങൾഭദ്രയാതീത്തുവച്ചീടണം * പാരാ
തെനക്ഷത്രമന്ത്രാഭിമന്ത്രിത ചാരുക്കളാമവററിൽസപർണ്ണവുംചേർത്തു * പ്രേ
താജനതമന്ത്രേണ ർക്ഷനാമഭിർമ്മാദേനസമ്പുടകങ്ങളാൽഹോമവും *
സാദരംചെയ്തുദർഭാകൃതദേഹങ്ങ ളോടുംദഹിപ്പിച്ചുകൊൾകവേണംബുധാ
* പിന്നെസ്സപിണ്ഡനമായദിനത്തിങ്കൽ നന്ദനൻശാന്തിവിധിയതും
ചെയ്യണം * പൃൾപ്പാത്രവുംതപസപർണ്ണവുംവെള്ളിയും തൈലവുംനെ
യ്യ് [illegible] * കൈയഥാക്രമംദോഷോപശാന്തിക്കുനി
വൃത്തിവപ്രദാനംചെയ്യണംപെശ! * ഇങ്ങിനെശാന്തിവിധാനങ്ങളും
ചെയ്തുഭ[illegible] മതാചരിച്ചീടുകിൽ * എങ്ങുമെമവില്ലമെന്നൊന്നും
[illegible] നല്ലസൽഗതിപൂണമപ്രേതങ്ങൾ * പഞ്ചകദേഹമതിങ്ങി
[illegible] പഞ്ചകമില്ലാതെയുംദഹിപ്പിച്ചിടാം*കിംചതൽഭാര്യകുട്ടം[illegible]
നിന്ദാ[illegible] ഞ്ചലാനത്രയേയുംദഹിപ്പിക്കണം * ഭർത്തുഃപ്രിയത്തിലഭിലാ
ഷമുള്ള ചാരശ്രവതിദയിതേനസാകംതഥാ * ദശധായായീട്ടുവാനിച്ചുകി
[illegible] ടോപുരപ്പോഴേ ചെന്നുകുളിച്ചുവന്നീടണം * കണ്ണിൽമഷിയെഴുതിക്കുങ്കു
[illegible] തൊട്ടുനിർമ്മലവസ്ത്രാഭരണങ്ങളുംപൂണ്ടു * ബ്രാഹ്മണർക്കുംനിജബന്ധുക്ക
[illegible] ളും[illegible] ഉള്ളദാനങ്ങൾ ചെയ്യണം * ആചാര്യപാദങ്ങൾവ
ന്ദിച്ചുചെന്നിജദേശത്തിൽനിന്നുവെളിക്കവന്നീടണം * ദേവാലയംപുക്ക
ശ്രീവാസുദേവനെ ഭാവിച്ചുഭക്ത്യാനമസ്കരിച്ചീടണം * ആഭരണങ്ങളവി
ടെസ്സമർപ്പിച്ചു ശ്രീഫലംകൈക്കൊണ്ടുമോഹലജ്ജാദികൾ * ശോഭയോടെ

ല്ലാംവെടിഞ്ഞുപിതൃവന ഗേഹമതിങ്കൽ പ്രവേശിക്കയുംവേണം ＊അടിത്ത ദേവനെനക്കരയിട്ടവന്ദിച്ചു മോദാൽചിതയ്ക്കുവലത്തുവച്ചീടണം ＊ ഭർത്തുരൈക്യംഭേദംധ്യാനിച്ചുറപ്പിച്ചു നിശ്ചയിച്ചുച്ചിതയിൽ പ്രവേശിക്കണം ＊ പൂമെത്തയിൽതൻെറഭർത്താവിനെയങ്ക സ്സീമ്നികിടത്തിയുറക്കുന്നുവെന്നുടൻ ＊ ആമയഹീനംകരുതുകവേണമുൾപ്രേമേണശ്രീഫലംതൊഴികൾക്കേകണം ＊ പിന്നീടുദാഹത്തിനാജ്ഞയെച്ചെയ്യുടൻ ഗംഗയിൽ മുങ്ങിക്കുളിക്കുന്നതുപോലെ ＊ നിർണ്ണയിച്ചാഹന്താനെറദേഹംസാദ്ധ്വി വഹ്നിക്കുഭക്ഷണമായുപേക്ഷിക്കണം ＊ കാന്തൻ മരിക്കുന്നനേരത്തദേഹാന്ത ഭർത്താന്തയാകുന്നസതിയെന്നിരിക്കിലോ ＊ പൂർവ്വത്തമൊഴിയെഗ്രഹിപ്പിക്കരുതുനിദാനതം ഗതികേട്ടുളവായ്വരുമെന്നാൽ ＊കുഞ്ഞിനെപ്പെററുവളർത്തിയാലപ്പൊഴേ കുഞ്ഞാക്ഷിയുംസതിയായിഭവിച്ചിട്ടും＊ അഞ്ജസാഭർത്തൃകുനപത്തൊടങ്ങുധനഞ്ജയനിൽസതിചാടുന്നുവെങ്കിലോ＊നിർണ്ണയംദേഹമേവഹ്നിദഹിപ്പിക്കുമെന്നുമാത്മാവിനുപീഡയേകുന്നില＊തീയിലിട്ടുരുക്കുംപാത്രങ്ങൾമലംപോയമെന്നപ്പാവകൻദഹിച്ചിട്ടുടൻശ്രീയും പരിശുദ്ധതയുമവയ്ക്കുടനായവണ്ണംനൽകീടുംവിധത്തിൽതന്നെ ＊ പീയൂഷശീതളാംഗിയിൽപതിവ്രത പാപങ്ങളെഗ്രഹിപ്പിച്ചുമോചിക്കുന്നു ＊ ദിവ്യാദികളിലഹോസത്യസന്ധനായ് നിർവ്യാജമേററംപരിശുദ്ധനായുടൻ ＊ ധർമ്മിപ്പുനാംനേരൻതപ്തമാംലോഹപിണ്ഡംകൊണ്ടുസംശുദ്ധനാകാതതുപോലെ ＊ ഭർത്താവിനോടുകൂടിദ്ദഹിക്കുന്നപാതിവ്രത്യവതിയുംദഹിക്കുന്നതില്ലെടോ ＊ അന്തരാത്മാത്മാവതായ്മുതനായതൻ കാന്തനോടൊന്നിച്ചുവളുംലയിക്കുന്നു ＊ മൃത്യുഭവിച്ചുദയിതനോടൊന്നിച്ചു മുഗ്ദ്ധാംഗിചെന്നുലയിക്കുന്നതുവരെ ＊ നിശ്ചയംസ്ത്രീശരീരത്തിൽനിന്നായവൾ മുക്തയാകുന്നില്ലപക്ഷികുലേശ്വര! ＊ എന്നതുമൂലംസകലയത്നങ്ങളാൽ തന്നുടെകാന്തനെസ്സേവിക്കണംസദാ ＊ കർമ്മണാവാചാമനസാപിവേണമ തിങ്ങുജീവിക്കുമ്പൊഴും മരിക്കുമ്പൊഴും ＊ ഏതവൾഭർത്താവിനോടുമുടന്തടിപാടിമരിക്കുന്നവളുമനന്തരം ＊ അരുന്ധതിയെപ്പോലെ നാകലോകപൂജ്യയായിവസിക്കും ＊ ഭർത്താവിനുംശോഭനരൂപയായവ ളപ്സരോവർഗ്ഗങ്ങളാൽസ്തൂയമാനയായ് ＊ഭർത്താമിച്ചുവാഴുന്നുപതിനാലു ശക്രന്മാരുടെവാഴ്ചതീരുംവരെ ＊ ഭർത്താവിനോടുമനുഗമിക്കുന്നവൾ ഭർത്തൃകുലംസ്വകുലംപിതാവിൻകുലം ＊ ഇപ്പൊന്നുമൂന്നുകുലങ്ങളുമെത്രയും ശുദ്ധമാക്കുന്നുധരിക്കപക്ഷീശ്വര! ＊ മൂന്നരക്കോടിയാകുന്നമനുഷ്യർക്ക് രോമങ്ങളെത്രയുംകാലമാരോമനേ ＊ വാനവനികങ്ങൾവരനോടുകൂടിയീ മാനിനിതാനുംരമിച്ചുസുഖിക്കുന്നു ＊സൂര്യ്യസമാനവിമാനോപരിമോദപൂർവ്വേണസഞ്ചരിച്ചുംകളിച്ചുംപിന്നെ ＊ സൂര്യനുംചന്ദ്രനുമുള്ളകാലംവരെ ഭാര്യാപതികൾനാകത്തിൽവസിക്കുന്നു ＊ ശുദ്ധമായുള്ളകുലത്തിലവൾപിന്നെ എത്രയുംദീർഘമായിട്ടുമായുസ്സോടും ＊ ഉത്ഭവിക്കുന്നുപതിവ്രതയാമവൾക്കക്കാലവുമവൻതാൻപതിയായ്വരും ＊ അല്പകാലംമാത്രം ദുഃഖം സഹിപ്പാൻവികല്പത്തൊടുമേതുനാരിമടിക്കുന്നു ＊ നിർഭാഗ്യമൂഢയാമവളനേകജന്മകാലത്തോളവുംവിരഹാഗ്നിയാൽദഹിക്കുന്നു ＊ എന്നതുകൊണ്ടുതൻഭർത്ത

വിനെശ്ശിവനെന്നുനിനച്ചുകൂടെദ്ദഹിച്ചീടണം* ധന്യയാംസാധ്വിയില്ലെ
ന്നവനാലവൻ തന്നെയേവംദഹിപ്പിക്കണംവിഷ്ഠിര! * പാതിദഹിക്കും
പൊഴോദഹനംതീൎന്ന ചോതിലോമസ്ഥകമാശുപൊട്ടിക്കണം * സാദരംന
ല്ലവിറകുകോലാലിദ മാചരിക്കാംഗൃഹസ്ഥൻതാനതെങ്കിലോ * ശ്രീഫലം
കൊണ്ടുവേണംയതികൾക്കുശോഭനംബ്രഹ്മരന്ധ്രത്തെഭേദിച്ചുടൻ* പൈ
തൃകംലോകംഗമിപ്പാൻഭവിക്കുന്നുകൈതവമല്ലഗരുഡധരിക്കനീ * പി
ന്നെയാജ്യാഹുതിചെയ്യേണംതസ്യ നന്ദനൻതാഴെപ്പറയുന്നമന്ത്രത്താൽ*
വഹ്നിദേവ!ഭവാൻവാസുദേവൎത്തങ്കൽ നിന്നഹോസഞ്ജാതനായിഭവിക്കുന്നു
* നിന്നിൽനിന്നിജ്ജനവുംപുനരങ്ങിനെതന്നെ സ്വൎല്ലോകഗതിക്കായിവ
ന്നടെ * ദേഹംഭവാങ്കൽഹവിസ്സായ്ഭവിക്കട്ടെ സ്വാഹഭവാനിൽനന്നാ
യിജ്വലിക്കട്ടെ * ഏവംതിലമിശ്രമായിസമന്ത്രക മായുടനാജ്യാഹുതി
കൊടുത്തിട്ടുടൻ * ഗാന്ധംകരയണമെന്നാൽമഹാസുഖം ബാന്ധമവന്നുഭവി
ക്കും പതംഗമേ! * ഏവംദഹനംകഴിഞ്ഞാൽവധൂജനം പോയിക്കുളിക്ക
ണംമുൻപേനിരന്തരം * മായമെന്ന്യെപിന്നെനന്ദനന്മാർകുളിച്ചായവണ്ണം
നാമഗോത്രോപകല്പിത * മായതിലോദകംനൽകിനിംബച്ഛദം വായിലിട്ട
ങ്ങുചവച്ചിറക്കീടണം * ചത്തുപോയോരുനരൻെറഗ്ഗുണഗണം വിസ്തരി
ച്ചോതണംപിന്നെനിരാകുലം * പെണ്ണുങ്ങൾമുൻപുംപുരുഷർപുറകുമായ്
ചെന്നുഗൃഹത്തിന്നകത്തുകടക്കണം* പിന്നെയുമൊത്തുകുളിച്ചുഗോഗ്രാസമ
തന്ന്യൂനമാശുദാനംചെയ്യണമല്ലോ * ഭക്ഷിപ്പതുമിലതന്നിൽവേണംതത്രഭ
ക്ഷിച്ചുകൂടാഗൃഹാന്നംധരിക്കനീ* ചത്തേടംചാണകമിട്ടുതളിച്ചുകൊളുത്തുക
വേണംവിളക്കതെക്കോട്ടെടോ * നക്തന്ദിവംപന്തിരണ്ടുനാളോളമണയ്ക്കരു
തെന്നുംധരിക്കപക്ഷീശ്വര! * അത്രയുമല്ലശ്മശാനത്തിലോനൽചതുഷ്പഥ
ത്തിങ്കലോസൂക്ഷ്മനണയുമ്പോൾ* വയ്ക്കണംമൂന്നുനാൾകൂട്ടാതെതോയവുംദുഗ്ദ്ധ
വുംമൃത്ഭാജനത്തിലെന്നോൎക്കനീ * പുത്രൻകലത്തിൽനിറച്ചുസലിലവുംദു
ഗ്ദ്ധവുംചേൎത്തുവച്ചിട്ടുകാഷ്ഠത്രയം* ബദ്ധാദരംചരടാൽകെട്ടിയങ്ങിവതൊട്ടി
ദംമന്ത്രംജപിക്കയുംചെയ്യണം* ദഗ്ദ്ധനത്രേചുടലത്തീയിൽനീപരിത്യക്തനാ
ത്രേസ്വജനങ്ങളാലുംദൃഢം* അല്പമിക്ഷീരവുംനീരവുമിങ്ങുകുടിക്കയെന്നേവം
ജപിക്കവേണ്ടുന്നതും* സാഗ്നികന്മാരുംനിരഗ്നികരുംസഞ്ചയക്രമംനാലാം
ദിനമനുഷ്ഠിക്കണം * അനുശനിവാരമുഖ്യദോഷങ്ങളുണ്ടെന്നുവരികിൽമൂ
ന്നാംനാളുമാമെടോഅല്ലരണ്ടാംനാളിലുംവിരോധങ്ങളങ്ങില്ലയെന്നാൽസഞ്ച
യംചെയ്തീടാംദൃഢം* മെല്ലെച്ചുടലസ്ഥലത്തുചെന്നിട്ടുടൻനല്ലപോലെകുളി
ച്ചാശുവിശുദ്ധനായ്* ഉണ്ണിസൂത്രംവേഷ്ടനംചെയ്യുമെല്ലവെളുത്തുണ്ണംപവിഴം
പരിധാനവുംചെയ്തു* നന്ദനൻപിന്നെശ്മശാനനിവാസികൾക്കന്യൂനമായ
ബലികൊടുത്തീടണം * എന്നല്ലഹോയമായതേതിമന്ത്രേണമൂന്നുവട്ടംചെ
യ്യവേണംപ്രദക്ഷിണം പാലുകോരിച്ചിതാസ്ഥാനേതളിച്ചുകീലാലേനസേച
നംചെയ്തോരനന്തരംചാലവേഅസ്ഥികളൊക്കെപ്പെറുക്കിയങ്ങാലിനചേത
സ്സല്ലാശയിൽചേൎത്തു* പാലുംസലിലവുംകൊണ്ടുകഴുകീട്ടുപാരാതെമൺമ
യപാത്രത്തിലിട്ടുടൻ * ശ്രാദ്ധംവിധിപോലെചെയ്യേണം പരമാത്മന

സ്ക്കനായ്കേൾക്കപക്ഷീശ്വര! *മുക്കോണമായ്സ്ഥണ്ഡിലന്തീർത്തുഗോമയ
മിട്ടുമെഴുകീട്ടുതെക്കുമുഖമായി *പില്പാടതിലിരുന്നാരോരോപിണ്ഡങ്ങൾവ
യ്ക്കണംതെക്കുംവടക്കുംപടിഞ്ഞാറും*പിന്നെശ്ശുവഭസ്മമൊന്നിച്ചുകൂട്ടീട്ടതിന്ന
ടുഭാഗത്തുറപ്പുമുണ്ടാക്കണം * എന്നിട്ടുവെള്ളംനിറച്ചുജലംമുഖമൊന്നിട്ടുമ
ണ്ടുമൂടാതതിന്മേൽവച്ചു * നന്ദിച്ചുനക്കലരിവച്ചുതൈരുംനെയ്യുംനിവക്കൂട്ടീ
ട്ടുസോദകംസാദരം * പ്രേതത്തിനുമിഷ്ടമായ്ബലിനൽകണമേതുമേകുറവും
വരാതെനിരാകുലം * നേരേവടക്കോട്ടൊരുപതിനഞ്ചടിപാരാതെചെന്നുമ
നടന്നവിടെപ്പിന്നെ * പാരിലൊരുകുഴിതീർത്തസ്ഥിപാത്രത്തെനേരേ
യതിൽവച്ചുകൊൾകവേണ്ടുന്നതും * മെല്ലവേദാഹാർത്തിനാശനമാംപി
ണ്ഡമല്ലലെന്ന്യെയതിൽനൽകവേണ്ടുന്നതും * അല്ലത്തുംപിന്നെയങ്ങു
സ്ഥിപാത്രംകുഴിക്കുള്ളിൽനിന്നെടുത്താശ്ശുജലാശയം * പ്രാപിച്ചുപാലു
കൊണ്ടുംജലംകൊണ്ടുമേക്ഷാളനംചെയ്തുപലപോതുമസ്ഥികൾ * ചേലൊ
ത്തകുങ്കുമമാമേയപങ്കങ്ങളാലെത്രയുംവിശേഷിച്ചണിഞ്ഞിട്ടുടൻ *സമ്പു
ടകത്തിങ്കലാക്കിശ്ശിരസ്സിലുംനെഞ്ചിലുംചേർത്തുവിട്ടുന്നനടക്കണം * ഗംഗ
യെപ്രാപിച്ചുഭംഗ്യാനമസ്കരിച്ചങ്ങതിൻമദ്ധ്യത്തിലിട്ടുപോന്നീടണം * ഇ
ങ്ങിനെചെയ്താൽപരേതനാംമർത്ത്യനഭംഗുരമായഗതിവരുംനിർണ്ണയം * പ
ത്തുനാളിന്നകമാരുടെയസ്ഥി നിമജ്ജിച്ചിടുന്നുഗംഗാംബുവിലപ്പുമാൻ *
നിശ്ചയമാവൃത്തിഹീനനായ് ബ്രഹ്മലോകത്തിൽസുഖിച്ചുവസിക്കുംനിരം
കുശം * എത്രനാളേക്കുഗംഗാംബുവിലസ്ഥികിടക്കുന്നിതത്രനാളേക്കുമപ്പു
ണ്യവാൻ*സ്വർഗ്ഗലോകത്തിലതിതരാംപൂജ്യനായ്സ്വച്ഛന്ദമാവസിക്കുന്നുപ
ക്ഷീശ്വര! * ഗംഗയിൽത്തട്ടിയകാററുചെന്നെതൊരുപുണ്യവാൻതന്റെശി
രസ്സിലന്തട്ടുന്നു * നിർണ്ണയംപാപങ്ങളെല്ലാമവന്നുതീരുന്നുമന്ദാകിനീമാഹാ
ത്മ്യമോക്കിനീ * മുന്നംമഹത്താംതപസ്സുചെയ്തുഗ്ഗംഗതന്നെബ്ഭഗീരഥനാംനൃ
ഭൂമീശ്വരൻ * തന്നുടെപൂർവ്വജന്മാക്കുഗതിവരുത്തുന്നതിനായ്സ്വർഗ്ഗലോ
കത്തിൽനിന്നുടൻ * കൊണ്ടുപോന്നാനതിശ്ലാഘ്യയാംജാഹ്നവിതന്റെപ
വിത്രയാംകീർത്തിമുപ്പാരിലും * കൊണ്ടാടിടുന്നുഭസ്മിച്ചസഗരജർക്കുമ്മേലോട്ടു
സ്വർലോകമേകിനാൾപാവനാ * പൂർവ്വവയസ്സിലനേകപാപങ്ങൾ
ചെയ്താരാൽമരിക്കുന്നമാനവന്മാർകളും * പാരംപ്രിയതയാംമന്ദാകി
നിതന്റെ നീരതിലസ്ഥികൾവീഴ്കകാരണം * നാകലോകത്തെഗ്ഗമി
ക്കുന്നഹോനവ് ഭാഗധേയത്തോട്ടുമെന്നുധരിക്കനീ* പണ്ടൊരുകാട്ടാളനൊ
രോമൃഗങ്ങളെ കൂടൊന്നുകൊലചെയ്തുരണ്യാന്തരേ * സഞ്ചരിക്കുംപോൾ
ഹതവിധിയാലൊരു പഞ്ചാസ്യനാൽഹതനായാനവൻതാനും*ഘോരന
കങ്ങളിലേക്കഹോധർമ്മ ദൂതരവനെയുംകൊണ്ടുപോയുടവെ * യാദൃച്ഛിക
മായവന്റെയസ്ഥിയ പൂതയാംഗംഗാനദിയിൽപതിക്കയാൽ* പാതകമെ
ല്ലാംനശിച്ചവനുംശക്രനാദരപൂർവ്വമയച്ചവിമാനത്തിൽ * വന്ദിച്ചുമെല്ലെ
ക്കരേറിസ്സുരലോകം ചെന്നുപുക്കേററംസുഖേനവാണീടിനാൻ*എന്നതുകൊ
ണ്ടുസൽപുത്രൻസ്വയമേവ ഗംഗയിലസ്ഥിനിക്ഷേപിക്കണംഗുണം *ഭംഗി
യിൽ സഞ്ചയനാനന്തരംമുദാ പിന്നെദ്ദശഗാത്രവുമാചരിക്കണം* അന്ന്യാ

ശത്രുകിടന്നുമരിക്കിലും ചെന്നവൻകാട്ടിൽകുടുങ്ങിമരിക്കിലും * എന്നല്ല
ഘോരദുഃഖത്താലഹോമൃതിവന്നു ശരീരംലഭിക്കാതെയോവന്നാൽ * ചത്തു
പോയെന്നറിയുന്നദിനംതൊട്ടു മൃത്യുദിവസം കണക്കാക്കിവെകാതെ * ദ
ർഭ്ഭയാലംഗംചമച്ചുദഹിപ്പിച്ചു ഭസ്മമെടുത്തുപോയ്ഗംഗയിലിട്ടുടൻ * തദ്ദി
വസംമുതലെണ്ണിദ്ദശാഹ മുഖ്യവിധിമുതലായവചെയ്യണം * വത്സരശ്രാ
ദ്ധത്തിനാദ്ദിനംതന്നെക ണക്കാക്കിയാചരിക്കേണംഖഗവര! * ഗർഭംതിക
ഞ്ഞൊരുനാരിമരിക്കിലങ്ങർഭകനെജ്ജഠരംകീറിവെകാതെ * നിസ്സംശയ
മെട്ടത്താശുകഴിച്ചിട്ടു തദ്യോഷയെദ്ദഹിപ്പിക്കവേണംഖഗ * ഗംഗാനദിയു
ടെതീരത്തിൽവച്ചൊരു കുഞ്ഞുമരിച്ചുപോയാലതിനെത്തടാ * ഗംഗയിൽ
തന്നെയിടേണമങ്ങന്യദേശങ്ങളിൽവച്ചുമരിച്ചുവെന്നാകിലോ * അങ്ങിരു
പത്തേഴാമാസവയസ്സിലടങ്ങിയതെങ്കിൽകുഴിച്ചുമൂടിടണം * പിന്നിട്ടുച
ത്താൽദഹിപ്പിക്കണമസ്ഥിജ്ജാഹ്ന വിതന്നിൽനിക്ഷേപിക്കയുംവേണം *
പിന്നെജ്ജലകുംഭദാനവുംചെയ്തു ബാലന്മാൎക്കുഭോജനവുംകൊടുത്തീടണം *
ശൈലസിപ്രജമരിച്ചാലൊരു വസ്തുവുമാചരിക്കേണ്ടതായില്ലടോ * ദുഗ്ദ്ധം
കൊടുക്കവേണംശൈശവത്തിങ്കൽമൃത്യുഭവിച്ചാലതിനില്ലസംശയം * ബാ
ലൻമരിച്ചാൽഘടമ്പായസംഭോജ്യംമാലന്നയാതിവന്നല്കീടുകവേണം * പാ
ലേകുമാരൻമരിക്കിൽകുമാരരാം ബാലകന്മാരെഭുജിപ്പിക്കവേണതും * പൂണു
നൂലിട്ടവൻപൌഗണ്ഡമാംവയസ്സാന്നിടവേമരണംഗമിച്ചീടുകിൽ * ഭൂമി
സുരരെയുംബാലകന്മാരെയും കാമംഭുജിപ്പിച്ചുസന്തൃപ്തരാക്കണം * പൂണുനൂ
ലിട്ടാലുമില്ലെങ്കിലുംവയസ്സൂനമില്ലാതഞ്ചുചെന്നുമരിക്കുകിൽ * നൂനംഗു
ളംപായസമിവനാൽപിണ്ഡ ദാനംക്രമാൽപത്തുചെയ്യണംനിർണ്ണയം *
ഏകാദശദിനേദ്വാദശത്തിങ്കലും ശോകാപഹംവൃഷോത്സൎഗ്ഗംമഹാദാനം
* ഈവകരണ്ടുമൊഴിച്ചുള്ളകൎമ്മങ്ങ ളാവശ്യമാണപൌഗണ്ഡമരിക്കു
കിൽ * ജീവിച്ചുതാനിരിക്കുമ്പൊഴുംപ്രേത പൌഗണ്ഡകാലത്തുമില്ലസ
പിണ്ഡനം * ആകയാൽപന്തിരണ്ടാംദിവസത്തിലെ ങ്ങേകോദ്ദിഷ്ടംവഴി
പോലാചരിക്കണം * ഭൂസുരന്മാൎക്കുവ്രതയോഗ്യമാംസ്ഥാനേശ്രാദ്ധകൎമ്മപ്പോ
ലെസീമന്തിനികൾക്കും * ഭോംവിവാഹംവ്രതത്തിന്മുൻപായ്വയസ്സല്പ
യാംക്രിയനാവൎക്കമോൎക്കനി * സ്വല്പമാംകൎമ്മപ്രസംഗമതിനാലും സ്വല്പ
മായിട്ടുംവിഷയബന്ധത്താലും * സ്വല്പമാകുംവയോഭേദങ്ങളാലുമി ങ്ങല്പ
മാകുന്നക്രിയകളുമോൎക്കനീ * യൌവനത്തിങ്കൽകിശോരകാലത്തിലും ചെ
യ്യുവേണംവൃഷോത്സൎഗ്ഗഗോദാനങ്ങളും * ശയ്യാദിദാനങ്ങളുംപദദാനവുംമ
റ്റുമെന്യേമഹാദാനവുംചെയ്യണം * ദാനവുംപിന്നെയുദയക്രിയകളും അ
ഹന്ത!ദാനംയതികൾക്കാക്കില്ല * സ്നേഹംകലൎന്നസുതാദികളാൽദശഗാത്രാ
ദികളവൎക്കില്ലറികനീ * ദണ്ഡംഗ്രഹിക്കമാത്രംകൊണ്ടുദേഹനരൻ നിൎണ്ണ
യംനാരായണനായ്ഭവിച്ചീടും * എന്നല്ലനല്ലത്രിദണ്ഡംധരിക്കുകിൽ എ
ന്നുമുണ്ടാകില്ലവൎക്കുപ്രേതത്വവും * ജ്ഞാനികളായവർസ്വരൂപാനുഭാവേന
നൂനംസദാമുക്തരായിഭവിക്കുന്നു * മാനസേതെല്ലുമവൎക്കതിനാൽപിണ്ഡ ദാ
നത്തിലാശയശേഷവുമില്ലെടോ * എന്നതുമൂലമവൎക്കുദകവും പിണ്ഡാ

ദികൎമ്മങ്ങളുമനാവശ്യമാം * പിന്നെഗ്ഗയാശ്രാദ്ധവുംതീൎത്ഥശ്രാദ്ധവുംന
ന്ദ്യാപിതൃഭക്തിപൂണ്ടാചരിച്ചിടാം * കേൾക്കനീഹംസൻ,പരമഹംസൻ
പൂൎണ്ണ രത്നകുടീചൻബഹൂദകൻതഥാ *ഇച്ചൊന്നസന്ന്യാസികൾമരിച്ചാൽ
ധരണിസ്ഥലേസ്ഥാപിക്കേണമവരെദ്ധ്രുവം * ഗംഗാദികൾസമീപത്തില്ലയെ
ങ്കിലേ മണ്ണിലവരെക്കുഴിച്ചിടാവൂദ്ധ്രുവം * വന്നടിയുള്ളേടത്തച്ചൊന്നവൎക്ക
ളെ തണ്ണീരിൽപ്പെട്ടിടുകവേണമോൎക്കനീ *

ഇതി ശ്രീഗാരുഡപുരാണേ ദാഹാസ്ഥിസംചയ
കൎമ്മനിരൂപണോനാമ
ദശമോദ്ധ്യായഃ.

## പതിനൊന്നാമദ്ധ്യായം.

---

വൈകുണ്ഠഭഗവാന്റെപാവനമായീടുന്നമകരന്ദമതാനന്ദസിന്ധു
വിൽമുഴുകിയും * മെയ്കൊണ്ടീടുകവേണ്ടതാതുള്ളനിൎവ്വാണത്തിന്നു കൈകണ്ട
മരുന്നായോരതുള്ളപ്പാട്ടുകേട്ടും * കൈവന്നോരദ്വൈതാനന്ദാലീനമാനസനാ
യ്മെയ്മലിന്ദസമഗാത്രനോടുതാൎക്ഷ്യനംചൊന്നാൻ *ദാഹാസ്ഥിസഞ്ചയ
നകൎമ്മവിസ്താരംകേട്ടു മോഹാന്ധകാരംതീൎന്നുശുദ്ധനായഹംവിഭോ! * മാ
ഹാത്മ്യമെഴുംദശഗാത്രമാംവിധിയുമെൻ മോഹങ്ങൾതീരുമാറുവിസ്തരി
ച്ചോതീടണം * എന്നല്ലതനയന്മാരില്ലാതെവന്നീടുകിലിന്നതുചെയ്യേണ്ടതാ
രെന്നതുംവഴിപോലെ *മന്നൊഴിയാതെയറിയിക്കേണമെന്നുകേട്ടുപുണ്ഡരി
കാക്ഷൻതാനുമീവണ്ണമരുൾചെയ്തു * എങ്കിലോദശഗാത്രവിധിയേയമഹാ
തവശങ്കകൾതീൎന്നീടുവാൻപറയാമല്ലോഞാനും * പങ്കജനാഭംചൈതൃകമാ
മൃണംയാതൊന്നിനാൽ ഹന്ത!സൽപുത്രൻവിട്ടുമുക്തനായ്ഭവിക്കുന്നു*നന്ദ
നൻശോകംപരിത്യജിച്ചുസാത്വികിയാ കുന്നോരധൃതിയോടുംപിതൃപി
ണ്ഡാദികളെ * നന്ദ്യാചെയ്യുകവേണമശ്രുപാതമന്നേരംവന്നുകൂടാനിൎണ്ണ
യമെന്നുനിൎദ്ധരിച്ചാലും * ബന്ധുക്കൾമോചിക്കുന്നശ്ലേഷ്മാശ്രുവതുംപൂൎണ്ണ ത
ന്നിലേകനിന്നവശപ്രേതവുംഭുജിക്കുന്നു* ഹന്ത!തെല്ലുമേഫലംശോകത്തിനാ
ലില്ലതു കൊണ്ടുരോദിച്ചിടുകയോഗ്യമല്ലതുനേരം * ആയിരംസംവത്സരങ്ങ
ളിൽകരഞ്ഞാലും മായമല്ലഹോമൃതനായവനെക്കാണുമോ * ജനിച്ചാൽ
മരണവുമേരിച്ചാൽജനനവും മനുഷ്യനൊന്നല്ലെല്ലാററിനുമുണ്ടറിഞ്ഞാലും
* നിനച്ചാലൊഴിക്കവയ്യാത്തതിലതുമൂലം മനശ്ശോകത്തിന്നിടമൊട്ടുമേ
ന്നില്ലവിദ്വാൻ * മരിച്ചുപോയവരെത്തിരികെവരുത്തുവാൻ കരുത്തുമനു
ഷ്യൎക്കമീശ്വരന്മാൎക്കുമില്ല * അവശ്യംഭവിക്കേണ്ടഭാവങ്ങളഹോ പരിഹരി
പ്പാനൊരുവഴിയുണ്ടെന്നു വരുന്നാകിൽ * ഭവിക്കില്ലായിരുന്നുദുഃഖംനൈ
ഷധയുധിഷ്ഠിരൎക്കുംവൈകുണ്ഠാംശമായരാമസ്വാമിക്കും * അൎക്കമാരോടും
തന്നെവലരെദ്ദിനംവാഴാൻ ഓൎക്കിലാമല്ലെന്നല്ലസ്വാസ്ഥ്യാംശത്തോടുപോലും

* ദീൎഘകാലത്തെസഹവാസമില്ലന്ന്യജന ചേഷ്ടയെക്കുറിച്ചുചൊല്ലീടുവാ
നുണ്ടോപിന്നെ * വഴിപോയീടുന്നവൻതണലിൽപുക്കിരുന്നു വഴി
യേവിശ്രമിച്ചുപിന്നെയുംപോകുംപോലെ * അഴിവുള്ളതുതന്നെ ഭൂത
സംഗമംകാലത്തുളവാക്കും ഭക്ഷ്യങ്ങൾവച്ചിട്ടുതീരുംപോലെ * അങ്ങിനെ
യുള്ളഭോജ്യപുഷ്പമാണമാംവപു സ്സെങ്ങിനെനിത്യമായിഭവിക്കുംഖഗശ്രേ
ഷ്ഠ! * ഈവിധംദുഃഖത്തിനുള്ളൌഷധംപാൎത്താലുംസാവധാനതപൂ
ണ്ടസാരമാംവിചാരംതാൻ * അപ്പോളംവിചാരിച്ചജ്ഞാനസംഭവം ശോ
കം കേവലംസന്ത്യജിച്ചുചെയ്യണംക്രിയസുതൻ * സുതനില്ലെങ്കിൽഭാ
ൎയ്യചെയ്യണംഭാൎയ്യയില്ലാത്തവനുമായാൽക്രിയസോദരൻചെയ്തീടണം *
അവനീസുരനായാൽ ശിഷ്യനോ സപിണ്ഡനോ പവനാശനാരാതേ!
ചെയ്യാംതൽക്രിയനൂനം * മരിച്ചുപോയവനുമകനില്ലെങ്കിൽജ്യേഷ്ഠക
നിഷ്ഠഭ്രാതാക്കൾതൻപുത്രരോപൌത്രന്മാരോ * തെരിക്കെന്നിവരിലാരെങ്കി
ലുംദശഗാത്രാദികളെച്ചെയ്തീടണംപതത്രികുലവര! * ഒരുതാതനുജനിക്കു
ന്നമക്കളിലാൎക്കാനൊരുപുത്രൻജനിക്കിലവനാലവരെല്ലാം * ഒരുപോലഹോ
പുത്രവാന്മാരായിത്തീരുമെന്നരചെയ്തുമനുവതുസത്യവുംതന്നെ * ഒരുത്ത
നനേകപത്നികളുള്ളപ്പോളതിലൊരുത്തിക്കൊരുപുത്രൻജനിച്ചീടുന്നനേരം
* തരത്തിൽമററുള്ളോരുംനന്ദനവതികളായ് ഭവിക്കുമെന്നുമുള്ളിൽധരിക്ക
പക്ഷിശ്രേഷ്ഠ! * മക്കളില്ലെങ്കിൽമിത്രമായുള്ളനരൻതന്നെ വയ്ക്കണംപി
ണ്ഡമതുവിഹിതമെന്നുകേൾപ്പു * മക്കളുംമിത്രങ്ങളുമാരുമില്ലെന്നാകിലും ത
ൽക്രിയാലോപംപുരോഹിതൻചെയ്യരുതല്ലോ * പുരുഷാബലമാരിലാൎക്കുമി
ഷ്ടനായോൻെറ മരണശേഷക്രിയചെയ്യാംമററാളില്ലെങ്കിൽ * ശരണമില്ലാ
ത്തുള്ളശവത്തെസംസ്കരിക്കും കരുണാനിധിക്കുണ്ടാംകോടിയാഗത്തിൻഫലം
* ജനകൻതൻെറദശഗാത്രാദിവിധികളെ ത്തനയൻതന്നെചെയ്യവേണമെ
ന്നറികനീ * തനയന്മാരിൽജ്യേഷ്ഠൻമരിക്കുംവിഷയത്തിൽ പ്രണയംമൂലംതാ
തനൊന്നുംചെയ്തില്ലെങ്കിലും * കനിവുപൂണ്ടുശേഷമുള്ളപുത്രരിലേകൻ വിന
യത്തോടുംദശഗാത്രമാംസപിണ്ഡതാം * ഗുണമുണ്ടാവാൻചെയ്യവേണം
ഷോഡശശ്രാദ്ധാദ്യനുകാൎയ്യങ്ങളുമാണവനേകനാൽതന്നേ * പണവുംപറ
മ്പുമെല്ലാംവെവ്വേറെഭാഗിച്ചു തനയന്മാരുംപകുത്തകന്നുപോയെങ്കിലും * മു
നിവോടിക്കൎമ്മങ്ങളൊരുത്തൻചെയ്യാനല്ലോ മനുമുഖ്യന്മാരുടെവിധിയെന്ന
റികനീ * പിന്നെയാണ്ടുതോറുമൂട്ടുന്നചാത്തംവെവ്വേറെ തന്നെയാകുന്നുവേ
ണ്ടതെന്നുംചൊല്ലുന്നുവല്ലോ * എന്നതുമൂലംമൂത്തനാമനുജൻദശഗാത്ര മെ
ന്നസൽക്രിയചെയ്യുന്നന്നെന്നുവന്നിടുന്നു * പ്രേതംനോററുടൻവേറേവച്ചുണ്ട
ധരാതലമതിലുത്തരീയവും വിരിച്ചുകിടന്നഹോ * പരമംബ്രഹ്മംതന്നെ
ചിന്തിച്ചുദിവാനിശം പരിശുദ്ധനായേവനച്ഛനമ്മമാരുടെ * സൽക്രിയ
ചെയ്തീടുന്നപുത്രൻഭൂമിയെയേഴ് വട്ടംചുററുന്നവൻെറപുണ്യത്തെപ്രാപിക്കു
ന്നു * എന്നല്ലദശഗാത്രംതൊട്ടുവാർഷികംശ്രാദ്ധ മെന്നുള്ളകൎമ്മത്തോളംവി
ധിപോലവേതന്നെ * ധന്യനാമേതുപുത്രൻചെയ്തീടുന്നവനങ്ങുവന്നീടുന്നി
തുഗയാശ്രാദ്ധമൂട്ടീടുംഫലം * കിണറുംകുളംതീൎത്ഥമാരാമംദേവാലയം കനി

ചോദിച്ചൊന്നതിഃലതിലെങ്കിലുംമുദാ* മദ്ധ്യമയാമത്തിങ്കൽചെന്നമന്ത്രകമാ
ദി സതപാംകുളിച്ചൊരുമരത്തിൻചുവടതിൽ* തെക്കോട്ടുമുഖംതിരിഞ്ഞിരു
ന്നുവേദികയൊന്നസ്ഥലത്തുണ്ടാക്കിഗ്ഗോമയത്താൽതളിച്ചതിൽ * പണ്ണമാ
മാസനത്തിൽദർഭകൊണ്ടുണ്ടാക്കിയ ധന്യകൌശികദ്വിജൻതന്നെയുംനി
ക്ഷേപിച്ചു* പാദ്യാദികളാൽപൂജചെയ്തുടൻനസിയെ നാദ്യവാചകമായമ
ന്ത്രവുംപറഞ്ഞുടൻ* മേല്യമാമിതിനെവന്ദിക്കണംപിണ്ഡാർത്ഥമായഗ്രേവ
യ്ക്കണംദർഭാസനത്തെത്തന്നയനം* പിന്നീട്ടതണ്ഡുലത്തെപ്പചിച്ചോയവപി
ഷ്ടാദ്യങ്ങളെക്കൊണ്ടോപിണ്ഡമതിന്മേൽനല്കീടണം * പേരുംവംശവുംപറ
യേണമനന്തരംചാരുശീരചന്ദനംഭൃംഗരാജപുഷ്പങ്ങളെല്ലാംധൂപവുംദീപംപി
ന്നെനൈവേദ്യംമുഖവാസ മീചകനോട്ടുംനിവേദിച്ചുദക്ഷിണചെയ്തു*പാലും
വെള്ളവുമൊരുപാത്രത്തിലൊഴിച്ചിട്ടു കാകാന്നത്തെയുമിട്ടൊന്നാമത്തെദി
നംമുതൽ * അഞ്ജലികളെയൊന്നൊന്നായിവർദ്ധിപ്പിച്ചുട നെന്നാൽദത്ത
മാകുമിപ്പിണ്ഡവുംബലികളും * ഉന്നപേരാംപ്രേതത്തിനായ്‌ഭവിക്കട്ടെദൃ
ഢമെന്നുസങ്കല്പിച്ചർപ്പിച്ചീടണംഖഗോത്തമ! * ചോറുംമുണ്ടുംവെള്ളവുംമ
റവുള്ളവസ്തുക്കളും തീരുമെന്നല്ലുടൻപ്രേതത്തിനേകുന്നതെല്ലാം പ്രേതശ
ബ്ദോച്ചാരണപൂർവ്വംനൽകിയാൽമൃതനായവനുതുല്യമില്ലാത്തഫലംനൽകും
* ഒന്നാമത്തെനാൾമുതൽസപിണ്ഡിക്രിയയോളം തന്നാംഗിമാക്കുംപുരുഷ
ന്മാർക്കുമൊരുപോലെ * തൻമൂലംപ്രേതശബ്ദമുച്ചരിക്കേണ്ടുമററം നാനാ
ണതെന്നാശ്രുനീനിന്നാണധരിച്ചാലും * യാതൊരുവിധികൊണ്ടു യാ
തൊരുപിണ്ഡംനൽകു നാദിവാസരത്തിങ്കലതുമാതിരിതന്നെ * സാ
ദരംപിന്നീട്ടുള്ളൊരൊൻപതുപിണ്ഡങ്ങളു മേകണമെന്നുണ്ടെതുനിനസിക്ക
രുതല്ലോ * ഒൻപതാംദിവസത്തിൽസപിണ്ഡരെല്ലാവരു മൻപോ
ടുമെണ്ണതേച്ചുതാളിയുംപതച്ചുടൻ * മുമ്പിനാൽമൃതനായമർത്ത്യനുസ
ദ്ഗതിപ്രാപ്തിക്കാൻചോദനംചെയ്തുപുറത്തുഗമിച്ചുടൻ * കുളിച്ചുകറിക്ക
യ്യിൽമലരുംകറുകയും വഹിച്ചോരബലനേമുന്നടത്തിസ്സാദരം * മരിച്ച
വീട്ടിനുള്ളിൽഗമിച്ചുകറുകതൻ തഴപ്പുപോലെകുലംതഴച്ചുവരട്ടെന്നും * മ
ലരുപോലെവിലസീടണമെന്നും പ്രാർത്ഥിച്ചുമലഗൃഹത്തിൽവർജ്ജിക്കണമ
വരണ്ടും * പത്താംനാൾമാംസപിണ്ഡംനൽകണമതല്ലെങ്കിൽ സതപരമു
ഴന്നിനാൽവേണമെന്നറിഞ്ഞാലും *പത്രമേ!കലിയിങ്കൽമാംസത്താൽപിതൃ
കർമ്മമസ്തമിതപ്രായമാണെങ്ങുമില്ലല്ലോതന്നെ * പത്താംനാൾബന്ധുക്ക
ളെല്ലാവരുംക്ഷൌരംകഴിച്ചുതുസന്തുഷ്ടിയോടുകുളിച്ചുവന്നിടണം* തല്കർമ്മ
കർത്താവാകുംനന്ദനൻതാനുംകഴിപ്പിക്കണംക്ഷൌരംപിന്നെ വിഷ്ണിരകുലാ
ധിപ!* പത്തുനാളിലുമോരോവിപ്രസത്തമന്മാരെമ്മൃഷ്ടാഷ്ടികൊണ്ടുപാരംതൃ
പ്തരാക്കണംവേണം * കൈത്താർകൂപ്പിശ്രീഹരിയെധ്യാനിച്ചുടൻപ്രേതമുക്തി
യെപ്രാർത്ഥിക്കയുംവേണമെന്നറികനീ * അതസീസുമസമംപീതവാസസം
നാശരഹിതംശ്രീഗോവിന്ദമാരുവാൻനമിക്കുന്നോ * നിനച്ചാലവനൊ
രുഭയപ്പാടൊരുനാളു മുദിക്കാദൃഢമെന്നുധരിക്കവഴിപോലെ * താമരപ്പൂക്ക
ണ്ണനായക്ഷയ്യനായ്കൈകളാം താമരകളിൽശംഖചക്രാദികളെപ്പൂണ്ടു

* കോമളനായനാദിനിധനനാകുംദേവൻ കാമമപ്രേതമോക്ഷപ്രദനായ് ഭവിച്ചാലും * ഇങ്ങനെസംപ്രാൎത്ഥനാമന്ത്രത്തെഖ്ഭക്ത്യൈവതാ നന്ദ ഫംശ്രാദ്ധാവസാനത്തിങ്കൽജപിക്കണം * എന്നല്ലകുളിച്ചുവീട്ടിൽചെ ന്നു ഗോഗ്രാസദാനംചെയ്തശേഷംതാനുംഭക്ഷണംകഴിക്കണം *

ഇതി ശ്രീഗാരുഡപുരാണേ സാരോദ്ധാരേദശഗാത്രവിധിനിരൂപണംനാമ ഏകാദശോദ്ധ്യായഃ.

## പന്ത്രണ്ടാം അദ്ധ്യായം.

---

കമലവിലോചനസ്വാമിതന്നുടെപ്പാ ടമലാത്മാനംചെവികൊണ്ടു സന്തോഷിച്ചോറം * നമിതശിരസ്സനായിതൃപ്പാദാംബുജംകൂപ്പി സ്വാമതമേ വംവീണ്ടുമൂന്നത്തിപക്ഷീന്ദ്രനും:—പതിനൊന്നാംനാൾവേണ്ടവിധിയുംവൃ ഷോത്സൎഗ്ഗമതിനുചെന്നിട്ടുന്നോരമലവിധാനവും * മദനതാതികനി ഞ്ഞരുൾചെയ്യേണംകേട്ട ങ്ങതുമോദംപൂണ്ടുചൊല്ലിനാൻഭഗവാനും:— കേൾക്കനീപക്ഷീശ്വര! പതിനൊന്നാകുംദിനം വായ്ക്കുംമോദേനപിതാ ത്തിലജജലാശയം * പൂക്കുടനൂൎദ്ധ്വദേഹക്രിയകൾചെയ്തിടണം ദുഃഖസാ ദ്ധ്യമാണതെന്നാകിലുംനിരന്തരം * വേദവേദാംഗജ്ഞന്മാരായഭൂദേവ ന്മാരെ സ്സാദരംവിളിച്ചുടൻവരുത്തിസ്സരഭസം * പാദപങ്കജങ്ങളിൽതൊഴു കൈക്കൂപ്പിവന്ദിച്ചാതങ്കഹീനംപ്രേതമുക്തിയെപ്രാൎത്ഥിക്കണം * അചാ ൎയ്യൻതാനുംസ്നാനസന്ധ്യാദികളെച്ചെയ്തു സ്വാചാരപൂൎവ്വംപരിശുദ്ധനാ യ്ഭവിച്ചുടൻ * ഏകാദശാഹസ്സിങ്കൽചെയ്യേണ്ടവിധാനവു മാചരി ക്കേണംവിധിപോലെയെന്നറിഞ്ഞാലും * മന്ത്രമില്ലാതെതന്നെചെയ്യ ണംദശാഹശ്രാദ്ധംകുലനാമങ്ങളെല്ലാംപറഞ്ഞിടണമപ്പോൾ * കിംബഹുന പ്രേതത്തിനായ്മന്ത്രങ്ങളോടുംപിണ്ഡം സന്ദാനംചെയ്യവേണമേകാദശാ ഹസ്സിങ്കൽ * ദാമോദരാകാരത്തെസ്സുവൎണ്ണംകൊണ്ടുംഗൌരി കാമുകപ്രതി രൂപംതാമ്രമാംലോഹംകൊണ്ടും * സാമോദംബ്രഹ്മരൂപംരജതത്തിലും പിന്നെ യാമ്യമാംരൂപംലോഹംകൊണ്ടുമുണ്ടാക്കിടണം * പടിഞ്ഞാറുഭാഗ ത്തുഗംഗാവാരിപൂൎണ്ണമാ യെഴുന്നമാടാവിഷ്ണുകലശംവച്ചിടണം * അ തിന്മേൽവിഷ്ണുരൂപംവച്ചുടൻമഞ്ഞപ്പട്ടാ ലതിനൊരുടയാടചാൎത്തിടുക യുംവേണം * കിഴക്കപിതാമഹകലശംപാലുംനിറ നിറച്ചുവച്ചതി ന്മേൽബ്രഹ്മരൂപവുംവച്ചു * വെളുത്തമുണ്ടുമുടുപ്പിച്ചുകൊള്ളണംരുദ്രാലട ത്തെവടക്കുഭാഗത്തുവയ്ക്കയുംവേണം * മധുവുംനെയ്യുംനിറച്ചായിരിക്കണമ തും വിധിപോലീശരൂപമതിന്മേൽവച്ചിടണം * അധികംചുവപ്പുള്ളവ സ്ത്രവുംവേഷ്ടിക്കണംപ്രതിരൂപത്തിലെന്നുമറികപക്ഷിശ്രേഷ്ഠ * ദക്ഷിണ ദിക്കിലിന്ദ്രോദകത്താൽനിറച്ചുള്ള ദക്ഷിണാശാധീശ്വരകുംഭംനിക്ഷേപി ക്കണം * കൃഷ്ണവസ്ത്രത്തെക്കൊണ്ടുവേഷ്ടിച്ചുയമരൂപം വയ്ക്കണമതിന്മേലെ

ന്നത്രീധരിച്ചാലും * മദ്ധ്യഭാഗത്തായൊരുമണ്ഡലമതുംചെയ്തു ദൎഭകൊ
ണ്ടൊരുവിപ്രരൂപംതീൎത്തുംവെച്ചു * പുത്രൻപൂൎണ്ണനാൽവലത്തുവിട്ടതെ
ക്കോട്ടിരുന്നുതൎപ്പണംചെയ്യേണംവിഷ്ണുരവര! * ദാമോദരാദ്യജ്ഞോതദ
വരങ്കരധൎമ്മന്മാരെ സാദരംവേദമന്ത്രംജപിച്ചുതൃപ്തിക്കണം * ഹോമ
വുംചെയ്തു ദശഘടമുഖ്യകംശ്രാദ്ധം താമസംവിനാസമാചരിച്ചീടണംപി
ന്നെ * പത്മനാഭ!നിന്റെസന്തുഷ്ടിക്കായ്ഭവിക്കട്ടെ! ഭരൈക്യവമയാ
ദത്തമായുള്ളപശുവിതും * ഇത്തരംമനസിചിന്തിച്ചുചെയ്യണംപിതൃ
വൎഗ്ഗോദ്ധാരണത്തിനായ്പാവനംപശുദാനം * വസ്ത്രഭൂഷണവാഹ
നാദിവസ്തുക്കൾമൃത മൎത്ത്യനാലുപയോഗിക്കപ്പെട്ടതെല്ലാംതന്നെ *
സൎപ്പിഷാന്നമായുള്ളോരോട്ടുപാത്രവുമവ നിഷ്ടിക്കംസപ്തധാന്യങ്ങളുമി
ങ്ങളുപോലെ * മരണകാലതിലാദ്യഷ്ടദാനംചെയ്യുവാൻ തരമായി
ല്ലെന്നാകിലവയുംചത്തുപിന്നെ * പല്യംകോപാന്തത്തിങ്കൽ സംഭ
വിച്ചിടുന്നോയ ഷല്യംകത്തോട്ടംദാനംചെയ്യണംപതംഗമേ! * കല്യനാം
ഭൂദേവന്റെ കാലിണകഴുകിച്ചു നല്ലവസ്ത്രവുംമറ്റും സമ്മാനിച്ചൊരുശേ
ഷം * മെല്ലവേമോദകാപൂപങ്ങൾസിദ്ധാന്നംപോലെ നെല്പാമണ്ഡപ
നായിദ്ദാനംചെയ്തുമുംവേണം * പൊന്നിനാൽപുരുഷരൂപംതീൎത്തു കിട
ക്കമേൽ നന്ദനൻവച്ചുധരാസുരനെപ്പൂജിച്ചുടൻ * മുന്നംചൊല്ലിയപോലെ
തന്നെയക്കിടക്കയു മന്യനംദാനംചെയ്യേണമെന്നറിഞ്ഞാലും * മരിച്ച
മനുഷ്യൻതൻപ്രതിരൂപവുംമറ്റു ള്ളൊരുക്കങ്ങളുംചത്തുമൃതശയ്യയെയിനാ
* ധരിത്രീസുരവര!നിനക്കായിക്കൊണ്ടെന്നാലുരുപ്രീത്യാനൽകപ്പെട്ടിടുന്നു
നിരന്തരം * ഇങ്ങനെ സങ്കല്പിച്ചാചാൎയ്യനായ്കുടുംബിയാം മംഗലഭൂദേ
വനുദാനംചെയ്തൊരുശേഷം * വന്ദിച്ചുവലത്തുവച്ചാചാരപൂൎവ്വംനമിച്ചുനി
ദമോദംപൂണ്ടുയാത്രയുമയയ്ക്കണം * ഏവംശയ്യാദാനവുംനവകാദിശ്രാദ്ധവും
കേവലംവൃഷോത്സൎഗ്ഗവിധിയുംചെയ്തെന്നാകിൽ താപമുൾക്കൊണ്ടുകൊട്ടു
ങ്കാടതിലുഴന്നിട്ടും പാപിയാംപ്രേതത്തിന്നുസൽഗതിഭവിക്കുന്നു * പതിനൊ
ന്നാംനാൾവൃഷോത്സൎഗ്ഗമാചരിക്കേണ്ടു മതിനുംവിധിപലതുണ്ടതൊപക്ഷി
ശവര! * അധികംബാലതപുരോഗപൂമവയവ പ്രൃതിയുംകൂടാതുള്ളവൃഷ
മായിരിക്കണം * നല്ലലക്ഷണമുള്ളതായിരിക്കണംചുവപ്പുള്ളകണ്ണുംദേഹം
വിംഗലവൎണ്ണവുംവേണം * വെള്ളയായിരിക്കണം പയറെന്നപ്പാപിൽപുന
ല്ലുപോലിരുണ്ടുള്ളനിറവുമായിടണം * കുളമ്പുംകൊമ്പുംകഴുത്തുംചുവ
ന്നിരിക്കണമിദം ഭൂസുരന്മാൎക്കുവിധിയെന്നറിഞ്ഞാലും * ചുവന്നുമിനു
സപ്പെട്ടിരുന്നാൽക്ഷത്രിയൎക്കും തികഞ്ഞമഞ്ഞനിറംവൈശ്യജാതിക്കും
യോഗ്യം * ജഘന്യജന്മാൎക്കെല്ലാംകറുത്തവൃഷംതന്നെ നറിഞ്ഞുകൊൾകി
ന്നുഞാൻപറഞ്ഞുതരാംകേൾനീ * പൂവാലുംതണ്ടയിട്ടപോലെനാലുകാലിലും
ശോഭാലംകൃതമായവെള്ളപ്പുംകലൎന്നുടൻ * ശ്രീയോലുംപിംഗലവൎണ്ണവുംചേ
ൎന്നീടുംവൃഷഭംകേവലംപിംഗളമെന്നുപറയപ്പെട്ടുന്നതോ * നാലുജാതിക്കുംപി
തൃപ്രീതിവൎദ്ധനമതെ നാലുംമുൻവിവരിച്ചപോലെവെവ്വേറുമാം * മുഖ
വുംകൊമ്പുംവാലുംവെളുത്തു ലാക്ഷാരസപ്രഭമാംവൃഷംനീലസംജ്ഞമായ്ഭവി

ക്കുന്നു * മുഖവുംവാലുംമാത്രംവെളുത്തുംകൊമ്പുംകാലിൻനഖവുംപിംഗവ
ർണ്ണമായുംതൽക്കളേബരം * രക്തവർണ്ണമായുംശോഭിക്കുന്നവൃഷത്തിനെരക്ത
നീലമെന്നുള്ളനാമത്താൽകീർത്തിക്കുന്നു *കുളമ്പുംവാലുംപിംഗംശേഷമേക
വർണ്ണമാ മിടംപേർകൊണ്ടുവൃഷംനീലപിംഗാഖ്യമല്ലോ * പൂർവ്വജന്മാരെനര
കക്കുഴികളിൽനിന്നുംപാരാതെകരകേററീടുന്നതാണത്തുന്ദനം*പാരാവതത്തി
ൻനിറംപൂണ്ടുംനെററിയിൽപെട്ടെന്നൊരുമാല്യമുള്ളമുടികൈക്കൊണ്ടും വിള
ങ്ങീടും * നേരെത്താതൊരുവൃഷംബഭ്രുനീലമെന്നുള്ളപേരുററു സർവ്വാംഗംശോ
ഭനമായ്ഭവിക്കുന്നു *നീലമാംനിറംപൂണ്ടുചുവന്നതാകുംരണ്ടുലോചനങ്ങൾ
കൈക്കൊണ്ടുരാജിക്കുന്നതാംവൃഷം * ചാലവേമഹാനീലമെന്നുരയ്ക്കുന്നിങ്ങി
നെ നാലഞ്ചുവിധമുണ്ടുനീലങ്ങളറിഞ്ഞാലും *പാലിച്ചുകൂടാഗ്രഹത്തിങ്കൽ
വച്ചിവകളെമാലുററുമാഴ്കുവതുകാരണംത്യജിക്കണം * ചേലൊത്തപുരാത
നഗാഥയീലോകത്തുതന്മൂലമായെങ്ങുംവ്യാപിച്ചിട്ടുണ്ടറിക്കനീ* തനയന്മാ
രേയേററമാഗ്രഹിക്കണമെന്നാൽ ഗുണിയാമതിലേകൻഗയയ്ക്കുഗമിച്ചേക്കാം
*പ്രണയംപൂണ്ടുഗൌരിയായ്‌വിളങ്ങീടും ബാലാ ണിയെയേകൻപാണിഗ്ര
ഹണംകഴിച്ചേക്കാം * ഒരുവൻനീലവൃഷോത്സർഗ്ഗംചെയ്തീട്ടുവാനമൊരുപ
ക്ഷേസംഗതിസാധുസംഭവിച്ചേക്കാം * ഏവനോവൃഷോത്സർഗ്ഗംചെയ്യുന്നി
തവൻതന്നെ കേവലംപുത്രനെന്നപേരിന്നർഹനാകുന്നു * അവിധംതന്നെ
ഗയാശ്രാദ്ധദാനവും,പുത്ര നിവകചെയ്യാത്തവൻതാതന്റെമലംതന്നെ*അ
രുടെമുൻഗാമികൾരൌരവാദികളായ ഘോരനരകങ്ങളിൽപതിച്ചുദഹിക്കു
ന്നു* സാരമില്ലവരവരേക്കരേറുവാൻപാത്രം പോരുമീവൃഷോത്സർഗ്ഗമതി
നെന്നറികനീ * എന്നല്ലരലമുറയിരുപത്തൊന്നോളവു മനുഷ്യനമുള്ള
പിതൃക്കളെയൊക്കെയുമിടം *ഒന്നുകൊണ്ടുലഭരി ക്കാമെന്നുണ്ടതറിയുന്നനന്ദ
നനൊരിക്കലുംമടിക്കാനിടയില്ല *സ്വർഗ്ഗലോകത്തിൽസുഖിച്ചിരിക്കുംപി
തൃക്കളും നിർഭരംവൃഷോത്സർഗ്ഗമാഗ്രഹിച്ചോതുന്നേവം* അസ്മദ്വംശത്തിലൊ
രുനന്ദനനാൽവൃഷോത്സർഗ്ഗത്തെസമാചരിച്ചീടുമോനിരാകുലം * നിശ്ച
യമതുചെയ്താൽ നമുക്കുപരഗതിസാധിക്കും പുത്രക്കുബോധമില്ലല്ലോകഷ്ടം!
*മററുള്ളയജ്ഞങ്ങളിൽവച്ചേററംശ്രേഷ്ഠം വൃഷോത്സർഗ്ഗമാംനമുക്കുമുക്തിക്കു
നിശ്ചയംതന്നെ*ഇങ്ങിനെസ്വർല്ലോകത്തിലിരിക്കുംപിതൃക്കളുംതിങ്ങീടുംഖേ
ദംപൂണ്ടുതങ്ങളിൽപറയുന്നു* നിർണ്ണയമതുമൂലംപിതൃമുക്തിക്കായിതുനന്ദന
ൻചെയ്തീടണമനുനംപെശവര! * പറയപ്പെട്ടിട്ടുള്ളവിധിപോൽചെയ്തീട
ണംപരമീമഹായജ്ഞംപ്രയത്നപ്പെട്ടെങ്കിലും* ഗൃഹസ്ഥാപനംചെയ്തിട്ടങ്ങ
താതിൻമന്ത്രത്താൽ സമർപ്പിച്ചുടൻശാസ്ത്രോക്തംപോലെഹോമിക്കണം*ക്ര
മത്തിൽപിന്നെവൃഷമാതാക്കളെപ്പൂജിച്ചു സമർപ്പിച്ചുടൻവത്സവത്സികളെ
യുംപിന്നെ * ആനയിച്ചനന്തരംകങ്കണംബന്ധിച്ചിട്ടു പാണിപീഡനക്രി
യകൊണ്ടുകുററിയിൽകെട്ടി * സ്നാനംചെയ്യിച്ചീടണംരുദ്രകുംഭാംഭസ്സിനാൽ
സാനന്ദംവൃഷവത്സികളെയെന്നറികനീ * ഗന്ധമാല്യങ്ങളാലെസംപൂജി
ച്ചനന്തരം ചിന്തീടുംഭക്ത്യാചിഹ്നവലത്തുവച്ചീടണം * വലത്തുഭാഗേത്രി
ശൂലത്തെയുംപിന്നെവാമതലത്തിൽചക്രത്തെയുംസംസ്ഥാപിച്ചതിനെയും

* അഴിച്ചുവിട്ടുകൈകളാർകൂപ്പിയീവണ്ണംമന്ത്രം ജപിക്കവേണമതുരഹസ്യമ
ല്ലോപാരം * ധൎമ്മമാംനീയുംവൃഷരൂപത്തോടഹോമുന്നംബ്രഹ്മനാനിൎമ്മി
ക്കപ്പെട്ടിരിക്കുന്നിതുനൂനം * നിന്നുടെയുത്സൎഗ്ഗദാനത്തിനാൽഭവാൎണ്ണവേനി
ന്നുടൻകരയേററീടുകന്നിരാകുലം *ഇങ്ങിനെമന്ത്രംചൊല്ലിനമസ്കാരവും
ചെയ്തുഗേഹിയിൽസൃജിക്കണംവത്സവത്സികളേയും അങ്ങനെയായാലവനെ
പ്പൊഴുംവരദനാമെന്നാലെനൽകപ്പെട്ടംപ്രേതനിൎവ്വാണംനൂനംഅതിനാൽവൃ
ഷോത്സൎഗ്ഗംചെയ്യണമതുശുഭപ്രദമാമിഹലോകത്തിങ്കലുമറികനീ* സുതനി
ല്ലാതുള്ളവൻതാൻതന്നെചെയ്താൽ പരമതിനാൽപരഗതിയവനുണ്ടാകുംതാ
നം * ഉത്തരായനകാലെയെത്രയുംശുഭദമാം വൃശ്ചികംമുതലാകുമുത്തമമാസ
ത്തിലു ശുക്ലപക്ഷത്തിങ്കലുമപരപക്ഷത്തിലുംഅത്രതദ്വാദശിമുൻപായുള്ള
തിഥിയിലും * ഗ്രഹണംരണ്ടിങ്കലുംപുണ്യതീൎത്ഥത്തിങ്കലുമയനദ്വയത്തിലു
മപ്രകാരത്തിൽപിന്നെ*വിഷുവല്ക്കാലംരണ്ടുണ്ടതിലുംചെയ്തിടണം വൃഷഭു
ത്സൎഗ്ഗമെന്നറികപതംഗമേ! * നല്ലൊരുലഗ്നംനോക്കിസ്സുമുഹൂൎത്തത്തിൽശു
ദ്ധിയുള്ളദേശത്തിൽസമാഹിതനായ്പ്രാപിച്ചുടൻ * നല്ലലക്ഷണംപൂണ്ടു
ധൎമ്മജ്ഞനാകും വിപ്രതല്ലജൻതന്നെക്ഷണിച്ചു മാസനത്തിന്മേൽ * ഇ
രുത്തിജ്ജപഹോമദാനങ്ങളാലെദേഹ വിശുദ്ധിവരുത്തീട്ടുമുൻപെചൊന്ന
തുപോലെ*മുറയ്ക്കുഹോമാദിലക്ഷണമാംകൃത്യംചെയ്തുപുരസ്താൽസാളഗ്രാമം
വച്ചുവൈഷ്ണവംശ്രാദ്ധം*വിധിച്ചപോലെചെയ്തുപിന്നീടാത്മശ്രാദ്ധവും ക
ഴിച്ചുഭൂദേവന്ദാനവുംചെയ്തീടണം * ഇങ്ങിനെചെയ്യുന്നവൻപുത്രഹീന
നെങ്കിലും നിൎണ്ണയംപുത്രവാനാണവനെന്നറികനീ * എന്നല്ലാഗ്രഹമെ
ല്ലാംവന്നീടുംവൃഷോത്സൎഗ്ഗ മൊന്നിനാലവനതിനില്ലസംശയമേതും * അ
ഗ്നിഹോത്രാദികളാംയാഗങ്ങൾകൊണ്ടുംവിവിധപ്രകാരത്തിലുള്ളദാനങ്ങളാ
ലുംതഥാസിദ്ധിക്കയില്ല വൃഷോത്സൎഗ്ഗത്താലുണ്ടാകുന്നസൽഗ്ഗതിയതിനുസ
ന്ദേഹമില്ലല്ലോപാൎത്താൽ* ബാല്യകൌമാരപൌഗണ്ഡകതാരുണ്യവൃദ്ധ കാ
ലങ്ങൾതന്നിലറിയാതെയുമറിഞ്ഞുംതാൻ* ചാലേചെയ്തുള്ളപാപമഖിലം
വൃഷോത്സൎഗ്ഗ ത്താലേവെന്തുനീറായിധൂളിച്ചുദൂരെപ്പോകും*കൾക്കടിയനുംമി
ത്രദ്രോഹിയുംകൃതഘ്നനുംസൽഗുരുവരൻതന്റെപത്നിയെപ്രാപിച്ചോനും *
വിപ്രഹന്താവുംഹോമഹാരിയുമഹാവൃഷോ ത്സൎഗ്ഗദാനത്താൽപാപമുക്ത
രായ്വരുംനൂനം * അതുകാരണംപ്രയത്നപ്പെട്ടുംവൃഷോത്സൎഗ്ഗ ക്രതുവാച
രിക്കണംമതിമാനായുള്ളവൻ* അതുപോലൊരുപുണ്യകൎമ്മംദേവലോകത്തും
ക്ഷിതിതന്നിലുംപാതാളത്തുമില്ലല്ലോനൂനം*ഭൎത്താവുംതനയനുംജീവനോടി
രിക്കുമ്പോൾ മത്തകാശിനിയാൾക്കുമരണംഭവിക്കുകിൽ*അപ്പൊഴീവൃഷോ
ത്സൎഗ്ഗംചെയ്തുനന്നല്ലെത്രയും ദുഗ്ദ്ധമേറുംഗോവിനെദാനംചെയ്യണംതദാ*
വൃഷത്തിൽപൃഷ്ഠത്തിലുംസ്കന്ധദേശത്തുംഭാരംകയററിച്ചുമപ്പിച്ചുകൊണ്ടുപോ
യീടുന്നവൻ*കടുത്തനരകത്തിൽകല്പാന്തകാലത്തോളം കിടക്കുംദുഃഖങ്ങളെ
ഭുജിക്കുംനിരന്തരം * കരുണകലരാതെവൃഷത്തെയശോകര ചരണങ്ങളെ
ക്കൊണ്ടുംകോൽകൊണ്ടുംതാഡിപ്പവൻ* മരണശേഷംകല്പകാലത്തോളവുംര
ക്ഷാതരണിയില്ലാതുള്ളനരകാൎണ്ണവത്തിങ്കൽ* മഗ്നനായ്ദുഃഖംപൂണ്ടുനിന്നു

നന്ദവേശ്വരകല്പനയ്ക്കുണ്ടോനീക്കമെല്ലാവുംഭവിക്കുന്നു * ഇവണ്ണംവൃഷോത്സ
ർഗ്ഗംചെയ്തുടൻനിരാകുലംസപിണ്ഡീകരണത്തിൻമുൻപുള്ളതായിട്ടുന്ന ഷോ
ഡശശ്രാദ്ധങ്ങൾചെയ്തീടണമവകളെ നീഡജ!നിന്നോടുഞാൻവെവ്വേറെ
ചൊല്ലീടുന്നേൻ*ചത്തപ്പോൾകിടന്നിരുന്നേടത്തുംദ്വാരിങ്കലും അർദ്ധമാർഗ്ഗ
ത്തിങ്കലുംപിന്നെപ്പട്ടടയിലും*തല്ക്ഷണംപത്തിന്റെറഹസ്തത്തിലുംതഥാപുന
രസ്ഥിസഞ്ചയത്തിലുമാകുന്നാറുപിണ്ഡങ്ങൾ പത്തുനാളിലുംപിന്നെനല്കീ
ടുന്ന പിണ്ഡങ്ങൾ പത്തുമങ്ങനെപതിനാറെന്നു പറഞ്ഞതും*ഒന്നാമതായി
ട്ടേവംചൊന്നവപതിനാറും അന്യൂനംമലിനമാകുന്നെന്നുചൊല്ലീടുന്നു*പി
ന്നെയുംപതിനാറുമദ്ധ്യത്തിൽ രണ്ടാമത്തു ണ്ടിന്നതുംപറയുന്നേൻനിന്നോടുനീ
ഡോത്ഭവ! * ഒന്നാംപിണ്ഡത്തെവിഷ്ണുദേവനുനല്കീടണം ചന്ദ്രശേഖര
നേകീടേണമേരണ്ടാംപിണ്ഡം *ധർമ്മകിങ്കരന്മാർക്കായ്മൂന്നാമത്തെപിണ്ഡ
വും ചമ്മേസോമരാജനായ് നൽകണം നാലാംപിണ്ഡം* ഹവ്യവാഹനും
കവ്യവാഹനുംനൽകീടണം മവ്യാജമഞ്ചുമാറുംപിണ്ഡങ്ങളറികനീ * കാല
നായേഴാംപിണ്ഡംരുദ്രന് ട്ടാമത്തേതും പാലവപുരുഷന്നേകണമൊൻപ
താംപിണ്ഡം * പ്രേതത്തിന്നായിപ്പത്താമത്തേപിണ്ഡവുംപിന്നെ സ്സാദരം
വിഷ്ണുവിന്നായ്പതിനൊന്നാംപിണ്ഡവും * ദ്വാദശംബ്രഹ്മാവിനും പി
ന്നെയത്രയോദശമാദരാൽവിഷ്ണുദേവനായേകീടുംനൽകീടണം * പതിനാ
ലാംപിണ്ഡത്തെശ്ശിവനും ധർമ്മദേവ നതുപോൽപതിനഞ്ചാംപിണ്ഡവും
കൊടുക്കണം *പതിനാറാമത്തേതാമന്ത്യപിണ്ഡത്തെപ്പിന്നെ പതംഗശ്രേ
ഷ്ഠ!നൽകവേണംതൽപുരുഷനായ് *തത്രവേദികളാകുമുത്തമജനങ്ങളാൽ
മദ്ധ്യഷോഡശമെന്നുചൊല്ലപ്പെട്ടീടുന്നതും*കേൾക്കെടോമാസംതോറുമുള്ള
പിണ്ഡംപന്ത്രണ്ടും പാക്ഷികംത്രിപാക്ഷികം ന്യൂനഷാണ്മാസികവും *താർ
ക്ഷ്യഹേ!ന്യൂനാബ്ദികമിങ്ങിനെപതിനാറു* ണ്ടോക്കനീയവസാനഷോഡ
ശമാകുന്നതും * പതിനൊന്നാംനാൾഹവിസ്സിനെഹോമിച്ചുശേഷംവി
ധിപോൽചെയ്തീടുകവേണമതിവയെല്ലാം * പ്രേതത്വംനശിപ്പിച്ചുപിതൃ
ക്കൾക്കെല്ലാംഗതി സാദരംകൊടുത്തിടുംശ്രാദ്ധങ്ങൾനാല്പത്തെട്ടും* ഏതൊ
ന്നായിനൽകപ്പെടുന്നിതവനുടൻ പ്രേതഭാവത്തെവിട്ടുപിതൃവർഗ്ഗത്തിൽചേ
രും*അതുകൊണ്ടതിന്നായിഷോഡശത്രയംപുത്ര നാകുലംവിനാചെയ്യവേണ
മെന്നറിഞ്ഞാലും*ലോകത്തിലേതെങ്കിലും ശ്രാദ്ധഹീനന്നാനാധമൻ നാഗാ
രേ!പ്രേതമായിഭവിച്ചീടുംസുസ്ഥിരം * ഷോഡശത്രയമെന്നുപേരുള്ളതാമീ
ശ്രാദ്ധമേതൊരുകാലത്തുനൽകീടാതെയിരിക്കുന്നു * സാദരമതുകാലംതങ്ങളു
മന്യന്മാരുമേകുന്നതൊന്നുമവൻതങ്ങൾക്കുപകരിട്ടുന്നില * അതുകൊണ്ടുവിധി
പോലെതന്നെ നന്ദനനിതംഷോഡശത്രയംചെയ്യവേണംപക്ഷിനായക!*
കണവനായുള്ളോണ്ടിതുകമനീമണിചെയ്താ ലണവുംനന്മയ്ക്കവസാനമില്ലവ
നെടോ*ഗുണശാലിനിയവൾമരിച്ചഭർത്താവിനായ് ഉന്നമുകൃത്യമൌർദ്ധ്വ
ദൈഹികക്ഷനാദവും * പാക്ഷികശ്രാദ്ധമതുംചെയ്തീടുന്നവളെന്താൻ
പാക്ഷികാനാമയമണേ!സാദ്ധ്വിയെന്നോതീടുന്നേൻ * സാദ്ധ്വിയാമവൾതാ
നാഭർത്താവിനഹോഗതി സാദ്ധ്യമാക്കീടാൻതന്നെജീവനെധരിക്കുന്നു * മ

ത്താണ്ഡസുതപുരംപ്രാപിച്ചകാന്തംഭജി ച്ചാത്ത്യാജീവിപ്പോളുടെജീവിതം
സഫലമാം * ഒരുത്തൻപ്രമാദത്താൽവഹ്നിവാരികളാലെ മരിച്ചാലവന്റെ
ദാഹാദികർമ്മംസർവ്വവും *വിധിച്ചപോലെതന്നെകഴിച്ചീടണമെന്നു ധരിച്ചു
കൊൾകഖഗകുലത്തിന്നാപീഡമേ! സൂക്ഷ്മക്കേടാലോതമന്റസമ്മതത്താ
ലോസർപ്പ ശൃക്ഷദംശത്താലോകാലാലയംപ്രാപിക്കുകിൽ*പക്ഷങ്ങൾരണ്ടി
കലുംപഞ്ചമിയാങ്കൽസർവ്വസർപ്പപൂജനംസമാചരിച്ചീടുകവേണം*പൃഥി
യിൽപിഷ്ടംകൊണ്ടുസർപ്പദേഹമുണ്ടാക്കി യജ്ഞസൂനങ്ങളുംചന്ദനംസുഗ
ന്ധവും * ഇച്ചൊന്നവസ്തുക്കളാൽപൂജിച്ചീടണംപുന രത്രധൂപദീപങ്ങൾ
കൊണ്ടുംനൽകണംതാനും*തണ്ഡുലതിലങ്ങളെനിക്ഷേപിക്കണം നൈവേ
ദ്യംനിവേദിക്കപുനരാമപിഷ്ടവുംപാലും*പാമ്പിന്റരൂപവുംപശുരൂപവുംയ
ഥാശക്തി താൻപൊന്നാൽതീർത്തുഭൂദേവന്നുദാനം ചെയ്യണം*നന്നായ്നാ
ഗരാജന്താൻസന്തോഷിക്കട്ടെയെന്നു പിന്നെക്കൈക്കൂപ്പിനിന്നുചൊല്ലീടുക
യുംവേണം * ധന്യമാംനാരായണബലിയങ്ങവർക്കായി ട്ടന്യൂനമനുഷ്ഠിച്ചീടു
കയുംവേണംപിന്നെ * യാതൊന്നുചെയ്താൽസർവ്വപാതകങ്ങളുംതീർന്നു സ്വ
തംനൽകീടുന്നാകലോകംപ്രാപിച്ചീടുന്നു * ക്രിയകളെല്ലാമേവംചെയ്താരു
ശേഷംജല സഹിതമാകുമന്നപൂർണ്ണമാംകുടങ്ങളോ *സകലപിണ്ഡങ്ങളോ
ദിവസംതോറുമോരോ ന്നതുല്യാമോദംനൽകീടേണം നാഗാരേ! നേരേ പതി
നൊന്നാംനാളേവംചെയ്തുടൻസപിണ്ഡന മതിന്നുശേഷമനുഷ്ഠിക്കയുംവേ
ണംനൂനം * തദനുശയ്യാപാദാദ്യങ്ങൾചെലുതീന്നാ ലുടനേചെയ്തീടണംവി
നതാസന്താനമേ! * ഇത്തരമരുൾചെയ്തുവിഷ്ണുദേവനും താർക്ഷ്യവക്ത്രാ
രവിന്ദംമെല്ലെത്തൃക്കൺപാർത്തരുളിനാൻ:—

ഇതി ശ്രീ ഗാരുഡപുരാണേ സാരോദ്ധാരേ
ഏകാദശദാനവിധിനിരൂപണംനാമ
ദ്വാദശോദ്ധ്യായഃ.

---

## പതിമൂന്നാം അദ്ധ്യായം.

---

വിസപ്രസൂനത്തിൽവിളങ്ങുംവിശോക ലസൽപ്രസന്നാസ്യാമണി
യാംലക്ഷ്മിയെ* പ്രസക്തനായങ്കതലത്തിലെപ്പോഴുംവസിപ്പിച്ചാനന്ദിച്ചി
രിക്കുംതമ്പുരാൻ * കമലലോചനൻകരുണാഭാജനം വിമതന്മാരാംദാനവ
ശിക്ഷണൻ*കമലാരികലാവിഭൂഷണൻസുമമധുവൽസുമധുരഭാഷണൻ
* അരുളിച്ചെയ്തുചെവിക്കൊണ്ടാനന്ദ തരളാത്മാവായഗരുഡനന്നേരം*
സരോരുഹദ്വയസമമായ്ശോഭിക്കും സുരശരാദിഭിർന്നിഷേവ്യമാണമാം*
ചരണപല്ലവംതൊഴുതുവീണുടൻ കരുണാരാശിയോടുണർത്തിച്ചീടിനാൻ*

സകലലോകവാസികളാംമുത്തുകളഖിലംകോത്തിട്ടചരടായുള്ളോവെ! * സ
കളാത്മൻ!തവമുഖാംബുജത്തിൽനിന്നൊഴുകുംവാങ്മധുനുകരുകയാലെ *പ
രിതാപങ്ങൾതീൎന്നുകതാരേററവും പരിശുദ്ധമായിഭവിച്ചുദൈവമേ!*പറവ
യാമിനിക്കഹോഭവാനുടെപരിസരത്തിങ്കൽവസിപ്പാറാകയാൽ* പറയാവ
ല്ലമൽസുകൃതമിങ്ങിനിപ്പിറവിമാറുവാൻകൃപനൽകേണമേ *പരിതോഷംപൂ
ണ്ടുപലപോതുമോരോന്നറിവാനായിഞാനുണൎത്തിച്ചീടവേ * പരിപൂൎണ്ണമാ
യകരുണാപീയൂഷ പരിവാഹംപോലെപറഞ്ഞുതന്നല്ലോ *അറിവാനിനു
മുണ്ടധികമിനിവപറവാൻകാലവുംമതിയാകില്ലഹോ * അരുളിച്ചെയ്തൊരു
കഥാഭാഗത്തിന്റെപരിശേഷംകൂടിപ്പറവാറാകണം*സപിണ്ഡനവിധപി
ലതനുനിൎണ്ണയംപദശയ്യാദാനക്രമങ്ങളുമെല്ലാം*സദയമോതണംസകലേശ!
പിന്നെപ്പദശയ്യാദാനമഹിമകളേയും*സമഗ്രമായ്ചൊല്ലിത്തരേണമെന്നു
കേട്ടമിത്രനാശനനനുക്രോശത്തോടും * സമുദ്രമല്ലമങ്ങിളകുമാറെതുമുട്ടസ്മി
തനിലാപൂയത്തിച്ചൊല്ലിനാൻ * സപിണ്ഡിതൊട്ടുള്ളക്രിയകളൊക്കെയും
സുപൎണ്ണ!നിന്നോടുപറഞ്ഞുതന്നിടാം * വിവൎണ്ണതപംപൂണ്ടുവിശന്നുദാഹി
ച്ചുമരപ്രത്തിൽകിടന്നുഴല്ലെട്ടുംപ്രേതം * അതിൽനിന്നുംവേൎപെട്ടുപോ
പിതൃഗണതതിയോടുചേരാൻവിധിയതേയുള്ളു * സപിണ്ഡിചെയ്യാതെ
യിരിപ്പോളംകാലംസുപുണ്ഡരീകജഗിരിശമുഖ്യന്മാർ * ജഗദീശരാകുമവ
രോടേതും സംമിളിതമാകയില്ലിവരുടെപിണ്ഡം * പലവിധദാനംപല
പോതുംനിജകലാചാരക്രമത്തിനുചേരുംവണ്ണം * സുതന്മാരാൽചെയ്യപ്പെ
ട്ടനന്തുംപത്മസുതാദ്യരിൽപററിഫലവത്താകില്ല * അശുദ്ധനായ്ത്തന്നെ
യിരിക്കുമെന്നുമേ വിശുദ്ധനാകാനന്ദനനുമക്കാലം * അശുദ്ധിയാംപുലസ
പിണ്ഡിചെയ്യാതെ നശിക്കയില്ലെന്നുധരിച്ചുകൊള്ളുക * അതുമൂലംപു
ലയവസാനിക്കുന്നാൾ സുതൻസപിണ്ഡനമനുഷ്ഠിച്ചീടണം * ക്ഷിതിസു
രാദിജാതികൾക്കനാലിനും ചിതമാംസൂതകക്രമങ്ങളേയുംഞാൻ * വിധി
പോലതന്നെപറയാംപത്രികൾക്കധിപതേ!മോഹമധികമുണ്ടെങ്കിൽ* ധ
രാദേവന്മാർപത്തഹസ്സുകൊണ്ടു ശുദ്ധരാംരാജന്യർപന്തിരണ്ടുകൊണ്ടുമേ *
പിരിചിലൂരുജനരമാസത്താലും ചരണജന്മാർമുപ്പതുദിനംകൊണ്ടും * പു
ലക്കാലത്തിങ്കൽദിനംപത്താകുമ്പോൾ വിശുദ്ധന്മാരാകുംസപിണ്ഡരൊ
ക്കെയും * ദിവസംമൂന്നിനാൽസകുല്യരുംഗോത്രേ ഭവിച്ചോർശുദ്ധരാംകുളി
മാത്രംകൊണ്ടും * പതംഗമേ!നാലുതലമുറയ്ക്കുമുൻമൃതിംഗമനായസപിണ്ഡ
ങ്കൽപരം * പുലയതുപത്തുദിനംനില്ക്കുമഞ്ചു തലമുറകഴിഞ്ഞവങ്കലാറു
നാൾ * അതുപോലെതലമുറയാറായോങ്ക ലതുനാലുദിനംനിലനില്ക്കുമല്ലോ
ഇവണ്ണമേഴായപുരുഷങ്കൽമൂന്നു ദിവസവുംനില്ക്കുംപുലയറികെടോ * ഒരു
ദിനംനില്ക്കുംതലമുറയെട്ടതൊരുപോലെകഴിഞ്ഞൊരുപുരുഷനിൽ * ഇരു
യാമംപുലയിയലുന്നൊൻപതു പുരുഷായുസ്സുകൾകഴിഞ്ഞവങ്കലും * കുളി
മാത്രംകൊണ്ടുവിശുദ്ധനാംപത്തു തലമുറകഴിഞ്ഞവനുംനിൎണ്ണയം * മരണ
മിങ്ങുസംഭവിക്കുമ്പോൾദേശാന്തരംഗമിച്ചിരിപ്പവനീവൃത്താന്തം * നിര
ന്തരംപത്തുദിവസങ്ങൾക്കുമുൻ പറിയുവാനിടവരുന്നുവെങ്കിലോ * അറി

ഞ്ഞനാൾതൊട്ടുകണക്കാക്കിപ്പത്തു ദിനമവനുണ്ടുപുലയെന്നോൎക്കനീ * ക
രുപക്ഷെപത്തുദിവസങ്ങൾക്കുമുൻപറഞ്ഞാലപ്പുലദിനംമൂന്നാൽതീരും *
ഒരുസംവത്സരംകഴിഞ്ഞുകേൾക്കുകിൽ പരിശുദ്ധ്യൎത്ഥമായ്കുളിമതിയെ
ടൊ * ഒരുവൻചത്തുള്ളപുലയിരിക്കമെ റൊരുവനാറുനാളകത്തുചാകി
ലൊ * കരുതുവാനില്ലപ്പുലയ്ക്കുവേറുവാസരങ്ങൾമററതൊടതുംതീരുംനൂനം *
ദിവസങ്ങളാറുകഴിഞ്ഞുചാകകിൽദിവസംപത്തുമുതൽവൎജ്ജിക്കണം * ഉ
വിസംജാതനാംശിശുവിനുദന്ത മുദിപ്പതിൽമുൻപുമരിച്ചുപോകുകിൽ *
കുഴിവെട്ടിസ്ഥാപിച്ചുടനേപോയൊരു കുളികഴിച്ചെച്ചാൽപുലയപ്പോൾതി
രും * ഒരുശിശുചൌളത്തിനുമുൻപായ്ചത്താൽ ഒരുരജനിയാലശുദ്ധി
തീൎന്നുപോം * ഉപവീതമിടുന്നതിനുമുമ്പായാൽ പുലതീരുംമൂന്നുരജനികളാ
ലും * നലമൊടക്രിയകഴികെച്ചാകുകിൽ പുലയുണ്ടാംപത്തുദിവസംനിശ്ച
യം * ജനിച്ചുമാസങ്ങളിരുപത്തുമേഴും കഴിയുംമുമ്പുകന്യകമരിക്കിലോ *
വിശുദ്ധിയപ്പൊഴെഭവിച്ചീടുമിതു പരക്കെനാലുജാതികൾക്കുംതുല്യമാം*വി
വാഹവാഗ്ദാനദിനവെരെയു മേകവാസരമത്രെപുലയറികനീ * വിവാഹ
വാഗ്ദാനംകഴിഞ്ഞുകന്യകയ്ക്കുപായംവന്നാൽമൂന്നുനാൾപുലയുണ്ടാം * പു
ലയിമൂന്നുനാൾ ഭവിച്ചീടുന്നതും മണാളനുംപിതാവിനുമാകുന്നെടോ * വി
വാഹാനന്തരംകുമാരിചാകുകിൽ വരാലയത്തിലേപുലയുള്ളോൎക്കനീ * ജ
നിച്ചാറുമാസംതികയുംമുമ്പുനാരികൾക്കഹോഗൎഭംസ്രവിച്ചുപോവുകിൽ *
പ്രജജനിച്ചെത്രകഴിഞ്ഞുമാസമത്രയും ദിനംമാതാപുലവൎജ്ജിക്കണം * അതി
നുമേൽഗൎഭംസ്രവിക്കിൽമാതാവി നതാതുജാതിക്കുള്ളൊരുപുലയുണ്ടാം*പ
തംഗമേ!ഗൎഭംസ്രവിപ്പതിൻപുല സപിണ്ഡൎക്കില്ലവക്കടൻവരുംശുദ്ധി *
മരണത്തിങ്കലുംപ്രസവത്തിങ്കലും ധരണീദേവൻതൊട്ടുപിലജാതിക്കും * വ
രുംപുലപത്തുദിനത്താൽപോമെന്നു കലിയിൽശാസ്ത്രനിൎണ്ണയമാകുന്നതും*
ധരിക്കദേവപൂജയുമാശിസ്സുസംവദിക്കകെട്ടിലിൽകിടക്കയെന്നതും * തഥാ
പ്രത്യുത്ഥാനാഭിവന്ദനങ്ങളും ജപംഹോമംസ്വാദ്ധ്യായവും സന്ധ്യാദാനം *
പിതൃണാംതൎപ്പണമതുംബ്രഹ്മഭാൎയ്യാ വ്രതംസ്പൎശമെന്നിപ്രവൃത്തിയൊന്നു
മെ * മരണസൂതകമുടയോർചെയ്യരു തരുണസോദര!ധരിച്ചുകൊൾകനീ
* മരിച്ചതാംപുലയതിങ്കലേവനാചരിപ്പുകാൎയ്യംനിത്യവുംനൈമിത്തികം *
നിരായ്കിലായവനുടനേസൎവ്വം നശിക്കുംനിത്യകൎമ്മകാദികൾഫലം * പ്ര
തിക്കുംസാഗ്നികദീക്ഷിതനുംഭൂപനും യതിക്കുംമന്ത്രശുദ്ധനായസത്തനും * ഭ
വിക്കയില്ലെടോപുലയെന്നുള്ളതു ധരിക്കബ്രഹ്മനിഷ്ഠനുമപ്പോലെതാൻ *
വിവാഹമുത്സവംമഖമിവകളിൽ വിചാരിതമല്ലാതഹോപുലവന്നാൽ *
വിചാരണീയമല്ലതെന്നുസല്ലാപവിശാരദാ!പരംവിധിയുണ്ടോൎക്കനീ * പു
ലയ്ക്കുമുൻപുവച്ചൊരുക്കിയോരന്നം മുറയ്ക്കുഭക്ഷിക്കാമതിനേതുംദോഷം * ഭ
വിക്കയില്ലെന്നുമനുവദിച്ചതായ് ഭവിക്കനുണ്ടഹോമനുവിധിച്ചതിൽ *പു
ലയുണ്ടെന്നുള്ളതറിയാതെകണ്ടൊരുവസ്തുഗ്രഹിച്ചിട്ടുകിലുംദോഷം * വ
രുവാനില്ലവനതിൻറദോഷമോ കരുതിക്കൊണ്ടതുകൊടുപ്പോനായ്വരും *
ഉരനുവാടുന്നവൎക്കീവിധമറിഞ്ഞുകൊണ്ടുനൽകിടുന്നതുംതഥാ *പരന്ന

പാപമായ് വരുന്നതേകിട്ടുംനരനന്നൂനമെന്നറിഞ്ഞുകൊള്ളുവിൻ! * തനി
ക്കെഴുംപുലയുടെകഥപോലും മനസ്സിലാക്കാതെമറിവുകാട്ടിത്താൻ * മനഃ
പൂർവ്വമൊരുധരിത്രീദേവനോ ദാനപ്രദാനംചെയ്തയയ്യംവിപ്രനും * അ
റിഞ്ഞുകൊണ്ടുഗ്രഹിക്കുമെങ്കിലാ വിരുന്നുകാരനുംവരുംമഹാദോഷം *
അതുമൂലംപുലയൊഴിയുവാനായി സുതൻപിതാവിന്റെസപിണ്ഡിചെയ്യ
ണം * അതിനാൽശുദ്ധനായ്പിതൃഗണത്തോടും പിതൃലോകംഗമിച്ചി
ട്ടുന്നുതാതനും * മരണശേഷംപന്തിരണ്ടാംവാസര മതിങ്കലോപക്ഷ
ത്രയമാകുമ്പൊഴോ * പുനരാറുമാസംതികഞ്ഞിട്ടുമ്പൊഴോ വരിഷമൊ
ന്നൊത്തുവരുന്നപോതിലോ * സപിണ്ഡിചെയ്തുകൊള്ളണമെന്നിങ്ങിനെ
പറഞ്ഞിരിക്കുന്നുപരമമഹർഷിമാർ * അഖിലശാസ്ത്രോക്തക്രമമനുസരിച്ചു
തുലാമാദമോദിതുചെയ്യേണ്ടതും * സകലജാതിക്കുംസപദിപന്ത്രണ്ടാംദി
വസംവേണമെന്നറിഞ്ഞുകൊൾകനീ * കലിധർമ്മാനിത്യതചവുമതുപോ
ലീയുലകിൽമാനുഷായുഷ്ക്ഷയമത്രം * കളേബരാസ്ഥിരതചവുംനിമിത്ത
മാണിളാതലത്തിലീനിയമംചെയ്തതും * വ്രതബന്ധോത്സവാദികളുമാവി
ധം വ്രതസമാപ്തിയുംവിവാഹാദ്യങ്ങളും * പതംഗമേ!വൃദ്ധഗൃഹസ്ഥൻപ
ക്കമ്പോളിതൊന്നുമേചെയ്തീടരുതെന്നുണ്ടല്ലോ * സപിണ്ഡിയാംകർമ്മമനു
ഷ്ഠിച്ചീടായ്കിലിരന്നീട്ടന്നോരുംഗ്രഹിക്കഭിക്ഷയേ * പരംനിത്യംനൈമി
ത്തികംമുതലായി കരണീയങ്ങളായിരിക്കുംകർമ്മങ്ങൾ * അശേഷമില്ലാതെ
ഭവിക്കുമെന്നല്ലവിശേഷിച്ചുംഭിക്ഷയിരന്നിട്ടന്നോരും * നിയതംഹന്തകാ
രവുംഗ്രഹിച്ചീടാപ്രയതമായുള്ളസപിണ്ഡിചെയ്യാഞ്ഞാൽ * സുകർമ്മലോ
പത്താലധികംദോഷമുണ്ടു ധർമ്മമായതുഭവിച്ചീടുംതാനും * അതിനാൽസാ
ഗ്നികൻനിരഗ്നികനോവാൻ സപിണ്ഡിപന്ത്രണ്ടാംദിവസംചെയ്യണം *
സകലതീർത്ഥമജ്ജനത്താലുണ്ടാകും വിമലമായുള്ളഫലവുമങ്ങനെ * സക
ലയജ്ഞസൽഫലവുംപന്ത്രണ്ടാം ദിവസമിക്രിയകഴിപ്പോനുണ്ടാകും * അ
തുമൂലംതെന്നെയനുമ്പര സ്ഥാനം മെഴുകിശ്ശാസ്ത്രോക്തവിധിപോലൊക്കെയും
* സപിണ്ഡിയാചരിച്ചീടുകവേണമെന്നറിഞ്ഞുകൊൾകതുംശുഭകരംപരം
അമലപാദ്യാർഘ്യാചമനീയാദ്യങ്ങളുതുലഭക്തിയോടെതുക്കിസ്സാദരം * വിശ
ചുംവിശ്വദേവരെപൂജിക്കണംവിധിലോപംവിനാവിഹിരനായക!* പവി
ത്രമിട്ടുനെല്ലരിപ്പൂവെന്നിവ പത്രിപുംഗവ!നനച്ചിട്ടുപിന്നെ * കരപ്ര
ക്ഷാളനംകഴിച്ചുതന്നെ ചമിച്ചുകൊള്ളണംവിധിച്ചതുപോലെ * വസുരു
ദ്രാദിത്യസചരൂപരാംപിതാ മഹൻമുതലായോർക്കുടൻയഥാക്രമം * പ്രദാനം
ചെയ്യണംമൂദാപിണ്ഡത്രയം മൃതനായുള്ളോനുചതുർത്ഥപിണ്ഡവും * ഓം
നനരംനല്ലതുളസീചന്ദന സുഭോജനങ്ങളെന്നിവകൊണ്ടും * വദന
വാസങ്ങൾവസനങ്ങൾകൊണ്ടും സുദീപധൂപദക്ഷിണകളെക്കൊണ്ടും *
സുതരാംപൂജിച്ചീടണമെന്നുപക്ഷി പ്രവരബോധിച്ചീടുകവഴിപോലെ *
സുവർണ്ണംകൊണ്ടുള്ളശലാകയാലുടൻ വിഭിന്നമാക്കണംത്രിധാതൽപിണ്ഡ
വും * സുപർണ്ണ!തൻപിതാമഹാദികൾതന്റെസുപിണ്ഡങ്ങളോട്ടുകലർത്തു
വെവ്വേറേ * പിതാമഹപിണ്ഡത്തോടുപിതൃഃപിണ്ഡം തഥാമാതാവുതന്നു

ടെപിണ്ഡംപിന്നെ * മുദാമാതാമഹിയുടെപിണ്ഡത്തോടും യഥാവിധി
ചേൎത്തുസപിണ്ഡിചെയ്യണം * ഇതാണുമന്മതംസകലസമ്മതംനിതാന്ത
ശൎമ്മദംനിശാന്തദായ്യദം * പിതാമഹൻജീവിച്ചിരിക്കവേതന്നെപിതാ
വിനുമൃതിഭവിച്ചിട്ടുണ്ടാകിൽ * പിതാമഹതാതൻമുതലായ്മൂവൎക്കുംപ്രദാ
നംചെയ്യണംമുദാപിണ്ഡത്രയം * പ്രധാനമാകുമപ്പിതാവിൻപിണ്ഡ
ത്തെത്രിധാഭാഗിച്ചുമ്മൂന്നിനോടുചേൎക്കണം * തഥാപിസാമാതാമഹി
യിരിക്കവേ മൃതംമാതാവെന്നുവരികിലപ്പോഴേ * പിതാവിൻശ്രാദ്ധത്തിൽ
പറഞ്ഞതുപോലെ യഥാവിധിചെയ്ക സപിണ്ഡനക്രിയ * അഥവാത
ത്തിലപ്പിതാവിൻപിണ്ഡവു മഥമാവക്ഷിയിൽജനനിപിണ്ഡവും * ത
ഥാചേൎത്തുംചെയ്യാംസപിണ്ഡിവിപ്രൎഷ പ്രധാനികൾമുടിപ്രവരാതാമേ!
* പെറാതെചത്തവൾക്കുമഹാസപിണ്ഡന ക്രിയാദികളെല്ലാംകണ
വൻചെയ്യണം * ദയിതമാതാവുതുടങ്ങിയുള്ളവരൊടുചേൎത്തുവേണംസ
പിണ്ഡനമതും * ദയിതൻതൊട്ടുമൂന്നുപേൎക്കുപാൎക്കിലി പ്രയതകൎമ്മാച
രിച്ചിടാമെന്നാൽ * മദീയമാംമതമിതൊന്നുമല്ലത സതിവരങ്കൾചേൎത്ത
ഹോസപിണ്ഡനം * മുദൈവചെയ്കതാവരാരോഹസ്സൂരറം പ്രധാനമാം
പക്ഷിപ്രവീരകേൾക്കനീ * പ്രിയയുംകാന്തനുമൊരുചിതതന്നിൽ നി
യതമങ്ങുനെദഹിച്ചിട്ടുണ്ടാകിൽ വിശംകംമദ്ധ്യത്തിൽതൃണംവച്ചുപിന്നെ
ശ്വശുരൻശ്വശ്രൂതൊട്ടവരോടുചേൎത്തു * സപിണ്ഡനക്രിയയനുഷ്ഠിച്ചി
ടണം സുപൎണ്ണ!നന്നതെന്നറിഞ്ഞുകൊള്ളണം * പിതാവുതൻപിണ്ഡാ
ദികകൎമ്മമേകസുതൻതന്നെചെയ്തിടണമങ്ങാദിയിൽ * അനന്തരംകുളി
ച്ചുഹോസതിയാൾക്കമവന്തന്നെപിണ്ഡാദികത്തെച്ചെയ്യണം * ദിവ
സംപത്താകുന്നതിൻമുൻപഗ്നിയി ലവിശങ്കംസതിപതിച്ചുവെങ്കിലൊ
* സവിശേഷംപതിയുടെസപിണ്ഡന ദിവസമക്കൎമ്മമവൾക്കുംചെയ്യ
ണം * അതുപോൽശയ്യാദാനവുംപഴിക്കണ മതുപോൽശാസ്ത്രോക്തവിധി
പതംഗമേ! * സപിണ്ഡിക്കശേഷംപിതൃതൎപ്പണവു മവന്തരോചെയ്തിട
ണമറിഞ്ഞാലും! * സ്വധാശബ്ദംചേൎത്തുച്ചരിക്കണംപാരം പ്രധാനമാം
വേദമഹാമന്ത്രങ്ങളും * നൈവഹന്തകാരവുംഭുജിപ്പിച്ചിടുകവേണമ
തിഥിയേയെന്നോൎക്കനീ * അതുമൂലംപിതൃക്കളുംമുനിമാരു മദിതിപുത്രരും
ദിതിസന്തത്യരും * അതുലമാംതൃപ്തിയടയുമെന്നല്ലോവിധിവികിരങ്ങൾക്ക
ധിപതേ!ദ്രവം * ഉരുളയൊന്നിനുനിയതംഭിക്ഷയെ ന്നരുളുന്നാമമതു
പോലെപിന്നെ * ഉരുളനാലായാലതുതാൻപുഷ്കല മതുപോൽനാലുപുഷ്കല
ങ്ങളൊക്കുംപോൾ * അതിനുഹന്തകാരവുമെന്നോതുന്നു പതംഗജാതികൾ
ക്കധിപതേ!കേൾനീ * സപിണ്ഡിയിങ്കൽചന്ദനവുമക്ഷതംതുടങ്ങിയുള്ള
വകളെക്കൊണ്ടുംവിപ്ര * ചരണത്താരിണസമൎപ്പിച്ചിടണമരുണസോദരപ
രംനന്നാണതും * പുനരങ്ങക്ഷയതരമാംതൃപ്തിക്കായ് ധനവുംതത്ഭൂമീസുര
ന്നുനൽകണം * വരിഷ്ഠവൃത്തിയുംഘൃതവുമന്നവും കരിതുരഗസ്യന്ദനങ്ങൾ
സ്വൎണ്ണവും * രുചിരശീലയാംപശുവുംഭൂമിയും രജതവുമാചാൎയ്യനുനൽ
കിടണം * തദനുകുങ്കുമാക്ഷതനെവേദ്യങ്ങളുതനുമോദമോടൊരുക്കിസ്സാ

ദരം * അതുകളെക്കൊണ്ടുഗ്രഹങ്ങളേയുംതൽഗജാസ്യനേയുംദേവിമയയു
മങ്ങനെ * തെളിഞ്ഞവസ്ത്രങ്ങൾവിളങ്ങുംമന്ത്രവാചകങ്ങളാൽസ്വസ്തി
വാചനപൂർവ്വകം * സമർപ്പിച്ചീടണംപുനരങ്ങാചാര്യൻ സമന്ത്രകമായിട്ട
ഭിഷേകംചെയ്തു * പരിചിൽസൂത്രവുംപരിബന്ധിച്ചിട്ടു പരമമന്ത്രശുദ്ധ
മാകുമക്ഷതം * അവന്നുനൽകണമതിന്നുശേഷംസപാദെഴുന്നഭക്ഷ്യാദ്യങ്ങ
ളാലെവിപ്രരെ * സസുഖംമൃഷ്ടമായ്ഭുജിപ്പിച്ചീടണമഹികുലാന്തക! ഭരിച്ചു
കൊൾകനീ * ജലവുമന്നവുംനിറച്ചുപന്ത്രണ്ടു ഘടങ്ങൾദക്ഷിണയൊടു
കൂടിപ്പിന്നെ * സപാദിപന്ത്രണ്ടുധരാസുരന്മാർക്ക സഭക്തികംദാനംകഴിക്ക
യുംവേണം * ദ്വിജഭുക്തികഴിഞ്ഞൊരുശേഷംധരാസുരർമുൻപായജാതിക
ൾനാലുംക്രമാൽ * ജലവുമായുധംപ്രതോദംദണ്ഡവും നലമോടേപൂണ്ടുവി
ശുദ്ധരാകുന്നു * സപിണ്ഡിയിങ്ങനെകഴിച്ചുതൻക്രിയാസമയംപൂണ്ടമുണ്ടു
കളുംകൈവടിഞ്ഞമലവസ്ത്രവുംപൂണ്ടുടൻശയ്യാദാന മമിതഭക്തിപൂർവ്വകംനട
ത്തണം * വലാന്തകൻമുമ്പാംസുരന്മാരെല്ലാരുമതുലേം പ്രശംസിച്ചുപുകഴ്
ത്തുന്നിദ്ദാനം * ബലാന്തക!പുനരതുമൂലംമരിക്കിലുംജീവിച്ചിരിക്കിലുമൊരു
പോലെ * പരംശയ്യാദാനംകഴിക്കേണമിഹ പരലോകങ്ങളിൽസുഖിക്കേ
ണമെങ്കിൽ * മഹിമയുള്ളദാരുവിന്റെകാതൽകൊണ്ടഹോപണിഞ്ഞുടൻ
കടഞ്ഞുതീർത്തതായ്വിചിത്രമാംചിത്രങ്ങളെക്കൊണ്ടേററവുംവിചിത്രിതമാ
യിദൃഢമായ്രമ്യമായ് * മൃദുവാംപട്ടുനൂൽചരടിനാൽപരംചിതമേറുംവിധം
വിതാനിച്ചങ്ങനെ * കറകളഞ്ഞപൊൻതകടിനാൽകെട്ടി ക്കറതീർത്തേററ
വുംപരിഷ്കരിച്ചതായ് * അതിമൃദുലമായ്ലസിക്കുംഹംസതൂലികമെത്തനി
വത്തവേ വിരിച്ചതായ് * മനോഹരങ്ങളാമുപധാനങ്ങളും മനോജ്ഞമാ
യമേൽവിരിപ്പുംചേർത്തതായ് * അനോപമംനല്ലസുഗന്ധമേറും സു മ
നോജാലംകൊണ്ടുസുവാസിതമായി * അഹോദിവ്യബന്ധങ്ങളാലെബദ്ധ
മായ് സുവിശാലമായിസുഖപ്രദമായി * ലസിക്കുംശയ്യയെധരണിയിൽന
ല്ല വിരിപ്പുചേർത്തതിൻപുറത്തുവയ്ക്കണം * കനകപ്പൂംഗാരാസനങ്ങൾചാ
ത്രചാ മരാസനങ്ങൾവെള്ളിയാൽവിളക്കതും * വിതാനംപഞ്ചവ
ർണ്ണകവുംചിത്രവും ശയനാനാക്കവേണ്ടതുമററുംമുദാ * യഥാസ്ഥാനം
ചുഴലവുംയോജിപ്പിച്ചു നിതാന്തമാദമോടൊരുക്കിവയ്ക്കണം * ഹ
രിയുടേയുംതൻമനോഹരിയാംസുന്ദരിയുടേയുംപൊൻപ്രതിമയുണ്ടാക്കി *
പരിചിലംബരാഭൂധാഭരണങ്ങളുതരമലംകരിച്ചുസാമോദം * കിടക്കമേൽ
വച്ചീടണമബലമാർ കിടക്കംശയ്യയാണതെന്നിരിക്കിലോ * അരക്കഞ്ഞനം
ലെസ്സണമംശുകം തരത്തിലുത്തമാഭരണാദ്യങ്ങളും * ഒരുക്കിവച്ചുടൻകൊട്ട
ത്തിടേണമക്കിടക്കഭൂസുരന്നുത്തമംബുധം * അനന്തരംസഭാര്യനാമൊരന്ത
ണനെ രന്തണനെമണമെഴുമപൂവുംപിന്നെ * കരംതന്നിൽനല്ലംഗുലീയവുംകാതി
ൽപരംപ്രകാശിക്കമലങ്കാരങ്ങളും * തലപ്പാവുത്തരീയവുംനൽചോളകമിവ
റെറക്കൊണ്ടന്നപോടണിയിച്ചങ്ങനെ മധുരപ്പിട്ടുംമായുംപ്രതിരൂപതാനല
സിപ്പതിന്റെമുൻപിലക്കിടക്കമേൽ * ഇതത്തണംലക്ഷ്മീഹരികളെച്ചെങ്കും
കുമത്താലുംസുമകൃതമാല്യത്താലുംസമർപ്പിച്ചീടണംഗ്രഹങ്ങളേയുമങ്ങനല്ലാന

ദണ്ഡികൾപതികൾതന്നെയും * വിനായകനെ ദേവിയേയും മന്ത്രശുദ്ധനായി
പ്പൂജിച്ചീടുകവേണം നൂനം * വടക്കുനോക്കിയങ്ങിരുന്നിട്ടു പിന്നെ ഗ്രഹിക്കേണം
പുഷ്പാഞ്ജലിയും സാദരം * ധരിത്രീദേവന്റെ പുരോഭാഗത്തിങ്കലത്യച്ചഭക്തിയാ
ടിരുന്നുടൻ പിന്നെ * ജപിക്കേണമിദം വിശുദ്ധമാം മന്ത്രം സമസ്തലോകേശ
പരം ഗുണകരം * ഹരേ! വിഭോ! പയഃപയോധിയിൽ കാകോദരപര്യങ്കം
തേവി രാജിക്കുംവണ്ണം * മദീയശയ്യയും ജനസ്സുകൾതോറും സദാനന്ദമാട്ടുവേ
റിടാതിരിക്കേണം * ഇദം ജപിച്ചു ഭൂസുരങ്കലും ഹരിപ്രതിമയിലും ചെയ്യേണം
പുഷ്പാഞ്ജലി * അനന്തരമുപകരണങ്ങളോടും ഗുണംതരുന്നശയ്യയെസ്സ
സങ്കല്പം * അനന്തദേവ ഭോ! ഭവാനിതു ഗ്രഹിക്കണമിതാരോനാൽ കിട്ടുന്നി
തെന്നേവം * പറഞ്ഞുകൊണ്ടുടൻ പ്രതോപദേഷ്ടാവായ് പരിചിൽ ബ്രഹ്മ
വാദിയുമായ് വർത്തിക്കും * ധരണീദേവനു കൊടുക്കണമതെന്നറഞ്ഞുകൊൾക
കനീപതംഗപുംഗവ! * പുനരശ്ശയ്യമേലിരിക്കും നിർമ്മല കനകനിർമ്മിതപ്ര
തിമകൾ രണ്ടും * മനം തെളിഞ്ഞു തദ്ധരാസുരന്നു നൽകണം ഗുണമെത്തീട
ണമെന്നുണ്ടെങ്കിൽ * പ്രദക്ഷിണം വച്ചു നമസ്കരിച്ചുട നയയ്ക്കണം പിന്നെ
ദ്വിജവരനെയും * സുരുചിരമായ കിടക്കമേൽ സുഖതരമുറങ്ങുവാനുതകുന്നതാ
യി * പരിചിൽ വേണ്ടതാമുപകരണങ്ങൾ ഉത്തരം ചേർന്നു പരിശോഭിപ്പതാ
യ് * ഇരിക്കും ഗേഹവും കൊടുക്കണം സമ്പത്തനല്പമുണ്ടെന്നുവരികിലോദ്ഭ
ടം * മരിക്കും മുമ്പൊരു പുരുഷൻ താൻ നിജകരത്താലിങ്ങനെ ശയനദാന
ത്തെ * കഴിക്കിലോ പർവ്വങ്ങളിലവന്താനാ ചരിക്കണം ശിവപ്രദം വൃഷോ
ത്സർഗ്ഗം * ഒരു വിപ്രനു ചെയ്യണം ശയ്യാദാനം ഒരുനാളുമതു പലർക്കായ് നൽ
കൊലാ * ഒരു പക്ഷേ പലർക്കിലുമതിനെ വിറ്റു ധനലോഭം കൊണ്ടു പണം വാങ്ങി
ക്കിലും * വിറ്റവിലങ്ങതു കൊടുത്ത പുരുഷൻ ദുരിതരാശിയായധഃപതിച്ചു
പോം * വിധിപോലീ ദാനമഹോ സൽപാത്രത്തിലതിഭക്തിയോടനുഷ്ഠി
ക്കുന്നാകിൽ മതിയലിച്ചിഹ ഫലമെല്ലാം കൈവന്നതിസുഖിയായി ഭവിച്ചീ
ടുമവൻ * പിതാവും മകനെന്നിതാന്തമീ ദാനപ്രദാതാവാകിയവനെന്നയമൊ
ല്ലും ഇഹ പരങ്ങൾ രണ്ടിലുമൊരുപോലെ മഹാസുഖത്തോടുമിരിക്കാറാകും
* സുരവരപുരിയിലുമഹോ വിഭാകരസുതപുരിയിലുമൊരുപോലെ സുരുചിര
സുഖതരമിരിക്കുവാനിടവന്നീടുമീ ശയനദാനത്താൽ * അതില്ലിതിന്നെതിർ ദിവ്യവി
മാനമേറിയപ്സരസ്സംഘത്താലെ നിഷേവ്യമാണനായ് * ചരിക്കുന്നു ദുഃഖവി
ഹീനം കല്പാന്തം ഭവിപ്പോളമെന്നും ധരിച്ചാലും ഭവാൻ * സകലതീർത്ഥസേവ
നസുകൃതവും സകലപർവ്വവാസരസുകൃതവും സമമല്ല ശയ്യാപ്രദാനപുണ്യത്തി
ൻ ശതാംശമില്ലതെന്നറിഞ്ഞുകൊൾകനീ * സുതനെമിശ്ശയ്യാപ്രദാനമൻപില
ങ്ങതനുമോദമോടനുഷ്ഠിച്ചു പിന്നെ പതംഗനായകപദദാനമതും സുഖം സമാ
ചരിക്കണമറികനീ * പദദാനക്രമമറിയണമെങ്കിൽ പറയുവൻ പദവിവ
രണവും ഞാൻ * കുടചെരിപ്പുമുണ്ടിവയും മുദ്രികയതും സദാസനം കമണ്ഡ
ലുവതും * തഥാപി പഞ്ചപാത്രവുമെന്നേവം പഞ്ചധാ സ്മരിക്കപ്പെട്ടിരിക്കു
ന്നു പദം * ഉപവീതമർത്ഥം വടിയും താമ്രപാത്രവുമാമന്നങ്ങൾ സുഭോജനങ്ങ
ളും * ഇവകളോടു ചേർന്നിട്ടുകിലോ പദം പ്രപദിക്കും സംപൂർണ്ണതയെനിൻ

യം * പാദങ്ങളിങ്ങനെപതിമൂന്നുണ്ടതിൽ പതിമൂന്നുംപൂർണ്ണരൊരുക്കിശക്തി
പോൽ * പതിമൂന്നുധരാസുരക്കായ് പോദശ ദിവസംദാനംചെയ്യണമറിക
നീ * ഇതിനാൽധർമ്മികൾക്കുളവായിട്ടും സത്ഗതിയെന്നല്ലപാപി
കളായുള്ളോക്കും * യമമാർഗ്ഗത്തിങ്കൽവഴിയെന്ന്യേസുഖ ഗമനംചെയ്യു
വാനിടവരുംനൂനം * പൊരുപൊരെരുദ്രഹമേറിയുമാറുഗ്രമേറിയുമാദിത്യ
കിരണങ്ങളാലെ * * പരവശരായിപൊരിയുമാവഴിതിരിയുംപാപികുളുരു
തരമെന്നാൽ * പരിചിൽഛത്രദാനമാചരിക്കുന്ന നരമൂഢാചിലാവെയി
ലേറ്റ്ക്കാളുവഥം * ചെരിപ്പുനൽകിയാൽകുതിരമേലേറി ഗ്ഗമിക്കാംപാപിക
ൾപൊരിഞ്ഞുപോകുമ്പോൾ * തണുപ്പുമുഷ്ണവുംകൊട്ടങ്കാറ്റുങ്കൊണ്ടു പണി
പ്പെട്ടുപോകേണ്ടതായമാർഗ്ഗത്തിൽ * മനസ്സുചെത്തോടുമിവയേൾക്കാതെസഞ്ച
രിച്ചീടാംവസ്ത്രപ്രദാനംചെയ്യുകിൽ * കറുപ്പുംപിംഗലനിറവുംചേർന്നുള്ള
മേനിക്കമാറുഗ്രസ്വരൂപികളായ * വിവസ്വൽപുത്രകിങ്കരന്മാരുംബാലു പ
ദ്രപിക്കാമുദ്രികാപ്രദാനത്താൽ * കൊട്ടുവെയിൽകൊണ്ടുതളൎന്നുടൻകുടിച്ചി
ടാനല്പംപോലുംജലംകിട്ടാതെയും * ഝടിതിനിർവാത സരണിയിൽക്കൂടിനട
കൊണ്ടങ്ങനെവശംകെട്ടുനേരം * ജലംലഭിക്കുംനിർമ്മലമധാകമണ്ഡലുദാ
നംകൊണ്ടെന്നറിഞ്ഞുകൊൾകനീ * മൃത്മൃദ്രിശ്യതാമ്രജംജലപാത്രംമുദാദാ
നംചെയ്യുന്നവനശ്രാന്തം * പ്രപാസഹസ്രമഭസാനിറച്ചുടൻപ്രദാനം
ചെയ്യുന്നഫലംഭുജിക്കുന്നു * ധരാസുരന്നുഭാജനാസനങ്ങളെത്ഥാദാനം
ചെയ്യുംനരന്നുമങ്ങനെ * യമാലയമാർഗ്ഗമതിങ്കൽപാഥേയംസുമാറശിച്ചുമെ
ല്ലവേശമിക്കുന്നുസപിണ്ഡിനാളേവംവിധിവദ്ദാനംചെയ്തവനിദേവരെഭുജി
പ്പിച്ചുപിന്നെ * ശപചചതുര്യോരായവയ്ക്കുപോലുമോ ദനംമുദാകൊടുക്കണമ
തേറ്റം * സപിണ്ഡനംമുതലൊരുസംവത്സരം പ്രതിമാസംപിണ്ഡത്തൊ
ടുംജലകുംഭം * പതംഗമേ!കൊടുത്തിടേണ്ടതാണെന്നുംപറഞ്ഞിരിക്കുന്നുപ
രമാർത്ഥജ്ഞന്മാർ * ഇദമനുഷ്ഠിക്കുന്നതുംപ്രേതപ്രീതിപ്രതീതികൊണ്ടാംവി
പ്രവിരനിശ്ശങ്കം * വിരവിൽപ്രേതത്തിന്നതിതരാംതൃപ്തിവരുവാനായ്മു
ഹൂർമ്മുഹുരേകീടണം * വിശേഷമേറുന്നതിഥികളിൽചത്താൽ വിശേഷ
മായിപ്പാക്ഷികവുംമാസികം * തഥാപിവാത്സരികവുംചെയ്യേണ്ടൊരുവി
ശേഷതയെഞാൻവിവരിച്ചീടുന്നേൻ * വെളുത്തവാവുനാൾമരിപ്പവന്നുപാ
ക്ഷികശ്രാദ്ധത്തിനുചതുർത്ഥിനന്നല്ലോ * ചതുർത്ഥിനാൾമരിക്കിലോനവ
മിയും ശുഭപ്രദമാകുമതിനെനോക്കനീ * നവമിനാൾമരിപ്പവന്നഥോ ച
തുർദ്ദശിതാൻരിക്തയായ്ഭവിച്ചിട്ടുംനൂനം * ഇരുപതാംദിനമനുഷ്ഠിക്കേണം
പാക്ഷികമേവംശ്രാദ്ധംപെരിശുദ്ധികരം * ഇരുസംക്രാന്തികളൊരുമാസന്ത
ന്നിൽ വരികിലോമാസങ്ങളിൽരണ്ടിങ്കലും * വരുംശ്രാദ്ധങ്ങളെക്ഷയമാസ
ത്തിൽ ചെയ്തീടണമെന്നല്ലോവിധിവിഹിതമേ * ഒരുമാസംതന്നിലിരുമാസം
വന്നാലവരണ്ടിങ്കലുമിയലുന്നപക്ഷ * ദേയമതുംതഥാതിഥികൾമുപ്പതും അ
തതുതാനെടോപതംഗനായക! * തിഥിതൻപൂർവാൎദ്ധമൊരുമാസത്തിലു മ
പരാൎദ്ധ ടുത്തതിലുമായ്വന്നാൽ * മലമാസമദ്ധ്യഗതങ്ങളാംമാസങ്ങളാണവ
യെന്നുബുധന്മാർചൊല്ലുന്നു * അസംക്രാന്തമാസത്തിലുംസപിണ്ഡനക്രിയ

യുംമാസികാബ്ദികശ്രാദ്ധങ്ങളും* അസന്നിധൌസമാചരിക്കാമേതുമില്ലതി
ന്നുദോഷമെന്നറിഞ്ഞുകൊൾകനീ * വരിഷമദ്ധ്യത്തിലധിമാസമൊന്നുള
വാകിൽവാൎഷികക്രിയ ചെയ്യേണ്ടതോ* പതിമൂന്നാംമാസമതിങ്കലാമെന്നും
പറഞ്ഞിരിക്കുന്നുപരമാചാൎയ്യന്മാർ * അസംക്രാന്തപിണ്ഡമൊഴിച്ചുംസം
ക്രാന്തമതിങ്കൽപിണ്ഡസംയുതമായുംചൂന രന്നാദേവരെഭുജിപ്പിച്ചുചെ
യ്യാംനിരന്തരംപ്രത്യാബ്ദികമാകുംശ്രാദ്ധം * ഇതുപോലെവൎഷംതികഞ്ഞീട്ടു
ന്മോൾവാൎഷികംശ്രാദ്ധംചെയ്തീടണമതിങ്കലും *ദ്വിജാതരെഭംഗ്യാഭുജിപ്പി
ച്ചീടണംദ്വിജാധിപാചരിക്കുകവഴിപോലെ ഒരുവൎഷംകഴിഞ്ഞനുഷ്ഠിക്കും
ശ്രാദ്ധങ്ങളിൽപിണ്ഡത്രയംപ്രദാനംചെയ്യണം ഒരുപിണ്ഡത്താലക്രിയ
ചെയ്യുന്നവൻപിതൃഹന്താവായിബ്ഭവിക്കുംനിൎണ്ണയം* ഉപരാഗകാലത്തി
ലുമതുപോലെയുഗാദിയിങ്കൽവത്സരമദ്ധ്യത്തിലും ഗയാശ്രാദ്ധമതുംഗജച്ഛാ
യാഖ്യവുംതഥാതീൎത്ഥശ്രാദ്ധമതുംചെയ്തീടൊലാ*ഗയാശ്രാദ്ധംപുത്രനനുഷ്ഠി
ക്കേണ്ടതങ്ങൊരുസംവത്സരംകഴിഞ്ഞുവേണംപോൽ*പിതൃഭക്ത്യാസുതനതു
ചെയ്താൽപിതൃഗണംഭവാബ്ധിയെന്നിന്നുടൻമോചിക്കുന്നു * ഗദാധരൻത
ന്റെയനുഗ്രഹത്തിനാൽ ഗതിലഭിക്കുന്നിതവരുംസ്വച്ഛന്ദം *തുളസിമഞ്ജ
രികളാലെവിഷ്ണുപാദുകകളെമുദാസമൎപ്പിച്ചീടണം * അതിന്നാലവാലപരി
ശുദ്ധതീൎത്ഥങ്ങളിൽപിണ്ഡങ്ങൾനൽകണംയഥാക്രമം * ശമീപത്രപ്രമാ
ണമെങ്കിലുംപിണ്ഡം ഗയാശിരസ്സിൽനല്കുകിലതുമൂലം * ഒരുനൂറുമൊന്നും
തലമുറയിലക്കുലത്തെയുദ്ധരിച്ചീട്ടുമെന്നുകേൾപ്പൂ * തഥാഗോത്രങ്ങളേഴി
നേയുമുദ്ധരിച്ചീട്ടുമതിന്നുസംശയമില്ലതെല്ലും * കുലപുത്രനേവൻഗയാശ്രാ
ദ്ധംചെയ്യുന്നലമവനുടെജന്മസഫലമാം * പിതൃക്കൾക്കൊക്കെത്തുഷ്ടിദ
വുമാണതെന്നുറച്ചുകൊൾകനീപതത്രിനായക! * ഹിമവൽപാൎശ്വത്തി
യായ്വിരാജിക്കും കലാപമെന്നുപേരിയന്നപൂങ്കാവിൽ * സുരന്മാരോട്ടുമ
പ്പിതൃക്കൾപാടിയ സരസഗാഥയുണ്ടിവണ്ണംകേൾക്കുന്നു* ശ്രമപ്പെട്ടുംചെ
ന്നുഗയയെപ്രാപിച്ചു നമുക്കുപിണ്ഡങ്ങൾമുറയ്ക്കുനൽകുവാൻ * സമൎത്ഥരാ
യ്ശീലഗുണമെഴുന്നവർ ജനിക്കണമസ്മൽകുലംതന്നിൽദൃഢം * ഇദമാമു
ഷ്മികക്രിയയെയേതൊരു തനയൻചെയ്യുന്നിതവനമശ്രാന്തം *പരമമുക്ത
നായ്സുഖിയായ്കൌശികതനയരെന്നമാതിരിഭവിക്കുന്നു * ഭരദ്വാജൻ
തന്റെതനയരേഴുപേർ വധിച്ചുപണ്ടുഗോവിനെയെന്നാകിലും * ജന്മസ്സ
കൾപലതെട്ടുതൊട്ടുവില പ്പിതൃപ്രസാദത്താൽവിമുക്തരായ്വന്നു * അ
നഭയാത്മമന്നിവർദശാൎണ്ണന്റെ ജനപദങ്ങളിൽകിരാതന്മാരായും *
തഥാകാലഞ്ജരഗിരിവരൻതങ്കൽയഥാകാലംമൃഗങ്ങളായുമങ്ങനെ* ശരദ്വീ
പിൽചക്രങ്ങളായും മാനസസരസ്സിലന്നപ്പക്ഷികളായുംതഥാ * കുരുക്ഷേ
ത്രംതന്നിൽശ്രുതിജ്ഞരാംവിപ്ര വരിഷ്ഠന്മാരായുംജനിച്ചുപത്രമേ! * അവി
ടെവെച്ചുബ്രാഹ്മണതനയന്മാരവികലമായപിതൃഭക്തിയാലേ * സവിശേ
ഷംമുക്തിപദത്തെപ്രാപിച്ചാരതിലേറെറം പിന്നെവരുവാനെന്തോ അതു
മൂലം പലപ്രയത്നങ്ങൾചെയ്തുംപിതൃഭക്തനായിവരേണമേവനും * ഇഹ
പരലോകങ്ങളിൽസുഖിയായിഭവിക്കുന്നുനരനതിനാൽനിൎണ്ണയം * ഇദമ

ഛാദേഹക്രിയനിനക്കായിപറയപ്പെട്ടിതുകൃപയാലെന്നാലെ * അതിപുണ്യമായ് തനയവാശ്ചരാദായകമായിപ്പിതൃക്കളിലുരുഭക്തി * യുദിപ്പിക്കുന്നതായിരിക്കുമിക്കഥശ്രവിച്ചീടുന്നവൻദരിദ്രനെങ്കിലും * സമസ്തപാപങ്ങൾനശിച്ചഹോദാനഫലത്തെയുംമുടൻലഭിക്കുന്നുപരം * മയോദിതംശ്രാദ്ധമതുപോൽദാനവുംവിധിപോലെതൊരുപുരുഷൻചെയ്തുടൻ * മഹാപുരാണമായിട്ടുമിഗ്ഗാരുഡ മഹോഭക്ത്യാകേൾക്കുന്നവനു[illegible]ംഫലം * മഹപ്രദമഹാസുഖപ്രദമതുമഹപ്രകരാരേ! ശ്രവിക്കചൊല്ലുവൻ * പിതാവുനല്ലപുത്രനെക്കൊടുക്കുന്നു പിതാമഹൻപശുധനംകൊടുക്കുന്നു * പിതാമഹതാതൻധനംകൊടുക്കുന്നു പിതാമഹപിതാമഹനന്നാദ്യവും * അവർകളുംശ്രാദ്ധത്തിനാൽസംതൃപ്തരായവികലംപുത്രനഖിലകാമങ്ങൾ * മുദാകൊടുത്തുടൻയമരാജൻതൻെറ പഥാപോയിച്ചേന്നകൃതാന്തഗേഹത്തിൽ * അകംപുക്കുധർമ്മസഭയിൽവാഴുന്ന പതംഗങ്ങൾക്കധിപതിയാംനാഗാരേ! * നിഖിലലോകനായകനാംദേവനാലുദിതമത്തേവംശ്രവിച്ചതുനേരം * പരമസന്തോഷവിവശചിത്തനായ് ചമഞ്ഞുതാർക്ഷ്യനെന്നുരചെയ്താൻസൂതൻ *

ഇതി ഗാരുഡപുരാണേ,
സാരോദ്ധാരേസപിണ്ഡനാദിസർവ്വകർമ്മനിരൂപണോനാമ
ത്രയോദശോഽദ്ധ്യായഃ.

---

## പതിനാലാം അദ്ധ്യായം.

---

വൈകുണ്ഠദേവൻതൻെറവാർമുകിൽപ്രഭയോംപൂമൈ കണ്ടുകണ്ടാനന്ദസിന്ധുവിൽമുഴുകിയും * കൈരണ്ടുംകൂപ്പിത്തിരുവാക്യപീയൂഷമുണ്ടാൻപൈകൊണ്ടൊരഭിലാഷപൂർത്തിയാൽസന്തോഷിച്ചും * വൈകുണ്ഠപാദോപാന്തേനിൽക്കുന്നപക്ഷിശ്രേഷ്ഠൻ പൈതൃന്തിവരുമധൈപതാനന്ദലഹരിയാൽ * ചൈതന്യസ്വരൂപൻെറകാൽനോക്കിനമസ്കാരംചെയ്തന്യൂനംപിന്നെയുംകൊണ്ടാടിച്ചോദ്യംചെയ്താൻ * ധർമ്മരാജൻെറപുരികളവെന്താണെന്നുമ തെങ്ങനെയിരിപ്പോന്നാണെന്നുമാർനിർമ്മിച്ചെന്നും * നിർമ്മലയാകുംധർമ്മസഭയെങ്ങനെയെന്നുംധർമ്മനേതാവരോടുമൊത്തതിൽവാഴുന്നെന്നും *ധാർമ്മികന്മാരായീടുമേതവർയഥാലയേധർമ്മമാർഗ്ഗത്തിൽക്കൂടിഗ്ഗമിച്ചീടുന്നുവെന്നും * ധർമ്മങ്ങളവകളുംതന്മാർഗ്ഗങ്ങളുമെന്നിക്കൊന്നൊഴിയാതെയരുളിച്ചെയ്തുകേൾപ്പിക്കണം * എങ്കിലതുകേട്ടാലുംനീപക്ഷീന്ദ്ര!മുനികുലാലങ്കാരമാംനാരദൻമുമ്പായമുനികളാൽ *സംപ്രാപ്യമായ്ശോഭിപ്പൂകാലമന്ദിരംദിവ്യം വൻപുണ്യമുള്ളോർക്കുകൈവരാനിടവരും *സർവ്വത്രവജ്രമയമായ് വിരാജിച്ചീടുന്നവൈവസ്വതാഗാരംനൈരൃതയാമ്യയോർമ്മദ്ധ്യേ *ദിവ്യ[illegible]ാനന്ദോദയമനഘംവിളങ്ങുന്ന ഭവ്യദംസുരാസുരാഭേദ്യംവിസ്തൃതതരം *

ഉന്നതമാകുംകോട്ടമതിലാൽചുററപ്പെട്ടഭംഗിയിൽചതുരശ്രാകാരമായ്കിട
ക്കുന്നു * നന്നായ്നാലുദിക്കിലുമോരോവാതിലുംഗോപുരങ്ങളാലലംകരിക്ക
പ്പെട്ടുമിരിക്കുന്നു*പരപ്പുമുണ്ടായിരംയോജനയതിന്നനുധരിച്ചുകൊണ്ടാലും
നീപരത്രികുലവര * ചിത്രഗുപ്തന്റെമണിമന്ദിരംമഹത്തരംതത്രതൽപുരി
ലൊരുഭാഗത്തുശോഭിക്കുന്നു* വിസ്തൃതിയിരുപത്തിയഞ്ചുയോജനയുണ്ടുപ
ത്തുയോജനയുണ്ടുപൊക്കവുമതിന്നെടോ * ചുററുമുള്ളോരുമതിലിരുമ്പുകൊ
ണ്ടാകുന്നു പത്രിനായക!മഹാദിവ്യമാണതുനൂനം *കൊടിക്കൂറകൾകൊണ്ടു
വിളങ്ങുംകൊടിമരംനിരപ്പെയുണ്ടുപിന്നെച്ചുററിസ്സഞ്ചരിക്കുവാൻ*നിരത്തു
കളുമൊരുനൂറുണ്ടെന്നതുമല്ല പരിഭ്രാജിക്കുംവ്യോമയാനങ്ങൾപലതുണ്ടു *
സംഗീതവാദിത്രനാദിതമാണെല്ലായ്പ്പോഴുംഭംഗിയേറീടുന്ന ചിത്രങ്ങളാലലംകൃ
തം നിമ്മലന്മാരായീട്ടുംദേവശില്പികളാലെനിമ്മിതംനിരന്തരശമ്മദം സു
രുചിരം * പൂവാടികളുംനല്ലപൂങ്കാവുകളുംപാത്താൽ ദേവാരാമാഡംബരം
സാരമില്ലതുമല്ല * ശ്രീവസമാനഹംസമധുപക്കൂട്ടങ്ങളും രാവാനന്ദരമ്യ
ങ്ങളായീട്ടുംകയിൽകളും * ഏവമോരോരോപക്ഷിജാലങ്ങൾമററുംഭംഗ്യാകൂ
കുന്നമനോഹരനാദത്താൽപ്രശോഭിതം * ഗന്ധവ്വാപ്സരോഗണപരിവാര
ത്താൽപുനരന്തരഹിതംപരിവൃതമത്ഭുതപ്രദം * ഇങ്ങിനെവിളങ്ങുന്നസഭ
യിൽചിത്രഗുപ്തൻ സ്വണ്ണനിമ്മലരത്നനിമ്മിതേസിംഹാസനേ * സന്മോ
ദമോടുംസ്ഥിതിചെയ്തുമാനുഷായുസ്സു നിണ്ണയിക്കുന്നുനീക്കമെന്നിയേദിവാ
നിശം * പാപമോസുകൃതമോ തെല്ലുപോലുമേവിട്ടുപോകയല്ലവനെന്നുസാ
ദരംധരിക്കനീ * ഗുണമോദോഷമോചെയ്തിട്ടുകിലതിൻഫലമണുവ്യത്യാസം
വന്നുപോകാതെകണക്കാക്കി * അവിടെച്ചിത്രഗുപ്തശാസനാലവർകളെ യ
വിശങ്കംഭുജിപ്പിച്ചീടുമാറാകുന്നെടോ * ചിത്രഗുപ്താലയത്തിൻകിഴക്കുവശ
ത്തായിവിദ്യോതിക്കുന്നുമഹത്തരമാംജ്വരാഗാരം * ദക്ഷിണഭാഗത്തിങ്കൽശൂ
ലമന്ദിരംലൂതാവിസ്ഫോടങ്ങൾതന്നുടെഭവനങ്ങളുംതഥാ * പടിഞ്ഞാറാ
യിക്കാലപാശാജീണ്ണാരുചികൾ കുടയന്നികേതങ്ങൾനിയതംവിളങ്ങുന്നു *
വടക്കുപാണ്ഡുരോഗരാജയക്ഷ്മാക്കൾഗൃഹം വടക്കുകിഴക്കായിവാഴുന്നുശിരോ
രുക്കും * മോഹാലസ്യവുമഗ്നികോണത്തിൽവാണീടുന്നി താഹന്ത!നൈരൃ
തത്തിലതിസാരവുമല്ലോ * ദാഹശീതജ്വരങ്ങൾവായുകോണിലുമത്ര *
ദേഹത്തെപ്രവേശിപ്പാൻമോഹിച്ചുവസിക്കുന്നോർ * മററുള്ളരോഗങ്ങളുമ
വിടെത്തന്നെയൊക്കെ ചുററിപ്പാറിപ്പാക്കുന്നുദുഷ്ടരെപ്പീഡിക്കുവാൻ * ചി
ത്രഗുപ്തനുംശ്രദ്ധാപൂവ്വമങ്ങിരുന്നുടൻ മത്ത്യന്മാർചെയ്യുംഗുണദോഷങ്ങളെ
ഴുതുന്നു * തത്രതൽപുരിയുടെയഗ്രഭാഗത്തുരണ്ടു പത്തുയോജനയകലത്തുനി
സ്തുലപ്രഭം * വിദ്യോതിക്കുന്നുസമവത്തിതൻമണിമയ പത്തനംതൽപത്ത
നമദ്ധ്യസ്ഥംമഹാദിവ്യം * വിദ്യുത്തുംവിഭാകരകരവുംകെലന്റെഴമത്തുച്ചുതേ
ജസ്സുകൊണ്ടത്യന്തപ്രകാശകം * വിസ്താരായാമങ്ങളുംയോജനയിരുനൂറുണ്ടു
ച്ഛ്രായമതിന്റെകാൽഭാഗവുമാകുന്നെടോ * മുഗ്ദ്ധവൈഡൂര്യരത്നഖചി
തമതുംസഹസ്രസ്തംഭങ്ങളാൽവഹിക്കപ്പെട്ടുള്ളതുമല്ലോ * ഹാടകപരി
ഷ്കൃതംസൌധഗോപുരമണിമേടകൾമേരുവിന്റെശിഖരങ്ങളെപ്പോലെ

* കേടകന്നഃഹാവിളങ്ങുന്നിതുശരന്മേഘത്തോടുതുല്യമാമമലപ്രഭായുത
മതും * സ്ഫടികഃസോപാനങ്ങൾവജ്രകുട്ടിമങ്ങളും വടിവേറുന്നപൊ
ന്നുംതാഴികക്കുടങ്ങളും * തെളിവാൎന്നെഴുംമുത്തുമണികളാലെ തീൎത്തു
കിളിവാതിലുകളും ധ്വജങ്ങൾകൊടികളും * സ്വൎണ്ണതോരണങ്ങളും സ്വ
ൎണ്ണപ്പാളികകൊണ്ടുനിൎമ്മിച്ചുചേൎത്തിട്ടുള്ളനിൎമ്മലകവാടങ്ങൾ * മണിനാദ
വുംപെരുമ്പറനാദവുമേററ മനഃഖങ്ങളായ്മുള്ളില്ലാതുള്ളവൃക്ഷങ്ങളും *
ലതകൾഗുല്മങ്ങളുമെന്നിവകളാലുമത്ഭുതമായകങ്ങൾമറേറാരോന്നുള്ളവയാ
ലും * അണിയപ്പെട്ടുള്ളതാമിപ്പുരവരംശില്പി ഗണനായകനായവിശ്വക
ൎമ്മാവുംപുരാ * നിജയോഗത്തിൻപ്രഭാവംകൊണ്ടുനിൎമ്മിച്ചിതു ദ്വിജനായ
ക! കേട്ടുകൊണ്ടാലുമിനിയുംനീ * അപ്പുരംതന്നിലൊരുനൂറുയോജനയാ
ളംവിസ്താരമിയലുന്നതായൊരുസഭയുണ്ടു * എത്രയുംദിവ്യംസ്വൎണ്ണസം
കാശപ്രഭമെത്രമോൎത്താൽസൎവ്വകാമരൂപകമാകുന്നെടോ! * അതിശീതവുമത
ഷ്ണവുമല്ലതുപുനരധികംസന്തോഷദമാകുന്നതാനുംനൂനം * വ്യഥയുംജരയു
മില്ലവിടെദ്രോഹംവിശപ്പിവയുമൊന്നിങ്കലുമപ്രിയമതുമില്ല * മാനുഷങ്ങ
ളുംദിവ്യങ്ങളുമായിട്ടുംസൎവ്വകാമങ്ങളുംസാധിക്കാമതിലെന്നറികനീ * കോ
മളതരംരസവത്തുകളായുള്ളതിൽ സീമയില്ലാതെഭക്ഷ്യഭോജ്യങ്ങൾപക്ഷി
ശ്രേഷ്ഠ! * രസവത്തുകളായശീതോഷ്ണജലങ്ങളും അഭിലാഷങ്ങളൊക്കെ
നല്കുന്നമരങ്ങളും * അതിപുണ്യങ്ങളാംശബ്ദാദികങ്ങളുമുണ്ടസ്സഭയിൽബാ
ധകളൊന്നുമില്ലല്ലോതാനും * രമ്യമായിരിക്കുമിസ്സഭയിലിരിപ്പാൎക്കു വ
ന്നിടുമല്ലോസൎവ്വകാമങ്ങൾഖഗവര! * മുന്നമൊട്ടേറെക്കാലംതപസ്സുചെയ്തു
വിശ്വകൎമ്മാവുനിൎമ്മിച്ചതാകുന്നിദംസഭാതലം * ഉഗ്രമായിട്ടുംതപസ്സാച
രിച്ചീടുന്നോരും മുഖ്യമാംവ്രതങ്ങളെസ്സാധിച്ചുപോരുന്നോരും * സത്യവാ
ദികളുംശാന്തന്മാരായ്സന്യാസമാം വൃത്തിയെപ്രാപിച്ചേറാംവിശുദ്ധന്മാ
രായോരും * സിദ്ധരുംശുദ്ധകൎമ്മംകൊണ്ടുനിൎമ്മലതയെ സിദ്ധിച്ചമഹാപു
ണ്യവാന്മാരാംനരന്മാരും * അത്യൎത്ഥമാഭാസുരഗാത്രന്മാരായ്നിൎമ്മലവ
സ്ത്രാലങ്കാരങ്ങളുമണിഞ്ഞുശോഭിച്ചേററം * സല്ക്കൎമ്മജാലംചെയ്തുമൂലമായേ
വംസഭാമദ്ധ്യത്തിൽപ്രവേശവുംലഭിച്ചുസുഖിക്കുന്നു * തത്സഭാതലേസൎവ്വ
രത്നമണ്ഡിതമായിപത്തുയോജനപരപ്പുള്ളതാംസിംഹാസനം * നിസ്തു
ലശ്രീമാനായധൎമ്മരാജനുംമഹാ ചിത്രശോഭിതശീൎഷനായിനാനാരത്ന
ങ്ങൾ * ഉജ്ജ്വലിച്ചീടുംമണിമകുടമതുംധരിച്ചത്ഭുതമേകുംരത്നകുണ്ഡ
ലങ്ങളുംചാൎത്തി * ശില്പമാംവണ്ണംനല്ലചാമരംധരിച്ചുള്ളോരപ്സരഃപ്പെണ്ണു
ങ്ങളാൽവീജിതനായിച്ചെമ്മേ * വൎത്തിക്കുന്നിതുസമവൎത്തിയായസിതമാ
മഭ്രനിൎമ്മലപ്രഭകലൎന്നദേഹത്തോടും * അപ്സരസ്സംഘങ്ങളുംഗന്ധൎവ്വസമൂഹ
വും നൃത്തവാദിത്രഗീതാദ്യങ്ങളാലനുദിനം * ഉത്തമോത്തമനായധൎമ്മരാജ
ന്റെപാദ പത്മമാരാധിച്ചുചുറവുംനിന്നുസേവിക്കുന്നു * പാശവുംധരിച്ചു
ടൻമൃത്യുവുംബലിയസ്സായ് നാശകാരകനായകാലനുമതുപോലെ * ഹേശ
കുന്തമേ! ചിത്രഗുപ്തനും ചിത്രൻതാനുമാശുതൽകൃതാന്തനുംധൎമ്മനെസ്സേവി
ക്കുന്നു * പറയുന്നതുകേൾപ്പാൻശ്രദ്ധിച്ചുനിതാന്തമാ ക്കയെരുംദണ്ഡുംചൂ

ണ്ടുതന്നൊട്ടു സമമായ് * ബലമോടന്തികത്തിൽനില്ക്കുന്നഭടന്മാരാൽ പരി
വാരിതനത്രധൎമ്മനെന്നറികനീ * അഗ്നിഷ്വാത്തന്മാർ സോമപന്മാരൂ
ഷ്മപന്മാരും ബൎഹിഷത്തുകളുമേവംമൂൎത്താമൂൎത്തരായോർ * ഒക്കെയു
മാൎയ്യമാദിമൂൎത്തികളാകുംപിതൃ വൎഗ്ഗവുംമാറുമിവരെല്ലാരുമൊരുപോലെ *
ഉത്തമന്മാരാംമുനിമാരോടുമിടചേൎന്നു നിത്യവുംധൎമ്മരാജൻതന്നെസ്സേവി
ച്ചീടുന്നു * അത്രിയുംവസിഷ്ഠനുംപുലഹൻദക്ഷൻ ജാമദഗ്ന്യനുംഅം
ഗിരസ്സും ക്രതുവുംപുലസ്ത്യനും * ഭൃഗുവുമഗസ്ത്യനുംനാരദൻതാനും
മറ്റുപലരുംധൎമ്മരാജസഭയെപ്രാപിച്ചുടൻ * വസിച്ചീടുന്നു സകലരെയും
വേറെവേറെ കഥിച്ചീടുവാനേറെപ്പണിയുണ്ടോർകനീ * ധൎമ്മശാസ്ത്ര
ത്തിൻവ്യാഖ്യാനങ്ങളാൽയഥാതഥം നിൎണ്ണയിക്കുവോരായിട്ടവിടെവസി
ച്ചുടൻ * ധന്യനാംധാതാവിൻെറകല്പനയാലേയമ ധൎമ്മനെസ്സേവിച്ചു
വാഴുന്നെന്നുമറികനീ * ചന്ദ്രസൂൎയ്യവംശജന്മാരായ് ധൎമ്മജന്മാരാംമന്ന
വന്മാരുംസഭാതലത്തിലഹൎന്നിശം * ധൎമ്മനെസ്സേവിച്ചുവാണീടുന്നുവ
ഴിപോലെയെന്നുനീമനക്കാമ്പിൽധരിക്കപൌരവര! * സഗരൻമാന്ധാതാ
വുമംബരീഷനുംഭഗീരഥനുമനാരണ്യനുംമനുദിലീപനും * പൃഥുവുംനിമി
താനുംമുചുകുന്ദൻപുരു നഹുഷൻയയാതിയുംദുഷ്ഷന്തൻഭരതനും *
ശിബിയുംവീരസേനപുത്രനാംനളൻതാനും നൃപനായകനായശന്തനുപാ
ണ്ഡുപിന്നെ * കൃതവീൎയ്യജനാകുമൎജ്ജുനൻതാനുമേവ മതിവീൎയ്യവാന്മാ
രാംരാജൎഷിപ്രവരന്മാർ * ശ്രുതവേദികൾകീൎത്തിശാലികൾസുകൃതികള
ധികമശ്വമേധയാഗംചെയ്യുകയാലേ * സഭയിൽവസിക്കുവാൻസംഗതി
വന്നെന്നതുമറികിസ്സഭയിലില്ലധൎമ്മമൊന്നുംതന്നെ * പക്ഷപാതംകള്ള
വുംമത്സരമിവയൊന്നും തത്സഭതന്നിലൊരിക്കലുമില്ലറികനീ * സഭ്യരും
സൎവ്വശാസ്ത്രജ്ഞന്മാരാണതുമല്ല നിസ്തുലധൎമ്മനിഷ്ഠകലൎന്നവരുമല്ലോ *
നിത്യവുംസഭയിൽവാണവരുംവൈവസ്വത മൂൎത്തിയെഭക്ത്യൈവസേവി
ക്കുന്നുപൌരവര! * ദക്ഷിണമാൎഗ്ഗത്തൂടെവരുന്നപാപശീലൎക്കിക്കലക്ഷിട
വിക്കില്ലീദംസഭാതലം * യമപുരിക്കൽകടപ്പാൻദ്വാരംനാലുണ്ടെന്നും ശമചാ
ത്മാക്കൾപോകുംവഴിയേതാകുന്നെന്നും * ക്രമമായ്മുൻപേതന്നെനിനക്കു
സവിസ്തരം സുമതേവഴിപോലെപറഞ്ഞുതന്നില്ലയോ? * കിഴക്കുപടിഞ്ഞാ
റുവടക്കെന്നേവംമൂന്നു വഴിക്കുകൂടിഗ്ഗമിച്ചീടുന്നുസുകൃതികൾ * കനക്കെപ്പു
ണ്യംചെയ്തുമൂലമസ്സഭയിങ്കൽഗമിക്കുന്നവർകളെത്തിരിച്ചുചൊല്ലാംകേൾനീ
* കിഴക്കുഭാഗത്തുള്ളമാൎഗ്ഗംവിസ്തൃതംപൂത്തുതഴച്ച കല്പവൃക്ഷഛായയാലാ
ച്ഛാദിതം * മുഴുപ്പുറുംരത്നങ്ങൾകൊണ്ടലംകൃതമെന്നുതാഴ്ക്കുകൊണ്ടുരമ്യംശീ
തളംസുഖപ്രദം * സകലഭോഗസമന്വിതമാണതുമല്ലസകലജാതുപച്ച്യാ
മയാനങ്ങൾകൊണ്ടും * വിമലഹംസാവലികൊണ്ടുംരാജിതംമനഃശ്രമഹാ
രകംവിദ്രുമാരാമപ്രശോഭിതം * അവ്വഴിഗമിക്കുന്നപുണ്യശീലന്മാരെയും അ
വോളംചുരുക്കാതെചൊല്ലുവൻകേട്ടാലുംനീ * കേവലസുഖപൂൎണ്ണബ്രഹ്മൎഷി
പ്രവരരുംപാപമുക്തന്മാരായരാജൎഷിവരന്മാരും * അപ്സരോഗണംവിദ്യാധ
രഗന്ധൎവ്വന്മാരുംസൎപ്പാദിദേവതാരാധനതല്പരന്മാരും * സൽഭൂഷണങ്ങ

ചേൻറുള്ള നരന്മാരും ഗ്രീഷ്മകാലത്തുവെള്ളംവിഴ്ത്തീക്കുംപുരന്മാരും * മാ
ഘമാസത്തിൽകാഷ്ഠദാനംചെയ്യോരുംക്രോധലോഭവർജ്ജിതന്മാരും സത്യധ
ർമ്മജ്ഞന്മാരും * ദാനമാനങ്ങൾകൊണ്ടുവിരക്തന്മാരായോരെ മാനിച്ചുവ
ഷ്ടകളിൽവിശ്രമിപ്പിക്കുന്നോരും * ദീനനെനല്ലവാക്കുപറഞ്ഞാശ്വാസ
ത്തിനന്യൂനമാംസ്ഥാനംനൽകിരക്ഷിക്കുംശിഷ്ടന്മാരും * അച്ഛനമ്മമാരിൽ
നിഷ്കളംകയായഭക്തിയെകൈക്കൊണ്ടുവർത്തിക്കുന്നസദ്വൃത്തന്മാരായോരും *
സ്വച്ഛന്ദംഗുരുനാഥശുശ്രൂഷാരതന്മാരുംവിദ്യാദായകന്മാരുംഭൂദാനംചെയ്യു
ന്നോരും * ഭവനംകൊടുപ്പോരുംപശുവെദാനംചെയ്യും ഭുവനപൂജ്യതാം
പ്രാപിച്ചപുണ്യവാന്മാരും * അഭിമോദാൽപുരാണംചൊൽവോരുംകേൾക്കു
ന്നോരുമതിനെപ്പഠിക്കുവാനാസക്തിപൂണ്ടുള്ളോരും * ഇവരുംസുശീലരാം
പുണ്യശാലികൾമററുപലരുംകീഴുള്ളവഴിയേക്കൂടിത്തന്നെ * സുന്ദരാംസു
ഖംപൂണ്ടസ്സഭയെപ്രാപിക്കുന്നു വികിരാന്വയജാലപ്രവര!കേട്ടാലുംനീ * ര
ണ്ടാമതങ്ങുപിന്നെവടക്കുവഴിയതിലുണ്ടടോമഹാരഥശതങ്ങൾചുഴലവും*
നരവാഹനങ്ങളുംഹരിചന്ദനങ്ങളുമരയന്നംപഞ്ചാരക്കോഴിചക്രപ്പക്ഷിയും
* കരയുംകണ്ണാനന്ദകരമാംനിനാദവും പരിതോഷംനല്കുന്നപീയൂഷസര
സ്സുകളും * എന്നിവകളെക്കൊണ്ടുശോഭിപ്പൂവടക്കുള്ള ധന്യമാർഗ്ഗവുമെന്നു
നിർണ്ണയമറികനീ*അതിലേവൈദികന്മാർപോയിട്ടുനിതുപിന്നെ യതിഥി
കളെപ്പൂജിപ്പവരുംപോയിടുന്നു * ഹൃദയേദുർഗ്ഗാഭക്തിപൂണ്ടവർകളുംസൂര്യ ഭ
ഗവൽഭക്തന്മാരുംധർമ്മസംഗരത്തിങ്കൽ * മരണംപ്രാപിപ്പോരുംപാവനാ
ൾതീർത്ഥമാട്ടും നരരുമനശനംദീക്ഷിച്ചുമരിപ്പോരും * ഗോഗൃഹത്തിലുംകാ
ശിയിങ്കലുംവച്ചുമൃത്യുവാക്കുസംഭവിക്കുന്നിനവരുമതുപോലെ * തീർത്ഥതാ
യത്തിൽവീണുവിധിയാൽചാകുന്നോരും ധാത്രീദേവക്കുവേണ്ടിമരണംപ്രാ
പിപ്പോരും*തന്നെരക്ഷിക്കുംസ്വാമിതന്നുടെകാര്യത്തിനായ്തന്നുടെജീവനു
പേക്ഷിക്കുന്നപുരുഷരും * തീർത്ഥക്ഷേത്രങ്ങൾതന്നിൽമരിക്കുന്നവരുമീ മാ
ർഗ്ഗത്തിൽക്കൂടിയത്രേപോകുന്നതറികനീ * ദേവവിധ്വംസത്തിങ്കൽചാകുന്നാ
നരന്മാരും യോഗാഭ്യാസത്താൽകാലധർമ്മത്തെപ്രാപിപ്പോർ * സല്പാത്രം
നോക്കിപ്പൂജിപ്പവരുമഹോദാനതല്പരന്മാരുംപോയിടുന്നതാവഴിതന്നെ * ഉ
ത്തരമാർഗ്ഗത്തിൽക്കൂടിഗ്ഗമിച്ചിവരെല്ലാമുത്തമസഭാതലംപ്രാപിച്ചുവസിക്കു
ന്നു * പടിഞ്ഞാറുള്ളമാർഗ്ഗമാകുന്നുമൂന്നാമതു പറഞ്ഞീട്ടുവനതിൽക്കൂടിപ്പോ
മവരെയും*പരമാമാർഗ്ഗത്തിൻറവാസ്തവങ്ങളുംപക്ഷിവര!നീചെവിതന്നു
കേട്ടാലുംവഴിപോലെ * മണിമന്ദിരങ്ങളാൽപരിശോഭിതംസുധാരസസം
പൂർണ്ണധുനീജാലത്താലലംകൃതം *ഗജനാഥനാംനാല്ക്കൊമ്പൻതൻറവംശ
ങ്ങളാംഗജരത്നങ്ങളാലവിശിഷ്യവിഭൂഷിതം * ഹയജാലവുമുണ്ടുമേത്തര
മുച്ചൈശ്രവോഹയസംഭൃതങ്ങളായവിടെനിരന്തരം * ഇങ്ങനെയുള്ളോരു
മാർഗ്ഗത്തിൽക്കൂടെപ്പോകുന്നപുണ്യവാന്മാരെയുംഞാനാവോളംചൊല്ലാമല്ലോ
* നിർമ്മലന്മാരാമാത്മതല്പരന്മാരുംപുനരന്വാഹംശാസ്ത്രചിന്തപൂണ്ടുവാന
ട്ടുവോരും* അനന്യമനസ്കരായ്വിഷ്ണുവെസ്സേവിപ്പോരുമനുഷ്ഠാനംഗായത്രി
ജപിക്കുംവിപ്രന്മാരും*പരഹിംസയുംപരദ്രവ്യകാംക്ഷയുംപിന്നെ പ്പരവാദ

ങ്ങളുമില്ലാതുള്ളസാധുക്കളും* സുരതത്തിന്നുനിജപത്നിയെയൊഴിച്ചന്യതരു
ണിമാരെപ്രാപിച്ചീടാത്തപുരുഷരും * സാഗ്നികന്മാരുംവേദപാഠകന്മാരും
തപസ്സാശ്രയിച്ചമരുന്നപരമാൎത്ഥജ്ഞന്മാരും * ലോഷ്ഠാശ്മസ്വൎണ്ണങ്ങളിൽ
സമഭാവനപൂണ്ടയോഗ്യരും ശ്രീപാദസന്യാസതല്പരന്മാരും * വാനപ്ര
സ്ഥാശ്രമത്തെപ്പാലിക്കുംസാധുക്കളുമൂനാപേതം ബ്രഹ്മചൎയ്യവ്രതംധരിപ്പോ
രും * ജ്ഞാനവൈരാഗ്യസമ്പന്നന്മാരുമഹാസൎവ്വപ്രാണിനാംഹിതംചെ
യ്യാൻശ്രദ്ധിക്കുംസദ്വൃത്തരും * ചന്ദ്രചൂഡപ്രീതിക്കുംഗോവിന്ദപ്രീതിക്കുമാ
യന്യൂനമാരോവ്രതംസാധിച്ചുജീവിപ്പോരും * കൎമ്മങ്ങളെല്ലാംപരബ്രഹ്മ
ത്തിൽസമൎപ്പിച്ചു നിൎമ്മമന്മാരായ്കാലധൎമ്മത്തെപ്രാപിപ്പോരും * ഋണം
മൂന്നിലുംനിന്നുമുക്തന്മാരായുള്ളോരും ഗുണമേറുംപഞ്ചയജ്ഞങ്ങൾചെയ്തി
രിപ്പോരും * പിതൃക്കൾക്കഹോയഥാകാലം ശ്രാദ്ധങ്ങൾനൽകി പിതൃ
പ്രീതിയെപരിഗ്രഹിച്ചിരിപ്പോരും * ചാലേസന്ധ്യാവന്ദനംചെയ്തീടുന്ന
വർകളും നീചസംഗത്തെവിട്ടസത്സംഗരതന്മാരും * ഇപ്പറഞ്ഞവരെല്ലാം
പൊൻവിമാനവുമേറി യപ്സരോഗണങ്ങളാൽപരിസേവിതരുമായ് * തൃ
പ്തിയാവോളംസുധാപാനവുംചെയ്തുചെയ്തു ശ്രാദ്ധദേവാഗാരത്തെപ്രാപി
ച്ചോരനന്തരം * പശ്ചിമദ്വാരംവഴിസഭയെപ്രവേശിച്ചങ്ങത്യന്തസുഖംപൂ
ണ്ടുമരുവുന്നറികനീ * ധൎമ്മരാജനുമവരെക്കണ്ടുസന്തോഷിച്ചു നന്ദ്യാസ്വാ
ഗതവാക്കുകൊണ്ടുസല്ക്കരിച്ചുടൻ * തന്നുടെസിംഹാസനാന്തനിൽനിന്നെ
ഴുന്നേററു ചെന്നീടുന്നിതുനേരിട്ടങ്ങോട്ടുഭഗവര! * നാലുകൈകളെപ്പൂണ്ടു
ഗദയുംശംഖുംചക്രം വാളുമോരോന്നിലോരോന്നായിക്കൈക്കൊണ്ടങ്ങനെ *
കാലേകാരുണ്യപ്രസന്നാനനനായിപ്പുണ്യ ശീലരെമിത്രങ്ങളെപ്പോലെയാ
ചരിക്കുന്നു * പിന്നെസ്സിംഹാസനവുംനൽകിയങ്ങിരുത്തിത്താൻതന്നെ
വീണുടൻവന്ദിച്ചൻപോടുനിന്നീടുന്നു * പുണ്യകൎമ്മത്തിൻമാഹാത്മ്യത്തെ
വന്ദിക്കേണ്ടതാണിന്ദ്രനുംവിധാതാവുംപോലുമെന്തിതില്പിന്നെ * നന്നായ്
കാൽകഴുകിച്ചുചന്ദനാദികൾകൊണ്ടു നന്ദ്യാപൂജിച്ചുസല്ക്കാരംപൂണ്ടുപറയു
ന്നു* സഭ്യരെസ്സകലരുംജ്ഞാനിയായുള്ളവനെ നിൎഭരംവിനയംകൈക്കൊ
ണ്ടുവന്ദിച്ചീടണം * നിശ്ചയമിവൻമമമണ്ഡലംഭേദിച്ചങ്ങുസത്യലോകത്തെ
പ്രവേശിക്കുമെന്നറിയുവിൻ * ഭോഭോബുദ്ധിമാന്മാരിൽശ്രേഷ്ഠരേ! നരകാ
ൎത്തിഭീരുതപാലാലന്മാരേ! നിങ്ങളുംപുണ്യത്താലേ *ശോഭനമായിസ്സുഖദായ
കമായീടുന്നദേവതാസംപ്രാപ്തിയെസ്സാധിച്ചുകഴിഞ്ഞിതു * ദുൎല്ലഭമാകുംമാ
നുഷത്വംപ്രാപിച്ചീടുവാനുള്ളഭാഗ്യംകിട്ടിയാൽപുണ്യങ്ങൾചെയ്യാത്തവൻ
* വല്ലാത്തനരകക്കണ്ടിൽപതിക്കുംചെയ്തന്യമില്ലാത്തജന്തുക്കൾതൻകഥ
യെന്തെടോപിന്നെ * അസ്ഥിരങ്ങളാംദേഹധനങ്ങൾവിനിയോഗിച്ചത്ര
സുസ്ഥിരമായധൎമ്മത്തെനേടുന്നവൻ * ബുദ്ധിമാന്മാരിൽവച്ചുവരിഷ്ഠന
ല്ലോതസ്മാൽ കൎത്തവ്യമത്രേധൎമ്മസഞ്ചയംസൎവ്വാത്മനാ * നിങ്ങളുംസൎവ്വഭോ
ഗയുക്തമായ്വിലസുന്ന പുണ്യവത്താംസ്ഥാനംപ്രാപിക്കുവിൻവൈകീടാതെ
* ഇങ്ങനെധൎമ്മവാക്യംകേട്ടവർകളുംവീണു വന്ദിച്ചുയമപാദംനിൎമ്മലസഭ
യേയും * വൃന്ദാരകന്മാരാലേപൂജ്യമാനരായ് മുനിവൃന്ദത്താൽസ്തൂയമാന

ന്മാരായുംയഥാകാമം * പൊൻവിമാനങ്ങളാലേ ചുററപ്പെട്ടുടൻപോയി
മൃമായിട്ടുംപരമംപദംപ്രാപിക്കുന്നു * ചിലരധർമ്മസഭതന്നിൽവാഴുന്നോർക
ളും പ്രളയംവരെയവിടെത്തന്നെയിരിക്കുന്നു * നിയതമമാനുഷഭോഗങ്ങള
നുഭവിച്ചധികമാനന്ദിച്ചുപുണ്യശേഷത്താൽപിന്നെ * പുണ്യദർശനമായ
മാനുഷജന്മത്തെയും ധന്യരാമവർകളുംലഭിക്കുന്നറികനീ * സകലശാസ്ത്ര
വിശാരദരായ്സർവ്വജ്ഞരാ യതിരില്ലാത്തധനകോടിക്കീശ്വരന്മാരായ് *സു
തരാമാനന്ദിച്ചുവാഴുന്നിതവർപര ഗതിയുംലഭിക്കുന്നിതാത്മചിന്തനംകൊ
ണ്ടേ * കാലമന്ദിരംനിന്നാൽചോദിക്കപ്പെട്ടീടുകയാലേവമെന്നാൽപറയ
പ്പെട്ടുപക്ഷിശ്രേഷ്ഠ! * കാലേക്ഷേതിപൂജിതുകേൾക്ക നരന്മാരുംകാലമന്ദി
രത്തിലെ സ്സഭയെപ്രാപിക്കുന്നു. *

ഇതി ശ്രീഗാരുഡപുരാണേ സാരോദ്ധാരേ
ധർമ്മരാജനഗരനിരൂപണോനാമ
ചതുർദ്ദശോദ്ധ്യായഃ.

---

## പതിനഞ്ചാം അദ്ധ്യായം.

---

ശ്രീനാരായണസ്വാമിതന്നുടെപാദപത്മ സൂനാരാധിതകരങ്ങ
ളോടിടചേർന്നു * മാനാതീതാനന്ദവുംപൂണ്ടുപിന്നെയുംഗരു ത്മാനാസക്തി
യോടേവംവന്ദിച്ചുചോദ്യംചെയ്താൻ * ദീനവത്സലപ്രഭോനിന്നുടെവാ
ക്യാമൃത പാനത്തിൽതൃപ്തിയുണ്ടാകുന്നില്ലിന്നതുമൂലം * ഞാനിന്നുമോരോ
ന്നു ചോദിക്കുന്നുചൊൽവാൻഭഗ വാനുണ്ടാകണംതിരുവുള്ളമെന്നർത്ഥിക്കു
ന്നേൻ * ധർമ്മാത്മാവായുള്ളവൻസ്വർഗ്ഗസൌഖ്യവുംഭുജി ച്ച്മ്മഹീതലേ
നല്ലനിർമ്മലകുലത്തിങ്കൽ * വന്നിഹജനിക്കുന്നുവല്ലോവെന്നാലങ്ങുപ
ന്നമ്മതന്നുദരത്തിലുല്പാദിച്ചീടുംവിധം * എങ്ങനെയെന്നും പുണ്യവാന്മാ
രായീടുമവ രെങ്ങിനെവിചാരമദ്ദേഹത്തിൽചെയ്യുന്നെന്നു * എന്നോടു
വഴിപോലെയരുളിച്ചെയ്തു ചിത്ത സന്ദേഹംതീർത്തുരക്ഷിക്കേണമേകൃപാനി
ധേ! * ഇങ്ങനെഗരുഡന്റെചോദ്യംകേട്ടനന്തരം നന്ദിച്ചുമന്ദസ്മിതംതൂ
കിദേവനുംചൊന്നാൻ * പത്രിനായകനിന്റെചോദ്യമെത്രയും സാരവ
ത്തല്ലോപുനരിതുമെത്രയുംഗോപ്യംതന്നെ * ഭക്തനാകയാൽപക്ഷേനി
ന്നോടുചൊല്ലാമിതിൻവിജ്ഞാനംകൊണ്ടുംസർവ്വജ്ഞതാംകൈവരുംനൂനം*
സാരഞ്ജലേ!ബ്രഹ്മാണ്ഡഗുണസംപന്നമായി ധീരരാംയോഗികൾക്കുധാര
ണാസ്പദമായിപാരമാർത്ഥികമായദേഹത്തിൻസ്വരൂപവുംപാരാതെപറഞ്ഞീ
ടാംകേട്ടാലുംതെളിഞ്ഞുനീ* പാരമാർത്ഥികദേഹംഷട്ചക്രചിന്തയോഗിമാരാ
ൽചെയ്യപ്പെട്ടീടുന്നതുമെങ്ങിനെയെന്നും* ബ്രഹ്മരന്ധ്രത്തിൽചിദാനന്ദരൂപ
ധ്യാനവുമെങ്ങിനെയെന്നുമെല്ലാംനിന്നോടുചൊല്ലാമല്ലോ* സുകൃതിയാകും
പുമാൻശുചരായ്ശ്രീമാന്മാരാംപുരുഷന്മാർ തൻനിലയത്തിൽവന്നുണ്ടാകു

ന്നു* വിധമെങ്ങനെയെന്നുമച്ഛനമ്മമാർതന്റെ നിയമക്രമങ്ങളുംചൊല്ലു
ന്നേൻഭഗവര! *നാരിമാരുടെതീണ്ടാരിക്കാലമതിൽനാലു നാളുകൾവജ്ജി
ച്ചിരിക്കണമെന്നറിഞ്ഞാലും *ആലോകിക്കരുതവർതന്മുഖംപോലുമേതല്ലാ
ലേനോക്കീടുന്നവൻപാപസംയുതനാകും * നാലാന്നാളുട്ടുതുണിനനച്ചുമു
ങ്ങിക്കുളിച്ചാലോലാപാംഗിശുദ്ധയായ്ഭവിച്ചീടുംനൂനം * പിതൃദേവാദി
കൾതൻപ്രത്യുപൂജകൾചെയ്യാ നൃതുകാലംതൊട്ടേഴുനാൾചെന്നേമതിയാ
വൂ * അതിനുള്ളിലായ്ഗർഭമേറുപോയാലപ്രജ മലിനമനസ്സായിസംഭ
വിച്ചീടുംതാനും * മിക്കവാറുംഗർഭോല്പാദനമതെട്ടനാൾതൻമദ്ധ്യത്തിലാകു
ന്നത്രസംഭവിച്ചീടുന്നതും* യുഗ്മരാത്രികളിൽസംയോഗംചെയ്തലോനല്ല
പുത്രരമയുഗ്മരാത്രികളിൽപുത്രിമാരും*ഉത്ഭവിച്ചീടുംപക്ഷേതീണ്ടാന്നുമുൻ
ചൊല്ലിയ സപ്തരാത്രികൾനിഷേധിച്ചുവയ്ക്കണമല്ലോ*എട്ടാംനാൾതൊട്ടു
യുഗ്മരാത്രികൾനോക്കിനല്ല പുത്രന്മാരുണ്ടാകുവാൻചെയ്യണംനിധുവനം
* ഋതുരാത്രികൾനാരിമാക്കസാമാന്യമായി പതിനാറെന്നുതന്നെ പ
റയപ്പെട്ടീടുന്നു * പതിന്നാലാംനാൾസുകൃതാത്മാവായവൻ ഗർഭസ്ഥി
തനായ ഭവിക്കുവാൻ സംഗതിവന്നീടുന്നു *അതിഭാഗ്യവാനായിഗുണിയാ
യ് ധാർമ്മികനാംസുതനായ്തന്നെവന്നുപിറക്കുംനിസ്സംശയം * അധികാ
പ്രാകൃതരാംജനങ്ങൾക്കൊരിക്കലും ലഭിയാവിശേഷമായീടുമീനിശനൂനം *
ഋതുകാലംതൊട്ടഞ്ചാംനാൾതുടങ്ങിപ്പെണ്ണുങ്ങൾ പതിനാറാംനാൾവരെമ
ധുരംഭക്ഷിക്കണം * അക്കാലംകൈപ്പുഷ്ണവുംക്ഷാരവുമെരിപ്പെന്നീരസങ്ങളു
പയോഗിച്ചിടാതെയിരിക്കണം * നല്ലമണ്ണുഴുതുടൻപുല്ലുമകല്ലുംമുള്ളുമെല്ലാ
മെപെറുക്കീട്ടുവളവുംചേത്തങ്ങനെ * നല്ലവിത്തതിൽകൊണ്ടുവിതച്ചാൽ
കൃഷിക്കാക്ക നല്ലതായിട്ടുംഫലംകൈവരുമതുപോലെ * പല്ലുതേച്ചഹോ
കുളിയാഹാരമിവകഴിച്ചില്ലലുണ്ടെങ്കിലതുംതള്ളിസ്വാസ്ഥ്യത്തായി * ന
ല്ലതുപോലെയൊന്നുമുറുക്കിപ്പൂവുംചൂടി യുല്ലസിച്ചംഗങ്ങളിൽചന്ദനാദിക
ളാടി * നിർമ്മലവസ്ത്രവുംപൂണ്ടുധർമ്മസങ്കല്പത്തോടും തന്മഞ്ചതലംതന്നിലാ
വേശിക്കണംപുമാൻ * സംഗകാലത്തിൽപുരുഷന്റെചിത്തസങ്കല്പമെ
ങ്ങനെഭവിക്കുന്നുപ്രകൃതിയോടുംതന്നെ*വന്നുസംഭവിക്കുന്നുനിർണ്ണയമഹോ
ഗർഭംതന്നിലുല്പാദിക്കുന്നകുഞ്ഞെന്നുമറികനീ * ശുക്ലത്തിൽബീജമായി
ഭവിച്ചുജീവൻതാനും നിത്യവുംവത്തിക്കുന്നുഗർഭത്തിൽപതിക്കുവാൻ * ശു
ക്ലവുംകാമചിത്തമെന്നിവമൂന്നുംകൂടിയൊത്തുചേത്തീടുന്നതു യാതൊരുസമ
യത്തോ * നിശ്ചയമപ്പോൾതന്നെനാരിതൻഗർഭാശയരക്തവുംശുക്ല
വുംയോജിച്ചതിൽദ്രവിക്കുന്നു * ശുക്ലരക്തങ്ങൾതമ്മിൽചേരുന്നനേരം
പിണ്ഡോൽപത്തിസംഭവിക്കുന്നുനിശ്ചയമറികെടോ * ഏതുമായുംസുകൃ
തിയായുള്ളവനേവംവന്നു ഗർഭഗനായിക്രമാൽവദ്ധിച്ചുവളന്നുടൻ *
അത്യന്തമാനന്ദദനായനന്ദനനായുന്നുത്ഭവിക്കുന്നു പുണ്യഫലമാണതുസ
ഖേ * അവനപുംസവനാദികളാംക്രിയകളു മഖിലംഭവിക്കുന്നുശു
ഭലക്ഷണമതും *ഗ്രഹങ്ങളുച്ചസ്ഥിതികൈക്കൊണ്ടുനിൽക്കുന്നേരം ക്ഷിതി
യിൽശുഭോദയംകൊണ്ടവൻപിറക്കുന്നു *ക്ഷിതിദേവന്മാരുംതജ്ജനനകാ

ലോഭനത്തിതാനേകൈവന്നുസംതൃപ്തരായ്തീരുന്നു * വിദ്യയുംവിനയ
വുംമേൽക്കുമേൽവർദ്ധിച്ചുടനച്ഛൻറെഭവനത്തിലവനുംവളരുന്നു *സജ്ജ
നസംഗംകൊണ്ടുസകലാഗമങ്ങളി ലെത്രയുംവിശാരദനായിട്ടുഭവിക്കുന്നു.
പിന്നീടുതാരുണ്യംവന്നുദിക്കുംകാലംബാലാ ത്മജർമുതലായഭോഗങ്ങ
ളോടുംകൂടി * ദാനശീലനായ്ധനവാനായിപ്പിന്നബഹു മാനനീ
യനായ്കാലംപോക്കുന്നുപക്ഷിശ്രേഷ്ഠ! * മുജ്ജന്മകൃതതപസ്സിൻപുണ്യൌ
ഘഫലോ ദയമാത്മാനാത്മചിന്തനയെത്തിക്കുന്നു * കയറുകണ്ടു
പാമ്പാണെന്നുകല്പിക്കുമ്പോലെനിയതസൂക്ഷ്മബ്രഹ്മമല്ലാത്തക്ഷിത്യാദിയിൽ
* വെറുതെസൂക്ഷ്മബ്രഹ്മാരോപണംചെയ്യുന്നതാ ണറികയദ്ധ്യാരോപമെ
ന്നുകല്പിക്കുന്നതും * കയറുപാമ്പല്ലെന്നുപിന്നീടുബോധംവന്നു കയറാ
ണെന്നതത്വമറിയുന്നതുപോലെ സകലപ്രപഞ്ചവുംസൂക്ഷ്മബ്രഹ്മമാണെന്നു
ള്ളറിവുണ്ടാകുംജ്ഞാനംമുതലായവകളാൽ * അതുതാനപവാദമെന്നുചൊ
ല്ലപ്പെട്ടിട്ടു പതഗാധിപ!കേട്ടുകൊണ്ടാലുമിനിയുംനീ * അദ്ധ്യാരോ
പവുമപവാദവുംകൊണ്ടുംബുദ്ധി ശുദ്ധമായ്ബ്രഹ്മചിന്തചെയ്യുന്നി
തവൻതാനും * സത്യബ്രഹ്മത്തോടുചേർത്തനായിച്ചീടുന്നൊരക്ഷിത്യാദി
കളാമാത്മാവല്ലാത്തവസ്തുക്കളെ *പ്രത്യേകംതിരിച്ചറിഞ്ഞീടുവാനായ്ജ്ഞാ
നമക്ഷിത്യാദികൾതന്നുടെഗുണങ്ങൾചൊല്ലാമല്ലൊ * ഭൂവാരിവഹ്നിവാ
യ്വാകാശങ്ങളഞ്ചുംതന്നെ കേവലംസ്ഥൂലഭൂതവർഗ്ഗമെന്നതുംബോധം *ഭൂതങ്ങ
ളിവയഞ്ചുകൊണ്ടുനിർമ്മിതമത്രെ വാകാശനാരേ! പാർക്കിലിപ്പിണ്ഡമറിക
നീ * തൊലിയുമസ്ഥിപിന്നെ നാഡികൾരോമങ്ങളും പലലമിവയഞ്ചും
ഭൂമിതൻഗുണങ്ങളാം * ലാലയുംമൂത്രംശുക്ലംമജ്ജയുംരക്തമിവകീലാലഗുണ
ങ്ങളാകുന്നെന്നറികനീ * ദാഹവുംക്ഷുത്തുംപിന്നെക്കാന്തിയുമാലസ്യവും
സ്വാപമെന്നിവവഹ്നെർഗ്ഗുണങ്ങളാകുന്നതും * സഞ്ചാരംപ്രവൃത്തിയുംചലം
ഘനപ്രസാരണാകുഞ്ചനങ്ങളുംമരുത്തിൻഗുണങ്ങളുമല്ലോ * ഊഹവും
ശൂന്യതാവുംചിന്തയുംസന്ദേഹവും മോഹവുമിവയഞ്ചുമാകാശഗുണങ്ങ
ളാം *വഴിപോലാലോചിച്ചുനീയിവ ധരിക്കണം വഴിയെ ബോധംവന്നില്ലെ
ന്നാകിൽചോദിക്കണം * പഴിയിങ്ങാരോപിച്ചുകൂടാസംസാരബന്ധമഴിയാ
നിതുനല്ലവഴിയാണറിയുകിൽ * ബുദ്ധിയുമഹങ്കാരംചിത്തവുംമനസ്സിവ
യൊക്കെയുമന്തഃകരണത്തിൻവൃത്തിഭേദങ്ങൾ * മുജ്ജന്മവാസനയെവഹി
ക്കുന്നിവനാലുമുത്തമകീർത്തേ ത്രിസത്തമ!ധരിക്കനീ* ശ്രവണംമൂക്കുംനാ
ക്കുംതൊലിയുംനയനവുമിവണ്ണം ജ്ഞാനേന്ദ്രിയപഞ്ചകംപ്രകീർത്തിതം കഴ
ലുംവാക്കുംകയ്യുംപായുവുമുപസ്ഥവു മിവയഞ്ചുംതാനേകർമ്മേന്ദ്രിയങ്ങളുമെ
ടോ *ദിഗ്വാതാർക്കാംബുധീശന്മാരുമശ്വിനീദേവ രഗ്നിയുമുപേന്ദ്രേന്ദ്രമിത്ര
കന്മാരുംതഥാ* പ്രത്യേകംജ്ഞാനകർമ്മേന്ദ്രിയങ്ങൾക്കധിഷ്ഠാനമുഖ്യദേവത
കളാകുന്നെടോയഥാക്രമം * ഇഡയുംപിംഗലയുംഗജജിഹ്വയുമലംബു
ഷയുംപൂഷായശസ്വിനിയുംശംഖിനിയും*സുഷുമ്നഗാന്ധാരിയും കുഹൂ
വുമെന്നിങ്ങനെ ദശനാഡികൾപിണ്ഡമദ്ധ്യഭാഗസ്ഥകളാം * പ്രാണനമ
പാനനുംവ്യാനനുമുദാനനും സമാനനും കൂർമ്മനുംകൃകലനും *ദേവദത്ത

നും പിന്നെ നാഗന്മാം ധനഞ്ജയ നേവമാകുന്നു ദശപ്രാണന്മാരറിഞ്ഞതല്ലും ✱
ഹൃദയം തന്നിൽ പ്രാണൻ ഗുദത്തിലപാനനും മരുവീടുന്നു നാഭിമണ്ഡലേ സ
മാനനും ✱ പരിചിൽ കണ്ഠദേശം തന്നിലങ്ങുദാനനു മൊരുപോൽ ദേഹമെ
ങ്ങും വ്യാനനും മരുവുന്നു ✱ ഉൽഗാരത്തിങ്കൽ നാഗൻ കൂൎമ്മനാമുന്മീലനേക്ഷ
ണ്ണുണ്ടാക്കീടുന്നവനാകുന്നു കൃകലനും ✱ തടാടാ വിജൃംഭണത്തെ ദേവദത്തൻ ചെ
യ്യുന്നു ചത്താലും സൎവ്വവ്യാപിയായ് നില്ക്കും ധനഞ്ജയൻ ✱ ദേഹപോഷണ
ത്തിനായുരുട്ടി തിന്നീടുന്നൊരാഹാരങ്ങളിലുള്ള സാരാംശമശേഷവും ✱ ദേ
ഹത്തിലെങ്ങുമുള്ള നാഡികൾ തോറും വ്യാന നാഹന്താനയിക്കുന്നെന്നുള്ള
തുമറിഞ്ഞാലും ✱ ഭുജിച്ചാലുടൻ തന്നെ ഭോജനം രണ്ടായിട്ടു പകുത്തീടുന്നു വാ
യുതാനെന്നുമറികനീ ✱ ഗുദത്തിൽ പ്രവേശിച്ചു വഴിപോലത്തന്നായ് പകു
ത്തീടുന്നന്നവും ജലവും വേറെ വേറെ ✱ വഹ്നി തൻ മേൽ ഭാഗത്തു ജലവുമതിനു
മേലന്നവും ചേൎത്തു വഹ്നിതന്നധോഭാഗത്തായി ✱ നിന്നുടനൂതിപ്പെരുക്കീട്ട
ന്നഗ്നിയെ പ്രാണൻ നന്നായി വൎദ്ധിക്കുന്നു പാവകൻ പവനനാൽ പെരുകി
ജ്ജ്വാനങ്ങൾ പചിച്ചു വഴിപോലെ രസവും കിട്ടവുമായ് വെവ്വേറെ തിരിക്കു
ന്നു ✱ വ്യാനനും രസാംശത്തെ പലടത്തിൽ വ്യാപിപ്പിച്ചീടുന്നുവെന്നിയെ വേ
റെ തിരിഞ്ഞ കിട്ടാംശത്തെ ✱ ദ്വാദശ ദ്വാരങ്ങളിൽ കൂടി താനധോബഹിൎഭാ
ഗത്തു തള്ളീടുന്നു സാദരം ധരിക്കനീ ✱ ശ്രവണം മൂക്കാനാക്കും നാഭിയും പ
ല്ലും കണ്ണും മുഖവും ഗുദം ഗുഹ്യം ശിരസ്സും രോമങ്ങളും ✱ വപുസ്സുമെന്നിങ്ങനെ പ
ന്തിരണ്ടാകുന്നെടോ മലസ്ഥാനങ്ങളെന്നും ധരിച്ചുകൊണ്ടാലും നീ ✱ മംഗല
പ്രദനാകുമാദിത്യദേവൻ തന്റെ നിൎമ്മല പ്രഭകൊണ്ടു ലോകങ്ങളെല്ലാം തന്നെ
✱ തങ്ങൾ തങ്ങൾക്കുള്ള കൎമ്മങ്ങളെ ച്ചെയ്തീടുന്ന വണ്ണമാത്മാവിൻ പ്രകാശ
ത്താലീ വായുക്കളും ✱ തങ്ങടെ കൎമ്മങ്ങളെയനാഹം ചെയ്തീടുന്നു മംഗലമതേ
പക്ഷിപുംഗവ! ധരിക്കനീ ✱ രണ്ടു രൂപങ്ങൾ നരദേഹത്തിനുണ്ടിന്നവ രണ്ടും
വെവ്വേറെ കേട്ടുകൊൾകതു ചൊല്ലാമല്ലോ ✱ വ്യാവഹാരികമൊന്നാമതെത്തു
പമാം പിന്നെപ്പാരമാൎത്ഥികമല്ലോ രണ്ടാം രൂപവും നൂനം ✱ വ്യാവഹാരിക
ത്തിങ്കൽ ഭവിക്കുന്നവകളെ സാവധാനം ഞാൻ വെവ്വേറെ ചൊല്ലീടാമല്ലോ
✱ മൂന്നരക്കോടി രോമങ്ങളും മുപ്പത്തേഴു ലക്ഷം ചേൎന്നീടുന്നു രണ്ടു കേശങ്ങളുമെന്നറിക
നീ ✱ സാമാന്യമായ് പല്ലുകൾ മുപ്പത്തുരണ്ടും തഥാ കേളിരുപതു നഖങ്ങളുമ
ങ്ങനെ പിന്നെ ✱ ആയിരം പലം മാംസം രക്തവും നൂറു പലം മേദസ്സുമതു പോ
ലെ പലം പത്താകുന്നെടോ ✱ തൊലിയുമെഴുപതു പലമല്ലോ പന്തീരണ്ടു പലമാ
കുന്നിതു മജ്ജയുമെന്നറിഞ്ഞാലും ✱ പ്രാണങ്ങൾക്കാധാരമായ് വൎത്തിക്കും മ
ഹാരക്തം മൂന്നല്ലോ പലം രേതസ്സും രണ്ടു കുഡവമാം ✱ കുഡവമെന്നാലൊരു
നാഴിയാണെന്നാകനീ മടവാക്കേഴും തീണ്ടാരിക്കറയതും പിന്നെ ✱ കുഡവമൊന്നാ
കുന്നു ഗൎഭാധാനഭൃതമായിട്ടുവൊന്നാണതെന്നുമറിക പക്ഷിശ്രേഷ്ഠ! ✱ അസ്ഥി
കൾ മുന്നൂററുപത്തുമുണ്ടെടോ! നാഡിവൎഗ്ഗസ്ഥൂലസൂക്ഷ്മകമായിക്കോടിയു
ണ്ടല്ലോ ✱ പിത്തമൻപത്തുപലം ശ്ലേഷ്മമുണ്ടതിൽ പാതി കേഷണം പോലാം മ
ലമൂത്രങ്ങൾകളെ വെടോ! ✱ ഇത്തരം ചൊല്ലപ്പെട്ട ഗുണങ്ങളോടും കൂടി വിഗ്ര
ഹം ഭവിക്കുന്നു വ്യാവഹാരികമെടോ ✱ സമസ്തഭുവനങ്ങൾ ധാരണീധരങ്ങളു

സമുദ്രങ്ങളും ദ്വീപസംഖ്യയമതും പിന്നെ * സഹസ്രാംശുതൊട്ടുള്ള ഗ്രഹങ്ങ
ളിവയെല്ലാം ഭവിച്ചീടുന്നു പാരമാർത്ഥികദേഹത്തിങ്കൽ * ആധാരങ്ങളുമാറു
ണ്ടെന്നല്ലി ബ്രഹ്മാണ്ഡത്തി ലേതെല്ലാം ഗുണങ്ങളുണ്ടവയുമിതിലുണ്ട് *
യോഗികൾക്കെല്ലാം ധാരണാസ്പദമാകുമതു ഭാഗധേയാബ്ധേ നിന്നോടൊക്കെ
യും ചൊല്ലാമല്ലോ * അവററിൻ ധാരണയാൽ ദേഹിയുമനാകുല മലഭ്യവൈരാ
ജകരൂപത്തെ ലഭിച്ചീടും * പാദത്തിൻ താഴത്തതലം പിന്നെ വിതലമാം പാ
ദത്തിൻ മേൽഭാഗത്തു സുതലം ജാനുക്കളിൽ * ഊരുവിൽ മഹാതലമൂരുമൂല
ത്തിൽ പിന്നെ സാരമാം തലാതലം ഗുഹ്യത്തിൽ രസാതലം * പാതാളമരയി
ലും ഭവിച്ചീടുന്നീവണ്ണ മേഴുലോകങ്ങൾ ചൊന്നേനിനിയും കേട്ടാലും നീ *
ഭൂലോകം നാഭിമദ്ധ്യത്തിങ്കലുമതിനുടെ മേലായിത്തന്നെ ഭുവർല്ലോകവും ഭവി
ക്കുന്നു * ചിത്തത്തിൽ സ്വർഗ്ഗം മഹർല്ലോകം കണ്ഠദേശത്തും വക്ഷദേശത്തിൽ
ജനലോകവുമതുപോലെ * നെററിയിൽ തപോലോകം പിന്നെ ബ്രഹ്മര
ന്ധ്രത്തിൽ സത്യലോകവും ഭവിച്ചീടുന്നു പക്ഷിശ്രേഷ്ഠ! * ഇത്തരം പതിന്നാ
ലു ഭുവനങ്ങളും പാരമാർത്ഥികദേഹത്തിങ്കലുണ്ടെന്നുമറികനീ * ഹൃത്പീഠകമ
ലത്തിന്നന്തർഭാഗത്തായ് ത്രികോ ണാഖ്യമാം സ്ഥാനത്തിരുന്നീടുന്നു മഹാമേ
രു * അധഃകോണത്തിലിരിക്കുന്നു മന്ദരഗിരി മഹത്താം കൈലാസമദ്ദക്ഷി
ണകോണത്തിലും * അവശ്യായാദ്രി വാമക്കോണിലുമൂർദ്ധ്വരേഖയതിൽ താൻ
നിഷധപർവതവുമിരിക്കുന്നു ഗന്ധമാദനഗിരി ദക്ഷയാം രേഖയിൽ നാഗാന്ത
കവാമരേഖയതിലാം രമണകം * വൻപെഴും സപ്താചലങ്ങളുമുണ്ടേവം ദ്വീ
പ സംഖ്യയമിന്നിയുണ്ടു കേട്ടാലുമതുമെങ്കിൽ * അസ്ഥിയിൽ ജംബുദ്വീപം
മജ്ജയിൽ ശാകദ്വീപം തദ്വന്മാംസത്തിൽ കുശദ്വീപവുമിരിക്കുന്നു * ക്രൌ
ഞ്ചം നാഡികളിലും ശാല്മലിത്തൊലിയിലും മഞ്ചിത ഗോമേദദ്വീപം രോമാവ
ലിയിലും * പുഷ്കരദ്വീപം നഖങ്ങളിലുമിരിക്കുന്നു സപ്തസാഗരസ്ഥി
തി പാരായാമിന്നു കേൾ നീ * മൂത്രത്തിലുപ്പുകടൽ പാലിൽ പാൽക്കടൽ പി
ന്നെ ശ്ലേഷ്മത്തിൽ മദ്യക്കടലും ഭവിച്ചീടുന്നെടോ * നെയ്ക്കടൽ മജ്ജതന്നിൽ
രസത്തിൽ രസക്കടൽ രക്തത്തിൽ തന്നെ തയിർക്കടലും ഭവിക്കുന്നു * ലംബി
കാസ്ഥാനത്തിങ്കൽ ശർക്കരക്കടലുമാകുന്നെടോ വഴിപോലെ ധരിച്ചുകൊണ്ടാ
ലും നീ * നാദചക്രത്തിൽ സൂര്യൻ വിന്ദുചക്രത്തിൽ ചന്ദ്രൻ ലോചനങ്ങ
ളിൽ കുജൻ ചിത്തത്തിൽ ബുധൻ താനും * ജീവൻ താൻ വിഷ്ണുസ്ഥാനേ ഭാർ
ഗ്ഗവൻ ശുക്ലത്തിലും നാഭിയിൽ ശനി സൈംഹികേയനാനനത്തിലും * വാ
യുസ്ഥാനത്തിൽ തന്നെ വാഴുന്നു കേതു താനുമേവം ദേഹത്തിൽ ഗ്രഹമണ്ഡല
സ്ഥിതിയല്ലോ * ഇങ്ങനെ സർവ്വസ്വരൂപത്തോടും കൂടി തന്നെ തന്നുടെ ദേഹ
ത്തെ ച്ചിന്തിക്കണമറിഞ്ഞാലും * നിത്യവും പ്രഭാതേ പത്മാസനസ്ഥിതനാ
യി ഷട്ചക്രധ്യാനം സമാചരിക്കവേണം നൂനം * പില്ലാട്ടുവിധിപോലെ
യജപാക്രമത്തെയും ശുദ്ധനായ് സമാചരിക്കേണമെന്നറികനീ * അജപാ
യെന്നുപേരാം ഗായത്രീമന്ത്രം സർവ്വ മുനികൾക്കും മോക്ഷത്തെദ്ദാനം ചെയ്യു
വോന്നല്ലോ * മനസാ യാതൊരുത്തൻ ധ്യാനിക്കുന്നിതിനെയ ക്ഷണത്തിൽ
സകലപാപങ്ങളും നീങ്ങീടുന്നു * നിനക്കു വേണ്ടിയിപ്പോളജപാക്രമമെ

ല്ലാം വിധിച്ചപോലെ വിവരിച്ചു ഞാൻ ചൊല്ലീടുന്നേൻ * മുറയ്ക്കങ്ങതിനെ
യാചരിച്ചു ജീവൻ താനും ത്യജിച്ചീടുന്ന ജീവഭാവത്തെയറികനീ * മൂലാധാര
വും സ്വാധിഷ്ഠാനവും മണിപൂരം കേളനാഹതം പിന്നെ വിശുദ്ധിയാജ്ഞയ
ത്തും * ആറാധാരങ്ങളിവയാകുന്നിതിവകളെ മാറാതെ ചിന്തിക്കേണ്ടും സ്ഥാ
നങ്ങൾ ചൊല്ലാമല്ലോ * മൂലാധാരവും ലിംഗദേശവും നാഭി ചിത്തം ഗള
വും ഭ്രൂക്കളുടെ മദ്ധ്യവും ബ്രഹ്മരന്ധ്രം * ഇച്ചൊന്ന സ്ഥാനങ്ങളിൽ ചിന്തനം
ചെയ്തീടണം ചക്രങ്ങൾ യഥാക്രമമെന്നു നീ ധരിച്ചാലും * ശോചിഷ്കേശ
പ്പൂണ്ട നാലിതളുകളോടും വശഷസയെന്നവനാലുവൎണ്ണങ്ങളോടും * ഭാ
സിച്ചീടുന്ന മൂലാധാരപങ്കജമെന്നു ബോധിച്ചുകൊണ്ടാലും നീ സാധുക്കൾ
ക്കാപീഡമേ * സ്വാധിഷ്ഠാനമാം പത്മം ബാദ്യമായ് ലാന്തത്തോളം ആറ
ക്ഷരങ്ങൾ ചേരുമാറിതളുകളോടും * സൂരസന്നിഭകാന്തികലൎന്നു ശോഭിക്കു
ന്നു വീരന്മാരണിയുന്ന ചാരുവൈഡൂൎയ്യക്കല്ലേ! * മണിപൂരകം രക്തവൎണ്ണ
മായിതൾ പത്തോടറിക ഡകാരം തൊട്ടങ്ങനെ ഫകാരാന്തം * ശേവൎണ്ണ
ങ്ങളോടും ശോഭിക്കുന്നനാഹത കമലം കകാരം തൊട്ടങ്ങനെ ഠകാരാന്തം * പ
ന്തിരണ്ടക്ഷരങ്ങൾ ചുഴന്നു വിളങ്ങുന്ന പന്തിരണ്ടിതളോടും കാഞ്ചനപ്രഭമോ
യേ! * വിശുദ്ധിയാമംബുജം സ്വരങ്ങൾ പതിനാറാടവശ്യായാം ശ്രൂകാന്ത്യാ
പതിനാറിതളോടും * ലസിച്ചീടുന്നു പിന്നെയാജ്ഞാപങ്കജം രക്തനി
റത്തെപ്പൂണ്ടു ഹംസേത്യക്ഷരദ്വയം ചേൎന്നു * ശോഭിക്കുന്നിതളുകൾ രണ്ടോ
ടുമെന്നു നീയും ചേതസ്സിൽ വഴിപോലെ ബോധിക്ക പെൺവര! * ഇവയ്ക്കുമേ
ലായ് ശിവമയമായ് ശാശ്വതമായ ശുദ്ധകാന്ത്യാ സത്യാനന്ദരൂപം കൈ
ക്കൊണ്ടു * ലസിപ്പൂ ജ്യോതിൎമ്മയപങ്കജമൊരായിരം ദലത്തോടുമെന്നുള്ളിൽ
ധരിച്ചുകൊണ്ടാലും നീ * ഏകദന്തൻ ലോകേശൻ ഭോഗീന്ദ്രപല്യങ്കസ്ഥൻ
നാഗഭൂഷണൻ ജീവാത്മാവും നിജഗുരു * വ്യാപകമായ പരബ്രഹ്മമെ
ന്നതും മുറയ്ക്കാറാധാരങ്ങളിൽ ചിന്തിക്കണം യഥാക്രമം * ഇരുപത്തൊരായി
രത്തറുനൂറല്ലോ ശ്വാസഗതി തൻ സംഖ്യയഹോരാത്രമെന്നറികനീ * വെ
ളിക്കു വിടുന്നേരം ജനിപ്പൂ സകാരമങ്ങകത്തോട്ടായി ലയിക്കും നേരം ഹ
കാരവും * ഭവിക്കുന്നേവം ഹംസശബ്ദമങ്ങതു തന്നെ ജപിച്ചു വസിക്കുന്നത
ത്ത്വതോ ജീവൻ താനും * അറുനൂറുരുവതിൽ വിഘ്നമാറായിരമുരുവിതം ബ്ര
ഹ്മഗോവിന്ദശങ്കരന്മാൎക്കും * ഗുരുജീവാത്മചിദാത്മാക്കൾക്കോരായിരമുരു
വീതം താൻ നിവേദിപ്പിച്ചീടുകവേണം * സത്സമ്പ്രദായം നന്നായറിഞ്ഞു
വാണീടുന്നോരുത്തമന്മാരാമാരുണാദി മുനിമാരും * എത്രയും പ്രധാനമാം
ബ്രഹ്മത്തിൻ രമ്യാകാരം കൈക്കൊണ്ടീ ചക്രങ്ങളിലിരിക്കും ദേവന്മാരെ * എ
പ്പൊഴും വിചിന്തനം ചെയ്യുന്നു ശുകാദികൾ ശിഷ്യന്മാൎക്കതു തന്നെയുപദേ
ശിക്കുന്നതും * ആകയാൽ മഹത്തുക്കൾ തൻ പ്രവൃത്തിയെ വിടാനായവനേ
ാത്തുന്നനായ് ധ്യാനിക്കവേണം നൂനം * അനന്യധീയായിദമാധാരഷൾ
ക്കത്തിങ്കൽ മനഃപൂജയെ വഴിപോലെ ചെയ്തനന്തരം * മനസാചിയായുള്ള
വനാചാൎയ്യോപദേശേന ജപിച്ചീടണം നന്നായജപാഗായത്രിയും * ബ്ര
ഹ്മരന്ധ്രത്തിലധോമുഖമായുത്തിക്കുന്ന രമ്യമായീടും സഹസ്രച്ഛദാംബുജ

ത്തിങ്കൽ * നിൎമ്മലഹംസപദംഗമിച്ചുവരാഭയാ ലംബിതകരാംബുജനാകി
യഗുരുവിനെ * ധ്യാനിച്ചുതല്ലാദപീയൂഷധാരയിൽകുളിച്ചെന്നുതന്നെ
പിന്നെച്ചിന്തിച്ചീടണംതാനും * ലകാരാദ്യങ്ങളായപഞ്ചോപചാരങ്ങളാൽ
സംപൂജ്യഗുരുസ്തോത്രപൂൎവ്വംവന്ദിച്ചീടണം * തദനന്തരമാരോഹാവരോഹ
ങ്ങളാലെ സതതമാധാരങ്ങളാറിലുംഗമിപ്പതായ് * സുഖമേസുപ്താഹിയെ
പ്പോലെമൂന്നരച്ചുറ്റോടഹമൂലാധാരത്തിലെപ്പൊഴുമിരിപ്പതായ് * വിലസും
കുണ്ഡലിനീശക്തിയെധ്യാനിക്കണ മറിഞ്ഞിട്ടുകവിനതാത്മജ!വഴിപോ
ലെ * ബ്രഹ്മരന്ധ്രത്തിൽനിന്നുംബഹിൎഭാഗംപ്രാപിച്ചനിൎമ്മലസുഷുമ്നാ
ഖ്യധാമത്തെയുമവ്വണ്ണം * നന്നായിധ്യാനിക്കണമെന്നാലങ്ങതുവഴി ചേ
ൎന്നീടുമതല്ലാവിഷ്ണോഃ പരമംപദംനൂനം *എന്നാൽചിന്തിതംസ്വയംജ്യോതി
സ്സായീടുംരൂപംധന്യമായ്സനാതനമായിരിപ്പോന്നാണതും എന്നല്ലസദാന
ന്ദമയവുമാകുന്നതുമെന്നുമാബ്രാഹ്മമാംമുഹൂൎത്തത്തിൽധ്യാനിക്കണംഇങ്ങനെ
ഗുരൂപദേശംകൊണ്ടുമനസ്സിനു നന്നായ്നിശ്ചലത്വംസാധിച്ചുറപ്പിച്ചീട
ണം * ഏതുമെഗുരൂപദേശത്തോടുകൂടാതെതാൻ തന്നുടെപ്രയത്നത്താൽ
ചെയ്യപ്പോകരുതത് * നിൎണ്ണയമെന്നാൽപതനംവന്നുഭവിച്ചീടും പന്നഗാ
ശന!തെല്ലുംസന്ദേഹമില്ലനൂനം * അന്തൎയ്യാഗത്തെയേവമാചരിച്ചനന്ത
രം പിമ്പങ്ങുബഹിൎയ്യാഗമാചരിക്കയുംവേണം * ബന്ധുരതരംസ്നാനസ
ന്ധ്യാദികത്തെച്ചെയ്തങ്ങുഭക്ത്യാവഹരിഹരപൂജനംവേണം * ഭുവനേദേ
ഹാഭിമാനികളായോൎക്കുനിത്യപ്രവണത്വം സാധിപ്പാൻസാദ്ധ്യമായ്വരായ്കയാ
ൽ * വളരെപ്രയാസമാംമുക്തികിട്ടുവാനതിലവൎകൾക്കെന്നാൽഭക്തിമതി
യാംമുക്തിക്കേകലോ! * തപസ്സുയോഗംമുതലായനേകംമാൎഗ്ഗങ്ങൾഭവിക്കുന്നു
ണ്ടുമോക്ഷത്തിനെന്നുവരികിലും * അതുച്ഛസംസാരാബ്ധൌപതിച്ചുകിട
പ്പോൎക്കു മദച്ഛഭക്തിമാൎഗ്ഗമാകുന്നുപരംശ്രേഷ്ഠം * താൎമകൻമുമ്പായുള്ളസ
ൎവ്വജ്ഞന്മാരുംമുന്നംമൂന്നുവേദശാസ്ത്രാദികളെശ്ശോധിച്ചതിൽ * ചേൎന്നോ
രുപകാരമേവമശ്രേയജ്ഞാദ്യങ്ങളുൾപ്പൂ മാലിന്യങ്ങൾതീൎത്തുനന്നാക്കാൻമാ
ത്രംകൊള്ളാം* ഫലരൂപമായുള്ളമത്ഭക്തികൈവന്നെന്നാൽ പുനൎജ്ജന്മാദി
ദുഃഖമില്ലമോക്ഷവുംവരും * ഏവമാചരണംചെയ്തീടുന്നസുകൃതിയാം പൂരു
ഷൻനൂതാംഭ്രഷ്ടാഹീരമാംപക്ഷീശ്വര * യോഗവുംമത്ഭക്തിയുംകൊണ്ടു
വൎത്താനുംലയമേതുമില്ലാതുള്ളകൈവല്യത്തെയുംപ്രാപിക്കുന്നു *

ഇതി ശ്രീഗാരുഡപുരാണേ സുകൃതിജനജന്മാ

ചരണനിരൂപണംനാമ

പഞ്ചദശോദ്ധ്യായഃ

---

# പതിനാറാമദ്ധ്യായം.

---

സല്ലൂഫകേൾക്കുന്തോറുമാനന്ദമുണ്ടായ്വന്നു ചിത്തമാലിന്യങ്ങളും താനേപോയ്മറയുന്നു * മുകുന്ദാനേകമൂർത്തേ! മുകുന്ദഭവന്നാമ മുച്ചരിക്കവാൻ മമജിഹ്വാഗ്രമുയരുന്നു * സിദ്ധയോഗീന്ദ്രന്മാക്കുംസിദ്ധിക്കാതുള്ള ഭവദ്ദർശനംലഭിക്കയാൽകണ്ണുകൾകുളിരുന്നു * രക്തപങ്കജപാദയുഗമാരാധിക്കവാൻപുഷ്പസഞ്ചയംവരാൻതൊഴുകൈമുതിരുന്നു * ത്വദ്ധ്യാനക്രമംകേൾക്ക കാരണംഭവദ്ധ്യാനതല്പരതേവന ചിത്തപങ്കജംവിടരുന്നു * അജ്ഞാനംകൊണ്ടുസംസാരംജീവാത്മാവിനുവന്നെത്തീടുന്നതുംഭവാനിനിക്കചൊല്ലിത്തന്നു * പ്രത്യേകമിനിയുമുണ്ടൊന്നുകേൾക്കേണമെന്നു മമ ചിത്തത്തിലഭിലാഷമതിനാൽചോദിക്കുന്നു * മുക്തിമാർഗ്ഗത്തെപ്രതിപാദിച്ചുകേൾപ്പാനിന്നുഭക്തവത്സല! മമമോഹമോവളരുന്നു * എത്രയുമസാരമായ്ഘോരമായഘോരസർവ്വദുഃഖഭൂയിഷ്ഠമായീടുമീസംസാരത്തിൽ * എത്രയോകോടിജീവരാശികൾ പലവിധ വിഗ്രഹംധരിച്ചവതരിച്ചുമരിക്കുന്നു * പേർത്തുംവന്നിങ്ങുജനിച്ചീടുന്നുമരിക്കുന്നിതോർത്താലുമവസാനംകാണാതെകുഴയുന്നു * ദുഃഖിച്ചുവലയുന്നതല്ലാതെയാർക്കുംസുഖ സിദ്ധികാണ്മീലതോർത്തുസന്താപമുയരുന്നു * ഇജ്ജന്തുക്കൾക്കീസംസാരത്തിൽനിന്നുംമോചിച്ചു മുക്തിസിദ്ധിപ്പാനെന്തൊന്നുള്ളൊരുവഴിയെന്നു * മുക്തിദ! ദയാപൂർവ്വമരുളിച്ചെയ്തുകേൾപ്പാനർക്കാമ്പിലഭിലാഷമത്യർത്ഥമുണ്ടാകുന്നു * ദേവദേവശ! ജഗന്നായക! ദയാനിധേ! കേവലസ്വയംജ്യോതിരാത്മക! ജഗല്പതേ! * ഈവണ്ണംഗരുഡന്റെചോദ്യംകേട്ടുടൻവാസു ദേവനുമേവംപ്രീതനായരുൾചെയ്തീടിനാൻ * എന്തൊക്കെനിന്നാൽചോദിക്കപ്പെട്ടിതവ സർവ്വ മന്തരമെന്ന്യേ കേട്ടുകൊൾകചൊല്ലീടാമല്ലോ * സന്തതമെല്ലാകേൾക്കുംനരനുംസംസാരമാം സന്താപത്തിങ്കൽനിന്നുവേർപെടുന്നിതുനൂനം * നിഷ്കളനായിപ്പരബ്രഹ്മരൂപിയായ് സർവ്വകർത്താവായ് സർവ്വജ്ഞനായദ്വയസ്വരൂപനായ് * അത്യന്തവിഹീനനായ് സ്വയം ജ്യോതിസ്സായി സ്സർവ്വേശനായ്പരാല്പരനായ് വിശുദ്ധനുമായി * നിർവ്വികാരനായ്ശിവനായ്നിർഗ്ഗുണനായിസർവ്വാത്മാവായിസ്സച്ചിദാനന്ദാത്മകനുമായ് * ഭവിച്ചീട്ടുസർവ്വവ്യാപിയായൊരുദേവൻ ഭവിക്കുന്നുതദംശത്തിൽനിന്നുജീവാത്മാവും * പ്രവൃത്തിനിരതയായാദിയില്ലാതെയുള്ളൊരവിദ്യതന്നിൽദേവൻപ്രതിബിംബിതനായ * ഭവിച്ചുതീയിൽനിന്നുതീപ്പൊരിയുണ്ടാകുന്ന വിധത്തിലുണ്ടായതുമാണിതെന്നറികനീ * ജീവാത്മാവുംനാനാദേഹങ്ങളിൽവർത്തിക്കയാൽ ജീവന്മാരെന്നുപോൽ പറയപ്പെട്ടീടുന്നു * ദേഹാദികളാമുപാധികളിൽനിന്നുംവെവ്വേ കേവലംസംഭിന്നങ്ങളായിട്ടുമവകളും താപസൌഖ്യദങ്ങളായ് പാപപുണ്യരൂപങ്ങൾചേരുമാറെഴുമനാദികളാംകർമ്മങ്ങളാൽ * നിയന്ത്രിക്കപ്പെട്ടവയായികർമ്മജമാകുമതുതുജാതികളിൽചേരുന്നതാംദേഹമതും * ഭോഗവുമായുസ്സുംജന്മംതോറുംപ്രാപി

ക്കുന്നു നാഗവംശാരേ! പക്ഷിനായക! ധരിക്കനീ * മോക്ഷമെത്തീടുംവരെ യിവയ്ക്കുണ്ടൊരുപോലെസൂക്ഷ്മലിംഗദേഹങ്ങളുണ്ടാകുംനശിക്കില്ല സ്ഥാവര ങ്ങളായാദ്യംജനിച്ചു പിന്നെകൃമിജാതികളാകുംപിന്നെയജങ്ങളായുണ്ടാകും *കേളെടോവികാരങ്ങളായീടുംപിന്നെപ്പശുരൂപമോടിങ്ങുവന്നുജനിക്കുമറി ഞ്ഞാലും*മനുഷ്യരായിത്തന്നെജനിക്കുന്നിതുപിന്നെ മനുഷ്യജന്മത്തിങ്കൽ ധാർമ്മികന്മാരായ്ത്തീരും*കനക്കെസ്സുകൃതമുണ്ടാകയാൽസുരന്മാരായ് ജനി ക്കുംപിന്നെക്രമാൽമോക്ഷവുംലഭിച്ചീടും * നാലുമാതിരിദേഹംധരിച്ചുപല ജന്മമാലോലഭോഗങ്ങളുംഭുജിച്ചുയഥാകാലം * കാലുഷ്യമാകുന്നമാനുഷമാം ജന്മം ലഭിച്ചാലുമാത്മജ്ഞാനിയായീടിൽമുക്തിയുംവരും* എൺപത്തുനാലു ലക്ഷംവിധദേഹങ്ങളോടും സംഭവിക്കുന്നശരീരികളിങ്ങെന്നാലതിൽ*വൻ പുറമനുഷ്യജന്മത്തിങ്കലല്ലാതെന്നാ ഗാന്തക! മറെറാന്നിലുംലഭിയാതത്താ ജ്ഞാനം* മനുഷ്യജന്മംതന്നെപ്പാർത്താലൊരുകോടിസഹസ്രസഹസ്രജ ന്മംകഴിഞ്ഞീടുംകാലം * ഒരിക്കൽസുകൃതജാലംചെന്നുവന്നിട്ടങ്ങു ലഭിക്കുമ ത്രേയുള്ളു പാരാദുർല്ലഭമേതും*നിനച്ചാൽമോക്ഷത്തിനുസോപാനമായീടുന്ന മനുഷ്യജന്മംകൈക്കലാക്കിലായവൻപിന്നെ * തെരിക്കെന്നാത്മാവിനെ ക്കരയേററീടായ്കിലമ്മനുഷ്യനെപ്പോലെപാപികളായാരുള്ളതും? * ഉ ത്തമമാംജന്മവുമിന്ദ്രിയങ്ങൾക്കുവേണ്ട ശക്തിയുംലഭിക്കിലുമാത്മാവുതൻ ഹിതത്തെ * ഒട്ടുമേഅറിയാതെമാനുഷാധമൻബ്രഹ്മ ഹത്തിയാംമഹാപാ പംഭുജിക്കുംനിസ്സംശയം * വിഗ്രഹംകൂടാതെകണ്ടാരുമേപുരുഷാർത്ഥമത്ര സാധിക്കുന്നില്ലപത്രിനായക! കേൾനീ * നിശ്ചയമതുമൂലംദേഹവുംധന മതും രക്ഷിച്ചുസുകൃതകർമ്മങ്ങളെസ്സാധിക്കണം * എപ്പൊഴുംദേഹത്തിനെ രക്ഷിക്കവേണംദേഹം മോക്ഷാദ്യങ്ങൾസാധിപ്പാൻപാത്രമാണതുനൂനം * രക്ഷിച്ചുകൊൾവാൻമോക്ഷാഭ്യാസത്തെചെയ്തീടണം സത്സംഗാത്മധ്യാ നാദിസാധിക്കാംജീവിക്കുമ്പോൾ * ഗ്രാമവുംക്ഷേത്രംപിന്നെവിത്തവും നിലയവും കാര്യമാംശുഭകർമ്മമശുഭപ്രവൃത്തിയും * നാമാവശേഷമാകിൽ വീണ്ടുമുണ്ടായ്വന്നീടും നാമൊരുശ്രമിച്ചാലുമുണ്ടാമോവീണ്ടുംദേഹം * വിദ്വാന്മാരെല്ലാരെപ്പൊഴുംദേഹത്തെരക്ഷിക്കുവാ നുത്തമോപായങ്ങളെച്ചെ യ്യുന്നുനിരാകുലം * ചത്തുപോയാൽപിന്നെയീമനുഷ്യജന്മംകിട്ടാനൊക്കു മോഎന്നുള്ളസംശയത്തിനാലാണതും * കുഷ്ഠാദികളാംമഹാരോഗങ്ങൾ പിടിപെട്ടു കഷ്ടപ്പെട്ടഹോബുദ്ധിമുട്ടുന്നനരന്മാരും * കിട്ടിയശരീരത്തെ ത്യജിപ്പാനിച്ഛിക്കുന്നില്ലൊട്ടുംമറെറാന്നുകിട്ടുമോയെന്നുശങ്കിക്കയാൽ * ധ ർമ്മാർത്ഥംഭവിക്കുന്നരക്ഷിതമാകുംദേഹം ധർമ്മവുംജ്ഞാനാർത്ഥമായ്ഭവിച്ചീടു ന്നവല്ലോ * ജ്ഞാനവുംധ്യാനയോഗത്തിന്നായുംധ്യാനയോഗംനൂനമങ്ങപ വർഗ്ഗസിദ്ധിക്കായുംതീരുന്നു * തന്നുടെയാത്മാവിനെത്താൻ തന്നെയഹിത ങ്ങൾ തന്നിൽനിന്നൊരുനാളുംതട്ടത്തിലെന്നാകിലോ * പിന്നെത്തൻഹി തകരനായീടുമന്യനേവൻ തന്നെയങ്ങതിൽനിന്നുകരയേററീടുന്നതും * ഇ വിടെവച്ചുതന്നെനരകമഹാവ്യാധിക്കിയലും ചികിത്സയെവഴിയേചെ യ്യാത്തവൻ ഔഷധവുംകിട്ടീടാത്തദേശേചെന്നി പ്പെരിയരോഗശാന്തി

ക്കെന്തൊന്നുചെയ്യുന്നതും * പൊട്ടിയകുടത്തിൽനിന്നുംജലംവാൎന്നുപോകും
മട്ടിലായുസ്സുമല്പമല്പമായ് കുറയുന്നു*കഷ്ടമാക്രമിക്കുവാൻവ്യാഘ്രിയെപ്പോലെ
കാലമൊട്ടുചെല്ലുമ്പോൾകടന്നെത്തുന്നുജരയതും*ശത്രുവൃന്ദത്തെപ്പോലെരോ
ഗങ്ങൾചുററിക്കൂടിയെത്തിയാഹന്ത!നിഹനിക്കുന്നുനിരന്തരംദെക്കയുമോ
ൎത്താൽദേഹംശാശ്വതമല്ലായ്കകൊണ്ടഭ്യസിക്കേണം ശ്രേയോമാർഗ്ഗമെന്നറിക
നീ*ദുഃഖവുമാപത്തുമിന്ദ്രിയങ്ങൾക്കുവികലത്വവുമില്ലാതപ്പോൾവേണം
ശ്രേയസോഭ്യാസം * തത്വാഭ്യാസവുംദേഹമതുമിന്ദ്രിയങ്ങൾക്കു ശക്തിയു
മായുസ്സുമുള്ളപ്പൊഴാചരിക്കേണം * വൃദ്ധത്വംവന്നാസന്നമൃത്യുവായ് കിടക്കും
പോൾ തത്വാഭ്യാസത്തിന്നായാഗ്രഹിപ്പതബദ്ധമാം*വീട്ടിന്റെകോടിക്കു
തീപിടിച്ചിട്ടന്നേരമ താററുവാൻവെള്ളത്തിനു കിണറുതോണ്ടുംപോലെ*ദാ
രുണമായിട്ടമീസംസാരസംബന്ധമായോരോകാൎയ്യങ്ങളിൽമുഴുകിക്കിടക്കയാ
ൽ*ആയുസ്സുപോയീടുന്നതാരുമേധരിക്കുന്നില്ലേതുമേസുഖദുഃഖഗൌരവംനോ
ക്കുന്നില്ല * കഷ്ടമങ്ങാത്മാവിന്റെഹിതത്തിൽവിചാരവുമെത്തുന്നില്ലതും
പാപപൌഷ്കല്യഫലംതന്നെ* ജനിച്ചുംകഷ്ടപ്പെട്ടുംമരിച്ചുമാപത്തുകൾക
നക്കെവന്നങ്ങുസംഭവിച്ചുദുഃഖിച്ചീടും*മനുഷ്യാദികളെക്കണ്ടിട്ടുംമോഹമാം
മദ്യം കുടിച്ചുനടക്കയാൽലോകർപേടിക്കുന്നില്ല * സമ്പത്തുസ്വപ്നപ്രായമ
ത്രെയൌവ്വനംസുമ സംകാശമല്ലോമിന്നൽപ്രായമാണായുസ്സതും*സന്തതമീ
വാസ്തവമറിയുമേതുമർത്ത്യ ന്നുണ്ടാകാധൈൎയ്യംധൈൎയ്യമുണ്ടാകത്തില്ലത
ന്നെ * ജീവിതകാലമത്യല്പംനൂറാണ്ടല്ലോഉള്ളൂ സ്വാപാലസ്യങ്ങളായിപ്പോ
മതിൽപാതിയും *ബാല്യാത്തിജരാരോഗാദികളാൽശേഷമല്പകാലവുംകഴി
യുന്നുഫലമില്ലാതെതന്നേ * തുടങ്ങീടേണ്ടകാൎയ്യംതുടങ്ങാതെയുമുള്ള മുന്ന
ന്നീടേണ്ടതിങ്കലുറങ്ങിക്കളകയും *വെടിഞ്ഞീടേണ്ടതായസംസാരേവിശ്വാ
സവുമിവണ്ണമുള്ളവരാരാഹന്ത! നശിക്കാത്തു *നീററിലെക്കുമിളയ്ക്കുതുല്യമാം
ദേഹത്തിങ്കൽ കാററുബുദ്ബുദത്തിനുൾനിന്നുതോന്നിയ്ക്കുംപോലെ * പാ
ൎക്കുന്നുജീവൻതന്നമനിത്യപ്രിയമാമ ക്കുട്ടിലെങ്ങനെഭയംകൂടാതെയിരിയ്ക്കു
ന്നു * അഹിതമാംവിഷയംഹിതമാണെന്നുംപുനരഹിവംശാരാതേ!യധ്രുവ
ത്തെധ്രുവമെന്നും * അഹങ്കാരാദിബന്ധനമാണാത്മമെന്നുമെവൻകാണു
ന്നിതവനറിയാസ്വാത്മംനൂനം * കണ്ടാലുമതിൽനിന്നുതെററിമാറുന്നുകാൎയ്യ
കൊണ്ടുകേട്ടാലുംമനസ്സിൽകടന്നീടുന്നില്ല *ഹന്ത!പാഠംചെയ്താലുമറിയുന്ന
തുമില്ലവരമ്പറുംദേവമായാമോഹിതന്മാരാകയാൽ * മൃത്യുവാമയംരോഗം
തൊട്ടുള്ളമുതലക ളത്യുഗ്രംനീന്തിക്കളിക്കുന്നകാലാംബോധിയിൽ * മജ്ജ
നംചെയ്തിബ്ഭുവനംകിടക്കയാലത്രെ ബുദ്ധിയിൽബോധംവഴിപോലെവ
ന്നീടാത്തതും *പുത്തമൺകലത്തിലെവെള്ളമെങ്ങനെചററു ന്നതുനാമറിയു
ന്നതില്ലയെന്നതുപോലെ *പതഗാധിപ! നിമിഷംതോറുമായുംകാല ഗതി
യുമറിയുന്നതില്ലമാനുഷരാരും *വായുവെത്തടുക്കുന്നിതാകാശംഖണ്ഡിക്കു
ന്നുതോയധിയിലെത്തിരമാലയെബ്ബന്ധിക്കുന്നു * ആയുസ്സിൻഗതിയാരുമത
ടുക്കാനാളാകുന്നില്ലായീടുകയുമില്ലമേലിലുംധരിക്കനീ * ധരണീതലംകാല
ത്താൽദഹിക്കുന്നുഹേമ ധരണീധരമതുമുരുകിപ്പോയീടുന്നു * വരുണാലയ

ലംപോലുംവററുന്നപാത്രാലരുണാനുജ! നിസ്സാരംദേഹമെന്നുപിന്നെ * എന്റെകഞ്ഞെന്നുമെന്റെവല്ലഭയെന്നുംധന മെന്റെതാണെന്നുമെന്റെ ബന്ധുക്കളെന്നുമെല്ലാം * ചിന്തിച്ചുചിന്തിച്ചിരിക്കുംമൎത്ത്യനാമാടിനെ ഹന്ത!നിഗ്രഹിക്കുന്നു കാലനാംവൃകംബലാൽ * ഇക്കാൎയ്യംചെയ്യേനിനി യിക്കാൎയ്യംചെയ്തീടണം മറെറാരുകാൎയ്യമതുചെയ്യതിന്നുമില്ല * ഇത്തര മോരോമോഹംകൈക്കൊണ്ടുവാണീടവേ കൈകലാക്കിക്കൊണ്ടുപോകുന്നവ നേക്കാലനം * നാളെത്തെക്കാൎയ്യമിന്നുതന്നെചെയ്യണം വൈകുന്നേരത്തു ചെയ്യേണ്ടതുകാലത്തെചെയ്തീടണം *കാൎയ്യങ്ങൾചെയ്തതിന്നോതീൎന്നതില്ല യോയെന്നു കാലത്തെനോക്കീത്താമസിക്കുമോകൃതാന്തനും * ജരകാണിക്കും വഴിയേക്കൂടിരോഗങ്ങളാം പെരിയസൈന്യങ്ങളോടുംനേരിട്ടെത്തീടുന്ന മര ണശത്രുവിന്റെനേരേനില്ക്കുന്നൊന്നാൽ പരമേശനാംരക്ഷിതാവിനെ ക്കാണാതെതന്നേ * നരനാമാഹാരസാധനത്തെതൃഷ്ണാസൂചിയതിനാൽമു റിച്ചുടൻവിഷയനെയ്യിൽപൊത്തി * അധികമെരിയുംരാഗദ്വേഷാഗ്നിയിൽ വേകിച്ചുശനംചെയ്തീടുന്നമൃത്യുവെന്നറിഞ്ഞാലും * ഗൎഭസ്ഥന്മാരെയും ബാലന്മാരെയുംയൌവനയുക്തരെയും വാൎദ്ധക്യംപ്രാപിച്ചുള്ളവരേയും * വ്യത്യാസംവിനാപിടികൂടുന്നമൃത്യുതന്നെ മിജ്ജഗത്ത്സ്ഥിതിയേവമാണല്ലോ പക്ഷിശ്രേഷ്ഠ! * തനിക്കത്യന്തംപ്രിയതരമാകുംദേഹംപോലും ത്യജിപ്പാനി ടയായിത്തീരുന്നമരിക്കുമ്പോൾ കളത്രമാതൃപുത്രാദികൾതൻസംബന്ധ ത്തെ നിനയ്പാനുണ്ടോപിന്നെ മായാബന്ധനംതന്നെ * ദുഃഖകാരണമത്രെ സംസാരംസംസാരത്തിൽ മഗ്നനായവൻദുഃഖിയത്രേസംശയമില്ല * ബു ദ്ധിപൂൎവമായതുസന്ത്യജിച്ചീടാൻഭാഗ്യമെത്തുന്നനരനത്രേ സുഖിയും,ഭഗവ ൻ! സകലദുഃഖങ്ങൾക്കുമുത്ഭവസ്ഥാനമായും സകലവിപത്തുകൾക്കുംവാസ സ്ഥലമായും * സകലപാപങ്ങൾക്കാശ്രയമായുമുള്ള സകലഘോരസം സാരത്തെതള്ളണംക്ഷണാൽ * ഇരുമ്പുമരമിവയാലുള്ളബന്ധനങ്ങൾ ന രന്നുമോചിക്കുവാൻസാധിക്കുമെന്നാകിലും * തനയദാരാദികളായപാശ ത്തിൽനിന്നു മവനുവേർവെട്ടീടാനാവതല്ലൊരിക്കലും * മനസ്സിന്നിഷ്ടമായ സംബന്ധങ്ങളേയെത്ര കണക്കിൽജന്തുചെയ്യുന്നുകണക്കിനുതന്നെ * മന സ്സിൽശോകങ്ങളാമാണികൾതുളഞ്ഞങ്ങു കടക്കുംമനോബന്ധസമ്പ്രദായം താനതും * അനാദിവിഷയാഹാരാസക്തിപൂണ്ടുവാഴുമിന്ദ്രിയങ്ങളാകുന്ന തസ്കരക്കൂട്ടത്താലെ * എന്നെവിസ്മയംസൽവിത്തവുംധരിക്കപ്പെട്ടന്യൂനം ശമിക്കുന്നുലോകമെന്നറികനീ * ഭക്ഷണാഗ്രഹംപൂണ്ടുലോകനിൎമ്മിതമായ മത്സ്യവേധനംപ്രഘുരോമങ്ങൾകാണുന്നീല * സൌഖ്യത്തിലാഗ്രഹിക്കുംദേ ഹിയുമതുപോലെ സൂക്ഷിച്ചുയമബാധകാണുന്നില്ലറിഞ്ഞാലും * ചിത്ത ത്തിൽഹിതാഹിതമൊന്നുമേധരിക്കാതെ നിത്യവുമാസുരമാൎഗ്ഗത്തിൽസഞ്ച രിക്കുന്ന* കുക്ഷിപൂരണാസക്തചിത്തരാംനരാധമരൊക്കെയും നരകഗത്ത ങ്ങളിൽപതിക്കുന്നു * നിദ്രയുമാഹാരനിൎഹാരമൈഥുനങ്ങളുമൊപ്പമാ ണെല്ലാജന്തുക്കൾക്കുമെന്നാലങ്ങതിൽ* മൎത്ത്യനെന്നുള്ളപേരിനൎഹൻജ്ഞാ [illegible]വാനത്രേ തദ്വിപരീതൻപശുവാണെടോപക്ഷിശ്രേഷ്ഠ! * കാലത്തുമല

മൃത്രമെന്നിവകൊണ്ടുമൂച്ച ക്കാലത്തുദാഹംവിശപ്പെന്നിതുകളെക്കൊണ്ടും *
ചേലൊത്തുരാത്രിനിദ്രകൊണ്ടുംകാമനെക്കൊണ്ടും ബാധിക്കപ്പെട്ടീടുന്നമൂ
ഢരാംമനുജന്മാർ * തന്നുടെദേഹംപുത്രഭാൎയ്യാദികളിൽഭ്രമിച്ചുനപാഹമാസ
ക്തിപൂണ്ടഖിലജന്തുക്കളും * വന്നുണ്ടാകുന്നുമരിക്കുന്നുവീണ്ടും വീണ്ടുമെൻപ
ന്നഗാശന! കേളജ്ഞാനമോഹിതരായേ * അതുകയാൽസംഗംപരിത്യജി
ച്ചീടണമതുന്മാകവേയുപേക്ഷിപ്പാനാവതല്ലെന്നാലുടൻ * സാധുജ്ജളോട
ങ്ങിടചേൎന്നുകൊള്ളണംസാക്ഷാൽസാധുക്കളത്രേസംഗനാശനത്തിന്നൌഷ
ധം*സത്സംഗവിവേകങ്ങളാംനേത്രദ്വയമേതു മൎത്ത്യനുഭവിക്കുന്നതില്ലവനന്ധ
ഢൻതന്നെ*നിശ്ചയംവഴിതെററിയവനുംദുൎമ്മാൎഗ്ഗത്തിൽ പെട്ടുപോകാതി
രിപ്പാൻന്യായമെങ്ങനെവരും * തങ്ങൾതങ്ങൾക്കുള്ളവൎണ്ണാശ്രമാചാരങ്ങ
ളിൽ തന്നെനിത്യവും നിരതന്മാരായഖിലരും * ഉന്നിദ്രതരമായഡംഭംപൂണ്ടു
ഹോനശിക്കുന്നിതുപരമായധൎമ്മത്തെയറിയാതെ *വ്രതചൎയ്യകളോടുംകൎമ്മ
ങ്ങളനുഷ്ഠിപ്പാൻ വെയിലുംമഴയുംമഞ്ഞുംമററുംകൂട്ടാക്കാതെ * രതിയുംപൂ
ണ്ടജ്ഞാനാവൃതമാമാത്മാവോട്ടും ചിലവഞ്ചകപ്രമാണികൾസഞ്ചരിക്കുന്നു
* സ്വൎഗ്ഗാദിസുഖങ്ങളാൽതൃപ്തരായ്കൎമ്മകാണ്ഡാ സക്തരായുള്ളനരജന്മി
കളഖിലരും * അധ്വരക്രമമന്ത്രോച്ചാരണഹോമാദിഭി രെത്രയുംഭ്രമി
പ്പിക്കപ്പെട്ടുഴന്നീടുന്നിതു * ഒരിക്കൽവച്ചൂണുപവാസമെന്നേവംനിഷ്ട
പെരുത്തതായ് ദേഹശോഷണത്തെച്ചെയ്യുന്നതായ് * കട്ടുന്നവ്രതങ്ങൾ
നോററിനിക്കുമോക്ഷംദൈവം * വരുത്തേണമെന്നേവമൎത്ഥിച്ചീടുന്നു
മൂഢർ * ഒരിക്കൽപോലുംജ്ഞാനഹീനരായുള്ളവൎക്ക് ഭവിക്കില്ലല്ലോമോ
ക്ഷമവരതോൎക്കുന്നില്ല * നിനച്ചാലതുംലോകംമുഴുവൻമോഹാബ്ധിയിൽ
കുളിപ്പിക്കുംമന്മായതൻറവൈഭവംതന്നെ * ദേഹദണ്ഡംമാത്രംകൊണ്ടേ
തുമോക്ഷംകിട്ടുന്നുമോഹികളാകുമവിവേകികൾക്കെന്നേ ചിത്രം! * അഹോ
യമാംപുററിലിട്ടടിച്ചാൽഭുജഗത്തി നാഹന്തമൃതിഭവിച്ചെങ്ങാനുംകേട്ടിട്ടു
ണ്ടോ? * ജടയുംതോലുംപൂണ്ടുഡാംഭികന്മാരായ്ജ്ഞാനമുടയോരാണെന്നുള്ള
ഭാവവുംനടിച്ചുടൻ * വടിവാടൊരുവകവേഷധാരികളെങ്ങും നടന്നിട്ടു
ഹോഭ്രമിപ്പിക്കുന്നുജനങ്ങളെ * മികച്ചസംസാരജസുഖത്തിലത്യാസക്തി ഭ
വിച്ചുംബ്രഹ്മജ്ഞൻതാനെന്നുചുമ്മാവാദിച്ചും * തനിച്ചബ്രാഹ്മംകൎമ്മര
ങ്ങളിൽനിന്നുംഭ്രഷ്ടനായ് പതിച്ചുംനടക്കുന്നമനുഷ്യാധമൻതന്നെ * ത്യജി
ച്ചീടണംദൂരെത്തീണ്ടുള്ളചണ്ഡാലനെ ക്കണ്ടക്കൊന്നറിഞ്ഞാലും പതഗ്രികു
ലാധിപ!* ഗൃഹവുംഗഹനവുമൊരുപോൽകരുതീട്ടുവ്രതപ്രീളംനഗ്നരൂപം
പൂണ്ടുചരിച്ചീടുക * കഴുതമുതലായജന്തുക്കൾക്കലംഭാവംവരുമാറുണ്ടോകാമ
ഭോഗാദികളിലെടോ? * ഭസ്മവുംമണ്ണുംദേഹത്തണിഞ്ഞീടുകകൊണ്ടു മുക്ത
ന്മാരാംമാനവന്മാരെന്നുവരികില്ലോ* ഭസ്മത്തിൽതന്നെനിത്യംകിടക്കുംപട്ടി
കൾക്കു മുക്തിയിങ്ങതുമൂലംസിദ്ധിച്ചുകേട്ടിട്ടുണ്ടോ!*ഇലയുംപുല്ലുംതിന്നുചെ
ള്ളവുംകുടിച്ചെന്നും നലമോടരണ്യത്തിൽകുടികൊള്ളും ജന്തുക്കൾ * എ
ലിമാൻകുറുനരിമുതലായവപാൎത്താ ലുലകിൽതപസ്വികളായ്ഭവിച്ചീടുന്നു
ണ്ടോ * ഗംഗാദിനദികളിൽജനിച്ചും മരിപ്പോളംതണ്ണീരിൽതന്നെവി

ച്ചുംവർത്തിച്ചീടുന്നു * മണ്ഡൂകംമത്സ്യംമുതലായപയോശികളായ് തിന്നീടു
ന്നുണ്ടോ? തീരുമെന്നാശങ്കിപ്പാനുണ്ടോ? * മാടപ്രാവുകൾകല്ലുതിന്നുന്നു, ഭ്രൂ
തോയമോരുപഴാമ്പലൊരിക്കലുംകുടിക്കുന്നതുമില്ലാ * കേവലമിതുകളാലിപ്പ
ക്ഷികുലംരണ്ടും ഹേവൈനതേയ! പാർത്താൽപ്രതികളാകുന്നുണ്ടോ? * ആക
യാലീവണ്ണമുള്ളഖിലകർമ്മങ്ങളുംലോകരഞ്ജനത്തിനുകൊള്ളാമെന്നതേയുള്ളൂ
* നൂനംനിർവാണത്തിനുകാരണംസാക്ഷാൽ തത്വജ്ഞാനമൊന്നത്രെപക്ഷി
നായക! നിസ്സംശയം * അറുശാസ്ത്രങ്ങളാകുമന്ധകൂപത്തിൽവീണുകേറുവാ
നാവതല്ലാതാശ്രുദാംഭികരായി * നേരെയങ്ങതികഠിനാത്മരൂപമാംകവറാ
ലെബദ്ധരായ് രണ്ടുകാൽപൂണ്ടപശുക്കളും * പരമാത്മവസ്തുവാംപരബ്രഹ്മ
ത്തെത്തെല്ലുമറിഞ്ഞീടുന്നില്ലെന്നുമറികപക്ഷീശപ! * അത്ഭുതംതോന്നുമാറു
വിസ്താരമേറുംവേദശാസ്ത്രങ്ങളാമർണ്ണവജലത്തിൽപതിച്ചുടൻ * പേർത്തുമോ
രോഗ്രന്ഥസ്ഥാനങ്ങളാൽപ്രലോഭിത ചിത്തനായ് വ്യാകുലതപ്പെങ്കലന്നുള
ന്നഹോ * ശോകാദിഷഡൂർമ്മികൾതട്ടുത്തുനീന്തീടുവാനാകുലതരംപരിശ്രമി
ക്കുംബുധന്മാരും * സൂക്ഷ്മജ്ഞാനംകിട്ടാതെശാസ്ത്രാഭ്യാസത്താലെതാർക്കിക
ന്മാരായദ്വൈതജ്ഞാനികളെപ്പോലെ * ഭാവിച്ചുംന്യായങ്ങളെശ്ശാസ്ത്രാഭ്യാ
സത്താൽപ്രതിപാദിച്ചുംസംസാരികളായ്ത്തന്നെവസിക്കുന്നു * സൂക്ഷ്മജ്ഞാന
മുള്ളത്തിൽ പതിഞ്ഞീടാതെവേദ ശാസ്ത്രങ്ങൾപഠിച്ചഹങ്കാരിയായ് നടപ്പ
വൻ * കേൾപ്പിക്കുംതത്വജ്ഞാനപ്രസംഗമെല്ലാം കാകഭാഷിതംപോലെ
വിഫലംതന്നെധരിക്കനീ * ഇതുതാൻജ്ഞാനംജ്ഞേയമിതുതാനെന്നിങ്ങ
നെ നിതരാമാശങ്കയാപരതന്ത്രന്മാരായി * പ്രതിവാസരംശാസ്ത്രംപഠിക്കട്ടെ
വാക്യങ്ങളതിമാത്രംഛന്ദോബന്ധനത്താൽശോഭിക്കട്ടെ! * നന്നായ് കാവ്യാ
ലങ്കാരാദികളുംപാഠംചെയ്തു മന്നിലെങ്ങുംവിദ്വാന്മാരെന്നപേർപരക്കട്ടെ!
* എന്നാലുംപരതത്വവിമുഖരാകുംമൂഢരനവഹംചിന്താകുലേന്ദ്രിയരായി
രിക്കുന്നു * മറെറാരുവിധമുള്ളപരമതത്വജ്ഞാനംമറെറാരുവിധംക്ലേശംചെ
യ്യുന്നുധരിക്കുവാൻ * മറെറാരുവിധമുള്ളശാസ്ത്രാർത്ഥരചനത്തെമറെറാരു
വിധംവ്യാഖ്യാനിക്കയുംചെയ്തീടുന്നു * അതിവിദ്വാൻഞാനെന്നതല്ലലാൽ
ഗുരുവിനോടുപദേശംവാങ്ങാതമൂഢബുദ്ധിയായവൻ * പരിചിലുപാശമമൃ
യാബ്രഹ്മശ്രൈഷ്ഠ്യംകഥനംചെയ്യുന്നനുഭവത്തിലറിയാതെ * പഠിച്ചീടുന്ന
വേദശാസ്ത്രങ്ങളതുപോലെ പഠിപ്പിച്ചീടുകയുംചെയ്യുന്നുപരസ്പരം * നിരർത്ഥ
മവയെല്ലാമവററിൻരഹസ്യങ്ങൾ ധരിക്കുന്നില്ലപാകരസത്തെത്തവിപോ
ലെ! ശിരസ്സുവഹിക്കുന്നുപൂക്കളെയെന്നാലതിൻ മണത്തെയറിഞ്ഞീടുന്നതു
നാസികയല്ലോ * പഠിച്ചീടുന്നുവേദശാസ്ത്രങ്ങളെന്നാലർത്ഥം മനസ്സിലാക്കുന്ന
വൻചുരുക്കമല്ലോപാർത്താൽ * തന്നിലിരിക്കുന്നതത്വത്തെയറിയാതെ
ദുർമ്മോഹാകുലന്മാർശാസ്ത്രങ്ങളിൽതിരയുന്നു * തന്നുള്ളിൽകിടക്കുംഛാഗത്തി
നെപ്രമാദത്താൽ ചെന്നുഗോപൻകൂപത്തിൽനോക്കിടുന്നതുപോലെ * ശ
ബ്ദബോധംസംസാരബോധംദൂരെനീക്കുവാൻശക്തമാകുമോ? ദീപശബ്ദത്താ
ലിരുൾപോമോ * പ്രജ്ഞയില്ലാത്തവൻറപഠനംകുരുടനുദർപ്പണമെന്നവണ്ണം
[illegible]ഷ്ഫലമാകുന്നെടോ! * പ്രജ്ഞാവാന്മാർക്കുശാസ്ത്രാഭ്യാസംപാർത്താലുംപര ത

തത്വജ്ഞാനലക്ഷണമായിട്ടുഭവിക്കുന്നു * സ്വല്പബുദ്ധിതാൻജ്ഞാനഭേദങ്ങ
ളിതിതെന്നു തത്വമോരാതെസർവ്വംകേൾക്കവാനിച്ശിക്കുന്നു *നിശ്ചയം
ദിവ്യവർഷസഹസ്രായുഷ്മാൻപോലും ശാസ്ത്രങ്ങൾനോക്കിത്തീൎക്കാൻസാധി
ക്കുന്നതുമല്ല * ശാസ്ത്രങ്ങളനേകങ്ങളായുസ്സോമൎത്ത്യൎക്കല്പമാത്രംകോടികോടി
വിഘ്നങ്ങളുമതിന്മദ്ധ്യെ * ഭവിക്കുന്നതുമൂലംനിഷ്ഫലംവായിച്ചുണ്ടുധരിക്കുന്ന
തിന്നുസാധിക്കയില്ലെന്നാകയാൽ അവറ്റിൽനിന്നുംസാരമായതത്വത്തെമാ
ത്രം ഗ്രഹിക്കേണംവെള്ളത്തിൽനിന്നന്നംപാലെന്നപോൽ * വേദശാസ്ത്ര
ങ്ങളെല്ലാമഭ്യസിച്ചവയിലെ സാരതത്വങ്ങൾമാത്രംഗ്രഹിച്ചുമതിമാന്മാർ *
ദൂരത്തങ്ങവറ്റെസന്ത്യജിക്കുംധാന്യാൎത്ഥിനി സ്സാരത്തിൽവയ്ക്കോലിനെത്ത
ള്ളീടുന്നതുപോലെ *മാഹാത്മ്യമെഴുംസുധയാൽതൃപ്തരാകുമുള്ളവൎക്കാഹാരമേ
തുമുപയോഗമില്ലതുപോലെ * സാക്ഷാൽതത്വജ്ഞനായുള്ളവനുംപലവി
ധശാസ്ത്രങ്ങളാലെതെല്ലുമില്ലെടോപ്രയോജനം *വേദമഭ്യസിച്ചാലുംശാസ്ത്ര
ങ്ങൾപഠിച്ചാലും സാധിക്കാമോക്ഷംജ്ഞാനമൊന്നിനാലൊഴിഞ്ഞേതും *
അശ്രമംമോക്ഷത്തിന്നുകാരണമാകുന്നില്ല കേൾക്കദൎശനങ്ങളുംമോക്ഷകാര
ണമല്ല * യജ്ഞാദികൎമ്മങ്ങളുംമുക്തിക്കുനിമിത്തമല്ലുൾക്കാമ്പുതെളിയിക്കും
ജ്ഞാനമാംതെല്ലാരണം * അദ്വൈതാത്മജ്ഞാനോപദേശകംഗുരുവാക്യമ
ത്രേമുക്തിദംവിഡംബികയന്നല്ലോവിദ്യാ * കാഷ്ഠങ്ങൾപലവയുണ്ടെങ്കിലു
മതുകളിൽശ്രേഷ്ഠമായതുസഞ്ജീവനമാംമരംതന്നെ * ഒട്ടുമേകൎമ്മായാസം
വേണ്ടാതെയുള്ളതായോരദ്വൈതംതന്നെശിവമെന്നുചൊല്ലീടുന്നതും * സി
ദ്ധിക്കുംഗുരുമുഖംതന്നിൽനിന്നതുമെന്നാൽ സിദ്ധിക്കുന്നില്ലകോടിശ്ശാസ്ത്ര
ങ്ങൾപഠിക്കിലും * ശാസ്ത്രോക്തംവിവേകാൎത്ഥമിങ്ങനെരണ്ടായിട്ടു കീൎത്തി
ക്കപ്പെട്ടീടുന്നുജ്ഞാനമെന്നറികനീ ശാസ്ത്രോക്തംശബ്ദബ്രഹ്മമാകുന്നുവിവേ
കജം കേൾക്കെടോപരബ്രഹ്മസംജ്ഞകമാകുന്നതും * അദ്വൈതം ചിലരി
ച്ശിച്ചീടുന്നുപിന്നെച്ചില രിച്ശിച്ചീടുന്നുദ്വൈതമെങ്കിലുമിവരാരും * അ
ദ്വൈതദ്വൈതവിവൎജ്ജിതമായീടുംപരതത്വത്തെയറിയുന്നതില്ലെടോപ
ക്ഷിശ്രേഷ്ഠ! ബന്ധമോക്ഷങ്ങൾക്കുരണ്ടുണ്ടല്ലോപദംപാൎത്താലെന്റെതാ
ണെന്നുമെന്റെതല്ലെന്നുമെന്നാലതിൽ * എന്റെതന്നേവംബന്ധിക്കപ്പെ
ട്ടീടുന്നുജന്തുവെന്റെതല്ലെന്നിങ്ങനെമോചിക്കപ്പെടുന്നിതും * ബന്ധത്തി
നായിഭവിച്ചീടാത്തതല്ലോകൎമ്മം സന്തതംമുക്തിനൽകുന്നതുവിദ്യയുമ
ല്ലോ * ഹന്ത!മറ്റുകൎമ്മങ്ങളായാസത്തിനാംശില്പ തന്ത്രനൈപുണ്യംപോ
ലാംമറ്റുള്ളവിദ്യകളും * കൎമ്മങ്ങൾഫലാപേക്ഷയോടുകൂടിച്ചെയ്യോളമെന്ന
ല്ലസംസാരവാസനയുള്ളളവിലും * ഇന്ദ്രിയചാപല്യങ്ങളിരിപ്പോളവുംപാ
ൎത്താലെങ്ങെടോതത്വജ്ഞാനകഥപോലുംപക്ഷീന്ദ്ര * ദേഹാഭിമാനമേതു
നാളോളമുള്ളുപിന്നീ ദേഹിക്കുമമതയുമെക്കാലംവരെയുള്ളു* ഏതുനാൾവ
രെപ്രയത്നോത്സാഹമതുംപിന്നെ ചേതസ്സിൽസങ്കല്പവുംധൈൎയ്യവുംഭവി
ക്കുന്നു * ശാസ്ത്രചിന്തനുമേതുനാളോളമില്ലപിന്നെ ദേശികകാരുണ്യവുമെ
ക്കാലംവരെയില്ല അക്കാലംവരെതത്വജ്ഞാനത്തിൻകഥനിരൂപിക്കാൻ
പോലുംസംഗതിയില്ലെന്നുമറികനീ * തപസ്സുംതീൎത്ഥജപഹോമാച്ച

കളും പ്രതവുംവേദശാസ്ത്രങ്ങളുമിപ്പറഞ്ഞവ * പരമാത്മജ്ഞാനമുണ്ടാവോ
ളംചെയ്യേണ്ടുന്ന വിമലകമ്മങ്ങളാണെന്നുനിയറിഞ്ഞാലും! * ആകയാൽ
മോക്ഷാത്ഥിയായുള്ളവനെല്ലായ്പ്പോഴും മാഴ്കാതെസവ്വാവസ്ഥകളിലുംസവ്വാ
ത്മനാ * അകുന്നയതാംചെയ്യുതത്വത്തിൽനിഷ്ഠയോടു മേകാഗ്രമനസ്സ
നായിരിക്കവേണ്ടുന്നതും *ധമ്മജ്ഞാനങ്ങളായപൂക്കളുംസപർഗ്ഗമോക്ഷ നി
മ്മലഫലങ്ങളുംകലന്നുവിളങ്ങീടും * മോക്ഷവൃക്ഷത്തിൻതണൽചാശ്രയിക്കെ
ണംതാപമേററവുംതാപത്രയാദികളാൽഭവിപ്പവൻ * അതിനാൽഗുരുമുഖ
ത്തിങ്കൽനിന്നാത്മതത്വമറിഞ്ഞീടണംജ്ഞാനത്താലെന്നുധരിക്കനീ * സു
ദ്ധമെന്നാൽഘോരസംസാരബന്ധത്തിൽനിന്നുടനജ്ജന്തുസുഖംമുക്തനാ
യ്ഭവിക്കുന്നു * തത്വജ്ഞരവസാനകാലത്തുചെയ്യേണ്ടുന്ന കൃത്യത്തെയി
നിപ്പറയുന്നുഞാൻകേട്ടാലുംനീ * നിശ്ചയമതുമൂലംബ്രഹ്മനിർവ്വാണമായ
മുക്തിയെപ്രാപിക്കവാൻസംശയവരുംന്യൂനം * മരണമടുക്കുംപോളേതു
മേലുസാതന്തഃകരണവിശുദ്ധിയോടെ സംഗശാസ്ത്രത്താലെ * ശരണപുത്ര
ഭാര്യാദേഹാദികളിലുള്ളകരുണാബന്ധംചേക്കുംകയറുഖണ്ഡിക്കണം * ധീ
രനായ്ഗൃഹമുപേക്ഷിച്ചുമംഗലതീത്ഥ വാരിയിൽകുളിച്ചുനിജ്ജനമാംദേ
ശംനോക്കി * പാരംനിമ്മലസ്ഥലേ വിധിപോൽകൽപിക്കപ്പെട്ടോരുപു
ണ്യാസനത്തിൽസ്ഥിതിചെയ്തനന്തരം * അഭ്യസിച്ചീടേണംമനസാപ
രമായിശുദ്ധമായിരിക്കമോങ്കാരമാംവിശ്വാക്ഷരം * പത്രിജ്ജിതശ്വാസ
നായ്പിന്നെ ബ്രഹ്മബീജം വിസ്മരിക്കാതവണ്ണംമനസ്സുനിത്തീടണം * ബു
ദ്ധിസാരഥിവിഷയങ്ങളിൽനിന്നുമാക ഷിക്കണമിന്ദ്രിയങ്ങളേയുംമാനസ
ത്തെയും * നിത്യവുംപലവിധകമ്മങ്ങളാലകഷിപ്പു ചിത്തത്തെനിത്യംഭവഭൂ
പത്തിൽചേത്തീടണം * പരമാധാമംബ്രഹ്മംഞാനെന്നുമഹോഞാൻതാൻ
പരമപദമായബ്രഹ്മമായിട്ടുന്നെന്നും * പരിചിൽകണ്ടറിഞ്ഞുനിഷ്ഠമാക
മാത്മ പരമൈക്യംതന്നാത്മാവിനുചേത്താകുംവണ്ണം * എന്നെധ്യാനിച്ചേ
ബ്രഹ്മാക്ഷരമാമോങ്കാരംനന്നായിജ്ജപിച്ചീടുന്നവസാനത്തിൽപിന്നെ *
തന്നുടെദേഹവുംസന്ത്യജിച്ചുപോകുന്നവൻ നിണ്ണയംപരമയാംഗതിയെ
പ്രാപിച്ചീടും *ഏതുമേവൈരാഗ്യവുംജ്ഞാനവുംമന്ന്യേദംഭോപേതരായുള്ള
വക്കുഗമിപ്പാനാമല്ലാത്ത* സാരമാംഗതിയിതുസാധുക്കൾക്കെത്തുന്നമോ
തുവൻനിന്നോടുഞാനവരെക്കേട്ടാലുംനീ * സംഗാദിദോഷങ്ങളെയകലത്തു
പേക്ഷിച്ചുനിമ്മായംമാനവരെമോഹാദികളെജ്ജയിച്ചപോ * തന്നുള്ളി
ലാത്മധ്യാനനിഷ്ഠയുംകലന്നുകാമങ്ങളിൽനിന്നുംനിവത്തിച്ചുനിമ്മലരായി
സുഖദുഃഖാദികളാംദ്വന്ദ്വങ്ങളകന്നുള്ള കൃതികൾതദവ്യയപദത്തെപ്രാപി
ക്കുന്നു * രാഗദ്വേഷാദികളാൽകലങ്ങാതുള്ളസത്യവാരിയാൽസംപൂണ്ണമാം
ജ്ഞാനാഖ്യഹ്രദത്തൊടും * പാരംശോഭിച്ചീടുന്നമാനസമഹാതീർത്ഥനീര
ത്തിൽമുങ്ങുന്നവൻപ്രാപിക്കുമല്ലോമോക്ഷം *ഉൽകൃഷ്ടവൈരാഗ്യംപൂണ്ടാന
ന്ദാവാപ്തമായ്പൂണ്ണദൃഷ്ടിയായേകാഗ്രമാനസനായെന്നെത്തന്നേ*നിത്യവുംഭ
ജിക്കുന്നപുണ്യാത്മാവിനുമോക്ഷമെത്തുമെന്നറികനീപക്ഷീണാമധീശ്വര! *
[illegible]നമുപേക്ഷിച്ചുതീർത്ഥാന്തികത്തിൽത്തന്നെ മരണോൽസുകനായിനിവ


സ്ഥിച്ചനന്തരം * ശിവബുദ്ധ്യാമുക്തിക്ഷേത്രങ്ങളിൽമരിക്കുകി ലവനുംനിർവ്വാ
ണംപ്രാപിക്കുംസംശയമില്ല * മായയുംമധുരയുംകാശിയും കാഞ്ചീപുരംഭ്രയ
സോദ്വാരാവതിനഗരിയയോദ്ധ്യയും * ശ്രീമാളുമവന്തികാപുരിയുമേഴീവ
ണ്ണം ശ്രേയസ്സുനൽകുംപുണ്യക്ഷേത്രങ്ങളാകുന്നെടോ * ഇങ്ങനെസനാതന
മായിട്ടുംമോക്ഷധർമ്മം മംഗലമതേ! താർക്ഷ്യനിന്നോടുചൊന്നേനല്ലോ * നി
ർമ്മലംജ്ഞാനവൈരാഗ്യോചിതമിദംശ്രവിക്കുന്നവൻ പാപംനീങ്ങിമോ
ക്ഷവുംപ്രാപിച്ചീടും * തത്വജ്ഞരായുള്ളവർമോക്ഷംപ്രാപിക്കുംപിന്നെ
ശ്രാദ്ധാദികളാൽദാനംചെയ്യുവോർസദ്ഗതിയും * ദുർഗ്ഗതിഭുജിച്ചുവീണ്ടും
ജനിക്കുംപാപികളുത്തരിയ്ക്കുകൾക്കുജനനമൃതികളാം * ഇങ്ങനെസർവ്വ
ശാസ്ത്രസാരത്തെസംക്ഷേപിച്ചു നിന്നോടുപതിനാറദ്ധ്യായങ്ങളാലെചൊ
ന്നേൻ * ഇന്നുമെന്തൊന്നുകേൾപ്പാനാഗ്രഹംനിനക്കെന്നു പുണ്ഡരീകാ
ക്ഷവാക്യംശ്രവിച്ചുഗരുഡനും * അഞ്ജലിബന്ധത്തോടുദേവന്റെപാദദ്വ
ന്ദ്വകഞ്ജങ്ങൾവീണ്ടുംവീണ്ടുംവന്ദിച്ചങ്ങുനുതിച്ചാൻ * കഞ്ജാരപ്രഭാ
ഞ്ചിതമന്ദഹാസാമലശ്രീമഞ്ജുളാനനചന്ദ്രഗളിതാമൃതംപോലെ * രമ്യമാ
മരുളപ്പാടാലെന്നെതിരുവടിസമ്മോദാൽഭവാർണ്ണവപാരംപ്രാപിപ്പിച്ചെന്നെ
* ധന്യനാക്കിച്ചെയ്തല്ലോകരുണാനിധേമമസന്ദേഹങ്ങളുംമുഴുവനസ്തമി
ച്ചല്ലോ * എന്നുംനിൻപാദസേവചെയ്യുവാനല്ലാതിനി യൊന്നുമില്ലാശ
ദേവദേവേശ! നമസ്കാരം * ഇങ്ങനെചൊല്ലിത്തൂഷ്ണീംഭൂതനായുടൻതൃക്ഷ
നന്ദനൻധ്യാനനിഷ്ഠകലർന്നമരുവിനാൻ * ചിന്തിച്ചാൽപാപംനീക്കുംപൂ
ജിച്ചുയജിക്കുകിൽ സന്താനാനന്ദപ്രദമായസൽഗതിതരും * അന്തർഭക്തിയു
ള്ളോർക്കുമോക്ഷവുംനൽകുമേവം ചിന്താസന്താനമായഗോവിന്ദൻപാലിക്ക
ട്ടേ! * സൂതനുമേവംമുനിമാരോടുപറഞ്ഞതി പ്രീതനായവരുടെസല്ക്കാരമാ
നങ്ങളാൽ * ജാതോത്സാഹംവാണിതുമുനിമാരഭിലാഷം സാധിക്കകൊണ്ടു
പാരംമോദിച്ചുംവസിച്ചിതു * ശ്രീവേദവ്യാസകൃതമാകുമിപ്പുരാണത്തെ
യേവമിപ്പോൾകിളിപ്പാട്ടാക്കിയെഴുതിയേൻ * ആദിമകൃതികളിൽഭവി
ക്കാനിടവരു തൊന്നുംസ്ഖലിതങ്ങൾവന്നേക്കാമിതിലെന്നാൽ * കോവി
ദന്മാരേ! നിങ്ങൾസദയംക്ഷമിച്ചെന്റെ ഭാവിശ്രേയസ്സിനായിതിരുത്തിത്ത
രേണമേ! * ദേവദേവശവിഷ്ണോദേവാരികുലജിഷ്ണോ സേവകാഭീഷ്ടപ്രദ!
കൈവരുത്തണേശിവം *

ഇതി ശ്രീഗാരുഡപുരാണേ

ഭഗവൽഗരുഡസംവാദേ മോക്ഷധർമ്മനിരൂപണോനാമ

ഷോഡശോദ്ധ്യായഃ.

———— :o: ————



# ശ്രീമഹാഭാഗവതസാരാമൃതം.

## കേരളഭാഷാഗദ്യം.

---

ഭാഗവതപ്പായനക്കാക്കുണ്ടാകുന്ന സകല സംശയങ്ങളേയും തീക്കുന്നതും ഭാഗവതത്തിലെ എല്ലാ രഹസ്യങ്ങളും വേദാന്തതത്വങ്ങളും കഥകളും അവതാരമാഹാത്മ്യങ്ങളും ലീലാമമ്മങ്ങളും സ്പഷ്ടമായി വിവരിക്കുന്നതുമായ ഒരു ഗദ്യഭാഗവതം. മലയാളം കൂട്ടിവായിക്കാൻ അറിയാവുന്നവക്കെല്ലാം ഭാഗവതത്തിലെ സകല വിഷയങ്ങളും ഇനി ഏററവും എളുപ്പത്തിൽ അറിയാം. പ്രഥമസ്കന്ധം മുതൽ ദ്വാദശസ്കന്ധംവരെയുള്ള മുഴുവൻ ഭാഗവതത്തിന്റെ സകല സാരാംശങ്ങളും ഇതിൽ അടങ്ങീട്ടുണ്ട്. മൂലഭാഗവതവും ഭാഗവതംകിളിപ്പാട്ടും നല്ലതുപോലെ പരിശോധിച്ച് സകല സംശയങ്ങളും തീൎത്തു ലളിതമായ മലയാളത്തിൽ സരസമായും ചമൽകൃതമായും എഴുതീട്ടുള്ള ഇതു വായിച്ചാൽ ഉണ്ടാകുന്ന ഭക്തിയും ആനന്ദവും കൌതുകവുംകൊണ്ടു് മുഴുവൻ തീരാതെ ആരും നിലത്തു വയ്ക്കുകയില്ല. നൂലാമാലപോലെയുള്ള കഥാഗതിയും, വിഷയഗാംഭീര്യവും, പ്രയോഗകാഠിന്യവും, അൎത്ഥഗാംഭീൎയ്യവും മററും കൊണ്ടു് കാൎയ്യങ്ങൾ മനസ്സിലാക്കാൻ വിഷമമേറിയ അഷ്ടാദശമഹാപുരാണങ്ങളിൽ ശ്രേഷ്ഠമായ ഭാഗവതത്തിലെ സകല രഹസ്യങ്ങളും സുലഭമായി സ്ത്രീകൾക്കും കുട്ടികൾക്കുപോലും വായിച്ചറിയാൻ കിട്ടിയിരിക്കുന്ന ഈ അവസരം ആരും പാഴാക്കി കളയുകയില്ലെന്നു ഞങ്ങൾ പൂൎണ്ണമായി വിശ്വസിക്കുന്നു. ഭാഗവതം നിത്യപാരായണം ചെയ്യുന്നവക്കും ഭക്തന്മാക്കും പുരാണകഥകളെ അറിയാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കും സ്ത്രീകൾക്കും വൃദ്ധന്മാക്കും ഭാഗവതമമ്മങ്ങളെത്തേടുന്ന തത്വാന്വേഷികൾക്കും ഭാഗവതത്തിനു അൎത്ഥംപറയുന്ന പൌരാണികന്മാക്കും വിദ്യാൎത്ഥികൾക്കും വാദ്ധ്യാന്മാക്കും എല്ലാം ഈ ഗ്രന്ഥം വളരെ ഉപകാരപ്രദമാണു്.

വിശേഷിച്ചും വേദാന്തതത്വങ്ങളെ പ്രതിപാദിക്കുന്ന ഏകാദശസ്കന്ധം, മോരിൽനിന്നും കടഞ്ഞു വെണ്ണ എടുക്കുന്നതുപോലെ സാരഭാഗത്തെ ഉദാഹരണസഹിതം വെളിപ്പെടുത്തിയും പ്രസ്തുത മഹാഗ്രന്ഥത്തെ വെറും നാട്ടോടിഭാഷയിൽ എഴുതിച്ചു മഹാജനങ്ങളുടെ മുമ്പാകെ സമൎപ്പിച്ചുകൊള്ളുന്നു.

ഇതു് ഭാഗവതസാരജിജ്ഞാസുക്കളായ ഇതരമതസ്ഥന്മാക്കും സുഖവഴിക്ക വായിച്ചു കാൎയ്യം ഗ്രഹിക്കാൻ വളരെ ഉപകരിക്കുമെന്നാണു് ഞങ്ങളുടെ വിശ്വാസം. സൎവ്വപൌരാണികമായ കഥാമാലയുടെ സാരോദ്ധാരണംചെയ്തു് ഈ ഭാഗവതസാരാമൃതത്തെ സജ്ജീകരിപ്പിക്കുന്നതിനു് ഞങ്ങൾക്കു വളരെ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടതായിവന്നിട്ടുണ്ടെങ്കിലും അതുകൊണ്ടു ഞങ്ങ[illegible] ഉദ്ദേശിച്ച ഫലം പൊതുജനങ്ങൾക്കു ലഭിക്കുമെങ്കിൽ അതത്രേ ഞങ്ങൾ[illegible]ക്കുന്ന പ്രതിഫലം. പുസ്തകം ൧-ക്കു് വില അണ [illegible]

# പാണ്ഡവചരിത്രം.

## അഥവാ മഹാഭാരതമമ്മം.

---

വേദാന്തരഹസ്യങ്ങൾ പ്രപഞ്ചവിഷയങ്ങളെ അനുമാനപ്പെടുത്ത സ്ഥൂലംപോലെ വർണ്ണിക്കുന്ന ഗ്രന്ഥങ്ങൾ പുരാണേതിഹാസങ്ങളും അവയിൽ ശ്രേഷ്ഠമായതു് അഞ്ചാംവേദമായ മഹാഭാരതവും അതിൻെറ കഥാതന്തു പാണ്ഡവരുടേയും നൂററുപേരുടേയും ചരിത്രവും ആണല്ലൊ.

ധമ്മനീതികളേയും കമ്മം ജ്ഞാനം ഭക്തി മുതലായവയേയും കഥാരൂപേണ വർണ്ണിച്ചു ജ്ഞാനത്തിൽ അഭിരുചിയും സദാചാരത്തിൽ താല്പൎയ്യവും ജനിപ്പിക്കുകയും ദുഷ്ടന്മാരുടെ അനുഭവം സ്പഷ്ടമായി തെളിയിച്ചു് കൃത്യാകൃത്യവിവേകം ഉദിപ്പിക്കുകയും ധമ്മത്തിനല്ലാതെ അധമ്മത്തിനു് ഒരിക്കലും ജയമുണ്ടാകുന്നതല്ലെന്നു് തെളിയിക്കുകയും ചെയ്യുന്ന മഹാഭാരതമമ്മം ആയ ഈ പാണ്ഡവചരിത്രത്തെക്കാൾ രസകരവും അനുഭവസാധമ്മ്യവും തന്മയതവും ദേശകാലപുരുഷാനുസാരിയായ സംഭവങ്ങളും ഫലങ്ങളുംകൊണ്ടു് മനുഷ്യഹൃദയത്തെ പ്രക്ഷോഭിപ്പിച്ചു് അധൎമ്മത്തിൽ വെറുപ്പും സത്യധമ്മാദികളിൽ സർവോൽകൃഷ്ടമായ നിഷ്ഠയും ജനിപ്പിക്കുന്നതും ആബാലവൃദ്ധം ഒന്നുപോലെ വിദ്വൽപാമരാന്തം രസിപ്പിക്കുന്നതുമായ മറെറാരു പുരാണകഥയും ഇല്ലെന്നു എല്ലാവൎക്കും അറിയാവുന്നതാണു്.

ഞങ്ങൾ, ആ പാണ്ഡവചരിത്രം അതിലടങ്ങിയ നീതിധർമ്മങ്ങളേയും കഥാഗാത്രബീജോപജീവ്യങ്ങളായി വാഗൎത്ഥങ്ങളെപ്പോലെ സമ്മേളിച്ചു് സാരസ്യത്തേയും സൗഷ്ഠവത്തേയും കഥാഗാത്രത്തിൽപ്രോജ്ജ്വലിപ്പിക്കുന്നഅനുബന്ധസംഭവങ്ങളെയും കൂട്ടിയിണക്കി കൂട്ടിവായിക്കാൻ അറിയാവുന്ന കുട്ടികൾക്കുപോലും വായിച്ചു രസിക്കത്തക്കവണ്ണം ലളിതമധുരമനോഹരമായ ഗദ്യത്തിൽ ഇതാ വില്പനയ്ക്കു തയ്യാറാക്കിയിരിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധന്മാൎക്കും നോവൽവായനക്കാൎക്കും പുരാണകഥകളിൽ കൌതുകമുള്ളവൎക്കും വിദ്യാൎത്ഥികൾക്കും വാദ്ധ്യാന്മാൎക്കും എല്ലാം ഒന്നുപോലെ രസിക്കുന്നതും ഉപയോഗമുള്ളതും ഡിമ്മിസൈസ്സിൽ ൩൦൦ പേജുകൾവരെയുള്ളതുമായ ഈ വലിയ കമനീയ പുസ്തകം ൧-ക്കു് വില രൂപാ ൧. ണ ര.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

ഗാരുഡപുരാണം.

കിളിപ്പാട്ട്.